KOTTAYAM PUBLIC LIBRARY

Call No. മ08 Acc. No. 36408

Author ബാലകൃഷ്ണൻ നായർ. ഷാൻ

Title ടി. കൃഷ്ണൻ തമ്പി

1535

# വി. കൃഷ്ണൻതമ്പി

(ഒരു ജീവിതചരിത്രം)

36408

സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അവർകളുടെ
അവതാരികയോടും
റാവുബഹദൂർ കെ. നാരായണൻപണ്ടാല അവർകളുടെ
ഭൂമികയോടും കൂടിയതു്.

ഗ്രന്ഥകൎത്താ:

എൻ. ബാലകൃഷ്ണൻ നായർ.

KOTTAYAM PUBLIC LIBRARY KOTTAYAM.
NATIONAL BOOK STALL KOTTAYAM MALARIKAL BAZAAR

വില രൂപാ ൧.

All Rights Reserved
by the author.
First Edition 1000 Copies
1940
M08
Bal-V
MAYATTOK PUBLIC LIBRARY
KOTTAYAM



ലഫ്ററനൻറ് വി. പത്മനാഭൻതമ്പി.

ഏതൊരു മഹാൻെറ ജീവിതകഥയാണോ ഈ ഗ്രന്ഥത്തിനു വിഷയം, ആ മഹാപുരുഷൻെറ കരുണാവിവശമായ സമസൃഷ്ടിസ്നേഹം, പ്രേമശീതളമായ ഉപചാരഭാവം, അടിയുറച്ച ധർമ്മനിഷ്ഠ, സമ്പത്തു് സദ്വിനിയോഗങ്ങൾക്കു് എന്ന മുദ്രാവാക്യം ഇവ പരമ്പരാഗതമായി പകർന്നു്, സ്വസംസ്കാരത്തോടുകൂടി ലയിച്ചു്, യുവത്വത്തിൻെറ പരിധികളെ എല്ലാം ഉല്ലംഘിച്ചുകൊണ്ടു സംജാതമായിട്ടുള്ള പാകവിശേഷത്താൽ സമുദായത്തിൻെറ 'കനകസ്തൂപിക' എന്നോണം ഉയർന്നു വിദ്യോതിക്കുന്ന ലഫ്റ്റനന്റ് **വി. പത്മനാഭൻതമ്പി** അവർകൾക്കു (വി. കൃഷ്ണൻതമ്പിഅവർകളുടെ പ്രഭാഗിനേയൻ) ഗ്രന്ഥകാരൻ ഉൾത്തിങ്ങിയ സ്നേഹാദരത്തോടുകൂടി ഈ പുസ്തകം

സമർപ്പിച്ചിരിക്കുന്നു.

# അവതാരിക

അത്യധികമായ അദ്ധ്വാനത്തിനുശേഷം ഭംഗിയായും പ്രൗഢമായും എഴുതിയിട്ടുള്ള ഈ മഹച്ചരിതത്തെ മലയാളികളുടെ മുൻപിൽ അവതരിപ്പിക്കുന്നതിന് എനിക്കു സന്തോഷമുണ്ട്.

ആദ്യമായി ശ്രീമാൻ വി. കൃഷ്ണൻതമ്പിയെ ഞാൻ കണ്ടതു തിരുവനന്തപുരത്തുവെച്ചാണു്. അവിടത്തെ മഹാവിദ്യാലയത്തിൽ മലയാളം 'ആണർസ് ക്ലാസ്സ്' തുടങ്ങുവാൻ വേണ്ട സൗകര്യങ്ങളുണ്ടോ എന്നു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ മദിരാശി സർവ്വകലാശാലാധികൃതന്മാർ എന്നെ നിയമിക്കുകയുണ്ടായി. അന്നു അവിടെ പൗരസ്ത്യഭാഷാവകുപ്പിൽ അദ്ധ്യക്ഷൻ തമ്പി അവർകളായിരുന്നു. അതാണു ഞങ്ങൾ ഇടപെടുവാനുണ്ടായ കാരണം. വല്ല പ്രതിബന്ധങ്ങളും ഉണ്ടെങ്കിൽതന്നെ, അവയെ മാററി, അവിടെ ഉപരിപഠനത്തിനു വേണ്ട അദ്ധ്യയനം ആരംഭിപ്പിക്കേണമെന്നു ഞങ്ങൾക്കു രണ്ടാൾക്കും ഉണ്ടായിരുന്ന മോഹം അന്യോന്യം അടുത്തു പെരുമാറുവാൻ അവസരം വരുത്തി.

പൂർവ്വജന്മത്തിൽ ഞങ്ങളിലൊരു കൂട്ടുകെട്ടുണ്ടായിരുന്നിരിക്കേണമെന്നു തോന്നിക്കുമാറു്, പ്രഥമദർശനത്തോടുകൂടിത്തന്നെ ഞങ്ങൾ ആത്മമിത്രങ്ങളായിത്തീർന്നു. എന്റെ സ്നേഹിതന്റെ അവസാനസമയംവരെ ഈ മമതാബന്ധത്തിനു യാതൊരു അഴിച്ചിലും കോട്ടവും തട്ടാതെ നിന്നുപോന്നു. ആ സംസ്മൃതിമൂലം ഇന്നും ഞാൻ ധന്യനായിരിക്കുന്നു.

കൊച്ചീസംസ്ഥാനത്തു മുകുന്ദപുരം താലൂക്കിൽ നടവരമ്പത്തു ചെറുപറമ്പത്തു കുഞ്ഞികൃഷ്ണമേനോൻ സർവാധികാര്യക്കാരുടെ ഏകസന്താനമായിരുന്ന ശ്രീമതി കല്യാണിക്കുട്ടിയമ്മയായിരുന്നു ആയില്യംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ധർമ്മപത്നി. ഇവരുടെ കാര്യസ്ഥൻ നടവരമ്പത്തുകാരനായിരുന്ന കൃഷ്ണൻനായരായിരുന്നു. കൃഷ്ണപിള്ളയായിത്തീന്ന ഈ ധീരപുരുഷൻ വീരമാർത്താണ്ഡവർമ്മ മഹാരാജാവിനാൽ മാനിക്കപ്പെട്ട ഒരു പുരാതനകുടുംബമായ കയ്യള്ളിത്തറവാട്ടിലെ ലക്ഷ്മിക്കുട്ടി അമ്മയെ ഭാര്യയായി സ്വീകരിച്ചു. അമ്മയ്ക്കു സംഗീതത്തിലുണ്ടായിരുന്ന വാസനയും വൈദുഷ്യവും കുട്ടനെന്നു വിളിച്ചുവന്നിരുന്ന കൃഷ്ണനിൽ നല്ലപോലെ പ്രതിഫലിച്ചിരുന്നു. കൃഷ്ണൻതമ്പിയുടെ മൂത്ത സഹോദരി ശ്രീമതി കാർത്ത്യായനിഅമ്മയായിരുന്നു ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ അമ്മച്ചി. ഈ വഴിക്കാണു കുട്ടൻ വടശ്ശേരി കൃഷ്ണൻതമ്പിയായി വന്നതു്.

തമ്പിയുടെ സുശീലവും വിദ്യാസമ്പാദനത്തിൽ തമ്പി കാണിച്ച ഔത്സുക്യവും തമ്പിയെ അദ്ദേഹത്തിൻെറ ഗുരുവരന്മാരുടെ ലാളനയ്ക്കു പാത്രമാക്കിത്തീർത്തു. താൻ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സ്യാലനാണെന്ന നില അദ്ദേഹം ഒരുകാലത്തും കാണിച്ചിരുന്നില്ല. വിദ്യാർത്ഥിയായിരിക്കുന്ന കാലത്തു അദ്ദേഹം കയറിപ്പോകാറുള്ള വണ്ടിയിൽ സതീർത്ഥ്യരെ കൊള്ളാവുന്നിടത്തോളം കയററിക്കൊണ്ടു പോകുന്നതും മദ്ധ്യാഹ്നാഹാരം ഉച്ചപ്പട്ടിണിക്കാർക്കായി വീതിച്ചുകൊടുക്കുന്നതും ഒന്നാമതായി ജയിച്ചതിനു കിട്ടിയ വേതനത്തെ സാധുവായ

സതീത്ഥ്യന്ന തൃപ്തിയോടുകൂടി കൊടുക്കാൻ അനുവദിച്ചിട്ടുള്ളതും മററുംകൊണ്ടു് അദ്ദേഹത്തിൻെറ വിദ്യാത്ഥിജീവിതം മുതൽ ആരംഭിച്ചിട്ടുള്ള ധർമ്മബുദ്ധി സംഭവങ്ങളോടുകൂടി വിശദപ്പെടുത്തുന്നതു ഇതിൽ സാധാരണമാണു്. ധനാജ്ജനത്തിൽ അദ്ദേഹത്തിന്ന തീരെ അഭിരുചിയുണ്ടായിരുന്നില്ല. ശമ്പളത്തിൽ ഭൂരിഭാഗവും ധർമ്മവിഷയത്തിലേയ്ക്കായി വിനിയോഗിച്ചുവന്നു. അദ്ദേഹത്തിൻെറ ഗൃഹം ഒരു അഗ്രശാലയായിരുന്നുവെന്നു പറഞ്ഞാൽ അതിശയോക്തിയാവുകയില്ല.

ഹജ്ജൂരിൽ ഉയൎന്ന പദവിയിലുള്ള ഒരു ഉദ്യോഗത്തിലേയ്ക്കായിരുന്നു തമ്പിഅവർകൾ ആദ്യം നിയമിതനായതു്. ആ കൃത്യനിർവഹണത്തിന്നു് അഭ്യാസത്താലും സ്വഭാവത്താലും താൻ പ്രാപ്തനല്ലെന്നും തനിക്കു വിദ്യാഭ്യാസവകുപ്പിൽ ഒരു ജോലി കിട്ടിയാൽ മതിയെന്നും അധികൃതന്മാരുടെ അടുക്കൽ തമ്പി ബോധിപ്പിച്ചതുനിമിത്തമാണു തമ്പി തിരുവനന്തപുരം സംസ്കൃതവിദ്യാലയത്തിലെ അധിപതിയായിത്തീൎന്നതു്. തിരുവിതാംകൂറിലെ സംസ്കൃതവിദ്യാഭ്യാസത്തിന്നു് അദ്ദേഹം ഉണ്ടാക്കിയിട്ടുള്ള തീവ്രമായ പ്രചരണം അസാമാന്യമാണു്.

സംസ്കൃതമലയാളസാഹിത്യങ്ങൾക്കു വിലപിടിച്ച സ്വത്തു് അദ്ദേഹം സമ്പാദിച്ചുകൊടുത്തിട്ടുണ്ടു്. ലളിതകോമളവാണിയിൽ നിർമ്മിച്ചിട്ടുള്ള അദ്ദേഹത്തിൻെറ കൃതികൾ സമുദായദൂഷ്യങ്ങളെ ദൂരീകരിച്ചു് ജനതയെ സദ്വിഷയങ്ങളിൽ പ്രവൎത്തിപ്പിക്കുന്നതിന്നും ഭാരതീയസിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിന്നും വഴിപോലെ സഹായിച്ചിട്ടുണ്ടു്.

തമ്പി കാഴ്ചയിൽ വളരെ ശാന്തനായിരുന്നു എങ്കിലും, ധീരനും സിംഹപരാക്രമത്തോടുകൂടിയ ഒരു ഉല്പതിഷ്ണുവും ആയിരുന്നു. തമ്പിയുടെ അനാഡംബരമായ ജീവിതവും അഹങ്കാരരഹിതവും അകലുഷവുമായ മനസ്സും അഗാധമായ പാണ്ഡിത്യവും അദ്ദേഹത്തെ ആരാധ്യനായ ഒരു ഗുരുവര്യനും അനുകരണീയനായ ഒരു പൗരനും പ്രാതഃസ്മരണീയനായ ഒരു പുണ്യാത്മാവുമാക്കിത്തീർത്തു. അദ്ദേഹത്തിൻെറ ശരീരത്തിനു നാശം സംഭവിച്ചു; എന്നാൽ അദ്ദേഹത്തിൻെറ യശസ്സ് നിശ്ചയമായിട്ടും ശാശ്വതമായി ശോഭിച്ചുകൊണ്ടേയിരിക്കും.

നിർവ്യാജമായ ബഹുമാനത്തോടുകൂടി പ്രശംസനീയമായ രീതിയിൽ എഴുതിയിട്ടുള്ള ഉചിതമായ ഈ ജീവിതചരിതം ആ ശോഭയെ, സ്നേഹമെന്നപോലെ, സഹായിക്കുകയും ചെയ്യും. അങ്ങനെ ഈ ഗ്രന്ഥം അഭംഗുരകാന്തിയോടുകൂടി ഭാഷാസാഹിത്യത്തിൽ നിലനിൽക്കുന്നതാണ്. ഈ മഹാപുരുഷൻെറ സ്നേഹസാമ്രാജ്യത്തിലുൾപ്പെടുന്ന അനവധി ബന്ധുക്കളും സ്നേഹിതന്മാരുമായി ഇടപെട്ട് ഒരുത്തമചരിതരചനയ്ക്കു വേണ്ടുന്ന സകല കരുക്കളും കരസ്ഥമാക്കി ഇപ്രകാരമൊരു പ്രശസ്ത ചരിതം നിർമ്മിച്ച് ഭാഷായോഷയെ അലങ്കരിച്ചതിൽ ഈ യുവസാഹിത്യകാരനോടു കേരളീയരാകമാനം ഒന്നുപോലെ കടപ്പെട്ടിരിക്കുന്നു. ഗ്രന്ഥകാരനും ഗ്രന്ഥത്തിനും സർവ്വമംഗളങ്ങളും ഭവിക്കുമാറാകട്ടെ.

കുമാരാലയം, എറണാകുളം,
൧—വൃ—൧൧൧൭.

ടി. കെ. കൃഷ്ണമേനോൻ,

# ഭൂമിക

ശ്രീമാൻ വി. കൃഷ്ണൻതമ്പിഅവർകളും ഞാനും തമ്മിൽ അടുത്ത പരിചയത്തിൽ പലനാൾ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം കഥകളിക്ലബ്ബ്, തിരുവിതാംകൂർ ആദിമ മഹാജനസഭ ഈ സംഘങ്ങളുടെ അംഗങ്ങൾ എന്ന നിലയിൽ ഞങ്ങൾ ഭാഗ ഭാക്കുകളായിരുന്നു. അതുനിമിത്തം അദ്ദേഹത്തിൻെറ ജീവിതാദർശങ്ങളും വിചാരഗതികളും അറിയുവാൻ എനിക്കു അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. മാനുഷലോകത്തിൽ വ്യക്തിപരമായും സാമൂഹ്യപരമായും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, തുടങ്ങിയ വിശിഷ്ടഗുണങ്ങളെ സ്ഥാപിപ്പാനും പുലർത്തുവാനുമുള്ള സന്നദ്ധത യഥാശക്തി എല്ലാവരിലും ഉണ്ടായിരിക്കേണ്ടതാണെന്നായിരുന്നു അദ്ദേഹത്തിൻെറ പ്രധാനമായ മതം. ഇക്കാരണത്താൽ തന്നെയാണ് അദ്ദേഹം ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന കാലത്തു് ഐറിഷ് ജനതയുടെ സ്വാതന്ത്ര്യ പ്രക്ഷോഭണത്തിൽ താല്പര്യം പ്രദർശിപ്പിക്കാൻ ഇടയായതു്.


അദ്ദേഹത്തിൻെറ പാണ്ഡിത്യവും കേരളകലാപ്രണയവും മനഃസംസ്കാരവും ആർദ്രഹൃദയവും ഈ ഗ്രന്ഥത്തിൽ നല്ലപോലെ പ്രതിഫലിച്ചിട്ടുണ്ട്. മലയാള ഭാഷയിൽ ജീവചരിത്രങ്ങൾ കുറവാണ്. ഉള്ളവയിൽ ഇതുമുന്നണിയിൽ നിൽക്കുമെന്നുള്ളതിനു സംശയമില്ല. സ്മൎയ്യപുരുഷൻെറ ജീവിതസംഭവങ്ങളേയും ഗുണവിശേഷങ്ങളേയും വെളിവാക്കുന്നതിനുതകുന്ന സംഗതികൾ ആരായുന്നതിനും [illegible]യെ [illegible]ല്ല ഭാഷയിൽ എഴുതി ഇണക്കിച്ചേർക്കുന്നതിനും

ഗ്രന്ഥകൎത്താവു ചെയ്തിട്ടുള്ള പരിശ്രമം എത്രയും ശ്ലാഘ്യമാണെന്നു പറയുന്നതോടുകൂടി ഗ്രന്ഥകൎത്താവിന്റെ വിജയത്തിൽ അദ്ദേഹത്തെ അനുമോദിക്കയും ചെയ്യുന്നു.

അംബാലയം,<br>തിരുവനന്തപുരം.

റാവുബഹദൂർ<br>കെ. നാരായണൻ പണ്ടാല.

---



എൻ. ബാലകൃഷ്ണൻനായർ.

# ആമുഖം

സംസ്കൃതകാളേജിലെ എൻെറ വിദ്യാത്ഥിജീവിതത്തിൻെറ ആദ്യകാലത്തു് ഒരു രക്ഷിതാവെന്ന നിലയിലും പിന്നീടു ഗുരുവുമായിട്ടാണു കൃഷ്ണൻതമ്പി അവർകളെ എനിക്കു ബന്ധപ്പെട്ടുവാൻ ഇടവന്നതു്. എന്നാൽ ൧൧൦൮ മുതലുള്ള സന്ദൎശനവേളകളിലേ എനിക്കു് അദ്ദേഹത്തിനെപ്പററി പഠിക്കുവാൻ പ്രാപ്തിവന്നിട്ടുള്ളു. ആഴ്ച്ചയിൽ ഒന്നുരണ്ടു തവണയെങ്കിലും വെളിയിൽനിന്നും വായിച്ചുകൊണ്ടിരുന്ന പുസ്തകങ്ങളിലെ സംശയങ്ങളുമായാണു് ഞാൻ അദ്ദേഹത്തെ അടുത്തിരുന്നതു്. എൻെറ ജീവിതത്തിൽ മറെറാരു പുരുഷനിലും കാണാൻ കഴിഞ്ഞിട്ടില്ലാത്ത സമസ്തസൃഷ്ടിസ്നേഹംകൊണ്ടു് അദ്ദേഹം ആജ്ജിച്ചിരുന്ന മഹത്വം ഒരു പത്തുകൊല്ലത്തിനുമുൻപുതന്നെ എന്നെ വശീകരിച്ചു. ഞാൻ അദ്ദേഹത്തെ എത്രത്തോളം അടുത്തറിയാൻ ശ്രമിച്ചിട്ടുണ്ടോ അത്രത്തോളം ആത്മസുഖത്തോടുകൂടി വളൎന്നിട്ടുണ്ടെന്നും വളരുന്നുവെന്നും എനിക്കറിയാറായതു അതിൽപിന്നീടാണു്. സംഭാഷണങ്ങളിൽ സ്വന്തം ജീവിതകഥകളെ വിസ്തരിക്കുന്നതിൽ ശ്രദ്ധാലുവല്ലാതിരുന്ന തമ്പി അവർകളിൽനിന്നും ചിലതൊക്കെ കേൾക്കുന്നതിനു മിക്കവാറും സന്ദർഭങ്ങളുണ്ടാക്കേണ്ടതായിത്തന്നെ വന്നിട്ടുണ്ടു്.

൧൧൧൯ കുംഭത്തിനുശേഷം ഇനി ആ ഗുരുവരേണ്യനെ എവിടെക്കൂടെയെല്ലാം ഏതെല്ലാം സംഭവങ്ങളിൽക്കൂടി, ഏതെല്ലാം ദൃഷ്ടികളിൽക്കൂടി, ഏതെല്ലാം ചെയ്തികളിൽക്കൂടി കാണാൻ കഴിയും എന്ന തീവ്രവിചാരത്തോടു

കൂടിയുള്ള അന്വേഷണഫലമാണ്, വായനക്കാരുടെ മുൻപിലിരിക്കുന്ന ഈ പുസ്തകം.

ഇതിന്ന ഞാൻ സൂക്ഷിച്ചുപോന്നിരുന്ന കുറിപ്പുകൾ, അദ്ദേഹത്തിൻെറ വന്ദ്യമിത്രങ്ങളിൽനിന്നും ബന്ധുക്കളിൽനിന്നും ശേഖരിച്ചിട്ടുള്ള വിവരങ്ങൾ, കൃതികളിൽനിന്നും എടുത്തിട്ടുള്ള ഉദാഹരണങ്ങൾ എന്നിവയാണ് ഇതിൽ പ്രാധാന്യേന ഘടിപ്പിക്കപ്പെട്ടിട്ടുള്ള സംഗതികൾ. അന്വേഷിച്ചറിയേണ്ടിവന്നിട്ടുള്ള കാൎയ്യങ്ങൾക്ക അനേകം യാത്രകളും ക്ലേശവും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ജീവിതചരിത്രലേഖനംപോലെ ഇത്ര പ്രയാസമേറിയ ഒരു ശാഖ ഭാഷയിൽ ഉണ്ടോയെന്നും ഞാൻ സ്വയം ചോദിച്ചു പോകാറുണ്ടായിരുന്നു. എന്നാൽ അങ്ങനെയൊക്കെയുള്ള ശ്രമങ്ങൾക്കശേഷമല്ലാതെ ജീവതചരിത്രങ്ങളൊന്നും ഉണ്ടായിട്ടുമില്ല. ഹെൻട്രി എട്ടാമൻെറ കാലംവരെ ജീവിതചരിത്രലേഖനം അപൂൎവ്വമായിരുന്ന ഇംഗ്ലീഷ്ഭാഷ ഇന്ന് എന്തുകൊണ്ട് ഇത്രയധികം ജീവിതചരിത്രത്താൽ അലങ്കരിക്കപ്പെട്ടുന്നു എന്നു ചോദിക്കയാണെങ്കിൽ മഹദാരാധനയിൽ കുതുകികളായ ഒരുക്കൂട്ടം എഴുത്തുകാരുടെ ശ്രമവും ദൂരവീക്ഷണമുള്ള പൊതുജനങ്ങളുടെ കൎത്തവ്യബോധവുമാണെന്നുതന്നെ പറയാം 'ബാസ്വെല്ലി'ൻെറ 'ഡാക്ടർ ജാൺസൺ' 'മോർലി'യുടെ 'ഗ്ലാഡ്സ്റ്റൻ' 'റാബെട്ട്സതി'യുടെ 'നെൽസൺ' 'ലാക്ഹാർട്ടി'ൻെറ 'സർ വാൾട്ടർ സ്കാട്ട്'' എന്നീ ജീവിതകഥകൾ അവയിൽ ഒന്നാംതരത്തിലുള്ളവയാണ്. ഇതിന് ഇവർ ഓരോരുത്തരും എത്രയൊക്കെ ക്ലേശിച്ചിരിക്കണം! അതു വല്ലവരുടെ ആവശ്യത്തിനും അവരനുഭവിച്ച ക്ലേശമല്ല; അതെല്ലാം,

തന്നെ ആകർഷിച്ചിളക്കിയിട്ടുള്ള മഹാനെ തേടിപ്പോകുന്ന തീർത്ഥയാത്രകളാണു്. ഒരിടത്തു് ഒരു വിജ്ഞാനദീപം കത്തിനിൽക്കുമ്പോൾ ചുററും കൂടിയിരുന്നു് ഊതിക്കെടുക്കുന്ന സ്വഭാവമുള്ള ആളുകളുടെയിടയിൽ ജീവിതചരിത്രമുണ്ടാകുന്ന കാര്യം പ്രയാസമാണു്. ക്രിസ്തുവിനു മുൻപു് 'ഏതൻസി'ലെ വിപണിവീഥികളിൽ സഞ്ചരിച്ചിരുന്ന മനുഷ്യരോടു് സത്യം, സൗന്ദര്യം, നന്മ, ഭോഗബഹുമാനങ്ങൾ മുതലായവകളെപ്പററി ചോദ്യോത്തര ക്രമത്തിൽ ഉപപാദിച്ചു് വിശദീകരിച്ചു കൊണ്ടിരുന്ന 'സാക്രട്ടീസി'നെ അറിയാൻ കഴിഞ്ഞിട്ടുള്ളതു് മഹദാരാധനയുടെ വികാസം ഒന്നുകൊണ്ടുതന്നെയാണു്. ഒരു വിളക്കുകൊണ്ടു മററൊരു വിളക്കു കത്തിക്കുമ്പോൾ രണ്ടും കുറവില്ലാതെ പ്രകാശിക്കുന്നതുപോലെയാണു മഹദാരാധനയുടെ വൈശിഷ്ട്യം. ഇതു് ഇവിടെ ദീർഘിപ്പിക്കണമെന്നില്ല.

എനിക്കു ഈ പുസ്തകം രചിക്കുന്നതിൽ രണ്ടു കൊല്ലത്തോളം വേണ്ടിവന്നു. ൧൧൨൨- മേടമാസത്തിൽ ഇതു എഴുതാനാരംഭിച്ചു. ഒന്നു രണ്ടു പ്രാവശ്യം ജോലിക്കുമുടക്കം വന്നു. ആയിടക്കു് പ്രൊവൈസ് ചാൻസലർ മി. സി. വി. ചന്ദ്രശേഖരൻ തുടങ്ങിയ മഹാത്മാക്കൾ ജോലി തുടന്നു കൊണ്ടു പോകുവാൻ ഉത്സാഹിപ്പിച്ചു. അങ്ങനെ പല മഹാന്മാരും പ്രോത്സാഹിപ്പിക്കുകയും വിലയേറിയ വിവരങ്ങൾ തരികയും ചെയ്തിട്ടുണ്ടു്. ഈ അവസരത്തിൽ അവരോടെല്ലാം ആജീവനാന്തമുള്ള കടപ്പാടു് എനിക്കുണ്ടെന്നു് ആത്മാർത്ഥമായി ഞാൻ സ്മരിക്കുന്നു.

ശ്രീവട്ടാററമ്മ വീട്ടിലെ ററി. ശ്രീധരൻതമ്പി അവർകളോടും, എൻ. നീലകണ്ഠപ്പിള്ള അവർകളോടും, പ്രഫ

സർ എസ്. എസ്. സൂര്യനാരായണശാസ്ത്രിയോടും തിരുവിതാംകൂർ യൂണിവേഴ്സിററി രജിസ്ത്രാർ പരമേശ്വരപ്പണിക്കരവർകളോടും എൻെറ കൃതജ്ഞത പ്രത്യേകമായി എടുത്തുപറഞ്ഞു കൊള്ളട്ടെ. മിസിസ്. കൃഷ്ണൻതമ്പിയോടും കുടുംബത്തോടും ഉള്ള എൻെറ ഭക്തിബഹുമാനാദരങ്ങൾ കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ജീവിതകഥ പരിശോധിച്ച് അവതാരിക എഴുതിത്തന്ന സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോനവർകളോടും സദയം ഭൂമിക എഴുതിത്തന്ന് ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച റാവുബഹദൂർ കെ. നാരായണൻ പണ്ടാല അവർകളോടും ഞാൻ നന്ദിയുള്ളവനാണെന്നു പറയേണ്ടതില്ല.

തിരുവനന്തപുരം,
൫-വൃ-൧൧൧൫. } ഗ്രന്ഥകർത്താ.

# വിഷയസൂചി


സമർപ്പണം.

അവതാരിക....ടി. കെ. കൃഷ്ണമേനോൻ.

ഭൂമിക....റാവുബഹദ്ദൂർ കെ. നാരായണനുപണ്ടാല.

ആമുഖം.

അദ്ധ്യായം ൧.

പ്രാരംഭം....എന്തുകൊണ്ടു് കൃഷ്ണൻതമ്പി ജീവിതചരിത്രത്തിനു വിഷയമായി.....വിദ്യാഭ്യാസ വിഷയകമായ ചില പ്രത്യേകതകൾ....സംസ്കൃതത്തിന്റെ സാർവ്വത്രികമായ പ്രചരണം....പാവങ്ങളുടെ സഹായം....ആദർശോദ്ധാരണം....താടക ഭയങ്കരിയല്ല.

അദ്ധ്യായം ൨.

കുടുംബം....ജനനവും ബാല്യവിദ്യാഭ്യാസവും....രാജകീയവിവാഹം.... ഇംഗ്ലീഷ്‌വിദ്യാഭ്യാസം .... ഈവ്നിംഗ്‌ക്ലബ്ബ്....കെ. സി. യുമായിട്ടുള്ള സമാഗമം....മി. വെങ്കിട്ടരാമയ്യങ്കാർ....പരാശക്തിയുടെ മുൻപിൽ വച്ചു് കവിതാദേവി ആദ്യമായി ഉണരുന്നു....അന്നത്തെ കാലസ്ഥിതികൾ....സ്മരണീയരായ സഹപാഠികളും അർത്ഥഗർഭമായ ഫലിതവും....വിവാഹം....ബി. ഏ. പാസായി കാളേജ് വിടുന്നു.

അദ്ധ്യായം ൩.

വിദേശയാത്ര....ബേലിയൽ കാളേജും ഓക്സ്‌ഫോർഡു്ജീവിതവും....അയർലണ്ടുകാരുടെ സ്വാതന്ത്ര്യപ്രക്ഷോഭണത്തിലുള്ള അനുഭാവം....ലേഖകവൃത്തി....നാട്ടിലേക്കു കപ്പൽ കയറുന്നു.

അദ്ധ്യായം ൮.

വിദേശസഞ്ചാരത്തിനു ശേഷം .... അനുഭവംകൊണ്ടു കിട്ടിയിട്ടുള്ള സംസ്കാരം....കലാവിലാസമെന്ന സാഹിത്യസമാജം.... സംസ്കൃതകാളേജിൽ .... കയ്യുള്ളിയിലെ ഗൃഹസ്ഥാശ്രമം....സുഹൃത്സംഗമം....കാവ്യരചന .... യശസ്സിലുള്ള കാംക്ഷയില്ലായ്മ....പുനർവിവാഹം.

അദ്ധ്യായം ൯.

അചേതനാസ്വാദനം....ആരാദ്ധ്യനായ ഗുരുവര്യൻ ....വ്യാസനാണു കവി....ശ്രീശങ്കരൻഉണ്ടാക്കിയ മാററം....ഉത്തരഭാരതപര്യടനം....കടൽപ്പുറത്തെ ദിവസങ്ങൾ....കഥകളിക്ലബ്ബ്....ഡാക്ടർ രാമൻതമ്പിയുമായുള്ള സംഭാഷണം....പൗരസ്ത്യഭാഷാസ്റ്റപ്രണ്ടു്.... സഹൃദയസമിതി....ഓണേഴ്സ്സമാജം... ബർണാട്ഷാ....മകനോടുള്ള ഉപദേശം....“ഞാൻ ഈ ഹിംസയിലില്ല.”

അദ്ധ്യായം ൧൦.

യോഗേനാന്തേതനുത്യജാം .......ആദ്ധ്യാത്മികചിന്തകൾ....'നോവറിയുന്ന മുകം' ....തന്നെപ്പോലെ സർവ്വഭൂതങ്ങളും....ഹരികഥാപ്രസ്ഥാനം .... ഒടുവിലത്തെ കാളേജുയാത്ര........ തനുത്യാഗം........അനുശോചനക്കത്തു്.

അദ്ധ്യായം ൧൧.

സ്വാതിതിരുനാളിനു ശേഷം.

---

# വി. കൃഷ്ണൻതമ്പി

---

## അദ്ധ്യായം ൧.

### പ്രാരംഭം.

സ്ഥാനവലിപ്പംകൊണ്ടും ധനസമൃദ്ധികൊണ്ടും മദാന്ധരായ അനേകംപേർ ജനിക്കയും മരിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ആയത്തമായിട്ടുള്ള സ്ഥാനമോ, അവശേഷിതമായിരിക്കുന്ന സമ്പത്തോ, സൽക്കാര്യങ്ങൾക്കായി വിനിയോഗിക്കുവാൻ മുൻപറഞ്ഞ മദാന്ധൎക്ക് ആൎക്കും മനസ്സു വന്നിട്ടില്ല. എന്നുതന്നെയല്ല, പ്രവൃത്തിയുടെ മഹത്വം, സേവനത്തിന്റെ ഗുരുത്വം, ജീവിതത്തിന്റെ ഉദ്ദേശ്യം ഇവ ഓരോന്നിനേയും പററി അവൎക്ക് ജിജ്ഞാസയുള്ളതായിക്കാണുന്നുമില്ല. പിന്നെയെങ്ങനെയാണു് അത്തരമുള്ള ഭോഗലോലുപൎക്ക് ലോകോൽക്കർഷകമായുള്ള പ്രവൃത്തികൾ ചെയ്തു, സാർവത്രികമായ ഒരു പ്രേമം ജനതയിൽ നിന്നും സമാൎജ്ജിക്കുവാൻ സംഗതിയാവുന്നതു്! അവൎക്ക് ബോധോദ്ദീപകമായ ഒരു വാക്കു പറയുന്നതിനുപോലും അവരോട് അടുക്കുന്ന കൂട്ടുകാൎക്കു സാധിക്കാതെ പോകുന്നു; സാധിക്കുന്നവരെ അടുക്കാൻ ഇവർ സമ്മതിക്കയുമില്ല. തോൽവിയും ദുഃഖവും നിരന്തരം സംഭ

വിച്ചുകൊണ്ടിരുന്നിട്ടും, പട്ടിണികൊണ്ടു് ജഡം കത്തിയെരിഞ്ഞുകൊണ്ടിരുന്നിട്ടും, ഒരൊററ ലക്ഷ്യത്തിലേക്കു്, ഒരൊററ മഹോന്നതസ്ഥാനത്തേക്കു്, ജനതയ്ക്കു് ഒന്നുപോലെ ആഹ്ളാദിക്കുവാനും, ആരാധിക്കുവാനും മതിയാകുന്ന, ധന്യധന്യമായ സംപൂജ്യപദവി എത്തിച്ചേരുന്ന സാധാരണജനങ്ങളേക്കാളും, വെറും ധൂർത്തിൻെറ സാമ്രാജ്യത്തിൽനിന്നും വെളിച്ചത്തുവന്നു്, ത്യാഗബുദ്ധിയോടുകൂടി ലബ്ധമായിട്ടുള്ള കഴിവുകളെയെല്ലാം സൽകൃത്യങ്ങൾക്കായി ചെലവിടുന്ന സമ്പൽസമൃദ്ധിയുള്ള മഹാശയക്ക് മററുള്ളവരേക്കാളും ശീഘ്രതരം ഉന്നതിയിൽ എത്തിച്ചേരാമെന്നുള്ളതാണു്. അങ്ങനെ മുന്നോട്ടിറങ്ങിപ്പുറപ്പെടുന്നവരെ, ലോകം കൃതജ്ഞതാപൂരസ്സരം നമിക്കയും സ്മരിക്കയും ചെയ്യുന്നതിൽ ഉദ്യുക്തരാണെന്നു് പ്രത്യേകം പറഞ്ഞുകൊള്ളട്ടെ. പക്ഷെ, ഐശ്വര്യപരാഗവിരാജിതമായ രജതവേദികളിൽ സൈപരസല്ലാപം ചെയ്തുകൊണ്ടിരിക്കുന്നവക്ക് ദൃഷ്ടിഗോചരീഭവിക്കുന്ന സൗവർണ്ണചക്രവാളത്തിൽനിന്നും കണ്ണുകൾ പിൻവലിച്ചു്, എളിയസ്ഥാനങ്ങളിലേക്കു ഒരു നോക്കുനോക്കുവാൻ—അവിടത്തെ സുഖദുഃഖങ്ങൾ ആരായുവാൻ മനുഷ്യവർഗ്ഗത്തിൽ വളരെക്കുറച്ചുപേരേ കാണുകയുള്ളൂ. എന്നാൽ "ഓരോ ഉരുളച്ചോറും അയാളുടേതാണെന്നു് നമ്മെ മനസ്സിലാക്കിക്കുന്ന നോട്ട"ത്തോടുകൂടി സാദ്ധ്യ നൽകുന്ന യശഃപ്രാർത്ഥികൾ എവിടെത്തന്നെയില്ല? അവക്ക് സാരമായി മനുഷ്യനെ എത്രത്തോളം സ്നേഹിപ്പാൻ കഴിഞ്ഞിട്ടുണ്ടു്? അനർഘമായ ഹൃദയസമ്പത്തിനു എത്രപേരാണു് അധികാരികൾ? മനുഷ്യനെ തനം

 36408 

തിരിച്ച് നോക്കാം. കുറേ ചെന്നായ്ക്കൾ, കുറെ കഴുകന്മാർ, കുറെ വ്യാഘ്രങ്ങൾ, കുറെ ഗജങ്ങൾ, കുറെ ഗോക്കളും ശ്വാക്കളും എന്നിങ്ങനെ ഇവററയുടെ ജീവിതചര്യകളാണ് ബഹുഭൂരിപക്ഷം ജനങ്ങൾക്കുമുള്ളതു്. ഒരാൾ മഹദാശയനായിരിക്കട്ടെ; വേറൊരാൾ മഹത്വം പ്രവൃത്തിയിൽ സ്ഫുരിപ്പിക്കട്ടെ; മററൊരുത്തൻ മഹത്വത്തിൻെറ അഗ്രിമസ്ഥാനം ചേൎന്നുകൊള്ളട്ടെ, നാലാമതൊരുവൻ മഹത്കാര്യങ്ങൾക്കായി ജീവിച്ചിട്ട് ഫലത്തിലോ, പരാജയത്തിലോ-രണ്ടുമല്ലെങ്കിൽ, ഒന്നിൻെറ നിർദ്ദേശകനോ കാരണക്കാരനോ ആയിക്കൊള്ളട്ടെ; എങ്കിലും, ഇവർ ഓരോരുത്തരും കീൎത്തനീയന്മാരാണ്. * "ഒരുവനെ നാം ബഹുമാനിച്ച് വാഴ്ത്തുന്നതു് അയാൾ ചെയ്ത സൽപ്രവൃത്തികളുടെ ഫലം കൊണ്ടുമാത്രമല്ല; ഉദ്ദേശ്യങ്ങൾ പൂർത്തിയാകാതെയും, ഗണ്യമായവിധം വിജയം പ്രാപിക്കാതെയും മരണം പ്രാപിച്ചിട്ടുള്ള പലരേയും മഹാപുരുഷന്മാരായി പരിഗണിച്ച്, ലോകർ സ്തുതിച്ചുപോരുന്നതു്, അവരുടെ ഉദ്ദേശ്യത്തിൻെറ പാവനതയും, ശ്രമത്തിൻെറ തീക്ഷ്ണതയും ഓൎത്തിട്ടു മാത്രമാകുന്നു."

എപ്പോഴും മനുഷ്യത്വം തികഞ്ഞിട്ടുള്ള മനുഷ്യരങ്ങളാണു ത്യജിക്കയും സഹിക്കയും എന്ന രണ്ടു നിസ്തുലകൎമ്മങ്ങൾക്കു വീണ്ടും വീണ്ടും മാററുക്കൂട്ടിക്കൊണ്ടിരിക്കുന്നതു്. സ്വന്തം മടിശ്ശീല വീൎത്തുകാണാൻ മാത്രം ജീവിക്കുന്നവർ ജീവിച്ചിരിക്കുന്നതായി കാര്യജ്ഞാനമുള്ളവർ ആരെങ്കിലും

* മി. വെൺകുളം ജി. പരമേശ്വരൻപിള്ളയുടെ വേലുത്തമ്പിദളവ.

ധരിക്കാറുണ്ടോ? ലോകോപകാരമാംവണ്ണം എന്തെങ്കിലും പ്രവൎത്തിക്കുകയോ, ത്യജിക്കുകയോ ചെയ്യുന്നവരാണു് മാനവസമുദായത്തിൻെറ യഥാൎത്ഥബന്ധുക്കൾ. ലോകത്തിൻെറ ഏതെങ്കിലും ഒരംശത്തിനു ഗുണത്തിനായി ആരാണോ ജീവിക്കുകയോ മരിക്കുകയോ ചെയ്യുന്നതു് അവരാണു ന്യായമായി ജീവിതചരിത്രംകൊണ്ടു് അറിയപ്പെടേണ്ടവർ അവരുടെ ജീവിതചരിത്രമാകുന്നു സാക്ഷാത്തായ ജീവിതചരിത്രം.

നമ്മുടെ രാജ്യത്തിലെ ഒരു വ്യക്തിക്കു് ആശിക്കാവുന്നതിൽ അത്യുന്നതമായ സ്ഥാനങ്ങളിൽ ഒന്നാണു് ഒരു രാജസ്യാലൻേറതു്. ആ സ്ഥാനത്തെ അധിരോഹണം ചെയ്തിരുന്നുകൊണ്ടു് ദുഃഖപരിപൂരിതമായ താഴ്ന്ന പടികളിൽ അധിവസിക്കുന്നവരുടെ ഇടയിൽ നടന്നുപോരുന്ന സംഭവങ്ങൾ ആരായുകയും, അവരെ സ്നേഹിക്കുകയും, സഹായിക്കുകയും ചെയ്തുകൊണ്ടിരുന്ന മഹാത്മാവാണു് ഈ പുസ്തകത്തിലെ പ്രതിപാദ്യപുരുഷനായ വടശ്ശേരി അമ്മവീട്ടിൽ ശ്രീമാൻ കൃഷ്ണൻതമ്പി അവർകൾ. സാധുസംരക്ഷണമാണു് ആ അന്തഃകരണത്തിൽ കാഹളം ഊതിക്കൊണ്ടിരുന്നതു്; ആ ഹൃദയം അതിനൊത്തവണ്ണം സഹതപിച്ചു. രാജസ്യാലനാണു്, ഒരു ഉപനായകനെപ്പോലെ ജീവിക്കാം; കുബേരമായ പദവിയും കൈക്കലാക്കാം. ഹാ! "കൃഷ്ണൻതമ്പി" അത്തരമുള്ള എന്തെല്ലാമാണു് കൈക്കലാക്കിയതു്! സുഖസമ്പത്തുകൾക്കായി നണയും സേവയും അവസരോചിതം വിറവഴിക്കുന്ന ആപണവീഥികളെ തട്ടിത്തകൎത്തുംകൊണ്ടു്, സൌധപംക്തികളിൽനിന്നും തെരുവീഥികളിൽ ഇറങ്ങി

വന്നു്, പാവങ്ങളുടെ തോളത്തുകൈയുംവച്ചു് അവരിൽ ഒന്നായി ജീവിപ്പാനൊരുങ്ങുന്ന തമ്പി അവർകളെവിടെ? ജഡിലമായ ഇതരകാര്യനിരകളെവിടെ? ബഹുലക്ഷം പാവങ്ങളുടെ സുഖം ഏതാണോ, അതാണു് തന്റെ സുഖം എന്നിങ്ങിനെ ഉരുവിട്ടുകൊണ്ടിരുന്ന ഒരു മഹാതത്വജ്ഞാനിയാണു നമ്മുടെ തമ്പിഅവർകൾ.സ്ഫടികസമാനമായ ആഹൃദയസരസ്സ്പ്രാമാണ്യംകൊണ്ടുണ്ടാകാവുന്ന അഹംഭാവത്തിനു് ഒരിക്കലും അടിമപ്പെട്ടിരുന്നില്ല. തമ്പി അവർകളുടെ വൈശിഷ്ട്യത്തെപ്പററി ഡാക്ടർ എൽ. എ. രവിവമ്മ ഇങ്ങിനെ വിമർശിക്കുന്നു. "സമ്പൂർണ്ണനായ ഒരൊററ മനുഷ്യൻ." അദ്ദേഹം ഇങ്ങനെ തുടരുന്നു:- "എന്റെ ജീവിതത്തിൽ ഇതുവരെ രണ്ടുപേരെയാണു് മഹത്തുക്കളായി കാണ്മാൻ കഴിഞ്ഞിട്ടുള്ളതു്. അതിൽ ഒന്നാമത്തേതു് പ്രഫസർ, ഏ. ആർ. തിരുമേനിയും, ഒടുവിലത്തേതു് പ്രഫസർ, വി. കൃഷ്ണൻതമ്പിയും. പാണ്ഡിത്യത്തിൽ തിരുമേനി തമ്പിയേക്കാളും കവിഞ്ഞുനിൽക്കുമെങ്കിലും, മനുഷ്യത്വത്തിൽ ഒരു പടികൂടി പൊന്തിയതാണു് തമ്പി അവർകൾക്കുള്ള സ്ഥാനം.'' സാഹിത്യകുശലൻ, ററി. കെ. കൃഷ്ണൻമേനോൻ പറയുന്നു:- "മനുഷ്യനെ സ്നേഹിക്കുന്നതിൽ ഇത്ര ആത്മാർത്ഥതയുള്ള മറെറാരാളെക്കണ്ടെത്തുവാൻ ഇനി തരംവരുമോ എന്നു തോന്നുന്നില്ല." ദണ്ഡനീതിനിപുണൻ മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ പറയുന്നു:- "മൃച്ഛകടികകാലം മുതൽ ഇങ്ങോട്ടു നോക്കുന്നതായാൽ മഹത്വം പ്രാപിച്ചിട്ടുള്ള ഏകരാജസ്യാലൻ."

ഈ മഹാത്മാവു്, അയുക്തികമായ പ്രാചീനനിബന്ധനകളെ പൊട്ടിച്ചെറിയുക മാത്രമല്ല; ലോകത്തെ യുക്തിയുക്തമായ ഒരു സന്നാഹത്തിലേക്കു ക്ഷണിക്കുകകൂടി ചെയ്തിരുന്നു. ജ്ഞാനത്തിന്റെ പരമസിദ്ധാന്തമായ സമത്വബോധത്തിൽനിന്നും അന്യമായി സമഷ്ടിവാദംകൊണ്ടു് എന്തു സാധിപ്പാനുണ്ടെന്നു അദ്ദേഹം ലോകത്തോടു ഗംഭീരമായ ഒരു ചോദ്യംചോദിക്കുന്നു. സ്വദേശാഭിമാനം തുള്ളിത്തുളുമ്പിനിന്ന ആ, സ്വാതന്ത്ര്യമൂർത്തി സ്വനിർമ്മിതങ്ങളായ ഗാനമഞ്ജരികൾകൊണ്ടു് ഒരു സ്വാതന്ത്ര്യാച്ഛ്നതന്നെ നടത്തിപ്പോന്നു. കഥകൾകൊണ്ടും, കാവ്യങ്ങൾകൊണ്ടും സമുദായത്തെ ഒരു ഉന്മുഖപ്രയാണത്തിനു് ഉദ്ബോധിപ്പിച്ചുവന്നു. സമുദായത്തിന്റെ ദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ചിരുന്നു. അനാവശ്യമായി വിവാഹാദി അടിയന്തിരത്തിനു പണം ചെലവിട്ടു ബദ്ധപ്പെടുന്ന ഗൃഹനായകന്റെ കുഴങ്ങലോത്തു "ഭാരതിക്കുട്ടി"യെന്ന തന്റെ പ്രഹസനത്തിൽ അതിനുള്ള അർത്ഥശൂന്യതയെ എടുത്തു കാണിക്കുന്നതു നോക്കുക–: "മക്കളുടെ വിവാഹം ആനന്ദിക്കാനുള്ള ഒരു സന്ദർഭമാണു്. എന്നാൽ നാട്ടുനടപ്പു നോക്കുമ്പോൾ ഗൃഹനായകനു് ഇതിൽപ്പരം ഒരു ഗ്രഹപ്പിഴ വരാനില്ല. കൈയിലെ കാശുംപോയി, കടവുംകേറി, ദേഹവും പരവശമായി, ഒച്ചയും എടുക്കാൻപാടില്ലാതെ വിവാഹപ്പന്തലിന്റെ നടുക്കു നിസ്സഹായനായിനിൽക്കുന്ന അടിയന്തിരക്കാരനെപ്പോലെ ദയനീയമായ ഒരു കാഴ്ച വേറൊന്നുണ്ടോ?... .... ........മിക്ക ആളുകളും സദ്യ ഉദ്ദേശിച്ചു വരുന്നവരല്ല. അങ്ങനെ സമ്മതിക്കുന്നവരും അല്ല."

ഇന്നത്തെ സ്ഥിതിക്കു നമുക്കു പററിയ പല പദ്ധതികളെപ്പററിയും അദ്ദേഹം ആലോചിക്കാറുണ്ടായിരുന്നു. തൊഴിലിനു വിഘാതംവരാതെ സംസ്കാരമുണ്ടാക്കുവാൻ സമുദായത്തിൻെറ ദുഃസ്ഥിതിമാററി മനുഷ്യരെ മനുഷ്യരാക്കി ഉദ്ധരിക്കുവാൻ "പരിവൎത്തനം" "പരിവൎത്തനം" എന്നു ഗജ്ജിക്കുന്ന ആ ദിവ്യവിഗ്രഹം തൻെറ ജീവിതം എങ്ങിനെ നയിച്ചുവെന്നു നോക്കാം.

## വിദ്യാഭ്യാസവിഷയകമായ ചില പ്രത്യേകതകൾ.

തമ്പിഅവർകളെപ്പററി പറയാൻ തുടങ്ങുമ്പോൾ ആദ്യമായി മുന്നിൽവരുന്നതു അടക്കാൻവയ്യാത്ത അദ്ദേഹത്തിൻെറ ജ്ഞാനതൃഷ്ണയാണു്. തമ്പി അവർകളുടെ ഇംഗ്ലീഷ് ട്യൂട്ടറായിരുന്ന മി. വെങ്കിട്ടരാമയ്യങ്കാർ പറയുന്നു:–"തമ്പിക്കു് ഒന്നു് ഒരിക്കൽ കേട്ടാൽ മതിയാകും. അതു ആവൎത്തിക്കണമെന്നില്ല. ഏതിലും ബുദ്ധി ചുരന്നുചുരന്നു അതിശീഘ്രമായി അടുക്കുന്നതുകണ്ടാൽ ആരും അമ്പരക്കുകതന്നെ ചെയ്യും. എന്നാൽ ഒരു പുസ്തകപ്പുഴുവിനോടു് തമ്പിക്കു സാമ്യമില്ല. ഒന്നു ചൂണ്ടിക്കൊടുത്താൽ ബുദ്ധി ആവിടെ സത്വരം എത്തിച്ചേൎന്നുകൊള്ളും. അതേപ്പററി അധികം ആലോചിക്കും. അതിരില്ലാത്ത ഈ ജ്ഞാനതൃഷ്ണക്കു പരിഹാരം ചിന്ത ഒന്നുമാത്രമാണു്." സംസ്കൃതകാളേജിൽ പതിനാറോളംകൊല്ലം തുടൎച്ചയായി ഉദ്യോഗം ഭരിച്ച തമ്പി അവർകൾ സ്വായത്തമാക്കിയ ജ്ഞാനത്തിനു അളവില്ലെന്നാണു് അവിടത്തെ ആചാൎയ്യന്മാർ പറയുന്നതു്. അതായതു് പണ്ഡിതന്മാരെക്കൊണ്ടു ശാസ്ത്രങ്ങളെ ഉപപാദിപ്പിച്ചു

കേട്ടുകൊണ്ടിരിക്കും. അന്നോ പിറേറന്നോ ആ വിഷയത്തെ ക്കുറിച്ചുവീണ്ടും പറയുമ്പോഠം തമ്പിഅവർകഠം പൂർവ്വപക്ഷം പിടിച്ചു സിദ്ധാന്തിക്കുന്നതു ഒരു പതിവായിരുന്നു. സംസ്കൃതത്തിൽ അദ്ദേഹം പ്രസംഗവേദികളിൽ നിന്നുകൊണ്ടു അതിസരസമായി സംസാരിക്കുന്നതു കേട്ടിട്ടുള്ളവരുടെ കണ്ണുപുടങ്ങളിൽ ഇന്നും അതു മുഴങ്ങിക്കൊണ്ടിരിക്കുകതന്നെ ചെയ്യും. ഇംഗ്ലീഷ്വിദ്യാഭ്യാസത്തിനായി സമയം ചെലവഴിച്ചു, അതോടു, സംസ്കൃതവും അഭ്യസിച്ചിട്ടുള്ളവരിൽ എത്രപേക്കാണു് നമ്മുടെ ഇടയിൽ സംസ്കൃതപ്രഭാഷണം ശക്യമായിട്ടുള്ളതു്! ദക്ഷിണഭാരതത്തിൽ തമ്പിഅവർകളെപ്പോലെ ഗദ്യവും പദ്യവും ചമയ്ക്കാൻ അക്കാലത്തു അധികം പേർ ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല. ൧൯൨൪-ൽ, തിരുവനന്തപുരത്തുവച്ചുകൂടിയ അഖിലഭാരതപൗരസ്ത്യമഹാസമ്മേളനത്തിൽ(All India Oriental Conference) സംബന്ധിക്കുവാനായി ഇൻഡ്യയിൽനിന്നും,ദ്വീപാന്തരങ്ങളിൽനിന്നും ആഗതരായിരുന്ന പണ്ഡിതന്മാരിൽ ചിലർ "മി. കൃഷ്ണൻതമ്പി എവിടെ?" "അദ്ദേഹത്തെ ഒന്നു കാണണം" എന്നിങ്ങനെ ആരാഞ്ഞതോർത്തു മി. ഒ. എം. ചെറിയാൻ അത്ഭുതപരതന്ത്രനായിപ്പോയെന്നു അദ്ദേഹം ഒരു സല്ലാപവേളയിൽ പറയുകയുണ്ടായി. "ലളിത"യെന്ന തൻെറ സംസ്കൃതനാടകത്തെ ഹൂണഭാഷയിലും വശ്യവചസ്സായ തമ്പിഅവർകഠം തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്തിയപ്പോഠം പാശ്ചാത്യപണ്ഡിതന്മാർ തമ്പിഅവർകളുടെ കവനചാതുരിയിലുള്ള കെല്പിനെ എത്രമാത്രം പുകഴ്ത്തിയെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണു്. മലയാളത്തിൽ

അദ്ദേഹത്തിനുള്ള ഗ്രന്ഥരചനാപാടവത്തേയും, അതിതീക്ഷ്ണമായ ബുദ്ധിമാഹാത്മ്യത്തേയും സ്പർശിച്ചുകൊണ്ടു് "കേരളപാണിനി"യെന്ന അപരനാമധേയത്താൽ വിഖ്യാതനായ പ്രൊഫസർ, ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ, ഫാവ്വൻ-ൽ തമ്പിഅവർകളാൽ വിരചിതമായ "കപാലകുണ്ഡല" എന്ന ആഖ്യായികയുടെ അവതാരികയിൽ ഇങ്ങനെ പറയുന്നു:-പരിഷ്കരിച്ച പാഠപദ്ധതി പ്രകാരമുള്ള ആദ്യത്തെ ബി. ഏ. പരീക്ഷയിൽ സംസ്കൃതവും മലയാളവും ഐച്ഛികമായിട്ടെടുത്തു തിരുവനന്തപുരം കാളേജിൽ നിന്നും ജയിച്ചവരിൽ ഒരാളാണു് മി. വി. കൃഷ്ണൻതമ്പി. പരീക്ഷാദിവസങ്ങളിൽ മി. തമ്പിക്കു ദുർദ്ദൈവവശാൽ മനസ്സിനും ദേഹത്തിനും ഒരുപോലെ അസ്വാസ്ഥ്യം സംഭവിക്കയാൽ പരീക്ഷാവിജയത്തിൽ വലിയ ഉന്നതിയൊന്നും ലഭിക്കാൻ സംഗതിയായില്ല. എങ്കിലും, തമ്പിഅവർകളുടെ വിദ്യാമന്ദിരചര്യ സാധാരണ വിദ്യാൎത്ഥികളുടെ തോതിൻപടി നോക്കുന്നതായാൽ അത്യന്തം ഉജ്ജ്വലമായിരുന്നുവെന്നു സ്ഥലത്തെ കാളേജിലുള്ള എല്ലാ അദ്ധ്യാപകന്മാരും ഐകകണ്ഠ്യേന സമ്മതിക്കും. വിദ്യാൎത്ഥികൾക്കു വേണ്ടുന്ന പലേ ഗുണങ്ങളിൽ ഏതെങ്കിലും ന്യൂനതയുണ്ടെങ്കിൽ അതു ആരോഗ്യത്തിലും, വ്യവസായത്തിലും മാത്രമാകുന്നു. സുകുമാരപ്രകൃതികൾക്കുള്ള ക്ലേശാസഹത്വം കാണുന്നുണ്ടു് എന്നല്ലാതെ അലസത്വം തമ്പിയെ ബാധിച്ചിട്ടുണ്ടെന്നു എനിക്കു ഒരിക്കലും വിവക്ഷയില്ല. ഉപദേശങ്ങളെ ഉടൻ ഗ്രഹിക്കയും ഓർമ്മിക്കയും ചെയ്യുന്നതിൽ തമ്പിക്കു വിശേഷമായ സാമ

ത്ഥ്യമുണ്ടെന്നു എനിക്കു പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ടു്. ഞാൻ തമ്പിയെ പഠിപ്പിച്ചിട്ടുള്ള ഉത്തരരാമചരിതം നാടകത്തിൽ:—

"വിതരതിഗുരുഃപ്രാജ്ഞേവിദ്യാംയഥൈവതഥാജഡേ
നചഖലുതയോർജ്ഞാനേശക്തിംകരോത്യപഹന്തിവാ
ഭവതിഹിപുനർഭൂയാൻ ഭേദഃഫലംപ്രതിതദ്യഥാ
പ്രഭവതിശുചിർബിംബഗ്രാഹേമണിർനമൃദാംചയഃ"

തർജ്ജിമ:—

"തുല്യംചൊല്ലിക്കൊടുക്കുന്നിതുഗുരുജഡനും
പ്രാജ്ഞനും വിദ്യയെത്താ-
നില്ലാതാക്കില്ലെവനും ഗ്രഹണപടുതയെത്താൻ
കൊടുക്കാറുമില്ല.
തെല്ലും മൺകട്ടബിംബത്തിനെ വിമല
മണിക്കൊപ്പമായുൾഗ്രഹിക്കു-
ന്നില്ലവ്വണ്ണം ഫലംകൊണ്ടിരുവരുമാ-
യേററവും ഭേദമുണ്ടാം."

എന്നു് ഭവഭൂതി വിദ്യാർത്ഥികളെപ്പററി പറഞ്ഞിട്ടുള്ള ജഡപ്രാജ്ഞഭേദം ക്ലാസ്സിൽ ഒന്നുരണ്ടുതവണയല്ല തമ്പി എനിക്കു പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതു്. ഇംഗ്ലീഷിനും മാതൃഭാഷകൾക്കും സമപ്രാധാന്യം കൊടുത്തിട്ടുള്ള ആറാം ശാഖയിൽ ബി. എ. ജയിച്ചിട്ടുള്ളവർ വഴിയാണു പാശ്ചാത്യവിജ്ഞാനം നാട്ടിൽ പരക്കേണ്ടതു്. അവരിലും പരീക്ഷയിൽ ജയിച്ചുവെന്നറിഞ്ഞാൽ പിറേറദിവസംതന്നെ

പിഴപ്പിനുവേണ്ടി ഏതുജോലിയാണ് കൈയേൾക്കേണ്ട തെന്നു ഉഴന്നുകൊണ്ടോടുന്ന യുവാക്കന്മാരിൽനിന്നു നാട്ടുകാക്കു വലിയ ഗുണമൊന്നും സിദ്ധിക്കാനില്ല. നിത്യവൃത്തിക്കു കഴിവും സാമുദായികനിലയിൽ ഉയൎച്ചയും, അന്തസ്സും, ജനസമ്മതിയും മററുമുള്ള അഭിജാതകുലജാതന്മാരായ പരീക്ഷാവിജയികളാണു വിദ്യാപ്രചരണത്തിനു മുഖ്യാധികാരികൾ. ഇപ്പറഞ്ഞ സൎവ്വപ്രയോഗ്യത മുഴുവനും നമ്മുടെതമ്പി അവർകൾക്കു സിദ്ധിച്ചിട്ടുള്ളതിനാൽ അദ്ദേഹത്തെ ഒരുഗ്രന്ഥകാരൻെറ നിലയിൽ വായനക്കാരുടെ സമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു വലുതായ ചാരിതാൎത്ഥ്യമുണ്ട്.

പാവനമായ ഗംഗാസാഗരത്തിൽ തീൎത്ഥസ്നാനം കഴിച്ചു പരിശുദ്ധനായിട്ടാണു തമ്പി മലയാള സാഹിത്യരംഗത്തിൽ പ്രഥമപ്രവേശം ചെയ്യുന്നതു്. ഗംഗാസാഗരത്തെ വൎണ്ണിക്കുന്നതിൽ ഗംഗയുടെ തുംഗതരംഗപരമ്പരകൾക്കു തുല്യമായ ആരഭടിയോടു കൂടിത്തന്നെ ഗ്രന്ഥകൎത്താവിൻെറ വാശ്ലാടിയും പ്രസരിക്കുന്നു ...............................................
വാക്കിനു പ്രസാദഗുണം സൎവത്ര കാണുന്നുണ്ടു്. ശൈലീഭംഗം ഒരിടത്തും എൻെറ ദൃഷ്ടിയിൽ പതിച്ചിട്ടില്ല. വാക്യങ്ങളെ വളച്ചുകെട്ടി വലിച്ചു നീട്ടാൻ പുറപ്പെടായ്കയാൽ ബന്ധപാരുഷ്യം വന്നിട്ടില്ല. സൎവ്വവിധമായ ഔചിത്യവും ദീക്ഷിച്ചിട്ടുണ്ടു്.

'കപാലകുണ്ഡല' ഒരു സ്വതന്ത്രകൃതിയല്ല; എന്നാൽ അതൊരു തൎജ്ജിമയാണെന്നു പറയുന്നതിനും തരമില്ല. പ്രസിദ്ധനായ ബംഗാളകവി 'ബങ്കിം ചന്ദ്രചാററർജി' ചമ

ച്ചിട്ടുള്ള മൂലഗ്രന്ഥത്തിൻെറ ഇംഗ്ലീഷ് ഭാഷാന്തരത്തിൽ നിന്നു കഥാവസ്തു ഗ്രഹിച്ച് നിർമ്മിച്ച ഒരാഖ്യായികയാണു പ്രസ്തുത കൃതിയെന്നു പറഞ്ഞാൽ ഒട്ടുവാസ്തവമായിരിക്കും. എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണം സംസ്കൃത മൂലഗ്രന്ഥത്തോട് എത്രത്തോളം യോജിക്കുന്നുണ്ടോ അത്രത്തോളം തമ്പിയുടെ കപാലകുണ്ഡല ബങ്കാളാഖ്യായികയോടും യോജിക്കുന്നുണ്ടെന്നു പറയാം. ബങ്കാളകവിയുടെ പാത്രങ്ങളൊന്നും മലയാള കവി ഒടച്ചുവാക്കാൻ പുറപ്പെട്ടിട്ടില്ല. എന്നാലെല്ലാംതന്നെ ഒന്നു തേച്ചുമിനുക്കീട്ടുമുണ്ട്. കേരളഭാഷാ വിവർത്തനത്തിൽ മൂലസ്ഥാനം വഹിച്ച ഇംഗ്ലീഷ് തർജ്ജിമയോടു താരതമ്യപ്പെടുത്തുന്നതായാൽ, തമ്പിയുടെ കൃതി തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ പ്രകാശിക്കുന്നുവെന്നു നിരാക്ഷേപമായിപ്പറയാം."

വിദ്യാർത്ഥിയായിരിക്കുമ്പോഴും, ഗ്രന്ഥകാരനെന്ന നിലയിലും, ഉദ്യോഗസ്ഥനിലയിലും, മനുഷ്യനെന്ന സാധാരണതയിലും തമ്പി അവർകൾ പ്രത്യേകതയുള്ളവനാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ആ വിദ്യാവിശാരദൻ വിദ്യാഭ്യാസത്തെപ്പററി നവംനവങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ദേഹം ഏതാണ്ടിങ്ങനെ ചോദിക്കയാണു്.

"അംബരചുംബികളായ വിദ്യാമന്ദിരങ്ങൾ കെട്ടിപ്പൊക്കി ധനം ദുർവ്വിനിയോഗം ചെയ്യുകയാണു് ചെയ്യുന്നതു്. സംസ്കാരത്തിൻെറ കഥയോ പോകട്ടെ; അവി

ടെനിന്നു പുറത്തിറങ്ങുന്നവൻ കുടിലിലാണു ജീവിതം നയിക്കേണ്ടിവരുന്നതെന്നോർമ്മിക്കുക. അവൻ തൊഴിൽ ചെയ്തേ കാലക്ഷേപം നടക്കുകയുള്ളൂ. അവൻെറ മനസ്സ് ഏതിലാണു വേരിട്ടതു്. അതെവിടെയാണു പടർത്തുന്നതു്; സംസ്കാരത്തിനും ആർഭാടത്തിനും തമ്മിൽ സാദൃശ്യമെന്തൊന്നുള്ളൂ? ഭാരതത്തിനാകെ ഉത്തരമായ ഒരൊററവിദ്യാപീഠം നമുക്കു് എന്തുകൊണ്ടു മതിയാകുകയില്ല.''

അദ്ദേഹം വീണ്ടും ചോദിക്കുന്നു:

''ഇന്നത്തെ വിദ്യാഭ്യാസം ഭക്ഷണശാലയിൽ നിത്യവും ഊണു കഴിക്കാൻ ഏർപ്പെട്ടതിയ ബാലൻെറ അവസ്ഥയിലേക്കല്ലാതെ മറെറവിടേക്കാണു കൊണ്ടുപോകുന്നതു്? എന്നും ഒരേരീതിയിൽ ആഹാരം പാകംചെയ്തു വിൽക്കുന്ന കച്ചവടക്കാരൻ നൽകുന്ന പദാർത്ഥങ്ങൾ തിന്നതിനു നാക്കു തഴമ്പിച്ചാലും യാതനാപരിപീഡിതനായി ക്ലേശിച്ചാലും വിശപ്പിനു ഭക്ഷണശാലയിലെ ആഹാരംതന്നെയല്ലേ കിട്ടുന്നതു്?''

''വെറും ലൌകികമായ ആധുനിക വിദ്യാഭ്യാസം'' എന്നു് ഇപ്പോഴത്തെ വിദ്യാഭ്യാസത്തെ പഴിക്കുന്നു. സ്റ്റേത്താംസായിപ്പിൻെറ കാലത്തു തിരുവിതാംകൂറിൽ ആഗതമാകുന്ന വിദ്യാഭ്യാസപരിഷ്കാരം ഏതുതരത്തിലായാൽ കൊള്ളാമെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:- ''ഇൻഡ്യയിൽ ഒരു വിദ്യാഭ്യാസപരിഷ്കാരം അത്യാവശ്യമായിത്തീർന്നിട്ടുണ്ടു്. (അന്നു് വാർദ്ധാവിദ്യാഭ്യാസ പദ്ധതി

ഉണ്ടായിട്ടില്ല.) അതിൽ ഒന്നാമതായി പറയേണ്ടിവരു ന്നതു സംസ്കൃതാഭ്യസനത്തെ സംബന്ധിച്ചാണ്. അതതു നാട്ടുഭാഷകളോടൊപ്പം സംസ്കൃതം പഠിപ്പിക്കണം. നമ്മു ടെ നാട്ടിലാണെങ്കിൽ ഹൈസ്കൂൾ വിദ്യാഭ്യാസംവരെയെ ങ്കിലും ഇംഗ്ലീഷിനോടൊപ്പം സംസ്കൃതവും പഠിക്കുവാൻ നിശ്ചിതമായ വ്യവസ്ഥ ഉണ്ടാക്കുകതന്നെവേണം. അങ്ങി നെ ഒരു പദ്ധതി രൂപീകരിക്കുക എന്നതാണു നമുക്കു വി ദ്യാഭ്യാസത്തിൽ വരുത്തേണ്ട മാററത്തിൽ ഒന്നാമത്തേതു്."

തമ്പി അവർകൾ നവീനവും ഗുണപുഷ്കലവുമായ ഒരു വിദ്യാഭ്യാസപദ്ധതി നിർമ്മിച്ച് തിരുവിതാംകൂർ വിദ്യാഭ്യാസാധികൃതരുടെ പരിശോധനയ്ക്കയച്ചിട്ടുണ്ടു്. തീർച്ചയായും, സംസ്കൃതം അറിയാതെ ഒരു ഭാരതീയൻെറ സംസ്കാരം പ്രപുഷ്ടമാകുവാൻ സാദ്ധ്യമല്ലെന്നാണു തമ്പി അവർകളുടെ അഭിപ്രായം. എന്നുതന്നെയല്ല, 'പൌരസ്ത്യ വിജ്ഞാനകേന്ദ്രം' ഭാരതത്തിലുണ്ടാകണമെന്നു തമ്പി അ വർകൾ വാദിക്കാറുമുണ്ടു്.

### സംസ്കൃതത്തിൻെറ സാർവ്വത്രികമായ പ്രചരണം.

പാശ്ചാത്യനാട്ടുകളിൽ സംസ്കൃതം തലപൊക്കി ത്തുടങ്ങിയതിൽ പിന്നീടാണ് അതിൻെറ ജനനസ്ഥലമാ യ ഭാരതത്തിൽ വീണ്ടും സംസ്കൃതത്തിനു ജീവനിട്ടുതുടങ്ങു ന്നതു്. ഇതിൽ ജർമ്മനി ഗീർവാണിയെ എത്ര ഭക്തി യോടെയാണ് ആരാധിച്ച് ആശ്ലേഷിച്ചുവരുന്നുവെന്നതു സംസ്കൃതത്തിനു ജർമ്മൻ രാജ്യത്തുണ്ടായിട്ടുള്ള കലാശാ ലകളെക്കൊണ്ടു് അനുമാനിക്കാമല്ലോ. കാശിയിലേയും

മററും സംസ്കൃതവിദ്യാമന്ദിരങ്ങൾ ഇന്നു ഭാരതത്തിൽ സുപ്രസിദ്ധങ്ങളാണു്. നാടുനീങ്ങിയ ശ്രീമൂലംതിരുനാൾമഹാരാജാവുതിരുമനസ്സുകൊണ്ടു് സംസ്കൃതത്തിന്റെ ആവശ്യകത മനസ്സിലാക്കി കാലാനുകൂലമായി തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തു് ഒരു സംസ്കൃതകലാലയം ഏർപ്പെടുത്തി. വഞ്ചിവസുന്ധരയിൽ ആ സംസ്കൃതവിദ്യാമന്ദിരം ജാതമായ അതേവഷത്തിലാണു് അതിന്റെ പ്രചാരകനായ വി. കൃഷ്ണൻതമ്പി ഗർഭഗനാകുന്നതു്. തമ്പിഅവർകൾ ആ കലാലയത്തിലെ അദ്ധ്യക്ഷനായി നിയമിതനായതിൽ പിന്നീടു മാത്രമാണു ഇത്തരമൊരു വിദ്യാനികേതനം കൊണ്ടുള്ള ഗുണം പൊതുജനങ്ങൾക്കു കൂടുതൽ ലഭിച്ചു തുടങ്ങുന്നതു്.

തമ്പി അവർകൾ അവിടെ നിയമിതനാകുന്നതിനു മുമ്പുണ്ടായിരുന്ന സംസ്കൃതപാഠശാല, തിരുവനന്തപുരം കോട്ടയ്ക്കുള്ളിൽ സവർണ്ണർക്കായി പ്രത്യേകം ഭദ്രമാക്കിയിരുന്നതല്ലാതെ മററുവിശേഷസംഭവമൊന്നുമുണ്ടായിട്ടുള്ളതായി അറിയുന്നില്ല. തമ്പി അവർകൾ ആ സ്ഥാപനത്തെ കോട്ടയ്ക്കുള്ളിൽനിന്നും പുറത്തുകൊണ്ടുവന്നു നാനാജാതിമതസ്ഥർക്കുമായി തുറന്നുകൊടുത്തു. അതാണു് ഈ സന്ദർഭത്തിലെ പ്രാധാന്യം. സ്ത്രീപുരുഷഭേദമെന്യേ സംസ്കൃതം പഠിക്കുവാൻ രാജ്യത്തു് ഏവക്കും ഭാഗ്യമുണ്ടാക്കിയതു നമ്മുടെ കഥാനായകനാണെന്നു വായനക്കാർ പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. അഖിലലോകപ്രശസ്തിയുള്ള ഡാക്ടർ ഗണപതി ശാസ്ത്രികൾ നിമിത്തം തിരുവിതാംകൂറിലെ

സംസ്കൃതപ്രണയം വിദേശങ്ങളിൽ പരന്നിട്ടുള്ള കഥ ഇവിടെ വിസ്മരിക്കത്തക്കതല്ല. തിരുവിതാംകൂറിലെ ഓരോ സംസ്കൃതപാഠശാലയും തമ്പി അവർകളുടെ തീവ്രയത്നംകൊണ്ടുണ്ടായിട്ടുള്ളതാണു്. തിരുവിതാംകൂറിലെ സംസ്കൃതവിദ്യാഭ്യാസത്തിൻെറ പിതാവും അദ്ദേഹമാണു്. ഇവിടെ നടപ്പിലിരിക്കുന്ന സംസ്കൃതപാഠശാലകൾ തമ്പി അവർകളുടെ നിർദ്ദേശമനുസരിച്ചിട്ടുള്ളതാകുന്നു. "സംസ്കൃതക്കാരൻ തമ്പി" എന്നാണു് അദ്ദേഹത്തെ വളരെക്കാലത്തേക്കു് അറിഞ്ഞു വന്നതു്. സംസ്കൃതകാളേജുതന്നെ അദ്ദേഹത്തിൻെറ വകയാണെന്നു കൂടി ജനങ്ങൾ കുറേക്കാലത്തേക്കു ധരിച്ചിരുന്നു. തിരുവനന്തപുരം നിവാസികളായ വിചക്ഷണന്മാർപോലും "തമ്പിയുടെ കാളേജ്" എന്നു പറയുന്നതു് ഈ ഗ്രന്ഥകാരൻ പല പ്രാവശ്യം കേട്ടിട്ടുണ്ടു്. വാസ്തവം അങ്ങനെതന്നെയായിരുന്നു. സാമാന്യർക്കു സംസ്കൃതം എന്നുവച്ചാൽ വല്യതായൊന്നും അറിയാൻ പാടില്ലായിരുന്നു. ഇന്നാകട്ടെ, തിരുവിതാംകൂർ സംസ്ഥാനത്തു നിരവധി സംസ്കൃതവിദ്യാബിരുദധാരികളും, അനേകം വിദ്യാമന്ദിരങ്ങളുമുണ്ടു്. പുലയൻ തുടങ്ങിയുള്ള പതിതജാതിക്കാർ എന്നു് എണ്ണപ്പെട്ടിരുന്നവരും, കൃസ്ത്യൻ, മഹമ്മദൻ തുടങ്ങിയ അന്യമതസ്ഥന്മാരും നമ്മുടെ നാട്ടിൽ സംസ്കൃതബിരുദധാരികളായിട്ടുള്ളതു നമുക്കു് എത്ര അഭിമാനകരമാണു്! തിരുവിതാംകൂർ നിയമസഭയിലെ ഒരംഗവും പുലയസമുദായത്തിലുൾപ്പെട്ട ഒരു മാന്യനും ആയ ശ്രീമാൻ ററി. ററി. കേശവശാസ്ത്രിയാണു പുലയ സമുദായത്തിൽനിന്നും ത

മ്പിഅവർകൾക്കു ലബ്ധനായപ്രഥമശിഷ്യൻ. ഇങ്ങനെ നാട്ടിൽ സംസ്കൃതം പ്രചുരമായി പ്രചരിപ്പിച്ച് ജനതയുടെ ജ്ഞാനം പ്രോജ്ജ്വലമാക്കുവാൻ അവതാരമെടുത്ത പണ്ഡിതവരേണ്യനാണു നമ്മുടെ കഥാനായകൻ. വൃദ്ധന്മാർപോലും ഗ്രാമങ്ങളിൽ സഞ്ചരിച്ചു സംസ്കൃതം അഭ്യസിപ്പിക്കയും, ഭാരതീയസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കയും ചെയ്യേണ്ടതാണെന്നു തമ്പിഅവർകൾ നിർദ്ദേശിക്കുന്നു. സ്വന്തം കാര്യങ്ങൾക്കായി ജീവിതം പണയംവച്ചു പണിയുന്നവരോട് അദ്ദേഹം ഉപദേശിക്കാറുള്ളതു നോക്കുക: "നിങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗം പ്രവൃത്തിക്കുള്ള സംഭരണത്തിനു ചെലവിട്ടു. അടുത്ത ഭാഗം പ്രവത്തിപ്പാനും ആദായം ഉണ്ടാക്കാനും വ്യയം ചെയ്തു. എന്നാൽ ശേഷംകൊണ്ട് ഇനി പാവങ്ങളുടെ നന്മയ്ക്കായി ഗ്രാമങ്ങളിലേക്കിറങ്ങുക." തമ്പി അവർകൾ കഴിയുന്നതും വേഗം ഉദ്യോഗത്തിൽനിന്നും പിരിയുവാനും, അതിനുശേഷം തന്റെ സേവനം പരോക്ഷമായി പല രൂപത്തിലും മാതൃഭൂവിന് അർപ്പിക്കുവാനും നിശ്ചയിച്ചിരിക്കയായിരുന്നു എന്നുമാത്രം പറഞ്ഞാൽ മതിയല്ലോ.

## പാവങ്ങളുടെ സഹായി.

സ്വാതന്ത്ര്യം, സമത്വം, സഭ്യത്വം ഈ മൂന്നു തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തമ്പിഅവർകളുടെ ചിന്തയും ചെയ്തികളും. അതു ഈ ജീവിതചരിത്രവിവരണത്തിന്റെ പല ഭാഗത്തുമായി കലന്നിരിക്കുന്നതുകൊണ്ട് തനിയേ അവ എടുത്തുപറയുവാൻ സാധിക്കുന്നതല്ലല്ലോ. എങ്കിലും, ഈ പ്രസംഗത്തിൽ ഒരു സൂചനയെങ്കിലും കൊ

ടുക്കാതിരിക്കുന്നതും ശരിയല്ല. കൃഷ്ണൻതമ്പിയെന്ന നാമധേയത്തിനു 'വിനയസമ്പന്നൻ' 'പാവങ്ങളുടെ സഹാവു'' എന്നീ പര്യായങ്ങൾകൂടി കൊടുക്കുന്നുവെങ്കിൽ അക്ഷരംപ്രതി അതൊരു പരമാർത്ഥംമാത്രം കുറിക്കുകയായിരിക്കും. പാവങ്ങളോടുകൂടി സ്വജീവിതം ബന്ധിക്കുവാൻ അദ്ദേഹം ആശിച്ചുപോന്നുവെങ്കിലും ജീവിതത്തിന്റെ വിശ്രമകാലമായ അന്ത്യഭാഗത്തു് ഗ്രാമപ്രദേശങ്ങളിൽ ഇറങ്ങി തന്റെ സിദ്ധാന്തം അനുസരിച്ചു് പ്രവർത്തിക്കണമെന്നു ദൃഢമായി വിശ്വസിച്ചുപോന്നു. "എല്ലാവരും വേലചെയ്തു് ഒരുപോലെ ജീവിക്കുന്ന ഒരു കാലം കാണുവാൻ എനിക്കു പ്രാപ്തിവന്നെങ്കിൽ! ആ തത്വത്തെ പ്രതിപാദിച്ചു ഒരു ഗ്രന്ഥം ചമയ്ക്കണമെന്നു വളരെ നാളായി ആശിക്കാറുണ്ടു്. അതിനു ചില സാങ്കേതികവിഷമങ്ങൾ ഇല്ലാതെയുമില്ല" ഇങ്ങനെ ഈ വിഷയത്തെക്കുറിച്ചു ശ്രീ. ആർ. അച്യുതൻ തമ്പിയോടു ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹം സംസ്കൃതകാളേജ് പ്രിൻസിപ്പാളായിരിക്കുമ്പോൾ കുറേനാളായി കാളവണ്ടിയിൽ സഞ്ചരിക്കുന്നതു കണ്ടിട്ടു് മഹാകവി കെ. സി. കേശവപിള്ളയുടെ പുത്രൻ, ശ്രീ. നാരായണപിള്ള ചോദിച്ചു. "അങ്ങു് ഈയിടക്കു കാളവണ്ടിയോടു കൂടുതൽ മമത കാണിക്കുന്നുവല്ലോ." തമ്പിഅവർകൾ പ്രതിവചിച്ചു:—"അതെ; എനിക്കു മിക്കപ്പോഴും അങ്ങിനെസാധിക്കാതെ വന്നിട്ടുണ്ടു്. ചുറവപാടും എന്താണെന്നു് നോക്കിയാൽ ഒരു കാളവണ്ടി തന്നെ എനിക്കു് സ്വാധീനപ്പെടുത്താൻ അവകാശ

മുണ്ടോയെന്നു സംശയമാണു്. മഞ്ഞും മഴയും വെയി ലുമേററു വഴിനടന്നു കുഴയുന്നതെത്രപേർ!"

പിന്നെ ഒരിക്കൽ തമ്പിഅവർകളോടു ഒരു പഞ്ചാബിസുഹൃത്തു് ചോദിച്ചു-:"നിങ്ങൾ ക്ഷേത്രത്തിൽ പോകാറില്ലേ?"

തമ്പിഅവർകൾ—:"ഇല്ലാ" എന്നെപ്പോലെയുള്ള എത്രയോ ഹിന്ദുക്കൾ ക്ഷേത്രത്തിൽ പോകാതിരിക്കുന്നു.! പക്ഷെ ഒരു വ്യത്യാസമേയുള്ളൂ. എനിക്കു പോകാം; അവർക്കു പാടില്ല. കാരണം ജാതി. അതു നീങ്ങി എന്നു ക്ഷേത്രപ്രവേശം കിട്ടുമോ അന്നു ഞാൻ ക്ഷേത്രത്തിൽ പോകും."

അനന്തരം ക്ഷേത്രപ്രവേശം അനുവദിച്ചതിൽ പിന്നീടു് ഹരിജനങ്ങളോടു് ഒത്താണു് അദ്ദേഹം ക്ഷേത്രത്തിൽ ആരാധനയ്ക്കായി പോയിട്ടുള്ളതു്. എന്നാൽ തമ്പിഅവർകൾ ക്ഷേത്രാരാധനയ്ക്കു വളരെക്കുറച്ചു ദിവസങ്ങളിലേ പോയിട്ടുള്ളൂ. ക്ഷേത്രപ്രവേശം അനുവദിക്കുന്നതിനു മുൻപിൽ തമ്പിഅവർകളുടെ ഒരു കുഞ്ഞിൻെറ ചോറൂണിനു് അമ്പലത്തിൽ പോകേണ്ടിവന്നിട്ടും അദ്ദേഹം ക്ഷേത്രവളപ്പിൽ ഇരുന്നതല്ലാതെ ഉള്ളിൽ കടക്കുകയുണ്ടായില്ല. "ഓരോ ആചാരവും ഓരോ പ്രവൃത്തിയും ഭൂരിപക്ഷത്തിൻേറയും ഗുണത്തിനായിരിക്കണം. അല്ലാതെ ആദർശങ്ങൾക്കു പ്രയോജനമില്ല" എന്നാണു് തമ്പിഅവർകളുടെ മതം.

പരദേശിയായ ഒരു ബ്രാഹ്മണസന്യാസി കടൽപ്പുറത്തിരുന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ 'ആദർശം

അത്രേ സർവ്വോപരിയായിട്ടുള്ളതു്" എന്നുസ്ഥാപിച്ചുകൊണ്ടു തമ്പിഅവർകളോടു വാദിക്കുവാൻ ആരംഭിച്ചു. അതൊരു സന്ധ്യാസമയത്തായിരുന്നു. സന്ധ്യതൊട്ടു് ഒരു നാലു മണിക്കൂർനേരം ആ സംവാദം നീണ്ടുനിന്നു. പ്രയോജനത്തെ പ്രമാണമാക്കിയിരിക്കുന്ന തമ്പിഅവർകൾ വേദാന്തത്തിൽ നിന്നുകൊണ്ടുതന്നെ സന്ന്യാസിയുടെ വാദത്തിൻെറ അസ്വീകാര്യതയെ തെളിയിച്ചുകൊടുത്തു. പ്രാണികൾക്കു പ്രയോജനമുണ്ടായില്ലെങ്കിൽ ആദർശം കൊണ്ടുപ്രയോജനം വല്ലതുമുണ്ടോ? പ്രയോജനംപ്രമാണം.

"ആദർശം അനുസരിച്ചു് യോഗാഭ്യാസം കൊണ്ടു് ബ്രഹ്മത്തിലേക്കുള്ള വഴിയൊരുക്കുന്നതല്ലേ നല്ലതു്?" എന്നു മി. പരമേശ്വരൻ തമ്പിയിൽ നിന്നും ഒരു ചോദ്യം ഉണ്ടായപ്പോൾ (൧൧൧൮-ൽ) അദ്ദേഹം പറഞ്ഞു:-"ഞാൻ ബ്രഹ്മമാണെന്നു് എനിക്കറിയാം. ഗതി ബ്രഹ്മത്തിലേക്കാണെന്നും ലയം ബ്രഹ്മത്തിലാണെന്നും എനിക്കറിയാം. യോഗാഭ്യാസം (യമദമാദികൾ) കൊണ്ടു് ഗതിക്കു ശീഘ്രതകൂട്ടണമെന്നു് എനിക്കു് ഉദ്ദേശ്യമില്ല. നദി ആഴിയിലേക്കു തന്നെയല്ലേ? മദ്ധ്യത്തിലുള്ള സാവധാനമായ ഗതികൊണ്ടു കിട്ടുന്ന ജീവിതാനന്ദം ഒട്ടു് അനുഭവിക്കട്ടെ. അതു് ഒരു ജീവിയും വേദനിക്കാതിരിക്കുകയെന്നുള്ളതാണു്."

ഒരിക്കൽ, തമ്പിഅവർകൾ, സ്വമിത്രമായ ഡിസ്ത്രിക്ട് രജിസ്ത്രാർ പത്മനാഭപിള്ളഅവർകൾ കൊല്ലത്തു താമസിക്കുമ്പോൾ അദ്ദേഹത്തെ കാണാൻ പോയിരുന്നു. അവിടെ ചെന്നുകയറിയപ്പോൾ രജിസ്ത്രാർ ഭാര്യയുടെ

രോഗപരിഹാരത്തിനു സ്വയം വിരചിച്ച ഒരു ശതകം ചൊല്ലുകയായിരുന്നു. (ഇദ്ദേഹം കവിതയ്ക്കു കരഞ്ഞുകൊണ്ടിരുന്നു എന്നു് ഒരു നേരംപോക്കുകേട്ടിട്ടുണ്ടു്.) ഗണപതിയെ സംബോധന ചെയ്തുകൊണ്ടു് നിർമ്മിച്ചിട്ടുള്ള ആ സ്തോത്രം കേട്ടുകൊണ്ടിരുന്ന തമ്പിഅവർകൾ അശ്രുധാര വാർത്തു. അവരുടെ ദുഃഖത്തിൽ ഹൃദയം നൊന്തുകരഞ്ഞു. അന്നു് തമ്പിഅവർകൾക്കു ഇരുപത്തേഴ വയസ്സുപ്രായമേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ അവിടെ കൂടെയുണ്ടായിരുന്ന സ്വാമി ബാലാനന്ദൻ, തമ്പി അവർകളുമായുണ്ടായ സംഭാഷണത്തെപ്പററി പറഞ്ഞതു് "അദ്ദേഹത്തിൻെറ പാണ്ഡിത്യം ഉറച്ച"തെന്നായിരുന്നു.

ആദർശോദ്ധാരണം.

ഉച്ചനീചത്വംകൊണ്ടാണു ലോകത്തിൽ പട്ടിണിക്കാരെന്നും, പാവങ്ങളെന്നും, പ്രഭുക്കന്മാരെന്നുംഉള്ള വ്യത്യാസം കാണുന്നതു്. എത്ര ഏറെയും പ്രഭുക്കന്മാരുണ്ടായിക്കൊള്ളട്ടെ; ലോകത്തുസുഭിക്ഷതയുണ്ടായിരുന്നാൽ മതി; എന്നാൽ അതു സാദ്ധ്യമല്ല.

ഏകനേറെച്ചിരിക്കേണമെങ്കിലോ
ഏങ്ങിഏങ്ങിക്കരയേണം നൂറുപേർ

അതാണല്ലോലോകസ്ഥിതി. എന്നാൽ എല്ലാവരുടെയും ജീവിതക്രമത്തിനു് ഐകരൂപ്യം ഉണ്ടായാൽ ഒരുവിധം വലിയ സംഘട്ടനങ്ങളൊന്നും കൂടാതെ, ലോകം ഇനിയും മുന്നോട്ടു പോകുന്നതാണു്. തമ്പി അവർകളിൽ ഉഗ്രമായി നിലനിന്നിരുന്ന വിചാരം ഇതുതന്നെയാണു്. ആയതിലേക്കു് അദ്ദേഹം പലമാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടിരുന്നു,

തിരുവനന്തപുരത്തു് പാൽക്കുളങ്ങരക്കരയിൽ നടപ്പാക്കുവാൻവേണ്ടി ഒരുഗ്രാമോദ്ധാരണപദ്ധതി നിർമ്മിക്കയുണ്ടായി. പ്രഥമമായി അതു് അവിടെ പ്രവൃദ്ധദശയിലെത്തിച്ചു് അതിൽ എന്തെങ്കിലും ദോഷഭാഗങ്ങൾ പ്രത്യക്ഷപ്പെടുന്നുവെങ്കിൽ, അതുപരിഷ്കരിച്ചു് കേരളത്തിലുള്ള എല്ലാക്കരകളിലും നടപ്പിൽ വരുത്തണമെന്നായിരുന്നു തമ്പി അവർകളുടെ മോഹം. ഇപ്പോഴും ആ പദ്ധതിയെ ആരും അനുഭവത്തിൽ കൊണ്ടുവന്നിട്ടില്ലായെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മുൻപറഞ്ഞ ഗ്രാമോദ്ധാരണരീതി സമത്വസിദ്ധാന്തത്തെ മുൻനിർത്തിക്കൊണ്ടുള്ളതാകുന്നു. എല്ലാവരുടെയും ഭവനനിർമ്മാണം മുതൽ വസ്ത്രധാരണംവരെ ഉള്ള ആവശ്യങ്ങൾ ഒരേ രീതിയിലായിരിക്കണമെന്നു് അതിൽ നിർവചിച്ചിട്ടുമുണ്ടു്.

ഗാഢമായി പര്യാലോചിച്ചതിനുശേഷമല്ലാതെ ഒന്നുമേ സിദ്ധാന്തത്തിൽ ഏർപ്പെടുത്തുന്നതു തമ്പി അവർകൾക്കിഷ്ടമായിരുന്നില്ല. "ദോഷം പാവങ്ങളെയാണു് എളുപ്പം ബാധിക്കുന്നതു്" എന്നു് അദ്ദേഹം ഭയപ്പെട്ടിരുന്നു. ശ്രീ. ഏ. ഗോപാലമേനോൻ, തുണ്ടത്തിൽ പി. വേലുപ്പിള്ള അവർകൾ എന്നീമഹാശയരുമായി തമ്പി അവർകൾ സാധാരണക്കാരുടെ ജീവിതരീതി പഠിക്കുന്നതിനായി അനേകം വീടുകൾ സന്ദർശിച്ചിട്ടുണ്ടു്. വിലയിൽ കുറഞ്ഞതും ഗുണത്തിൽ മെച്ചപ്പെട്ടതുമായ ഭക്ഷ്യപാനീയങ്ങൾ തെരഞ്ഞെടുക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തു പ്രസിദ്ധിയുള്ള ഡാക്ടർ കെ. രാമകൃഷ്ണപിള്ളയുമായി അദ്ദേഹം പര്യാലോചിക്കയും ഓരോന്നിനും അതതിന്റെ

വിദഗ്ദ്ധന്മാരോട്ടു ചർച്ച ചെയ്കയും ചെയ്തിട്ടുണ്ട്. ഗ്രാമോദ്ധാരണത്തിനു നമ്മുടെയെന്നു മാത്രമല്ല ഭാരതീയരുടെയെല്ലാം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ഒരവസരമാണിതു്. തമ്പിഅദ്ദേഹത്തിന്റെ പദ്ധതിയെപ്പററി അന്വേഷിച്ച് അതു നടപ്പിൽ വരുത്തുന്നു എങ്കിൽ നാം ഉത്കൃഷ്ടമായ ഒരു പന്ഥാവിലേക്കു കാലുകുത്തുകയായിരിക്കും ചെയ്യുന്നതു്. പട്ടിണിക്കാരുടെ പരാതിയേയും, പരിരക്ഷണത്തെയും ഓൎത്തു തീൎത്തതാണിതു്. ടോൾസ്റ്റായി, ബർണാഡ്ഷാ, ലെനിൻ എന്നിവരുടെ ആദർശങ്ങൾ കറകളഞ്ഞറിഞ്ഞു് അതുതന്നെ ആരാധിക്കപ്പെട്ടു. എന്നാൽ രൂക്ഷമായ നിർദ്ദേശങ്ങൾക്കൊന്നുമല്ല തമ്പിഅവർകളുടെ മേധ വിധേയമാകുന്നതു്. എന്റെ വായനക്കാരേ! സാമ്രാജ്യം സൃഷ്ടിക്കുവാനും, അല്ല, ഗ്രാമംപ്രതി, സ്ഥാപിതമായ സന്തുഷ്ടിയും ഐശ്വൎയ്യവും ജാതമാക്കി, രാഷ്ട്രത്തെ ആഹ്ളാദകരമാക്കി ചെയ്വാനും പ്രാപ്തിയുള്ള ഒരു മേധാവാനാണു് തമ്പിഅവർകളെന്നറിയുക. അദ്ദേഹം ഒരു കാരാഗൃഹവാസിയെപ്പോലെ അസ്വസ്ഥനായിരുന്നു. തമ്പിഅവർകളെപ്പററി പഠിക്കുവാനും അദ്ദേഹത്തിന്റെ ആദൎശങ്ങൾ മനസ്സിലാക്കുവാനും വായനക്കാൎക്കു് ഉത്സാഹം വർദ്ധിപ്പിക്കുന്ന തമ്പിഅവർകളുടെ "നളിനി"യെന്ന ചെറുകഥാപുസ്തകത്തിലെ കുറേഭാഗം ഇവിടെ ഉദ്ധരിക്കാം.

"ലോകത്തെ അവലോകനംചെയ്തു പഠിക്കുക. സ്നേഹിക്കുക. യഥാൎത്ഥമായി ജീവിക്കുക" ഈ സന്ദേശമാണു തമ്പി അവർകൾ നളിനി മുഖാന്തിരം ലോകത്തിനു പ്രദാനം ചെയ്യുന്ന സമ്പത്തു്.

നളിനി--(വിരസനോട്) "ജോലിയായിട്ടിരിക്ക എന്നുവ ച്ചാൽ എന്താണ്?"

വിരസൻ--"നാം പ്രവൎത്തിച്ചുകൊണ്ടുതന്നെയിരിക്കണം. അവരവരുടെ വാസനയ്ക്കനുരൂപമായി എല്ലാവൎക്കും ഓരോ തൊഴിൽ ഉണ്ടായിരിക്കതന്നെ ചെയ്യും. നീ ഇനിയും വളൎന്നു പ്രൌഢിയെ പ്രാപിക്കേണ്ടവളാണ്. പരിശ്രമം—അശ്രാന്തമായ പരിശ്രമം—മനസ്സിനും, ബുദ്ധിക്കും, ആത്മാവിനും ആയാസം നൽകുന്നതായ പരിശ്രമംകൊണ്ടല്ലാതെ അപ്രകാരം വളൎച്ചയുണ്ടാകുന്നതല്ല."

നളിനി--"ഇതാ ഈ പുഷ്പങ്ങൾ നോക്കണം. അവ വളരുന്നില്ലേ? എന്നാൽ വെറുംമടിപിടിച്ചാണല്ലോ അവ ജീവിതം നയിക്കുന്നതു്. ജീവിതം സുഖമായി വിശ്രമത്തിൽ കഴിച്ചുകൂട്ടാമെങ്കിൽ പിന്നെ, എന്തിനു വേല ചെയ്യുന്നു? സുഖംനേടാൻ പരിശ്രമം ഒരു വഴിമാത്രമേ ആകുന്നുള്ളു. ഈശ്വരൻ നല്ലവണ്ണം പ്രസാദിച്ചിട്ടുള്ളവർ എന്തിനു വൃഥാ ബുദ്ധിമുട്ടുന്നു?"

വിരസൻ--"എന്റെ കുഞ്ഞേ! നീ വെളിയിൽ സഞ്ചരിച്ച്, ലോകം ഇന്നതെന്നറിയണം. തോട്ടത്തിലെ പുഷ്പങ്ങളുമായി സഹവസിച്ച് അവയെപ്പോലെ അലസമായി ജീവിക്കുന്നവരോട്മാത്രമേ നീ പരിചയിച്ചിട്ടുള്ളൂ. നിന്റെ എണ്ണമില്ലാത്ത ഭൃത്യകളിൽവച്ച് ഏററവും താഴ്ന്നവൾപോലും നിന്നെപ്പോലെ അലസമായിട്ടുതന്നെ ജീവിതം നയിക്കുന്നു. നീയും, അമ്മയും, മുത്തശ്ശിയും ഭൃത്യവൎഗ്ഗങ്ങളും ഉത്സാഹമായി

KOTTAYAM PUBLIC LIBRARY KOTTAYAM. 36408

പുഷ്പലതകളായി വളൎന്നു വിലസുന്ന ഈ ഒരു തോട്ടം നിൻെറ എത്രയായിരം സഹോദരികൾ സങ്കടപ്പെട്ടതിൻെറ ഫലമാണെന്നു നിനക്കറിയാമോ? കഷ്ടം! നിനക്കു അതിനെപ്പററി യാതൊരു വിചാരവും ഇല്ല. അതാ, ആ കാണുന്ന സുവൎണ്ണവൎണ്ണമായ ചക്രവാളമാണു നിൻെറ ലോകത്തിൻെറ അതിരു്. അതിനപ്പുറവും ലോകമുണ്ടു്. അവിടെ നിൻെറ അസംഖ്യം സഹോദരങ്ങൾ ദിവസേനഎന്നല്ല, മണിക്കൂറുതോറും അനുഭവിച്ചുവരുന്ന അനീതി, അക്രമം, മനോവേദന, ദാരിദ്ര്യദുഃഖം ഇവയെ ഒന്നും നീഅറിയുന്നില്ല............ നിൻെറ അസംഖ്യം സോദരികൾ ഒരുരുളച്ചോറുപോലുംകിട്ടാതെ, രാവും പകലും ഒന്നുപോലെ കഷ്ടപ്പെടുമ്പോൾ, നിങ്ങൾമാത്രം മൃദുലങ്ങളും മനോഹരങ്ങളുമായ പുഷ്പങ്ങളാണെന്നുനടിച്ചു്, സദാസമയവും മടിപിടിച്ചു് കഴിച്ചുകൂട്ടുന്നതു് ഒരിക്കലും ശരിയല്ല. ഹാ! കരുണാനിധിയായ ദൈവമേ!...............നിങ്ങൾ പുഷ്പങ്ങളല്ല. ഉപയോഗമുള്ളവയും, ഫലപുഷ്ടിയുള്ളവയുമായ വൃക്ഷങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവിഷമുള്ള ഇത്തിൾച്ചെടികളാണു നിങ്ങൾ."

നളിനി—"ഈ വലിയലോകം നിങ്ങൾ പറഞ്ഞതുപോലെ ഭയങ്കരമാണോ? അങ്ങനെയല്ല ഞാൻ ധരിച്ചിരുന്നതു്."

വീരസൻ--"അതെ, വളരെനാളായി അതു എൻെറ ഒരു വലിയ ആശയാണു്. എന്നാൽ എനിക്കു് വേറെഒരു മാതിരിയാണു അറിവു കിട്ടിയിരുന്നതു്. ഈ ലോകം,

ഷാപ്പുകൾ, കൊട്ടാരങ്ങൾ, നാടകശാലകൾ, വിനോദശാലകൾ എന്നിവയാൽ നിറഞ്ഞതായിട്ടാണല്ലോ ഞാൻ കേട്ടിട്ടുള്ളതു്. 'കോമളൻ' എന്നോടപ്രകാരം പറഞ്ഞു. (കോമളൻനളിനിയുടെ കാമുകനാണു്. അവരുടെ വിവാഹം സമാഗതമാകുന്നു) ഞങ്ങൾക്ക ഈ വരുന്നമാസം വിവാഹം ഉണ്ടായിരിക്കുമെന്നു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ.''

വിര--"വിവാഹം! വിവാഹം! അതെന്തിനായിട്ടാണാവോ?''

നളി--"വിവാഹംകൊണ്ടു സ്ത്രീത്വംകിട്ടുന്നു."

വിര--"അതെ, തന്നെക്കാൾ ഭാഗ്യഹീനകളായ സോദരിമാരെ കുറച്ചുകൂടി കഷ്ടസ്ഥിതിയിലാക്കാൻ..........:... ...........ശക്തിലഭിക്കുന്നു.''

"ഈ മാതിരി വിവാഹംകൊണ്ടു് എന്താണു്സിദ്ധിക്കാതെ പോവുന്നതെന്നു നിനക്കറിയാമോ? ജീവിതം സാൎത്ഥമാക്കുന്നതിനു അപൂൎവ്വമായിമാത്രം സിദ്ധിക്കുന്ന ചില ദിവ്യാവസരങ്ങളെ അവൾ ഇല്ലാതാക്കുന്നു. .......................ഹാ! വിവാഹമോ! നീ വെറുതെ ഇഷ്ടപ്പെടുന്നതല്ലാതെ ഗാഢമായി സ്നേഹിക്കാത്ത ഒരു മനുഷ്യനായിട്ടു്, നീ തന്നത്താൻ ബലികഴിക്കുന്നതെന്തിനു്? ഹാ! ഈശ്വരാ! ആത്മഹത്യയെ അനുവദിക്കാത്ത ചട്ടങ്ങൾ, ഇതിനെ എന്തുകൊണ്ടു് തടയുന്നില്ല? കഷ്ടം! പ്രേമം എന്നതിനെപ്പററി നിനക്കെന്തറിയാം? മനുഷ്യവികാരങ്ങളിൽ ഉത്കൃഷ്ടമല്ലേ അതു്? അനുരാഗമെന്നൊരു വികാരമോ, തന്നിമിത്തമായ മനഃക്ലേശമോ, തങ്ങളുടെ സന്താനങ്ങൾ

അനുഭവിച്ച് വലയരുതെന്നു മാത്രം കരുതിയാണു, നിങ്ങളുടെ കൂട്ടർ വിവാഹം ചെയ്യിച്ചു പോരുന്നതു്. ആരോഗ്യത്തിനു ഏകഹേതുവായ ജഠരാഗ്നിയുടെ ഉണർച്ചയെ എപ്രകാരം അകാലവും അമിതവുമായ ഭക്ഷണംകൊണ്ടു് നശിപ്പിക്കുന്നുവോ, അതുപോലെ തന്നെ സ്വാത്മത്തെ ഭസ്മമാക്കാനുള്ള രാഗമാകുന്ന വഹ്നി നിങ്ങളുടെ ഹൃദയത്തിൽ ഉണരാതിരിക്കത്തക്ക വിധത്തിൽ അകാലവും അമിതവുമായ ഭോഗംകൊണ്ടു് നിങ്ങൾ അതിനെ കാലേകൂട്ടി നശിപ്പിക്കുന്നു. ...............ഒരു തൃഷ്ണ നിന്നെബാധിക്കുന്നു............ അതിനു വിവാഹമല്ല പ്രതിവിധി. നിന്റെ ഹൃദയം കൊതിക്കുന്നതു കാലോചിതമായ വികാസം........... ...........നിന്റെ ഹൃദയം വികസിക്കാൻ ഉന്മുഖമായിരിക്കുന്നു. ജിജ്ഞാസയോടുകൂടി തൃഷ്ണയോടുകൂടി, ലോകത്തെ ഗ്രഹിക്കാൻ അതു താല്പൎയ്യപ്പെടുന്നു. ലോകത്തെ ഗ്രഹിച്ചുകഴിയുമ്പോൾ സകല ജീവജാലങ്ങളിലും സാമബുദ്ധിയോടുകൂടി അതിരുകവിഞ്ഞ ദയ, സ്നേഹം, അനുകമ്പ മുതലായ വികാരങ്ങൾ പൊഴിച്ചുതുടങ്ങും. ഈ മഹത്തായ സ്നേഹശക്തി ഉള്ളിൽ തിങ്ങി പ്രസരിച്ചതിനു മേലല്ലാതെ ഒരു ഇണയോടുള്ള സ്നേഹം, അതായതു യഥാൎത്ഥമായ അനുരാഗം..... ....ഉണ്ടാകയില്ല.............................സ്വാൎത്ഥപരമായ ഒരു ഹൃദയത്തിൽ അനുരാഗം മുളയ്ക്കുന്നതല്ല."

[വിരസന്റെ ഭാരതീപ്രവാഹം നളിനിയുടെ കണ്ണു പ്രണാളിനിയിൽകൂടി അവളുടെ ഹൃദയസരസ്സിൽ

ചെന്നുവീണ കലങ്ങിത്തെളിഞ്ഞു് തുടങ്ങിയതിനു ശേഷം കാമുകനായ കോമളനുമായുള്ള സംഭാഷണം എങ്ങനെ മാറിപ്പോകുന്നുവെന്നു നോക്കുക ]

നളിനി--(കോമളനോട്ടു്)"ലോകത്തിൻെറ ഏതാനും അംശമെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ?"

കോമളൻ--"ഉണ്ടു്"

നളിനി--"എന്നാൽ രാപ്പകൽ അദ്ധ്വാനംചെയ്തു വിശപ്പിനു ആഹാരമാകട്ടെ, കിടന്നുറങ്ങാൻ സ്ഥലമാകട്ടെ ഇല്ലാതെ ഉഴലുന്ന അനേകായിരം ജനങ്ങളെപ്പററി നിങ്ങൾ എന്തെങ്കിലും അറിഞ്ഞിട്ടുണ്ടോ?"

കോമളൻ--"സാധുജന്തുക്കൾ! എന്നല്ലാതെ എന്തു പറയാം.ഗത്യന്തരമില്ല. ലോകസ്വഭാവമാണു്. ഇതെല്ലാം ഈശ്വരൻ നമുക്കായിട്ടുതന്നെ വരുത്തിയിരിക്കുന്നു. എന്നുവച്ചു തള്ളാനേയുള്ളു"

തൻെറ കിടാവിനെ അപഹരിച്ചു എന്നുകണ്ട വ്യാഘ്രിയെപ്പോലെ നളിനി--"നിങ്ങൾ പറയുന്നതു ശുദ്ധമേ അബദ്ധമാണു്. ഇതൊന്നുംതന്നെ ആരുടേയും നന്മയ്ക്കു കാരണമല്ല. നിങ്ങളുടെ നിസ്സാരമായ സുഖത്തിനു് ഉപയുക്തമായതു സകലർക്കും നന്മയ്ക്കാണെന്നു സ്വാൎത്ഥപരമായി, വിചാരശൂന്യമായി നിങ്ങൾ ശഠിക്കുന്നു. ഇത്ര വലിയഭവനം നിങ്ങൾക്കു സ്വന്തമാക്കാൻ യാതൊരു അധികാരവും ഇല്ല. ഇതുവെറും മോഷണമാണു്"

വിസ്മയപരവശനായ കോമളൻ—"മോഷണമോ! എൻെറ സ്വന്തം പണംകൊണ്ടാണു്."

നളിനി--"ഇത്രവലരെ പണംകിട്ടാൻ നിങ്ങൾ എന്തുജോലിയാണു ചെയ്യുന്നതു്."

കോമളൻ--"ജോലിചെയ്കയോ! ......................................
മാന്യമായ ഒരു സർദാർ കുടുംബത്തിൽ ജനിച്ച ഞാൻ.............................."

നളിനി പെട്ടെന്നു പൊട്ടിക്കരഞ്ഞുകൊണ്ടു് "ഹാ! ഇതു ലജ്ജാവഹമാണു്. നിങ്ങളുടെ സഹോദരന്മാരും സഹോദരികളും പട്ടിണികിടന്നു മരിക്കുമ്പോൾ നിങ്ങൾ ഉദാസീനനായി കണ്ടുകൊണ്ടിരിക്കുകയോ? നിങ്ങൾക്കങ്ങനെ ചെയ്വാൻ യാതൊരധികാരവും ഇല്ല. ഈശ്വരദത്തമായ ഭൂമിയുടേയും, ജീവിതത്തിൽ ആവശ്യമുള്ള നല്ല സാധനങ്ങളുടേയും, ഇത്ര വലിയ ഒരുപങ്കു് നിങ്ങൾക്കമാത്രമധീനമാക്കാൻ യാതൊരവകാശവും നിങ്ങൾക്കില്ല. ഹാ! നിങ്ങൾ എന്തു ക്രൂരന്മാരാണു്"

[അവസാനമായി വിരസൻ നളിനിയോടുപദേശിച്ചതിങ്ങനെയാണു് ] "ജീവിതം എന്താണെന്നു മനസ്സിലാക്കി അനുഭവംകൊണ്ടറിഞ്ഞു് യഥാൎത്ഥമായി ജീവിക്കുമ്പോൾ പ്രേമം നിന്നെ വഞ്ചിക്കുകയോ, എന്നന്നേക്കുമുള്ള സങ്കടത്തിനിടയാക്കുകയോ ചെയ്കയില്ല. പരിശുദ്ധമായ മനഃസാക്ഷി നിന്നോടുപദേശിക്കുന്നതെന്തെന്നു ചെവികൊടുത്തു കേൾക്കുക. അതനുസരിച്ചു് പ്രവൎത്തിക്കുക."

"മനുഷ്യജീവിതത്തെ അടിച്ചുറപ്പിച്ചു് ഇടുങ്ങിയ ഒരു പാതയാക്കിത്തീൎത്തിട്ടുണ്ടു്. അതിൻെറ ഭയങ്കരമായ

ഏകരൂപതയെ ഭഞ്ജിക്കുന്നതു അതിൽ തന്നെയുള്ള തടങ്ങളും കുണ്ടുകളും മാത്രമാണു്. ആദിയും അന്തവും കാണാതെ അവ ഉണ്ടോ എന്നുതന്നെ അന്വേഷിച്ചു് മുൻപിൽ നോക്കാതെ എത്ര ജീവികൾ വിധിഭാണ്ഡവും തലയിൽ വഹിച്ചു് വന്ധ്യങ്ങളായ നേത്രങ്ങളോടുകൂടി യാത്ര ചെയ്യുന്നു" മലയാളത്തിലുണ്ടായിട്ടുള്ള ചെറുകഥകളിൽ നളിനിയെപ്പോലെ വിഷയമാഹാത്മ്യമുള്ള കഥകൾ ചുരുക്കമാണു്. പത്തും ഇരുപതും സർഗ്ഗംകൊണ്ടോ അദ്ധ്യായങ്ങൾ കൊണ്ടോ സാധിക്കേണ്ട കാര്യം തമ്പിഅവർകൾ ചുരുങ്ങിയ വലിപ്പമുള്ള ഒരു പുസ്തകം കൊണ്ടു് സാധിക്കുകയാണു് പതിവു്.

"വിധി യന്ത്രത്തിരിപ്പു്" എന്ന ലഘുദൃശ്യ കാവ്യത്തിൽ തമ്പി അവർകൾ കലർത്തിയിട്ടുള്ള ചില ആശയങ്ങളിലേയ്ക്കുകൂടി നമുക്കു കടക്കാം. "ഔന്നത്യം സിദ്ധിച്ച ഒരാത്മാവിനു മററൊരാത്മാവിൽ ഭേദബുദ്ധിയുണ്ടോ?" എന്നു തമ്പി അവർകൾ ഒന്നാംരംഗത്തിൽ സ്വാത്മനിരൂപണം ചെയ്യുന്നു. ദൈവം പ്രമാണമെന്നോർത്തു നടത്തുന്ന വിവാഹവ്യവസ്ഥയെ ഭത്സിക്കുന്നു. "വിവാഹങ്ങൾ എത്രയോ യന്ത്രത്തിരിപ്പുകളുടെ ഫലമായി ഉണ്ടാക്കിപ്പോരുന്ന് ജീവപര്യന്തക്കാരുടെ പാദശൃംഖലകൾ. ഇവ സ്വർഗ്ഗത്തിൽ വിടന്നു വർഷിക്കുന്ന പുഷ്പങ്ങളാണു പോലും. ഈ പുഷ്പങ്ങൾ ആകാശപുഷ്പങ്ങളാകുമ്പോൾ ഭൂമി മനുഷ്യവാസോചിതവുമാകും."

"ഏതാനും ചിലർകൂടി ഓരോന്നു യഥേഷ്ടം സങ്കല്പിക്കുക, അതിനെ ലോകർ മര്യാദയെന്നു് കൊണ്ടാടുക"

എന്നു് പഴമയെ ആശ്ലേഷിച്ചുകൊണ്ടു് മാഗ്ഗരോധനം ചെയ്യുന്നവരെ തമ്പി അവർകഠം പഴിക്കുന്നു. ഉദാഹരണമായി "സ്ത്രീകഠം ചപലകളെന്നു ഘോഷിക്കയും അവരിൽനിന്നു പുരുഷന്മാരെ അതിശയിക്കുന്ന മനഃസ്ഥൈയ്യം ആവശ്യപ്പെടുകയും ചെയ്യുന്നതു ശരിയെന്നും സ്വാഭാവികമെന്നും അംഗീകരിക്കുന്ന മയ്യാദയ്ക്കു എത്ര വിലയുണ്ടു്."

സമുദായത്തിൻെറ ദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് തമ്പിഅവർകഠം എഴുതിയിട്ടുള്ള പ്രഹസനങ്ങഠംക്കു അതർഹിക്കുന്ന വിധമുള്ള പ്രചാരം ഇന്നും കിട്ടിയിട്ടില്ല. അതിനാൽ ഈ ഉദ്ധാരണങ്ങഠം വായനക്കാരെ അദ്ദേഹത്തിൻെറ പുസ്തകങ്ങളിലേയ്ക്കു ക്ഷണിക്കുവാൻ കൂടുതൽ സഹായമായിത്തീരുമെന്നാണു് ഗ്രന്ഥകാരൻെറ പ്രതീക്ഷ. അതിമനോഹരമായ "പ്രകൃതിപാഠകഥകഠം" എന്ന ചെറു പുസ്തകത്തിൽനിന്നുപോലും നമ്മുടെ കഥാനായകൻെറ ആശയഗതി മനസ്സിലാക്കാനുണ്ടു്. "സൂര്യൻ ഉദിച്ചു കഴിഞ്ഞാൽ അസ്തമിക്കുന്നതുവരെ അവൻ വേല ചെയ്യണം. അതിൻെറ ഫലം അനുഭവിക്കുന്നവർ മററുള്ളവരും". "എല്ലാവരും സമന്മാരായിരുന്നു സുഖമായിക്കഴിച്ചുകൂട്ടിയാൽ കൊള്ളാമെന്നേ എനിക്കുള്ളൂ."

ഇമ്മാതിരി ചിന്തകഠം അദ്ദേഹത്തിൻെറ വാക്കിലും പ്രവത്തിയിലും പ്രസ്പഷ്ടമായിരുന്നാണാം. "ആ തലക്കെട്ടും എളിയരീതിയിലുള്ള വസ്ത്രധാരണവും മുഖഭാവവും ദശിക്കുന്ന മാത്രയിൽതന്നെ യാതൊന്നും—പാവങ്ങളുടെ നന്മയ്ക്കായുള്ളതല്ലാത്ത യാതൊന്നും—അംഗീകരിക്കുന്നവനല്ല

യെന്നു ബോദ്ധ്യപ്പെട്ടും." ഇങ്ങനെയാണു് മി. ഏ. എൻ. തമ്പി പറഞ്ഞതു്.

പാവപ്പെട്ടവരെ എങ്ങനെ അദ്ദേഹം ബഹുമാനിച്ചിരുന്നു, എന്നു ചുവട്ടിൽ കൊടുക്കുന്ന ഒന്നുരണ്ടു സംഗതികൾകൊണ്ടു വായനക്കാർക്കു മനസ്സിലാക്കാം.

ഒരു ദിവസം തമ്പി അവർകളുടെ പുത്രൻ മി. ശങ്കരൻതമ്പി ഒരു ഭൃത്യനെ "എടാ" എന്നു് ആഹ്വാനം ചെയ്തു. കേട്ടുകൊണ്ടിരുന്ന തമ്പി അവർകൾ ക്രുദ്ധനായി മകനെ അരികിൽ വിളിച്ചു്--"നിന്നെ അവൻ തിരിച്ചും വിളിച്ചെങ്കിലോ? അവനും നിനക്കുമായുള്ള ഉച്ചനീചത്വം എന്തു്? യജമാനനും ഭൃത്യനും എന്ന രീതി ദൂരത്തെറിഞ്ഞേക്കുക."

സംസ്കൃത മഹാപാഠശാലയിലെ അദ്ധ്യക്ഷനായി വളരെക്കൊല്ലം ഉദ്യോഗം വഹിച്ചിരുന്ന തമ്പി അവർകൾ ഒരു ദിവസമെങ്കിലും ഭൃത്യന്മാരെക്കൊണ്ടു് പങ്കാ വലിക്കാൻ അനുമതി കൊടുത്തിരുന്നില്ലായെന്നു പ്രസിദ്ധമാണു്. അധികമായ വെയിലു വ്യാപിച്ചു് വെന്തുരുകിക്കൊണ്ടിരുന്നാലും സ്വന്തം കൈലേസെടുത്തു വിയർപ്പും തുടച്ചു് വീശിവീശി, അങ്ങിനെയിരുന്നുകൊള്ളും. ഇതുകണ്ടു് അദ്ദേഹത്തിൻെറ പ്രതിപക്ഷികൾ പോലും തമ്പി അവർകളുടെ മഹാമനസ്കതയെ വളരെ വളരെ വാഴ്ത്തുകയുണ്ടായിട്ടുണ്ടു്.

രാജസ്യാലനായ തമ്പി അവർകൾ നിരാഡംബരനായി സാധാരണ രീതിയിലുള്ള വസ്ത്രവും ഉടുപ്പും തലക്കെട്ടുമായി നിങ്ങളുടെ മുൻപിൽ നടന്നിരുന്ന അതെ

'കൃഷ്ണൻതമ്പി' പീഡിത സഹസ്രങ്ങൾക്കു ഇതുപോലെ മറെറാരു അഭയസ്ഥാനമുണ്ടോ? എത്ര പാവങ്ങളാണ്, എത്ര സാധുവിദ്യാൎത്ഥികളാണ്, എത്ര അശരണരാണ്, ആശീതളച്ഛായയിൽ ആശയും ജീവനും നട്ടുവളൎത്തിയിരുന്നതു്? തനിക്കുള്ള വരവ് പാവങ്ങൾക്കായി വീതിച്ചുകൊടുക്കുകയല്ലേ അദ്ദേഹം ചെയ്തതു്. കൂടെക്കൂടെ മുറുക്കാൻ ചവച്ചും, പാറ്റിയും, തലക്കെട്ടിൽ തഴുകിയും, നിങ്ങളുടെ മുൻപിൽ നിന്നിരുന്ന ആത്മബന്ധുവിനെ, വിപ്ലവപ്രവാചകനെ, സ്വാതന്ത്ര്യമൂൎത്തിയെ, കലാ കോമളനെ, കണ്ടിട്ടുള്ള കണ്ണുകൾ സാഫല്യം അടഞ്ഞവയും കേട്ടിട്ടുള്ള ചെവികൾ ശ്രവണസുഖം ആസ്വദിച്ചവയും ആണെന്നുള്ളതിനു സംശയമില്ല.

## താടക ഭയങ്കരിയല്ല.

'കല' വിഭവസമൃദ്ധമായ ജീവിതത്തിൻെറ പ്രതിദ്ധ്വനി മാത്രമല്ല. അരിഷ്ടതയും ധാരാളത്വവും വൎണ്ണിക്കുന്നിടത്തു നാം ഒന്നുപോലെ വികാരങ്ങൾക്കടിമപ്പെടുക. എങ്കിലും അരിഷ്ടതയിലെന്നോണം ധാരാളിമയിൽ ആൎക്കും മനസ്സ് അലിഞ്ഞു ചേരുന്നില്ല. ശുദ്ധവും മുഗ്ദ്ധവുമായ 'കല' ഉത്ക്കൎഷത്തിൻേറയും ഉന്മേഷത്തിൻെറയും ഉറവാണ്. അത്ഭുതംപറഞ്ഞു നല്ലതിലേയ്ക്കും, നല്ലതു പറഞ്ഞു അത്ഭുതത്തിലേയ്ക്കുമുള്ള ഏക ലക്ഷ്യപ്രയാണമാണ് പൂൎവ്വികർ പാത്രങ്ങളെക്കൊണ്ടു് കാവ്യങ്ങളിൽ സാധിപ്പിച്ചിട്ടുള്ളതു്. ലോകത്തെ സംവീക്ഷണം ചെയ്തുകൊണ്ടു് ചതുരതയോടു, ഏതൊന്നിനെയാണോ ചിത്രീക

രിക്കുന്നതു അതാണു് 'കല'. കലയുടെ ജീവൻ കഥയിലെന്നോണം കഥനചാതുര്യത്തിലും കൂടെയാണു് സ്ഥിതിചെയ്യുന്നതു്. ഗുണകാംക്ഷികളായ ജനതയുടെ ബാഹ്യവും ആഭ്യന്തരവുമായ ക്ഷേമത്തിലാണു് കലയുടെ നിലനില്പ്പ്. ഭാവനാസമ്പന്നൻെറ പകപഹൃദയമാണു് കലാസംസൃഷ്ടിയിലെ ചൈതന്യം. അവരുടെ ഗതിയെ അവലംബിച്ചു്, കലയുടെ പാരമ്പര്യം സംരക്ഷിക്കപ്പെടുന്നു. പരിവർത്തനം അതിനു ഉദ്ദീപനം നൾകിക്കൊണ്ടിരിക്കുന്നു പ്രണയമസൃണമായി, ലോകം സഹജാതമായിക്കരുതി പാർശ്വവീക്ഷണം ചെയ്യുന്ന കലാകാരന്മാർക്കു അവർ കാണുന്നതിനെ കണ്ടതുപോലെയല്ലാതെ മറെറാരു വിധത്തിൽ പറവാനൊക്കുകയില്ല. എന്നു വരുമ്പോഴാണു് പരിവർത്തനം ആവശ്യമായി വരുന്നതു്.

നിൽക്കുന്നിടത്തു നിൽക്കാൻ എടം ഇല്ലാതാകുമ്പോൾ പുതുതായ സ്ഥലം അന്വേഷിക്കേണ്ടിവരുന്നതു സർവ്വസാധാരണമാണു്. പരിവർത്തനത്തോടുകൂടി അല്ലെങ്കിൽ നവ്യമായ പുതുമയോടു്, ഒന്നിനെ ചിത്രണം ചെയ്യുന്നിടത്തു വർണ്ണവ്യവസ്ഥവിലുണ്ടായിരുന്ന യുക്തിഹീനതയെ ത്യജിക്കേണ്ടിവരുന്നു. അത്തരമൊരു പരിവർത്തനം തമ്പിഅവർകളുടെ മുഖ്യകൃതിയായ താടകാവധത്തിൽ കാണാനുണ്ടു്. കേരളഭാഷയ്ക്കു് അതൊരു സംഭാവനയാണു്. നിദർശനമായ പുരാണവസ്തുവിൽ സ്വീകാര്യമായ ഒരൊററ ലിപിപോലും മറിച്ചിടുന്നതിനു് അദ്ദേഹം മുതിരുന്നില്ല.

രാമായണത്തിൽ ഭയങ്കരിയായി വർണ്ണിക്കപ്പെടുന്ന താടകയെ അനുഗൃഹീതകലാകാരനായ തമ്പിഅവർകളുടെ

തൂലികകൊണ്ടു തൊട്ടപ്പോൾ ഉണ്ടാകുന്ന മാററം കേരളീയ സഹൃദയന്മാർ വഴിയാംവണ്ണം ആസ്വദിച്ചു് കഴിഞ്ഞിരിക്കുമെങ്കിലും ഈ ജീവിതചരിത്രത്തിൽ "താടകാവധ"ത്തെപ്പററി ഒന്നും തന്നെ പറയാതിരിക്കുന്നതു ശരിയല്ലല്ലോ.

"താടകാവധം ആട്ടക്കഥയിൽ ശരിയായ ചരിത്രജ്ഞാനം ഹൃദ്യമായും സാഹിത്യമയമായും പ്രകാശിപ്പിച്ചിട്ടുണ്ടു്.........ഒരാട്ടക്കഥ ഇപ്രകാരമുള്ള ചരിത്രതത്വത്തെ ഇത്ര വിശദമായി കാണിക്കുന്നുവെന്നറിയുക അത്ഭുതാവഹമായി തോന്നിയേയ്ക്കാം...............ചരിത്രത്തിന്മേലാണു് ആദ്യന്തം ഹൃദ്യമായ ഒരു കാവ്യം തീർത്തിരിക്കുന്നതു്...............മഹിളാരത്നത്തെ വധിക്കേണ്ടി വരുന്ന ദുര്യോഗം ആണു് ഈ കഥയ്ക്കു സംപുഷ്ടി നൽകുന്ന സ്ഥിതിവിശേഷം" മി. ഈ വി. താടകാവധത്തെ പുകഴ്ത്തിപ്പറഞ്ഞിട്ടുള്ള ലേഖനത്തിൽനിന്നും എടുത്തിട്ടുള്ള വരികളാണു് മുകളിൽ കാണുന്നതു്.

അദ്ധ്യാത്മരാമായണത്തിൽ കവി കുലഗുരു താടകാവധത്തെ ഇപ്രകാരം വർണ്ണിക്കുന്നു. (താടകയെ വിശ്വാമിത്രൻ ശ്രീരാമനു പരിചയപ്പെടുത്തുകയാണു്).

"കാടിതുകണ്ടായോനീ കാമരൂപിണിയായ
താടകാഭയങ്കരി വാണീടും ദേശമല്ലോ.
അവളെപ്പേടിച്ചാരും നേർവഴിനടപ്പീല
ഭുവനവാസീജനം ഭുവനേശ്വരാ! പോററീ
കൊല്ലണമിവളെനീ വല്ലജാതിയുമതി

നില്ലൊരു ദോഷമെന്നു മാമുനി പറഞ്ഞപ്പോൾ
മെല്ലവേയൊന്നു ചെറുഞാണൊലി ചെയ്തുരാമ-
നെല്ലാലോകവുമൊന്നു വിറച്ചിതതുനേരം
ചെറുഞാണൊലികേട്ടു കോപിച്ചു നിശാചരി
പെരികവേഗത്തോടുമടുത്തു ഭക്ഷിപ്പാനായ്
അന്നേരമൊരുശരമയച്ചു രാഘവനും
ചെന്നുതാടകമാറിൽ കൊണ്ടിതു രാമബാണം
പാരതിൽ മലചിറകററു വീണതുപോലെ
ഘോരരൂപിണിയായതാടകവീണാളല്ലോ''.

താടകയെക്കൊല്ലുന്നതിനു കാരണമായിപ്പറയുന്നതു "അവളെപ്പേടിച്ചാരും നേർവഴി നടപ്പീല" എന്നൊന്നു മാത്രമാണു്. പാരതന്ത്ര്യത്തിനിടകൊടുക്കാതെ, സ്വായത്തമായ സ്വാതന്ത്ര്യവും പരിപാലിച്ചു വാണരുളുന്ന ഒരു ദ്രാവിഡരാജ്ഞിയാണു താടക. സ്വാത്മമായ ഗോനിധനാദിയജ്ഞത്തിനും പൌരുഷവിഹീനമായ ഇതരകർമ്മങ്ങൾക്കും കോപ്പിടുന്നവരെ അതിർത്തികളിൽ കടത്തിവിടുവാൻ താടക ഇഷ്ടപ്പെടുന്നില്ല. അവക്കതു തൃപ്തികരവുമല്ല. ബ്രാഹ്മണമതത്തിൻേറയും ദ്രാവിഡസംസ്കാരത്തിൻേറയും സംഘട്ടനമാണല്ലോ ഈ കഥകളുടെയെല്ലാം ആധാരം. ഈ സംഘട്ടനം ശ്രീകൃഷ്ണൻെറ കാലംവരെ വർദ്ധമാനമായിത്തന്നെയിരിക്കുന്നു. ശാപം അടിസ്ഥാനപ്പെടുത്തി പല സൽപാത്രങ്ങളേയും തേജോവധം ചെയ്യുന്നതിനും പുരാതനക്ക് മടിയില്ല. താടകാവധത്തിൻേറയും അതുപോലുള്ള മററു കഥകളുടേയും സൂക്ഷ്മം വെളിപ്പെടുത്തി പ്രബുദ്ധമായ ഒരു പന്ഥാവു് തെളിയിപ്പാനാണു്,

തമ്പിഅവർകൾ ഒരുമ്പെടുന്നതു്. അജ്ഞതയേയും, ദൌർബല്യത്തേയും കഴിച്ചിട്ടുന്നു; ശവസംസ്കാരം കൂടി ചെയ്യുന്നു. സത്യമാകുന്ന രാജ്യത്തു്, ആത്മാൎത്ഥതയാകുന്ന കുളിർനിലത്തു്, എല്ലാവരും സമന്മാരെന്നുള്ള ഭാവനയോടു കൂടി വൎത്തിക്കുകയാണു തമ്പി അവർകളുടെ നാട്ടിലെ നടപ്പു്. അദ്ദേഹം പുതുതായ ശരീരംകൂടി സൃഷ്ടിച്ചാണു താടകയെ അവതരിപ്പിക്കുന്നതു്. തമ്പി അവർകളുടെ താടക—

"ശതക്രതുപരാക്രമാൻ സുരവധൂവപുർമാധുരീ
സമംസമഭിഭാവിനീം, സകലയാതുധാനേശ്വരീം"

ആ താടക നാട്ടുവാഴുന്ന കാലത്തു്—

"ആൎയ്യാവൎത്തമെന്നുണ്ടുപോൽ ദേശമൈശ്വൎയ്യ
ധുൎയ്യം വിശ്രുതമതുപോൽ
ആൎയ്യവംശർതത്രവാഴ്‌വൂ-ഭൂരികല്യാണാകൃതികൾ
വേദ്യസൎവ്വസ്വവേദികൾ-വീൎയ്യശൗൎയ്യവാരാശികൾ,
തുച്ഛംദാനവബലമെന്നുകരുതിനിൻകാട്ടകൾ-
സ്വച്ഛന്ദമവർപൂകുന്നു.
തരുണീസുരാദികാമ്യം-ഹരിചന്ദനാതിരമ്യം
സുരപദം പൂണ്മാനിന്നു-പുരുയത്നമവർചെയ്‌വൂ.
ഗ്രന്ഥമന്ത്രങ്ങൾ ഓതുന്നു-ഇന്ദ്രാദികൾക്കവർ-
ഗോമാംസഹവിസ്സേകുന്നു
വഹ്നിയാഹവിസ്സു ദേവസന്നിധി ചേൎത്തിടുന്നുപോൽ
നന്ദിതരവർ നരക്കു-നാകവാതിൽതിറപ്പൂപോൽ."

ആൎയ്യന്മാർ ഗോമാംസഹവിസ്സുകൊണ്ടു് സ്വൎഗ്ഗം കിട്ടാൻ പണിയുന്നു. ദാനവബലം തുച്ഛമെന്നു കരുതി

താടകയുടെ അതിൎത്തിക്കുള്ളിൽ കടന്നു കൊള്ളചെയ്യാനും അവർ മടിക്കുന്നില്ല. ഈ വിവരം ദൂതനിൽനിന്നും മനസ്സിലാക്കിയ താടക—

"ചത്തപെശുവിൻ വാൽപിടിച്ചുകരേറുമ-
വർപോൽ സ്വൎഗ്ഗമധുനാ." എന്നലറിക്കൊണ്ടു്
"ഗോനിധനാദിതന്ത്രങ്ങൾ-ഗ്രന്ഥതരദുൎമ്മന്ത്രങ്ങൾ
മന്നവംശരനുഷ്ഠിപ്പൂ-ദനുജാരിപ്രിയാൎത്ഥികൾ
കടുകൃത്യം തുടൎന്നോർതൻ-കടുനിണം കുടിക്കാതെ
കടുകോളം കെടുകില്ലെൻ-കടുകോപമിതുസത്യം
....... ....................................................
പോക്കളം താവളമാവൂ-ആഹവംതാൻ വ്രതമാവൂ
മുഷ്ക്കെഴും മാനവന്മാരെ-മുടിപ്പോളമിതുസത്യം."

ഇതിനെയാണു കുററമായിട്ടു താടകയുടെമേൽ ആൎയ്യന്മാർ ചുമത്തുന്നതു്. നിരപരാധികളെ താടക ഉപദ്രവിക്കുന്നില്ല. അവൾ ആരോടെങ്കിലും നേരിടുന്നുവെങ്കിൽ അതു ധർമ്മയുദ്ധത്തിലുമാണു്. താടകയുടെ ഖ്യാതി, ആൎയ്യപുരോഹിതൎക്കു് സഹ്യമല്ല; സമ്മതമല്ല. അതാണു താടകയെ കൊല്ലുന്നതിനു രാമനേയും കൂട്ടിക്കൊണ്ടു് വിശ്വാമിത്രൻ തിരിക്കുന്നതു്. കൊലയ്ക്കു രാമൻ ഒരായുധം മാത്രമേ ആകുന്നുള്ളു. രാജാവാണു തപോധനന്മാരെ രക്ഷിക്കേണ്ടതെന്നു നിയമം ഉണ്ടു്. താടകാവധത്തിൽ അതു് എത്രകണ്ടു സാധുവാകുന്നു? കൊല്ലുന്നതിനു വന്നിരിക്കുന്ന രാമനെക്കണ്ടിട്ടു മററാൎക്കും ഉല്ലേഖം ചെയ്യാൻ വയ്യാത്ത തരത്തിൽ തമ്പി അവർകളുടെ താടകയുടെ സഹജസരളമായ ആശയഗതി ഇങ്ങനെയാണു്,

"കമനീയാംഗനിതാരോ
കവരുന്നു കണ്ണിണ
കാനനനീലിമയിൽ-പൂനിലാവൊളിപൂശി
നീരദനികരനി-ലീനനവോദിത
പൂർണ്ണസോമ-സാർവ്വഭൌമ
സദൃശാതിശോഭിതനു-കമനീ
കാകപക്ഷസുന്ദരം-ബിംബാധരമധുരം
ഗണ്ഡമുകുരോജ്ജ്വലം-മന്ദസ്മേരവദനം
കോദണ്ഡശ്രീമഞ്ജുളം-സിംഹസംഹതഗാത്രം
രൂപംനിരുപമം-ദുരാപമിതവനിയിൽ
പണ്ടുകണ്ടു-മില്ലതെല്ലു-മിവനോട്ടുതുല്യരുചി
മദിതമെന്മാനസ-മതംഗജമതിലേററി (കമനീ)
മദനമഹാവിജയ-മഹമഹിമകൊണ്ടാടി
മരുവുകിലൊരുകുറി-മമനനു ജീവിത
മഖിലമിന്നു സഫലമെന്നു
കരുതുന്നു ഞാൻ സപദി." (കമനീ)

രാമകുമാരനിൽ മുങ്ങിമുഴുകി മദനക്ലിഷ്ടയായ താടക പറയുന്നു:—

"മനക്കാമ്പിന്നമൃതിവൻ"-"മതിക്കോവൻ കാളകൂടം
മതിയേരാജ്ഞിക്കുവേണ്ടു-മനമേ നീ തകന്നാലും."

എന്നിങ്ങനെ രാജ്ഞി രാജകീയാഭിമാനത്തോടുകൂടി സമാധാനിക്കുമ്പോൾ, ശ്രീരാമൻ:

"മറിമാൻമിഴിയാരിതുവന്ന-
മണഞ്ഞതുമുടനൊളിഞ്ഞതുംബത-മറിമായ"

ഇങ്ങനെ വിസ്മയാനന്ദിതനാകുന്നു.

മാരപ്രേരിതയും പുളകോദ്ഗമയുമായ താടക വനദേവതാച്ഛലത്തിൽ രാമാന്തികമെത്തി:-

"സ്ത്രീവധവും ചെയ്യുമാറു വൈരമെന്തുഹന്ത."

ഇങ്ങനെ ചോദിക്കുന്നു. അതുകേട്ടു രാമൻ വിഷണ്ണനായി നിൽക്കുമ്പോൾ വിശ്വാമിത്രൻ ഉപദേശങ്ങളെക്കൊണ്ടു വിഷാദാത്മകത്വം നീക്കി രാമനെക്കൊണ്ടു് ഒരു വിധം താടകാവധം നടത്തിക്കുന്നു. മരണവേദനയിൽ പിടച്ചുരുണ്ടുകൊണ്ടു താടക കേഴുന്നതിങ്ങനെയാണു്.

"രാമ! ഞാനപരാധം കിന്തുചെയ്തേൻ
സൗമ്യഗുണവസതേ-സാരസനേത്ര-രാമ
നിൻകണകൾ മെയ്പിളന്നും-നിൻകനിവതകന്നും
പങ്കജാക്ഷകഥമിന്നു-സങ്കടം ഞാൻ സഹിക്കുന്നു.
പാർവ്വണവിധുവദനം-താവകം ഞാൻ കാണ്മോളവും (രാമ)
പ്രാണനെന്നെവെടിയുമോ-പ്രാണവേദനയും പോമോ."

പശ്ചാത്താപത്തോടുകൂടി ശ്രീരാമൻ:-

"കാളിമമൂർത്തിയായ്-ക്രൂരസ്വരൂപിണി
താടകയെന്നു കേട്ടേൻ-കണ്ടീലഞാനെങ്കിലും
സൗന്ദര്യത്തിനൊരണി-മന്ദിരമായൊരു നീ
ഇന്നത്താടകയെന്നാൽ എങ്ങനെഞാൻ ബോധിക്കേണ്ടൂ?"

ഉടൻ താടക ശ്രീരാമനു് ഉത്തരം കൊടുക്കുന്നു:

"കാളിമമൂർത്തമായ്-കണ്ടതങ്ങവക്കുള്ളിൽ
കാളുന്ന കാളകൂടം-താടക ഞാൻതാനല്ലോ."

ഇതുകേട്ടു രാമനു് അതീതജന്മങ്ങളിലെ സ്മരണകളേയും ഉണർത്തിക്കൊണ്ടുള്ള ഒരു ആത്മപരിശോധന നട

ത്താൻ വഴിയുണ്ടാക്കി വയ്ക്കുന്നതു് എത്ര കേമമായി. താടകയെ "സൗന്ദൎയ്യത്തിനൊരണിമന്ദിരമാക്കി" ചിത്രണം ചെയ്ത തമ്പിഅവർകൾ ഭാഷാസാഹിത്യത്തിൽ തെളിയിക്കുന്ന ഭാസുരമായ മാൎഗ്ഗത്തിൽകൂടി അനേകംപേർ സഞ്ചരിച്ചു്, ഭാഷയ്ക്കു കലാവിഷയകമായി, താടകാവധം ആട്ടക്കഥയെപ്പോലെ അനേകം നേട്ടങ്ങൾ ഉണ്ടായിക്കാണട്ടെ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# അദ്ധ്യായം ൫.

## കുടുംബം.

തിരുവിതാംകൂർ രാജ്യം പടവെട്ടിപ്പിടിച്ചു് രൂപപ്പെടുത്തിയതിന്ന ശേഷം രാജ്യലക്ഷ്മിക്കും രാജപ്രജകൾക്കും യാതൊരുവിധമായ ഈതിബാധയും ഉണ്ടാകരുതെന്നു കരുതി ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു 'ഭദ്രദീപ'പൂജ നിശ്ചയിച്ചു. ആണ്ടിൽ രണ്ടുവീതം ആറു് കൊല്ലംകൊണ്ടു ഭദ്രദീപോത്സവത്തിന്റെ ചടങ്ങുകൾ 'മുറജപം' എന്ന മഹോത്സവത്തോടുകൂടി പൊലിയുകയും വീണ്ടും ഭദ്രദീപം തുടങ്ങി മുറജപത്തിലവസാനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിൽ ഇത്ര ഗംഭീരമായ ചെലവും ചടങ്ങുമുള്ള ഒരുത്സവം മറ്റെങ്ങുമില്ല. ഭദ്രദീപപൂജ നിശ്ചയിച്ചപ്പോൾ ഈ പവിത്രകർമ്മത്തിന്ന നിവേദ്യം വയ്ക്കുവാൻ പ്രതിദിനം അരിയളപ്പിക്കുന്നതിന്ന കുലാചാരങ്ങൾക്കു ഭ്രംശം ഒരുകാലത്തും വന്നിട്ടില്ലാത്ത ഒരു കുടുംബത്തിലെ സ്ത്രീകളുടെ ആവശ്യം നേരിട്ടു. (ഇരുപത്തൊന്നു തലമുറകളായി കുടുംബത്തിന്റെ സൽപേരിന്നു് ഇടിവു വന്നിട്ടില്ലാത്തവരായിരിക്കണം, എന്നാണു് ഇതിനെപ്പറ്റിയുള്ള ഐതിഹ്യം) അപ്രകാരം, തിരുവനന്തപുരത്തു് പാൽക്കുളങ്ങരക്കരയിൽ കയ്പള്ളിക്കുടുംബത്തിലെ ഒരു കുലസ്ത്രീയെ തെരഞ്ഞെടുക്കുകയും, കല്പിച്ചു് അവരെ നിയമിക്കുകയും ചെയ്തു. തിരുമനസ്സിൽനിന്നും, "ദുർഗ്ഗ" എന്ന മാറാപ്പേരും ഈ സ്ത്രീയുടെ സേവ

നത്തിലുള്ള സന്തോഷം നിമിത്തം ഇവക്കു ലബ്ധമായി. പിന്നീട്ടു് പാരമ്പര്യമായി, കയ്യള്ളിയിലെ സ്ത്രീകൾക്കു തന്നെ ഈ സേവനത്തിനു് അവസരവും ലഭിച്ചു. ശ്രീ വീരമാത്താണ്ഡവർമ്മ മഹാരാജാവിനാൽ മാനിക്കപ്പെട്ട ഒരു പുരാതനകുടുംബമാണു് കയ്യള്ളിത്തറവാട്ടു്.

പാൽക്കുളങ്ങര ഭഗവതി ക്ഷേത്രത്തിൻെറ പടിഞ്ഞാറുവശത്തുകൂടി ഒരു രാജപാത 'ചാക്ക'യിലേയ്ക്കു പോകുന്നുണ്ടു്. ആ രാജപാത വഴി അല്പം വടക്കോട്ടു പോകുമ്പോൾ പടിഞ്ഞാറു് ഒരു ചെറുപാത കാണാം. അതു കയ്യള്ളിയിലേക്കു പോകുന്ന മാർഗ്ഗമാണു്. ഇന്നത്തെ കയ്യള്ളി അമ്മവീട്ടിൻെറ സ്ഥാനത്താണു് പണ്ടത്തെ കയ്യള്ളിത്തറവാടു സ്ഥിതി ചെയ്തിരുന്നതു്. പൂർവമഹിമയുള്ള ഈ തറവാട്ടിൽ ലക്ഷ്മിക്കുട്ടിഅമ്മ എന്നൊരു സ്ത്രീ ജനിച്ചു. ലക്ഷ്മിക്കുട്ടി അമ്മയ്ക്കു് ഒരു മൂത്ത സഹോദരനും ഒരു ഇളയ സഹോദരിയും ഉണ്ടായിരുന്നു. ഈ മഹിളയ്ക്കു സംഗീതത്തിൽ അനിതരവനിതാസാധാരണമായ വ്യുത്പത്തിയുണ്ടായിരുന്നു. കൊച്ചിയിൽ, ഇരിങ്ങാലക്കുട നടവരമ്പത്തു കൃഷ്ണൻനായർ എന്നൊരു മാന്യൻ ലക്ഷ്മിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. കൃഷ്ണൻനായരെ കൃഷ്ണപിള്ള എന്നാണു പിന്നീടറിഞ്ഞിരുന്നതു്. വടക്കുനിന്നും തെക്കോട്ടുവന്നിട്ടുള്ള ചില നായന്മാർ 'പിള്ള'സ്ഥാനം സ്വീകരിച്ചിരുന്നതായിക്കാണുന്നുണ്ടു്. ആയില്യം തിരുമനസ്സിലെ പത്നി ഇരിങ്ങാലക്കുടനിന്നുമായിരുന്നു. രാജപത്നി നാഗർകോവിലമ്മവീട്ടിൽ താമസമാക്കിയപ്പോൾ കൃഷ്ണപി

ള്ളയെ അമ്മവീട്ടിലെ വിചാരിപ്പുകാരനാക്കി. ഈശ്വരഭക്തനും ശാന്തശീലനുമാണു് കൃഷ്ണപിള്ള.

ജനനവും ബാല്യവിദ്യാഭ്യാസവും

ലക്ഷ്മിക്കുട്ടിഅമ്മയുടേയും കൃഷ്ണപിള്ളയുടേയും ഗാർഹസ്ഥ്യജീവിതത്തിൽ മൂന്നു സ്ത്രീ സന്താനങ്ങൾ ജാതരായി. കാർത്ത്യായനിഅമ്മ, കല്യാണിഅമ്മ, ഭാഗീരഥിഅമ്മ എന്നു് അവൎക്കു നാമകരണംചെയ്തു. ലക്ഷ്മീകൃഷ്ണന്മാരുടെ ഭാഗ്യപ്രദീപമായി കൊല്ലവർഷം ആയിരത്തിയറുപത്തഞ്ചൊമ്മാണ്ടു ധനുമാസത്തിലെ ആയില്യം നക്ഷത്രത്തിൽനമ്മുടെ കഥാപുരുഷൻ ജാതനായി. 'കുട്ടൻ' എന്നാണു് ബാലനെ ബന്ധുക്കൾ വിളിച്ചുവന്നതു്. കുട്ടന്റെ യഥാൎത്ഥമായ പേരു 'കൃഷ്ണൻ' എന്നാണു്. കുട്ടൻ ശാഠ്യംപിടിച്ചു കരയുമ്പോൾ ലക്ഷ്മിക്കുട്ടിഅമ്മ താരാട്ടുപാടി ഉറക്കുന്നതു് അയൽ വാസികൾ ആനന്ദപ്രദമായി കേട്ടുകൊണ്ടിരിക്കാറുണ്ടായിരുന്നു. ബാലൻ ഇഴഞ്ഞു കളിക്കാൻ തുടങ്ങിയതിൽ പിന്നീടു സഹോദരിമാർ പഠിക്കുമ്പോഴും പാടുമ്പോഴും അവരുടെയടുക്കലെത്തും. അവർ പാഠം വായിക്കുന്നതുകേട്ടും പാടുന്നതിൽ രസിച്ചും ബാലൻ പാവയെപ്പോലെ നിശ്ചലനായിരിക്കും. അമ്മയും സഹോദരിമാരുമായി കുട്ടന്റെ ശരീരത്തിനു് സംഗീതംകൊണ്ടു വളർച്ചയുണ്ടാക്കുന്നുവോ എന്നു തോന്നും. കുട്ടന്റെ ആത്മാവു് സംഗീതത്തിൽ നിന്നുത്ഭവിച്ചതാണെന്നുകൂടി ശങ്കിക്കാം. ഇങ്ങനെ സുന്ദരമായ ഒരു കല കുട്ടന്റെ പുറകേ നടക്കുകയോ, കുട്ടൻ സംഗീതത്തിന്റെ ചേവടികളെ പിൻതുടരുകയോ

ഏതാണു ചെയ്തിരുന്നതെന്നു് ഏത്രകാലം കഴിഞ്ഞതിൽ പിന്നീടാണു് കലാകോവിദനായ കുട്ടനിൽനിന്നും ലോകം അറിവാൻ ഇടവരുന്നതു്.

കുട്ടനു് നാലു വയസ്സുമാത്രം ഉണ്ടായിരുന്നപ്പോൾ ഉള്ള ഒരു സംഭവം പറയാം. കയ്പള്ളിയിലെ സർപ്പക്കാവിനരികിലിരുന്നുകൊണ്ടു് ബാലൻ മണ്ണുവാരി കളിക്കുകയായിരുന്നു. കാവിൽനിന്നും ഒരു സർപ്പം ഇഴഞ്ഞുവന്നു് കുട്ടൻെറ അരികിലെത്തി. അതു സൂക്ഷിച്ചു നോക്കികൊണ്ടിരുന്നതല്ലാതെ ബാലൻ അനങ്ങിയില്ല. സർപ്പം തുടയിൽ തലവച്ചുകയറി വിലങ്ങേ മറുപുറത്തിറങ്ങി. ആ ഇരിപ്പിലിരുന്നു ബാലൻ. സർപ്പം അകലെയായപ്പോൾ കുട്ടി ഒന്നു ചിരിച്ചുകൊണ്ടെഴുന്നേററു. പിന്നെയാണു അമ്മ അവിടെ എത്തുന്നതു്.

ബാലനു് ഓരോന്നും കണ്ടു രസിക്കുവാൻ അപ്പോഴേ ഒരു വാസനയുണ്ടു്. ആ ദന്തശൂകത്തെ പിടിക്കുവാനോ ചലിക്കുവാനോ ഒരുമ്പെട്ടിരുന്നുവെങ്കിൽ ശേഷമുള്ള കഥയെന്തായിരിക്കും. അന്നു് കുട്ടൻെറ ശാന്തമനസ്ഥിതിയും നിശ്ചലബുദ്ധിയും ആപത്തിൽനിന്നും ആയുസ്സിനെ രക്ഷപ്പെടുത്തി.

അഞ്ചാമത്തെ വയസ്സിൽ കുട്ടനെ എഴുത്തിനിരുത്തി. ആ ഗുരുസ്ഥാനം ലബ്ധമായതു ശ്രീമാൻ രങ്കയ്യങ്കാർശാസ്ത്രികൾക്കായിരുന്നു. അനന്തരം പാൽക്കുളങ്ങര ഗ്രാമവിദ്യാലയത്തിൽ ചേൎന്നു പഠിച്ചു. കുട്ടനോടുകൂടി ആ ഗ്രാമവിദ്യാലയത്തിൽ പഠിച്ചിരുന്ന ഒരു പൂൎവ്വവിദ്യാൎത്ഥി പറഞ്ഞ ഒരു കഥ പറയാം. "ഗുരുജനങ്ങളിൽ കുട്ടനു് അതി

ററ ഭക്തിയുണ്ടു്. ഒരു ദിവസം അദ്ധ്യാപകൻ മഷികൊ ണ്ടെഴുതണം എന്നു ഞങ്ങളോടു പറഞ്ഞു. ആജ്ഞ കേട്ടു കൊണ്ടാണു് എല്ലാവരും പള്ളിക്കൂടം വിട്ടു പോയതു്. രണ്ടിലോ മൂന്നിലോ പഠിക്കുകയാണു് ഞങ്ങൾ. കുട്ടനാകട്ടെ വീട്ടിലെത്തിയ ഉടൻ മഷിക്കുപ്പിക്കു പിണങ്ങി. ഉറങ്ങുന്ന തിനു മുമ്പു് ഒന്നു കരസ്ഥമാക്കി. മഷിയും നിറച്ചുവച്ചു. പിറേറദിവസം വെളുപ്പിനേ എണീററു് പാഠങ്ങൾ മഷി കൊണ്ടെഴുതി വെടിപ്പാക്കി. ഒരു തടിയൻ മഷിക്കുപ്പിയു മായി കുട്ടൻ പള്ളിക്കൂടത്തിൽ വന്നു. ഞങ്ങളാരും അന്നു അതു ചെയ്തിരുന്നില്ല. കുട്ടൻെറ ഈ അനുസരണശീലം ഞങ്ങൾക്കു ഒരു പാഠമായിത്തീൎന്നതു കൂടാതെ അദ്ധ്യാപക നു് ബാലൻെറ ഭാവി ശോഭനമായിരിക്കുമെന്നു ഊഹി പ്പാനും വഴിയുണ്ടാക്കി. കുട്ടൻെറ കൃത്യനിഷ്ഠയും അനുസര ണയും അത്യന്തം കീൎത്തനീയമായിരുന്നു''

കുട്ടൻെറ ഗൃഹാദ്ധ്യാപകനായി ദിവാൻ നാണുപി ള്ളയുടെ കുടുംബത്തിൽപ്പെട്ട രാമകൃഷ്ണപിള്ള എന്നൊരാ ളെ നിയമിച്ചു. രാമകൃഷ്ണപിള്ള ശിഷ്യനെ മലയാളവും ഇംഗ്ലീഷും പഠിപ്പിച്ചിരുന്നു.

## രാജകീയ വിവാഹം

൧൦൭൭-ാമാണ്ടു കുട്ടൻെറ മൂത്ത സഹോദരി കാർത്ത്യാ യനിഅമ്മയെ ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു് കല്പിച്ചു 'പട്ടും പരുവട്ടവും' ഇട്ടു. ആശിച്ചിരിക്കാത്ത ഈ മഹാഭാഗ്യം കുട്ടൻെറകുടുംബത്തിനു് അതുല്യമായ ഐ ശ്വൎയ്യവും ഔന്നത്യവും ഉണ്ടാക്കിക്കൊടുത്തു. അമ്മച്ചി

യായ സഹോദരിയെ വടശ്ശേരി അമ്മവീട്ടിലേയ്ക്കു ദത്തെടു ത്തപ്പോൾ നമ്മുടെ കഥാപുരുഷനേയും മററു സഹോദരി മാരെയുംകൂടി ആ തറവാട്ടിലേയ്ക്കു ദത്തെടുക്കുകയാണുണ്ടാ യതു്. "ദ്ദഗ്ഗ്" എന്ന മാറാപ്പേരു കല്പിച്ചു കൊടുത്തനുഗ്ര ഹിച്ച തിരുവായ്മൊഴിയുടെ ഫലമാണു് ഈ രാജകീയ വിവാഹമെന്നു് ഏവരും വാഴ്ത്തി.

## ഇംഗ്ലീഷ് വിദ്യാഭ്യാസം

ഇപ്പോൾ അട്ടക്കുളങ്ങര മലയാളം പള്ളിക്കൂടം സ്ഥിതിചെയ്യുന്നിടത്തു പരേതനായ ററി. മാർത്താണ്ഡൻ തമ്പിയുടെ വകയായി ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ നില വിലിരുന്നു. മാർത്താണ്ഡൻ തമ്പിയുടെ ഹൈസ്കൂളിനു വ ളരെ പ്രസിദ്ധിയുണ്ടായിരുന്നത്രെ. തമ്പി ഒരു പൊതുകാ ര്യപ്രസക്തനും സമുദായാഭിമാനിയും പാവങ്ങളോടു കരു ണയുണ്ടായിരുന്ന ആളുമായിട്ടാണു് കേട്ടറിവു്. "നേററി വു് ഇംഗ്ലീഷു ഹൈസ്കൂൾ" എന്നാണു് തമ്പിയുടെ വിദ്യാ ലയത്തിൻെറ പേരു്.

ഈ വിദ്യാലയത്തിലാണു് നമ്മുടെ തമ്പിഅവർകൾ അദ്ധ്യയനം ആരംഭിച്ചതു്. നാം ഇതുവരെയും 'കുട്ടൻ' എന്നു കഥാപുരുഷനെ വിളിച്ചുവന്നു. ഇനി അദ്ദേഹ ത്തെ അറിയുന്നതു് വടശ്ശേരി കൃഷ്ണൻ തമ്പി എന്നാണു്. ദത്തോടുകൂടി കയ്പള്ളിത്തറവാട്ടിലെ പുരുഷന്മാർക്കു 'തമ്പി' എന്ന സ്ഥാനം മുറപ്രകാരം കല്പിച്ചുകൊടുത്തു. തമ്പി അവർകൾ മൂന്നാം ഫാറംവരെ 'നേററിവു് സ്കൂ ളിൽതന്നെ പഠിച്ചുവന്നു. "തമ്പിയോടു ഓടയരികിൽ

കൂടെ (റോഡരികിലുള്ള) നടക്കരുതെന്നു പറഞ്ഞാൽ അ വിടെക്കൂടെയല്ലാതെ പോകുകയില്ല" എന്നു തമ്പി അവർ കളുടെ സ്വഭാവത്തെപ്പററി അന്നു കൂടെയുണ്ടായിരുന്ന ഒരു സുഹൃത്തു പറയാറുണ്ടു്. മൂന്നാംഫാറം കഴിഞ്ഞതിനു ശേഷം തമ്പി അവർകൾ രാജകീയ ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേൎന്നു പഠിത്തമാരംഭിച്ചു. ലളിതശാന്തപ്രകൃതിയായിരുന്ന തമ്പിഅവർകൾ ഗുരുമുഖത്തിൽനിന്നും കിട്ടുന്ന ഉപദേശങ്ങളെ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നതു കണ്ടു ഈൎഷ്യാകുലരായ വിദ്യാൎത്ഥികൾ ഒരിക്കൽ "തുമ്പീ തുമ്പീ" എന്നു കൂവിവിളിച്ചു് അപഹസിച്ചപ്പോൾ (ഇവർ ഇംഗ്ലീഷിൽ തമ്പി എന്നെഴുതിയിട്ടു തുമ്പിയെന്നു ഉച്ചരിക്കും.) വിവൎണ്ണവദനനായ വിദ്യാൎത്ഥി, താൻ അവരോടു വല്ലതും പറഞ്ഞുപോയാൽ തന്റെ പ്രിയപ്പെട്ട ഗുരുവിനു (നാലാംഫാറത്തിൽ അന്നു മി. ഓ. എം. ചെറിയാനായിരുന്നു ക്ലാസ്സദ്ധ്യാപകൻ) തന്നിൽ അപ്രിയം തോന്നിയേക്കുമോ എന്നു ഭയന്നു് ഗുരുവിനോടു പരാതിപ്പെട്ടതും അദ്ധ്യാപകൻ അവരെ ശാസിച്ചപ്പോൾ "തെററിന്റെകുററം" എന്നു പറഞ്ഞു തമ്പി അവർകൾ ചിരിച്ചതും മററും മി. ഓ. എം. ചെറിയാന്റെ പൂൎവ്വസ്മരണകളിൽനിന്നും നമുക്കു കിട്ടുന്ന രസാവഹങ്ങളായ നേരംപോക്കുകളാണു്. "അടുത്തിരിക്കുന്ന വിദ്യാൎത്ഥിയുടെ തോളത്തു കയ്യുംവച്ചു് ഒതുങ്ങിയിരിക്കുന്ന ഒരു സൌമ്യശീലനാണു് തമ്പി" എന്നു് പാറശ്ശാല കൃഷ്ണപിള്ള എന്നൊരു സഹപാഠിയിൽനിന്നും കേട്ടിട്ടുണ്ടു്. ആ വർഷത്തിൽ മഹാരാജാവു തിരുമനസ്സു കൊണ്ടു് വടക്കേ ഇൻഡ്യയിലേക്കെഴുന്നള്ളിയപ്പോൾ

KOTTAYAM PUBLIC LIBRARY KOTTAYAM

തമ്പി അവർകളെക്കൂടെ കൊണ്ടുപോകണമെന്നു നിശ്ചയിച്ചിട്ടു് അദ്ധ്യാപകൻെറ അനുമതിവാങ്ങണമെന്നു പറഞ്ഞു അമ്മവീട്ടിൽ നിന്നും ആൾ പറഞ്ഞയച്ചു. ആൾ വന്നു് ചെറിയാൻ സാറിനോടു പറഞ്ഞു. അദ്ദേഹത്തിൻെറ അഭിപ്രായം ഇങ്ങനെയായിരുന്നു. "പള്ളിക്കൂടം. തുറന്നാൽ ഏതാണ്ടു കർക്കടകംവരെ വാസ്തവത്തിൽ അദ്ധ്യയനം ഒന്നും നടക്കാറില്ല. പുസ്തകം വാങ്ങിയും പുതിയ വിദ്യാർത്ഥികൾ വന്നും അങ്ങനെ ആ കാലം അത്രയുംപോകും. പിന്നീടു് ഓണം ഒഴിവും ആയി. അതുകഴിഞ്ഞാൽ കന്നി തുലാം തൊട്ടാണു് അദ്ധ്യയനം ആരംഭിക്കുന്നതു്. (അപ്പോൾ തുലാമാസമായിരുന്നു) തുലാം വൃശ്ചികം പകുതി വരുമ്പോൾ ക്രിസ്സ്മസ്സ് ഒഴിവായി. പിന്നെ മകരം പകുതിയോടു പരീക്ഷയ്ക്കുള്ള വട്ടമായി. ശരിക്കു പഠിത്തം നടക്കുന്നതു് ഈ ഒഴിവുസരങ്ങളിലാണു്. അതുകൊണ്ടു് തമ്പിയുടെ യുക്തംപോലെ ചെയ്യാനായി ഞാൻ വിട്ടിരിക്കുന്നു."

ചെറിയാൻസാറിൻെറ അഭിപ്രായം തിരുമനസ്സറിഞ്ഞു. അവിടുന്നു് "തമ്പിയെക്കൂടെ കൊണ്ടുപോകണമെന്നു" അമ്മവീട്ടിൽനിന്നും പറഞ്ഞപ്പോൾ ഇതായിരുന്നു കല്പിച്ചതു്. ഗുരുഹിതം തമ്പിഅവർകൾ അനുസരിച്ചു. ആ യാത്രയിൽ തമ്പി അവർകൾ പോയില്ല.

കാരുണ്യക്കാതലായ തമ്പി അവർകൾ കുറേ സാധു സഹപാഠികളെ സ്വപക്ഷത്തുചേർത്തുകൊണ്ടു് അവരുമായി വഴക്കിനുവന്നവരോടു എതിരിട്ടുനിന്ന ഒരു സായാഹ്നത്തെ വിവരിക്കാം. നാലാംഫാറത്തിലെ വിദ്യാർത്ഥിക

ളിൽ ചിലർ പള്ളിക്കൂടംവിട്ടു പുറത്തിറങ്ങിയാൽ കളിയായ് ഒരു ഉരസ്സൽ പതിവാക്കി വച്ചിരുന്നു. തന്മൂലം ഒരു വഴക്കുത്ഭവിച്ചു. ഒരു കക്ഷിയിൽ ശക്തന്മാരും മറു കക്ഷിയിൽ അത്രതന്നെ കായബലമില്ലാത്തവരുമായി ശേഷിച്ചു. വഴക്കു മൂത്തുവന്നു. അടുത്ത സായാഹ്നത്തിൽ ബലം പരീക്ഷിച്ചു കളയാമെന്നു അവർ പരസ്പരം വാശ്ശടവെട്ടിപ്പിരിഞ്ഞു. തമ്പി അവർകളാകട്ടെ തൻെറ സാധു സഖാക്കളെ മുഷ്ക്കരന്മാർ മത്സരത്തിൽ മർദ്ദിക്കുമല്ലോയെന്നോർത്ത് ഒന്നു ഞെട്ടി. തിരുവനന്തപുരത്തു കൈതമുക്കിൽ ഊച്ചാളിവേലുപ്പിള്ള എന്നു പേരു പരന്നിട്ടുള്ള ഒരു ചട്ടമ്പിയുണ്ടു്. കൊച്ചുകുട്ടികൾ പോലും വാഗ്വാദത്തിൽ "നീ ഊച്ചാളിയോ" എന്നു കയ്യേററക്കാരനോടു ചോദിക്കുന്നതോക്കുമ്പോൾ ഈ മനുഷ്യനെ അടുത്തു് ഒന്നു രണ്ടു മൂന്നു തലമുറക്കാലത്തേക്കു് ആരും മറക്കുകയില്ലായെന്നു തോന്നിപ്പോകും. ഊച്ചാളി വേലുപ്പിള്ള തമ്പി അവർകളുടെ ഒരു പരിചിതനാണ്. അടുത്തദിവസമുണ്ടാകാൻ പോകുന്ന മത്സരക്കലഹത്തിനു തൻെറ കക്ഷിക്കു സഹായമായി ഇയ്യാളെക്കൂടിക്കൊണ്ടുപോകാൻ തീർച്ചചെയ്തു് വിവരം തെര്യപ്പെടുത്തി. "ഊച്ചാളി" സന്തോഷസമേതം തമ്പി അവർകളെ അനുഗമിച്ചു. ചുരുക്കത്തിൽ പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള മത്സരങ്ങൾ ഒന്നും ഉണ്ടാകാതെ തൻെറ സഖാക്കൾക്കു ജയം സമ്പാദിച്ചുകൊടുത്തു. നമ്മുടെ കഥാനായകൻെറ ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്തുള്ള സ്വഭാവവിശേഷങ്ങൾ നോക്കുക. സക്കാർ ലായത്തിൽനിന്നും പള്ളിക്കൂടത്തിൽ വരുന്നതി

ന് തമ്പി അവർകൾക്കു വണ്ടി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പള്ളിക്കൂടത്തിലേക്കു വണ്ടിയിൽ കയറി യാത്രയായാൽ വഴിയിൽ കാണുന്ന സതീൎത്ഥ്യരെ വണ്ടിയിൽ ഞെരുക്കി ഞെരുക്കിയെങ്കിലും കയററിയിരുത്തിക്കൊണ്ടല്ലാതെ അദ്ദേഹം കടന്നുപോകയില്ല. മദ്ധ്യാഹ്നാഹാരം കൊണ്ടുവന്നാൽ ഉച്ചപ്പട്ടിണിയിരിക്കുന്ന സതീൎത്ഥ്യരുണ്ടോ എന്നു നോക്കാതെ അന്നും തമ്പി അവർകൾ ആഹാരം കഴിക്കപതിവില്ല. തമ്പി അവർകൾ അഞ്ചാംഫാറത്തിൽ പഠിക്കുമ്പോൾ അദ്ദേഹത്തിൻെറ ഉത്സാഹത്തിൽ വൈകുന്നേരം കുറെ സഹൃദയമിത്രങ്ങൾക്കു ഉല്ലാസമായി ഒന്നിച്ചുകൂടി വിശ്രമിക്കുവാൻ "Evening Club" എന്നൊരു സമാജം ഏൎപ്പെടുത്തി. ഈ ക്ലബ്ബിലെ പ്രവൎത്തനം കുറെ നാളത്തേയ്ക്കു ഭംഗിയായും ഉപയോഗപ്രദമായും കഴിഞ്ഞുവന്നു. ക്ലബ്ബിൽ തമ്പി അവർകൾ നേരത്തേ ഹാജരായേയ്ക്കും. അവിടെ ആൎക്കും വലിപ്പച്ചെറുപ്പമൊന്നും ഉണ്ടായിരുന്നില്ല. അന്നുതന്നെ സാഹിത്യലോകത്തിൽ അറിയപ്പെട്ടിരുന്ന സി. എസ്. സുബ്രഹ്മണ്യൻപോററി അവർകൾ, ആയുൎവ്വേദ ഡിപ്പാർട്ടുമെൻറിലെ അദ്ധ്യക്ഷനായിരുന്ന മി. എൻ. നീലകണ്ഠപ്പിള്ള തുടങ്ങിയ സഹൃദയകൗമുദികൾ പതിവായ് സായാഹ്നത്തിൽ അവിടം അലംകരിക്കാറുണ്ടായിരുന്നു. ഓരോ ദിവസവും ഈ സഹൃദയമണ്ഡലം ഹൃദയാഹ്ളാദകാരിയാംവണ്ണമുള്ള നൎമ്മസംഭാഷണങ്ങളിലും വിനോദങ്ങളിലും ഏൎപ്പെട്ടുവന്നു. തമ്പി അവർകൾക്കു കവിത രസിക്കാൻ ആ കാലത്തുതന്നെയുള്ള കഴിവിനെ കാണിക്കുന്ന ഒരു സംഗതി പറയാം. ചില

ദിവസങ്ങളിൽ തമ്പി അവർകൾ ഓരോ കവിതാവിഷയം തിരഞ്ഞെടുത്തു, ക്ലബ്ബിലുള്ള സഹൃദയന്മാരിൽ ചിലരെ ഏൾപ്പിച്ചുവന്നു. അതു് അവർ ഇത്ര ദിവസത്തിനകം എഴുതണമെന്നും നിർബന്ധിച്ചിരുന്നു. അപ്രകാരം "ഋഷികുമാരൻ" എന്നൊരു വിഷയമാണു് ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ടതു്. രാമായണത്തിൽ അന്ധരായ പിതാക്കൾക്കു ദാഹശമനാർത്ഥം നദിയിൽവന്നു ജലം എടുത്തുകൊണ്ടുനിന്ന ഋഷികുമാരനെ ദശരഥൻ ആനയെന്നു തെററിദ്ധരിച്ചു് എയ്തു കൊല്ലുന്നതും മററുമാണു് 'ഋഷികുമാരനിലെ' ഇതിവൃത്തം. ഈ വിഷയത്തെ ആസ്പദമാക്കി മി. സി. എസ്. സുബ്രഹ്മണ്യൻപോററി വിരചിച്ച പദ്യങ്ങൾ അവിടെ എല്ലാവരുടേയും ശ്ലാഘയ്ക്കു് ഒന്നുപോലെ വിഷയമാകുകയും, പിന്നീടു പ്രഥിതനായ കെ. രാമകൃഷ്ണപിള്ളയുടെ "ശാരദ"യെന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ സഹൃദയലോകം ആഹ്ളാദതിരത്തല്ലലോടുകൂടി അതു സ്വീകരിക്കയും ചെയ്തു. മധുനിഷ്യന്ദികളായ കവിതാലാപംകൊണ്ടു് പ്രത്യഹം ഈ സായന്തന വിഹാരസ്ഥലം മുഖരിതമായിരുന്നു. നമ്മുടെ കഥാനായകനു് ഈ പ്രായത്തിൽ ഇത്ര പക്വമായ ഒരു കവിതാ രസികത്വം എങ്ങനെവന്നുവെന്നു വായനക്കാർക്കു് ഒരു ജിജ്ഞാസയുണ്ടാവാം. അതു ശരിയാണു്. ഭാഗിനേയൻ, ശ്രീ വേലായുധൻ തമ്പിയുടെ ഗൃഹാദ്ധ്യാപകനായി കെ. സി. കേശവപിള്ള എന്നു വിഖ്യാതനായ കവിപുംഗവനെ നിയമിച്ചു. ആ അദ്ധ്യയനം അനുസ്യൂതം കുറെ കൊല്ലക്കാലം ഉണ്ടായിരുന്നു. ഭാഗിനേയൻ ശ്രീ വേലായുധൻ തമ്പിയേയും ഭാഗി

ന്നേയി ഭഗവതിപ്പിള്ള കൊച്ചമ്മയേയും (ഭഗവതിപ്പിള്ള കൊച്ചമ്മയെ 'തങ്കം' എന്ന പേരിലാണ് ജനങ്ങളുടെ ഇടയിൽ അറിയപ്പെട്ടിരുന്നതു്) ഇവരുടെ സമുദായസേവനത്തിലുള്ള സംതൃപ്തിയെ പ്രകടിപ്പിച്ചുകൊണ്ടു് ഇൻഡ്യാചക്രവത്തി ജാൎജ്ജ് അഞ്ചാമൻ കൈസരിഹിൻറ് എന്ന കീത്തിമുദ്ര സമ്മാനിക്കയുണ്ടായി. പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ കഥാപുരുഷൻ ഗുരുവിൻെറ സമീപമെത്തും. ഗുരുവിനു ബാലനായ രാജസ്യാലൻ എന്തിനവരുന്നുവെന്നു് ആദ്യം മനസ്സിലായിരുന്നുമില്ല. എന്തിനു് ആ ഹൃദയങ്ങൾ തമ്മിൽ അറിഞ്ഞു. ഇണങ്ങി. അവർ ഗുരുവും ശിഷ്യനുമായി. ശിഷ്യനുണ്ടാകാൻ പോകുന്ന മഹത്വം അന്തരാ ഗുരു കണ്ടു. ശിഷ്യൻ, ഗുരുവിൻെറ കീത്തിയെ വാഴ്ത്തി. അവരിരുവരും പ്രേമജലധിയിൽ നീരാടിത്തുടിച്ചു.

കെ. സി. കൊട്ടാരത്തിൽ പഠിപ്പിക്കാൻ വന്നുകഴിഞ്ഞാൽ തമ്പി അവർകൾ നിഴൽപോലെ ഗുരുവിൻെറ കൂടെ ഉണ്ടായിരിക്കും. കെ. സി. തമ്പി അവർകളെ പഠിപ്പിക്കാനായി നിയമിക്കപ്പെട്ടിരുന്ന അദ്ധ്യാപകനല്ല. വിദ്യാഭ്യത്ഥനയ്ക്കുചെന്നിരുന്ന ബാലൻെറ അഭിവാഞ്ഛയെ കണ്ടിട്ടാണു് കെ. സി. തമ്പി അവർകളെ സ്വീകരിച്ചതെന്നുകൂടി പറവാനുണ്ടു്. തമ്പി അവർകളെ കെ. സി. സംസ്കൃതമഭ്യസിപ്പിക്കാൻ തുടങ്ങിയതു രസകരമാണു്. പുസ്തകരൂപത്തിൽ കടലാസു കുത്തിക്കെട്ടി അതിൽ ശബ്ദാഡംബരമുള്ള ഒരുതരം പദ്യങ്ങൾ എഴുതിക്കൊടുത്തുപോന്നു. അവയിൽ ഒരു ശ്ലോകം ചുവടെ ചേക്കുന്നു.

"ജംബൂഫലാനിപക്വാനി
പതന്തിവിമലേ ജലേ
കപി കമ്പിത ശാഖാഭ്യാം
ഗുള ഗുഗ്ഗുള ഗുഗ്ഗുള"

ആദിയിൽ ക്ഷിപ്രമായി ആകർഷിക്കപ്പെടുന്ന പദ്യങ്ങൾ ചൊല്ലിക്കൊടുത്തു വിദ്യാർത്ഥിയുടെ ശ്രദ്ധയെ ത്വരിതമാക്കി കാവ്യങ്ങളിലേയ്ക്കു കൊണ്ടുപോകാനൊരുങ്ങുന്ന ഗുരുവിൻെറ പാദത്തിൽ നാം ഒന്നു നമസ്കരിക്കേണ്ടതല്ലയോ? സംസ്കൃതം പഠിപ്പിക്കുന്നതോടുകൂടി കലാകോവിദനായ ഗുരുവയ്യൻ ശിഷ്യന് സംഗീത സരണിയും സ്വാധീനമാക്കി. കെ. സി. യുടെ ശിഷ്യപ്രധാനിയായ തമ്പി അവർകളിൽ കാണുന്ന കലാഭിരുചി അദ്ദേഹത്തിൻെറ സമ്പർക്കത്താൽ ഉണ്ടായതാണ്. സഹജമായ കവിതാവാസനയെ ആ സമാഗമം സമുജ്ജ്വലിപ്പിച്ചു. നമ്മുടെ കഥാനായകൻ എഴുതിയിട്ടുള്ള ഗീതങ്ങളിലെ സംഗീതവൈശിഷ്ട്യത്തെ സരസഗായക കവിമണിയായ കെ. സി. ക്ക് സമർപ്പിക്കേണ്ടതാണ്. ജന്മനാ കവിതാവാസനയുള്ള ഒരു ഹൃദയം അതുപോലുള്ള മറെറാരു ഹൃദയത്തിൻെറ സമാഗമത്തിൽ വിടരുന്നു. സാത്മ്യവസ്തുക്കളിലുള്ള സ്പർശം ആനന്ദഹേതുകവുമാണല്ലോ. വിശിഷ്ടന്മാരായ കലാകാരന്മാരിൽ പലക്കും കലാവബോധം ഉദയം ചെയ്യുന്നതു സുന്ദരങ്ങളായ അനുഭവങ്ങൾക്കു ശേഷമാണ്.

മഹാരാജാവു് തിരുമനസ്സിലേയ്ക്കു് തമ്പി അവർകളോട് അതിയായ വാത്സല്യമാണുണ്ടായിരുന്നതു്. കൊട്ടാരം

വക ഗ്രന്ഥശാലയിൽ നിന്നും ദിവസംപ്രതി വായിക്കുന്ന പുസ്തകത്തിൻെറ സംക്ഷേപം എഴുതിക്കാണിക്കണമെന്നും തിരുമനസ്സുകൊണ്ടു കല്പിച്ചിരുന്നു. "ഈ കല്പന ബാല്യത്തിലേ ഇംഗ്ലീഷു മനസ്സിലാക്കാൻ എന്നെ നല്ലപോലെ സഹായിച്ചിട്ടുണ്ടു്." എന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. ഗൃഹാദ്ധ്യാപകനായ രാമകൃഷ്ണപിള്ള തമ്പി അവർകൾ അഞ്ചാംഫാറത്തിൽ പഠിക്കുമ്പോൾ, തന്നെക്കാൾ കുറേക്കൂടി പ്രാപ്തനായ ഒരാളാണു് തമ്പിക്കു് ഇനി ആവശ്യമെന്നു പറഞ്ഞു പിരിഞ്ഞു. അദ്ദേഹം പിരിഞ്ഞയുടനെ മി. വെങ്കിട്ടരാമയ്യങ്കാർ നിയമിതനായി. മി. അയ്യങ്കാർ തമ്പി അവർകൾക്കു പ്രിയപ്പെട്ട ഒരദ്ധ്യാപകനായിരുന്നു.

മി. അയ്യങ്കാർ പറയുകയാണു്.—"ടാഗ്ഗൂറിനെപ്പോലെയോ, രാഷ്ബിഹാരി ഘോഷിനെപ്പോലെയോ ഉയൻ്നു വരേണ്ടവനാണു് തമ്പി"

ഇതിനകം തമ്പി അവർകളെ പിതൃവിയോഗം പീഡിപ്പിച്ചിരുന്നു. ഈ അത്യാഹിതം ഉണ്ടായതു് ൧൦൭൨-ൽ ആയിരുന്നു.

കൊട്ടാരത്തിലെ ജീവിതം നമ്മുടെ കഥാനായകനെ ലൗകികമായ പ്രഭുത്വത്തിനു സജ്ജമാക്കുകയാണെന്നു വായനക്കാർ തെററിദ്ധരിക്കരുതു്. ആൎജ്ജവബുദ്ധി വളരുകയാണു് തമ്പി അവർകളുടെ ശരീരവളർച്ചയേക്കാളും വിശേഷമായിട്ടുള്ളതു്. അതുപോലെ കവിതാങ്കുരവും. ൧൦൭൫-ൽ തമ്പി അവർകൾ കന്യാകുമാരി കടൽപ്പുറത്തിരുന്നു് അവിടത്തെ ഭഗവതിയെ സ്തുതിച്ചുകൊണ്ടെഴുതിയി

ട്ടുള്ള ഒരു ഗാനം ചുവടേ കൊടുക്കുന്നു. ഇതായിരിക്കണം അദ്ദേഹത്തിന്റെ ആദ്യത്തെ കവിത.

(കുമ്മി)

കന്യാകുമാരിയിൽ മേവീടുന്ന
ധന്യേ! ഭഗവതി ലോകനാഥേ!
സുരജനവന്ദ്യേ! ഭുവിദുഷ്ട
ഹരേ, ഹരകന്യേ! പരമുരുദുരിതമതെന്യേ
ഞങ്ങളെ നീ പരിപാലയ പരിപാവിനി
പരിതാപമതൊരുകാലവും-അരികിലണഞ്ഞിടാ
(തുള്ളവണ്ണം
നന്നായ് പെരുകിയ മോദേന കാത്തിടേണം.
ദുർവിവാദപടുവായധികം
ഗർവിതനായിടും നാസ്തികനും
നിന്നുടെ ഭംഗിക-ലരുമീ
സാന്നിദ്ധ്യമങ്ങി-ടാതെവണ്ണം
സന്ദർശിതമെന്നാകിൽ വളർന്നീടു-
മവനുള്ളിലും-ഔന്നത്യ
മായുള്ള ഭക്തിരസം അംബേ!
ഇന്നിതു നിൻമഹിമാവിലാസം

൧൮൭൩-ൽ തമ്പിഅവർകൾ മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയിയായി. അനന്തരം കാളേജിൽ ചേർന്നു പഠിത്തം തുടർന്നുകൊണ്ടുപോയി. തിരുവനന്തപുരം കാളേജും, ഹൈസ്കൂളും അന്ന് ഒരു കെട്ടിടത്തിലായിരുന്നു സ്ഥിതിചെയ്തിരുന്നതു്. താഴത്തെ നിലകളിൽ ഹൈ

സ്കൂളും മുകളിലത്തെ നിലകളിൽ കാളേജുമായിരുന്നു അപ്പോൾ.

. രാഷ്ട്രീയമായും സാമുദായികമായും പുരോഗതിയെ പ്രാപിച്ചുവരുന്ന കാലമായിരുന്നു അന്നത്തെ തിരുവിതാംകൂർ. കെ. രാമകൃഷ്ണപിള്ള, വർഗ്ഗീസുമാപ്പിള തുടങ്ങിയ പത്രപ്രവർത്തകന്മാരും, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, സി. വി. രാമൻപിള്ള, കേരളപാണിനി തുടങ്ങിയ സാഹിത്യനായകന്മാരും തിരുവിതാംകൂറിൽ ഒരു വിജ്ഞാനയുഗം സൃഷ്ടിക്കയായിരുന്നു. ഇന്നു്, സമുദായത്തെ ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇക്കാലത്തൊക്കെയാണു ജനിക്കുന്നതു്. വിദ്യാഭ്യാസം ചെയ്യുന്നവർക്കു് ആകെ ഉദ്യോഗം കിട്ടുമെന്ന വ്യാമോഹംകൊണ്ടു നാടും വീടും ഉപേക്ഷിച്ചും, ഉപദ്രവിച്ചും, വിക്രയം ചെയ്തും യഥാക്രമം വിദ്യാഭ്യാസ കതുകികൾ കൂടിവന്നു. എന്നാൽ, ഉദ്യോഗങ്ങൾ വിദ്യാഭ്യാസത്തിന്റെ മാറെറാലിയല്ലെന്നു പിന്നെയാണു നാട്ടാർക്കു മനസ്സിലാകുന്നതു്. തൊഴിലില്ലായ്മ വർദ്ധിച്ചു; അഭ്യസ്തവിദ്യരിൽ ഒരു വലിയ പങ്കു ഉദ്യോഗം തെണ്ടി നഗരവീഥികളിൽ അലയുകയായി. ഉൾനാട്ടുകളിൽ—നാട്ടുനടത്താൻ പണം വരുന്ന ഗ്രാമങ്ങളിൽ ചോരക്കൊഴുപ്പുള്ളവരില്ലെന്നായി. അജ്ഞാനവും രോഗവുമാണു ശേഷിച്ചവരെ കൂട്ടുകാരായാശ്ലേഷിച്ചതു്. എന്നിട്ടും, ഉദ്യോഗങ്ങളുടെ സംഖ്യ ആർക്കും ഊഹിപ്പാൻ കഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ഈ പുസ്തകം എഴുതുന്ന ഈ അവസരത്തിലെ കഥ പറയുകയാണെങ്കിൽ, വിദ്യാഭ്യാസംചെയ്തു ഉദ്യോഗത്തിനു പോ

കാത്ത ഒരു സംസ്കാരചക്രവർത്തിയേക്കാളും നിരക്ഷരനായ ഒരു 'മുൻസിഫ്കോർട്ടു' ശിപായിയെ 'സാർവ്വഭൗമ'നെന്നു കൊണ്ടാടുന്ന ഒരു ഹീനമനഃസ്ഥിതി നമ്മുടെ രാജ്യത്തിലെ ജനഹൃദയങ്ങളിൽ മിക്കവാറും അവശേഷിക്കുന്നുണ്ട്. അതു ഒരു രാജ്യത്തിൻെറ അന്തസ്സിനെ എത്ര പെട്ടെന്നു് ഇടിച്ചു തള്ളാൻ കഴിയുമെന്നു് ആർക്കുതന്നെ അറിഞ്ഞുകൂടാ? നാലഞ്ചു കൊല്ലങ്ങൾക്കു മുൻപ് തിരുവിതാംകൂറിൽ വന്നിരുന്ന, സർ പുത്തണ്ണാചെട്ടി അദ്ദേഹത്തിൻെറ ഒരു തിരുവിതാംകൂർ മിത്രത്തിനു് അയച്ച കത്തിൽ ഈ വിഷയത്തെ പരാമർശിച്ചു പറഞ്ഞിരുന്നതു് ഓർമ്മയിൽ വരുന്നു. "വർദ്ധിച്ചുവരുന്ന തിരുവിതാംകൂർ ജനതതിയുടെ ഉദ്യോഗവാഞ്ഛ അപരിമേയമായിരിക്കുന്നു. ഒരു രാജ്യതന്ത്രജ്ഞനും, ശരിയായ വിധത്തിൽ ഈ വൈഷമ്യമേറിയ അഭ്യർത്ഥനയെ നിറവേററാൻ കഴികയില്ല എന്നുള്ളതു് ഒരു വാസ്തവം മാത്രമാകുന്നു."

അഭിമാനവും അന്തസ്സുമുള്ള നാട്ടുകളിൽ 'ഉദ്യോഗത്തിനാണു' വിദ്യാഭ്യാസമെന്നു് ആരും ധരിക്കാറുമില്ല. ഈസ്റ്റിൻഡ്യാകമ്പനിക്കാർക്കു ഗുമസ്തന്മാരെ സൃഷ്ടിക്കുവാൻ വേണ്ടി ഇംഗ്ലീഷുവിദ്യാഭ്യാസം ഇൻഡ്യയിൽ നടപ്പാക്കി എന്നു പറയുന്നതിൽനിന്നും ഈ മനഃസ്ഥിതിയെ ഒന്നുസാധൂകരിക്കാതിരിപ്പാനുംവയ്യ. ഉദ്യോഗത്തിനു വരുന്ന ചില കൌടില്യന്മാർ രണ്ടാംമുണ്ടു് ഉദരവലയമാക്കുന്നതും, ശിരസ്സുകൊണ്ടു്പാദം ചുംബിക്കുന്നതും കണ്ടിട്ടു് ആത്മാർത്ഥതയുടെ കണികപോലുമില്ലാത്ത ഒരുഉദ്യോഗം വാങ്ങിക്കൊടുപ്പുകാരനെപ്പററി തമ്പിഅവർകൾ പറയുകയാണു്:—"നാ

ണക്കേട്ട തോന്നുന്നില്ലല്ലോ മനുഷ്യന്. അവൻെറ മനുഷ്യത്വത്തിനെ അതുപോലെയുള്ള മറെറാരു മനുഷ്യൻെറ മുൻപിൽ സ്വാത്ഥത്തിനായി ബലികഴിപ്പാൻ"

ഉദ്യോഗമെന്ന വിളികൾ സമുദായങ്ങൾ വേറെ വേറെന്നു മുഴക്കുവാനാണു തിരുവിതാംകൂറിൽ വിദ്യാഭ്യാസം വർദ്ധിച്ചപ്പോൾ സാമാന്യ ജനങ്ങൾ തുടങ്ങുന്നതെന്നു തെളിയിപ്പാനാണു് ഇവിടെ ഇത്രയും പറയേണ്ടിവന്നതു്. "അപ്പക്കഷണങ്ങൾ പോലെ ഉദ്യോഗങ്ങൾ പങ്കുവച്ചു കിട്ടണമെന്നു" വാദിച്ചുകൊണ്ടിരിക്കുന്നിടത്തോളംകാലം മഹത്തായ ജനകീയ സ്ഥാപനങ്ങൾ ഉണ്ടാകാതേയും ഉള്ളതിനെ വിസ്മരിച്ചും അധോഗതിയിലേയ്ക്കു ജനങ്ങൾ പൊയ്ക്കൊണ്ടിരിക്കുകയാണെന്നു് അവർ അറിയുന്നില്ല. ഇനി പ്രകൃതത്തിലേയ്ക്കു കടക്കാം.

തമ്പി അവർകൾക്കു് കാളേജിൽ ഉണ്ടായ മിത്രങ്ങൾക്കു കണക്കില്ല. ഒരു അദ്ധ്യയന വേളയിൽ അദ്ദേഹം ക്ലാസ്സിൽ പോയതു് കോട്ടിൻെറ പുറത്തു ഒരു റോസാപ്പൂവു് കുത്തിവച്ചും കൊണ്ടായിരുന്നു. അദ്ധ്യാപകൻ തമ്പിയുടെ പുറം ചട്ടയിൽ വച്ചിരുന്ന പൂവിനെക്കണ്ടു് അതിനെ പരുഷമായി നിഷേധിച്ചു. അദ്ദേഹം പൂവ് വെളിയിൽക്കൊണ്ടു് കളയുകയും ചെയ്തു. അന്നു ക്ലാസുവിട്ടു പിരിഞ്ഞു. പിറേറന്നാൾ അദ്ധ്യാപകൻ ക്ലാസ്സിൽ വന്നപ്പോൾ വിദ്യാത്ഥികളുടെയിടയിൽ ഒരു റോസ പടൻ പൂത്തുനിൽക്കുകയാണോ എന്നു തോന്നിക്കത്തക്കവണ്ണം വിദ്യാത്ഥികളോരോരുത്തരും ഓരോ പൂവും ധരിച്ചുകൊണ്ടാ

ണു് ക്ലാസ്സിൽ ഹാജരായതു്. തലേദിവസം തമ്പി അവർ കളോടു ചെയ്ത ആജ്ഞ അത്രയ്ക്കു ശരിയായിരുന്നില്ലെന്നു കാണിപ്പാനായിരുന്നു വിദ്യാർത്ഥികൾ ഏകോപിച്ചു് ഇങ്ങ നെപ്രവർത്തിച്ചതു്. തികഞ്ഞ ഒരുല്പതിഷ്ണുവായി നമ്മുടെ കഥാനായകൻ രൂപാന്തരപ്പെടുന്നുവെന്നു് വായനക്കാർക്ക മനസ്സിലാകുവാൻ ഇനി അധികമൊന്നും വേണ്ടിവരിക യില്ല. 'ബഹളക്കാരൻ' എന്നു് ഇദ്ദേഹത്തിനെ ഇപ്പോഴേ വിളിക്കാറുമുണ്ടു്. അദ്ദേഹം ഒരിക്കൽ ക്ലാസ്സെടുത്തുകൊ ണ്ടിരിക്കുമ്പോൾ പറഞ്ഞു.

ഈ "കാസാബിയാൻകാ"യെപ്പോലെ ഒരു മഹാമ ണ്ടനെക്കാണാൻ ഒക്കുകയില്ല. തീകത്തി കപ്പലെരിയു മ്പോഴും ആത്മഹോമം ചെയ്തു, പിതൃരാജ്ഞ അനുസരിക്ക ണമെന്നു് തനയസ്നേഹിയായ പിതാവു് ആജ്ഞാപിച്ചി രുന്നില്ല. പിന്നെ അയാൾ എന്തുകൊണ്ടു രക്ഷപ്പെടാൻ ശ്രമിച്ചില്ല? ഇതിനെ എങ്ങനെ ലോകംകൊണ്ടാടുന്നു."

ഇങ്ങനെയൊരു വിമർശം ലോകത്തു് ഇതാദ്യമായി ട്ടാണുണ്ടാവുക. "സേനാനായകന്മാർ ആജ്ഞാപിക്കു മ്പോൾ തിരിഞ്ഞുനിന്നു് എന്തിനാണെന്നു ചോദിക്കാൻ പാടില്ലാതെ യുദ്ധത്തിനിറങ്ങി പ്രാണനെ ബലികൊ ടുക്കുന്ന ഭടന്മാരുടെ ആജ്ഞാനുസരണം എത്ര മടത്തര മാണു്. മറിച്ചായിരുന്നെങ്കിൽ യുദ്ധമാകുന്ന നരബലി എന്നേ അവസാനിക്കുമായിരുന്നു". കാളേജുവളപ്പിൽവച്ചു് തമ്പി അവർകൾ തന്റെ സഖാക്കൾക്കു പാഠ്യവിഷയ ങ്ങളെ പദ്യത്തിലാക്കിക്കൊടുക്കുക ഒരു വിനോദം മാത്ര

മായി സ്വീകരിച്ചിരുന്നു. അപ്രകാരം അദ്ദേഹത്തിൻെറ കൂടെ ഉണ്ടായിരുന്നവരിൽ മൂന്നു പേരെപ്പററി പിന്നീട്ട പറഞ്ഞുകേട്ടിട്ടുണ്ട്.

ഇവരിൽ ആദ്യമായി ചരമമടഞ്ഞതു് പാട്ടം, കൊച്ചു കൃഷ്ണപിള്ള എം. ഏ. എന്ന യുവകവിയാണ്. രണ്ടാമത്തേതു് മി. ദാമോദരൻപോററിയായിരുന്നു. നമ്മുടെ കഥാപുരുഷൻ സംസ്കൃതകാളേജിൽ പ്രിൻസിപ്പാളായി വരുമ്പോൾ അദ്ദേഹത്തോടൊത്തു കാവ്യശാഖയിലെ ഹെഡ്മാസ്റ്ററായിരുന്നയാളാണ് മൂന്നാമതായി പറയാൻ പോകുന്ന സഹപാഠിയായ എച്ച്. രാമസ്വാമിഅയ്യർ. ഇദ്ദേഹം ഇലന്തൂർ രാമസ്വാമിശാസ്ത്രിയെന്ന സുപ്രസിദ്ധസൂരിയുടെ പൗത്രനാകുന്നു. ആ പാരമ്പര്യം ഒന്നുകൊണ്ടു മാത്രം രാമസ്വാമിഅയ്യർ ഒരു മഹാവിദ്വാനാണെന്നു പറയുകയാണെങ്കിൽപോലും വലിയ അസാംഗത്യത്തിനു വകയില്ല. ഇദ്ദേഹവും ചരമമടഞ്ഞപ്പോൾ തമ്പി അവർകളുടെ ഹൃദയം ആശാപതംഗങ്ങളെ പഞ്ജരമെത്തിക്കൊള്ളുവാൻ ക്ഷണിക്കും വിധത്തിൽ കുഴങ്ങി. മി. എൻ. നീലകണ്ഠപ്പിള്ളയോടു രാമസ്വാമിഅയ്യരുടെ ചരമവും കൂടി അറിഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞു:-

"ഭവാവല്യാ മന്തകഃ സന്നിവിഷ്ടഃ."

ഇതുകേട്ടിട്ടു് രസവേദിയായ, മി നീലകണ്ഠപ്പിള്ള തമ്പി അവർകളെ ആ നിർഭരദുഃഖത്തിൽനിന്നും വിരമിപ്പിക്കാനൊരുങ്ങി.

(ഭവാവലീ--ഭട്ടി, ഭാരവി, ഭിക്ഷു, ഭീമസേനൻ എന്ന ഭോജസദസ്സിലെ നാലു കവികൾ തുടരെ വിലയം പ്രാപി

ച്ചപ്പോൾ വധശിക്ഷയ്ക്കു വിധിച്ച് കൊണ്ടുവരപ്പെട്ടിട്ടുള്ള ഭുക്കുണ്ഡൻ' എന്നൊരാൾ ഭൂപതിയായ ഭോജനോട്ട് പറയുന്നതാണ് ഈ പദ്യശകലം. ഭഭാവലീ ക്രമത്തിൽ അടുത്തു ഭുക്കുണ്ഡനാണ്. എന്നാൽ, തൊട്ടടുത്തതു് ഭൂപതിഭോജനാണെന്നു സാരം.)

പ്രൊഫസർ, ഏ. ആർ. രാജരാജവർമ്മത്തമ്പുരാൻ, ശ്രീ. നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള തുടങ്ങിയവർക്കു നമ്മുടെ കഥാനായകൻ വാത്സല്യഭാജനമായിരുന്നു. ഏ. ആർ. തമ്പുരാന് "തമ്പി"യെന്ന പേരുതന്നെ മധുരമായി ത്തോന്നാൻ സംഗതിയായിട്ടുണ്ട്. ഇരയിമ്മൻതമ്പിയുടെ ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ടു തമ്പുരാൻ ആലാപിച്ചാനന്ദിച്ചതിൽ പിന്നീട് "ആ താരാട്ടു ചൊല്ലുകയോ വായിക്കുകയോ ചെയ്യുന്നയാണെങ്കിൽ-ഞാൻ ഒരു ബാലനെപ്പോലെ ആനന്ദംകൊണ്ടു് ഉറങ്ങിപ്പോകും." എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. തമ്പുരാന് അങ്ങനെതമ്പി എന്നപേരിനോട്ട് അളവില്ലാത്ത വാത്സല്യമുണ്ടായി. നമ്മുടെ കഥാനായകനോട്ട് പ്രത്യേകിച്ചു തമ്പുരാനുണ്ടായിരുന്നആത്മാർത്ഥമായ സ്നേഹത്തിൻെറ പാരമ്യത കപാലകുണ്ഡലയുടെ അവതാരികയിലൂടെ അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ടു്. നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള തത്വവിജ്ഞാനത്തിൽ ഒരു തീവ്രസംവേഗനാണ്. ഇദ്ദേഹത്തിൻെറ ചിന്തകൾ പുറത്തുവരുന്നതു് സംഭാഷണത്തിലൂടെ ആണെന്നാണു കാണുന്നതു്. കേരളപാണിനിയുടെ മിക്ക ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിലും നന്ത്യാരുവീട്ടിൽ സാറിൻെറ സഹായംകൂടെ ഉണ്ടായിരുന്നു. ആററൂർ

കൃഷ്ണപ്പിഷാരടിയും നന്ത്യാരുവീട്ടിൽ സാവുമായി കേരളപാണിനീയത്തിന്റെ പ്രകാശനത്തിന്ന കുറഞ്ഞൊന്നു സഹായിച്ചിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരമൊന്നുമില്ല.

മഹാകവി കുമാരനാശാൻ തുടങ്ങിയ പ്രേമഗായകന്മാരും നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള അവർകളെ ബഹുമാനിച്ചാദരിച്ചിരുന്നതുകൂടാതെ ആരാധിക്കയുംകൂടി ചെയ്തിരുന്നുവെന്നുവേണം പറവാൻ. മുഷിഞ്ഞിരുന്നു പാഠങ്ങൾ ഹൃദിസ്ഥമാക്കി, പ്രഫസരുടെ സ്നേഹം സമ്പാദിക്കുകയല്ല തമ്പി അവർകൾ കാളേജുക്ലാസുകളിൽ ചെയ്തിരുന്നതു്. സ്വന്തം പ്രതിഭാസമ്പത്തിന്റെ മഹിമാവിലാസംകൊണ്ടു് ഒന്നൊരിക്കൽ കേട്ടാൽ അതിന്റെ നാനാവശങ്ങളും ചിന്തിച്ചെടുപ്പാൻ അദ്ദേഹത്തിന്ന സാധിക്കുമായിരുന്നു. ക്ലാസ്സിൽ പഠിക്കേണ്ടിവരുന്ന സാഹിത്യഗ്രന്ഥങ്ങൾ പ്രായേണ മുൻപു വായിച്ചിട്ടുള്ളവയായിരിക്കും. അതിനാൽ, 'നോട്ടുക'ൾ കുറിച്ചെടുക്കുന്നതിന്ന തമ്പി അവർകൾ അലസനാണു്. മി. രാമസ്വാമി അയ്യർ എഴുതിക്കൊണ്ടുവരുന്ന 'നോട്ടുകൾ' ഒന്നു വായിച്ചു കേട്ടിട്ടാണു തമ്പി അവർകൾ പരീക്ഷയ്ക്കു സന്നദ്ധനാകാറുള്ളതു്. എഫ്. ഏ. പരീക്ഷയ്ക്കു തമ്പി അവർകൾ ആദ്യത്തെ പ്രാവശ്യം പരാജിതനായി. അടുത്തതായി, സർവ്വകലാശാലക്കാർ, വിദ്യാഭ്യാസരീതിയിൽ ചില മാററങ്ങൾ വരുത്തുകയാൽ എഫ്. ഏ. പരീക്ഷ നിറുത്തൽചെയ്തു. അതിന്നു പകരം 'ഇൻഡർമീഡിയററ്' ഏർപ്പെടുത്തി. ഇൻററ്മീഡിയററു് പരീക്ഷയിൽ തമ്പി അവർകൾ പ്രശസ്തമായ വിജയം നേടിയതിന്ന കാളേജിൽനിന്നും കിട്ടിയിരുന്ന

സ്കോളർഷിപ്പ്, ഫീസിനവകയില്ലാത്ത ഒരു ബ്രാഹ്മണ വിദ്യാർത്ഥിക്കായി കൊടുത്തുവന്നിരുന്നു. 'സിഗററിനും' ധൂർത്തിനും ധനം വാരിക്കോരിച്ചെലവാക്കുന്ന മൂഢന്മാരായ വിദ്യാർത്ഥികൾക്ക് അനേകം സംഗതികൾ ഈ പ്രകൃതത്തിൽനിന്നും പഠിപ്പാനുണ്ട്. പ്രഭുകുമാരനായ തമ്പി അവർകൾ കാളേജിൽ ഫീസുകൊടുക്കാതെ വിഷമിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ ആർക്കും ആശ്ചര്യം തോന്നുകയില്ലേ? തനിക്കുള്ള ഫീസിനെ, ഫീസു കുടിശ്ശികക്കാരായ സഹപാഠികൾക്കായി ആദ്യമായിത്തന്നെ കൊടുക്കുകയാലാണ് ഇങ്ങനെ സംഭവിക്കുന്നതു്. അക്കാലത്തു്, പ്രിൻസിപ്പാൾ 'ഹഡ്സൺ'സായിപ്പ് ക്ലാസ്സിൽ വന്നു ഇപ്രകാരം പറയുക പതിവായിരുന്നു. "ഈ ക്ലാസ്സിലെ ഏററവും ധന്യകനായ വിദ്യാർത്ഥിയാണു (തമ്പിഅവർകൾ) ഫീസു കുടിശ്ശികക്കാരിൽ ഒന്നാമൻ." ഒരു വിദ്യാർത്ഥിയെന്ന നിലയിലും തികഞ്ഞ വദാന്യത്വം തമ്പിഅവർകൾ പ്രകടിപ്പിച്ചിട്ടുണ്ട്. അനുകരണഭ്രമം തീണ്ടാത്ത ഒരു യുവാവെന്നു മാത്രമല്ല, അനാഘ്രാതമായ ആശയങ്ങളുടെ വിളനിലവും കൂടിയായിരുന്നു നമ്മുടെ കഥാനായകൻ, എന്നു് പ്രിൻസിപ്പാൾ ഹഡ്സൺ പറഞ്ഞുവന്നിരുന്നു. ഭാഷാശാസ്ത്രപഠനത്തിൽ തമ്പിഅവർകൾ കാണിച്ചിട്ടുള്ള വൈദഗ്ദ്ധ്യവും വൈദുഷ്യവുമാണു സായിപ്പവർകളെ അത്ഭുതാധീനനാക്കിയിട്ടുള്ളതു്.

കാളേജുവിദ്യാഭ്യാസകാലത്തുതന്നെ തമ്പിഅവർകൾ വിവാഹബന്ധത്തിലേർപ്പെട്ടു (൧൦൬൩-ൽ). ഈ മഹാന്റെ പത്നീപദം ലഭിച്ചതു തിരുവട്ടാററമ്മവീട്ടിൽ ശ്രീമതി

രുഗ്മിണിപ്പിള്ളക്കൊച്ചമ്മയ്ക്കായിരുന്നു. സൗന്ദൎയ്യത്തിനും സൽഗ്ഗുണങ്ങൾക്കും രുഗ്മിണിപ്പിള്ളക്കൊച്ചമ്മ ഒരണിനിലയനമായിരുന്നുവെന്നു പ്രസിദ്ധിയുണ്ട്. ജീവനും ഭൎത്താവും ഭിന്നമല്ലെന്നറിയാൻ കഴിഞ്ഞിട്ടുള്ള കുലീനദാരങ്ങൾക്ക് രുഗ്മിണിപ്പിള്ളക്കൊച്ചമ്മ ഒരു മാതൃകാസഹോദരിതന്നെയാണ്. വിവാഹംകൊണ്ട് വിദ്യാൎത്ഥി ജീവിതത്തിനും മററു പുരോഗതികൾക്കും വിഘ്നം വരുന്ന ചെറുപ്പക്കാൎക്കു തമ്പി അവർകളുടെ വിവാഹജീവിതം ശ്രദ്ധേയമായിരിക്കും.

ബി. ഏ. പരീക്ഷയ്ക്കുള്ള കാൎയ്യപരിപാടി കണ്ടതിൽ പിന്നീടാണ് ആഗതമാകുന്ന പരീക്ഷയുടേയും ശ്രമത്തിന്റേയും ഗൗരവം തമ്പി അവർകൾ മനസ്സിലാക്കുന്നത്. എന്നാൽ ആയിടക്ക് ആകസ്മികമായി നേരിട്ട പനിയും മററുംകൊണ്ട് അദ്ദേഹം നന്നേ പീഡിപ്പിക്കപ്പെട്ടു. എന്തിനു! വായിക്കുന്നതിന്നോ, പരീക്ഷയ്ക്കുപോകുന്നതിനോ സാധിക്കയില്ലെന്നു തമ്പി അവർകളും ബന്ധുക്കളും തീർച്ചപ്പെടുത്തി. കൊട്ടാരം ഡാക്ടർ ശങ്കരമൂൎത്തിപ്പിള്ളയുടെ ചികിത്സാപാടവവും, രുഗ്മിണിപ്പിള്ളക്കൊച്ചമ്മയുടെ പരിചരണസാമൎത്ഥ്യവും നിമിത്തം തമ്പി അവർകൾക്കു ശയ്യയിൽ എണീററിരിക്കാം എന്നായി. എങ്കിൽ, കാളേജിൽ പോകുന്നതിനു് വണ്ടിയുടെ സഹായവും ഉണ്ടല്ലോ. അക്കൊല്ലംകൂടിയ "പരിഷ്കരിച്ച പാഠപദ്ധതിപ്രകാരമുള്ള ആദ്യത്തെ ബി. ഏ. പരീക്ഷയിൽ സംസ്കൃതവും മലയാളവും ഐച്ഛികമായെടുത്തു്" അദ്ദേഹം പാസാകുക

തന്നെ ചെയ്തു. പ്രഥമസറന്മാരുടേയും സഹപാഠികളുടേയും സ്നേഹസമ്പൂർണമായ താലോലമേററു് മധുരമായിക്കഴിഞ്ഞുകൂടിയ തിരുവനന്തപുരത്തെ കലാലയജീവിതവും അവസാനിപ്പിച്ചുകൊണ്ടു് ൧൦൮൮-ൽ അദ്ദേഹം കാളേജുവിട്ടു.

---

# അദ്ധ്യായം ൯.

## വിദേശയാത്ര.

ബി. ഏ. പാസായിറങ്ങി അധികം താമസിക്കുന്നതിനു മുൻപു, തമ്പി അവർകളെ ഹജൂർ കച്ചേരിയിൽ 'അററാഷെ' എന്നൊരു ഉദ്യോഗത്തിൽ നിയമിച്ചു. പ്രസ്തുത ജോലിയിലിരിക്കുമ്പോൾ തന്നെ സ്ഥലത്തെ 'ലാക്കാളേജി'ൽ ചേൎന്നു നിയമാദ്ധ്യയനം തുടങ്ങിയെങ്കിലും അതു തുടൎന്നിരുന്നില്ല. പ്രിൻസിപ്പാൾ 'ററഡ്സൺ' മുൻപു തന്നെ തമ്പി അവർകൾ പാശ്ചാത്യദേശങ്ങളിൽ സഞ്ചരിപ്പാനും, അവിടെ അദ്ധ്യയനം നടത്താനും ഉപദേശിച്ചു പോന്നിരുന്നു. എന്നാൽ ചില പ്രതിബന്ധങ്ങൾ വലയം ചെയ്തിരിക്കയാൽ ഉടനെതന്നെ അതു സാദ്ധ്യമായില്ല. എങ്കിലും രൂഢമൂലമായ ആ ആശ തമ്പി അവർകളിൽ നിന്നും മാഞ്ഞുപോയിരുന്നില്ല. ഉദ്യോഗത്തിൽ കയറിയതിൽ പിന്നീടും ഉള്ളിൽ നിഗ്രഹനം ചെയ്തിരിക്കുന്ന അഭിലാഷത്തോടുകൂടി രണ്ടു കൊല്ലത്തോളം കഴിച്ചുകൂട്ടി. ൧൦൮൦-ാമാണ്ടു് ധനുമാസത്തിൽ നമ്മുടെ കഥാനായകൻ ഉപരിപഠനത്തിനായി വേണ്ടിവരുന്ന സമയത്തിനു് ഒരു മൂന്നുകൊല്ലത്തേയ്ക്കു അവധിക്കപേക്ഷിച്ചു. അന്നുവരെ തമ്പി അവർകളെപ്പോലെയുള്ള രാജസ്യാലന്മാരോ, പ്രഭുഗൃഹങ്ങളായ അമ്മവീടുകളിലുൾപ്പെട്ടവരോ ആരുംതന്നെ കടൽ കടന്നുള്ള ഒരു യാത്രയ്ക്കു് ഇറങ്ങുകയു

ണ്ടായിട്ടില്ല. അമ്മ വീടുകളിലെ തമ്പിമാരിൽ ആദ്യമായി ബി.ഏ. ബിരുദംനേടിയതു് നമ്മുടെ കഥാനായകൻ മാത്രമാണു്. അതിൽ പിന്നീടാണു് അരുമനയമ്മവീട്ടിൽനിന്നും മി. ഏ. ഏൻ. തമ്പി ഉപരിപഠനത്തിനായി ഇംഗ്ലണ്ടിൽ പോയതു്. ഒന്നാമതായി നമ്മുടെ കഥാപുരുഷനു നേരിട്ടിരുന്നതായ യാത്രാപ്രതിബന്ധം തിരുമനസ്സിലെ അനുജ്ഞ വാങ്ങിക്കാനായിരുന്നു. എന്നിട്ടു്, അവിടുന്നു തിരുവുള്ളമുണ്ടായി കുട്ടനു് ഇംഗ്ലണ്ടിൽ പോവാൻ കല്പന കൊടുത്തു. ആ കല്പന ഭാവിശ്രേയ:പിശുനശകുനമാണെന്നു തമ്പി അവർകൾ നിശ്ചയിച്ചുറച്ചു. കുട്ടനു് ബിലാത്തിയിൽ വേണ്ട സുഖസൗകര്യാദികൾക്കു ശട്ടംകെട്ടുവാനും തിരുമനസ്സുകൊണ്ടാജ്ഞാപിച്ചിരുന്നു. കൂടാതെ അപ്പോൾ തിരുവിതാംകൂറിൽ വളരെക്കാലം ജഡ്ജിയായിരുന്ന 'ഹണ്ടു്'സായിപ്പ് ഉദ്യോഗമൊഴിഞ്ഞു് ഇംഗ്ലണ്ടിലേയ്ക്കുപോകകയായിരുന്നു. ഹണ്ടുസായിപ്പിനോടു കൂടിയാണു് തമ്പിഅവർകളെ കപ്പൽകയറുന്നതു്. തമ്പി അവർകൾ തിരുവിതാംകൂർവിട്ടു് യാത്രയ്ക്കായി സായിപ്പിനെ പ്രതീക്ഷിച്ചുംകൊണ്ടു് കൊളമ്പിലെ "ഓറിയൻറ"ൽ ഹോട്ടലിൽ താമസിക്കുമ്പോൾ തിരുവനന്തപുരത്തെ ഒരു മിത്രത്തിനയച്ചിരുന്ന കത്തിൻെറ സംഗ്രഹം ചുവടെ ചേക്കുന്നു.

എൻെറ ഓമനക്കുട്ടി സരസ്വതിയെ ഓക്കുന്തോറും, സങ്കടമധികപ്പെടുന്നു. (തമ്പി അവർകൾക്കു ൧൦൨൯-ാം മാണ്ടു് രുഗ്മിണിപ്പിള്ള കൊച്ചമ്മയിൽ ജനിച്ച ഏകസന്താനമാണു് സരസ്വതി.) ഓടിക്കളിച്ചു നടക്കുന്ന അവളെ, കണ്ടുകൊണ്ടിരിക്കുന്ന നിങ്ങൾ തന്നെ ഭാഗ്യവാന്മാർ.

ഹണ്ടുസായിപ്പും മദാമ്മയും വന്നെങ്കിലോ. വാസ്തവത്തിൽ ആഹാരംപോലും ചെല്ലുന്നില്ല. എനിക്ക പറഞ്ഞിട്ടുള്ള തുപോലെ മയൂരസന്ദേശവും, അക്ബറും വാങ്ങി അയയ്ക്കണം, അല്ലെങ്കിൽ മലയാളം ഞാൻ മറന്നുപോകും. പാപ്പിയോടു സമാധാനമായിരിപ്പാൻ പറയണം. (പാപ്പി എന്നു പറയുന്നതു രുഗ്മിണിപ്പിള്ളക്കൊച്ചമ്മക്കുള്ള ഓമനപ്പേരാണ്.) സരസ്വതിയുടെ ദേഹസ്ഥിതിയെപ്പററി മെയിൽതോറുമെഴുതിഅയയ്ക്കണം.

അതോടൊന്നിച്ച് രുഗ്മിണിപ്പിള്ളക്കൊച്ചമ്മക്കുള്ള കത്തിൽ ഇങ്ങനെയൊരു ശ്ലോകംകൂടി കാണാം.

"ഇംഗ്ലണ്ടിൽ പോയ് ബിരുദ്ദപലതാൎന്നിങ്ങു-
ഞാനെത്തുവോളം
രണ്ടോ മൂന്നോ വരിഷമയി, നീ,കണ്ണടച്ചാനയിച്ചാൽ
പിന്നീടാവാംവിരഹകദനത്തിങ്കൽനാം തിങ്കളാസ്യേ!
പേത്തും പേത്തും പലതുനിരുപിക്കുന്നതോരോന്നു-
മാൎയ്യേ!

ഈ കത്തു് എത്ര സ്വാഭാവികമായിരിക്കുന്നു.

"ബിരുദ്ദ പലതാൎന്നിങ്ങു ഞാനെത്തുവോളം" എന്ന മോഹത്തോടുകൂടിയാണ് തമ്പി അവർകൾ ഇംഗ്ലണ്ടിലേയ്ക്കു തിരിക്കുന്നതു്.

പൂൎവ്വനിശ്ചയംപോലെ ഹണ്ടുസായിപ്പും, മദാമ്മയും കൊളമ്പിലെത്തി. ആയിരത്തിതൊള്ളായിരത്തി പതിന്നാലാമ്മാണ്ടു ഡിസംബർമാസം ഒടുവിൽ സംഭവബഹുല

മായ തൻെറ ഇംഗ്ലണ്ടു യാത്രയ്ക്കു തമ്പിഅവർകൾ ഹണ്ട സായിപ്പുമായി കപ്പൽകയറി. സമുദ്രതരണംകൊണ്ട് ആരോഗ്യം ക്ഷീണിക്കുന്നതായി ആദ്യമാദ്യം തോന്നിയിരുന്നുവെങ്കിലും, ദിനചര്യയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കയാൽ അത്തരം പീഡകളിൽനിന്നും രക്ഷ നേടുവാൻ തമ്പിഅവർകൾക്കു കഴിഞ്ഞു. അന്തമില്ലാത്ത സാഗരവും നീലവർണ്ണമായ നഭഃസ്ഥലവും കണ്ടുകണ്ട്, തമ്പി അവർകളുടെ ബുദ്ധിയും മനസ്സും നവമായി വികസിക്കുവാൻ വകയായി എന്നു പറഞ്ഞിട്ടുണ്ട്. ൧൯൧൪-ലെ ശനിപ്പിഴ (മഹായുദ്ധം) ആരംഭിച്ച്, കറുത്തിരുണ്ട മഹായുദ്ധാന്തരിക്ഷം ഭയാനകമായിത്തീരാൻ തുടങ്ങുന്ന വേളയിലാണു നമ്മുടെ കഥാനായകൻ പാശ്ചാത്യപര്യടനത്തിനിറങ്ങിയിട്ടുള്ളത്.

"പ്രകൃതിമൃതിനരൻ-അതിലെന്തുചിന്ത
വികൃതിസ്വധർമ്മലോപം-അതുഭയഹേതു."

എന്നെഴുതുന്ന തമ്പിഅവർകൾ സമരഗഹ്വരത്തിൽനിന്നും ധാരധാരയായി വമിച്ചെഴുന്ന ധൂമപംക്തിയെ ഭയപ്പെടുമോ? അടങ്ങി ഒതുങ്ങിക്കഴിക്കുന്ന ഒരു വിദ്യാർത്ഥിക്കു യുദ്ധവിപത്തിനെ പേടിക്കേണ്ടതുമില്ല. ഈശ്വരകൃപയാൽ നിശ്ചിതദിവസത്തിനുള്ളിൽ തമ്പിഅവർകളും സായിപ്പും ഇംഗ്ലണ്ടിലെത്തി. തമ്പിഅവർകളാകട്ടെ, ചരിത്രപ്രസിദ്ധമായ ആംഗലഭൂമിയിൽ ഒരു സൈ്വരവിഹാരം നടത്താനൊരുമ്പെട്ടു. ആംഗലഭൂമി (United Kingdom) ഒരു പ്രദർശനശാലപോലെ മനോഹരമായിട്ടുണ്ടെന്നു സായിപ്പന്മാർ പറഞ്ഞു തമ്പിഅവർകളെ ധരിപ്പിച്ചിരുന്നു.

ഹിമശീകരങ്ങളാൽ മൂടിക്കിടക്കുന്ന മൈതാനങ്ങൾ, അതിമനോഹരമായ സൌധനിരകൾ, വ്യവസായശാലകൾ, കമ്പോളസ്ഥലങ്ങൾ, നാവികസങ്കേതങ്ങൾ, പ്രഭുസദനങ്ങൾ, പ്രസംഗമണ്ഡപങ്ങൾ, നാടകവേദികൾ, വിദ്യാനികേതനങ്ങൾ, അനാഥവേശ്മകൾ, മഹിളാലയങ്ങൾ, സൈനികനിലയനങ്ങൾ, വെൺകൊററക്കുട നിവന്നെഴുംപോലുള്ള ശവകുടീരങ്ങൾ, ദേവാലയങ്ങൾ, അത്യുന്നതമായ യശഃസ്തംഭങ്ങൾ എന്നു തുടങ്ങി നേത്രോത്സവങ്ങളായ അനേകം കാഴ്ചകൾ, തമ്പിഅവർകളുടെ സഹജമായ ചിന്താഗതിക്കു വിസ്തൃതി കൂട്ടി. നിരവധി സുഹൃത്തുക്കൾ അദ്ദേഹത്തിനവിടെ ലഭിച്ചു. ബ്രിട്ടീഷ് പ്രജകളുടെ ജീവിതത്തിലുള്ള ഗുണദോഷങ്ങളെ നല്ലവണ്ണം അദ്ദേഹം പഠിച്ചു. അപ്പോൾ, പാശ്ചാത്യജീവിതത്തെ സ്പർശിച്ചുകൊണ്ടു് തമ്പിഅവർകൾ നാട്ടിലെ സ്നേഹിതന്മാർക്കു് അനേകം കത്തുകൾ അയച്ചിട്ടുണ്ടു്. 'ഹേവൻ' എന്നൊരു പൊതുവിശ്രമമന്ദിരം സന്ദർശിച്ചപ്പോൾ, അവിടത്തെ 'സന്ദർശകക്കുറിപ്പിൽ' തമ്പിഅവർകൾ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

*Boar's Hill (near Oxford) (5 miles)*

*In the Visitors' Book-"THE HAVEN" 19 May '16.*

From Scouces, Proctors, Bulls infernal
From boiled Beef and Buns eternal
"A Haven" indeed wert thou rightly named
And through generations be thou justly famed
Of bashful Freshers unfledged, unhatched
Who here may wing their maiden flights unwatched
And here O! Solitude, Thy charms are found
And the Sweetest Hostess, sure, for miles around.

"ഓക്സ്ഫോർഡി"ലെ ഭൂസ്ഥിതിതൊട്ടുള്ള എല്ലാ വിശേഷങ്ങളും, ദൂരസ്ഥിതനായ ഒരാൾക്കു ദൃഷ്ടിഗോചരീഭവിക്കുംപോലെയുള്ള വിവരണങ്ങളടങ്ങിയ ഒരു കത്തു മി. നീലകണ്ഠപ്പിള്ളയ്ക്കും അയച്ചിരുന്നു. നിർഭാഗ്യംകൊണ്ടെന്നപോലെ ആ കത്തുകൾ ഓരോരുത്തരും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നു പറയേണ്ടിവരുന്നതിൽ എങ്ങിനെയാണു വ്യസനിക്കാതിരിക്കുക! ൧൯൧൫ ജൂൺ മാസത്തിൽ തമ്പിഅവർകൾ രുഗ്മിണിപ്പിള്ളകൊച്ചമ്മയ്ക്കു് അയച്ച ഒരു ചിത്രത്തിന്റെ മറുവശത്തു് ഇപ്രകാരമെഴുതിയിരിക്കുന്നു:—"ഇതാണു നമ്മുടെ തൽക്കാല വാസസ്ഥലം. (ചിത്രം സൗധത്തിന്റേതാണ്) വളരെ ഭംഗിയുള്ള ഒരു ചെറിയ വീടാണ്. "Sanderlands" എന്നാണു പേരു്. ഇനി കാളേജു തുറക്കുന്നതുവരെ ഇതുതന്നെയായിരിക്കും നമ്മുടെ വീടെന്നാശിക്കുന്നു. കടൽക്കരയിൽനിന്നും ഒരു വിളിപ്പാടു ദൂരെയാണ്. വക്കലെക്കൊട്ടാരംപോലെ. ഈ കാർഡുകളൊക്കെ കളയാതെ വച്ചേക്കണം. ഒരു കാലത്തു നമുക്കു നോക്കി രസിക്കാൻകൊള്ളാം."

(ഒപ്പ്)

25 June 15

Sanderlands-wales

കുതിരസ്സവാരി ചെയ്യുന്നതു്, സൈക്കളിൽ സഞ്ചരിക്കുന്നതു്, വിരുന്നുകളിൽ പങ്കുകൊള്ളുന്നതു്, ഇങ്ങനെ അനേകം ചിത്രങ്ങൾ ഇക്കൂട്ടത്തിലുൾപ്പെടുന്നു.

ഒന്നാമതായി തമ്പി അവർകൾ യൂറോപ്യൻ ഭാഷക ളിൽ പുരാതനത്വവും പ്രാധാന്യവുമുള്ള ലാററിൻ, ജമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകൾ, സമത്ഥരായ പണ്ഡിതന്മാരുടെ ശിക്ഷണത്തോടുകൂടി പഠിച്ചുതുടങ്ങി. സംസ്കൃതത്തിൽ അദ്ദേഹത്തിനുള്ള ജ്ഞാനത്തെ ഓക്സ്ഫോർഡിലെ പണ്ഡിതന്മാർ ശ്ലാഘിച്ചു മാനിച്ചിരുന്നു. സംസ്കൃതസാഹി ത്യ ചരിത്രമെഴുതിയ പ്രൊഫസർ "മാക"ഡോണൽ" എന്ന മഹാനും, തമ്പിഅവർകളുമായി ശാസ്ത്രസംവാദങ്ങളിലേ പ്പെട്ടുകയുണ്ടായിട്ടുണ്ട്. വിസ്മയാവഹമായ രീതിയിൽ സജ്ജമാക്കിയിരിക്കുന്ന ഗ്രന്ഥശാലകളാണ് യൂറോപ്യൻ പണ്ഡിതന്മാരെ പണ്ഡിതസാർവ്വഭൗമന്മാരാക്കാറുള്ളത്. ബിലാത്തിയിലെ ഗ്രന്ഥശാലകളിൽ കാണുന്ന ഗ്രന്ഥങ്ങ ളുടെ എണ്ണം തിട്ടപ്പെടുത്താൻ ഇരിക്കുന്ന ഒരുത്തന് ഗണ നീയമായ ഒരു സമയം അതിനുവേണ്ടി ചെലവിടേണ്ടി വരും. കുറഞ്ഞ തോതിലെങ്കിലും നാം ദാർഢ്യത്തോടു കൂടി പരിശ്രമിപ്പാനൊരുങ്ങുന്നുവെങ്കിൽ ഭാരതീയഭാഷക ളിൽ സായിപ്പന്മാർ ഭാരതീയരെത്താണ്ടിപ്പോവുകയുണ്ടാ കുകയില്ല. തമ്പിഅവർകൾ "പുസ്തകപ്പുഴക്കളായ പണ്ഡി തന്മാക്കു നവമായ ആശയം ഇല്ല" എന്നു പറഞ്ഞുവ ന്നിരുന്നു.

ക്രിസ്ത്വാബ്ദം ൧൮൭൭-ൽ, നമ്മുടെ കഥാനായകൻ ഓക്സ്ഫോർഡിലെ "സ്കാളർഷിപ്പിനു പ്രസിദ്ധമായ" ബേ ലിയിൽ (Balliol College) കാളേജിൽ ചേന്ന് അദ്ധ്യയനമാരംഭിച്ചു. ബി. സി. എൽ. എന്ന ഉന്ന തനിയമബിരുദം സമ്പാദിക്കണമെന്നായിരുന്നു തമ്പി

അവർകളുടെ പരിപാടി. അതിനു വേണ്ടിയുള്ള പ്രാഥമിക പ്രാരംഭങ്ങൾക്ക തമ്പി അവർകൾ പ്രത്യേകം ദൃഷ്ടി വച്ചു. പരീക്ഷയ്ക്കു ഉത്സാഹവാനായി വായിച്ചുവന്നു. മൂന്നാഴ്ച പരിശ്രമംകൊണ്ടു് അദ്ദേഹം ആദ്യത്തെ പബ്ളിക്ക പരീക്ഷയിൽ വിജയിയായി. "ഗ്രേസ് ഇൻ" എന്നനിയമാഭ്യസന കേന്ദ്രത്തിൽ ബാർ-അററ്ലാക്ക പഠിക്കവാൻകൂടി. ഇവിടെവച്ചാണു് എസ്. എസ്. സൂര്യനാരായണശാസ്ത്രിയുമായുള്ള ആദ്യത്തെ വിരുന്നു്. സംസ്കൃതത്തിൽ ഉന്നത ബിരുദങ്ങൾ നേടുവാനും തമ്പി അവർകൾ ശ്രമിച്ചിരുന്നു. പാശ്ചാത്യ വിദ്യാഭ്യാസകാലത്തു സ്ഥിരോത്സാഹിയായ ഒരു വിദ്യാർത്ഥിയ്ക്കു ഒരവസരത്തിൽ ഒന്നിൽ കൂടുതൽപരീക്ഷയ്ക്കു പഠിക്കവാനും ബിരുദം സമ്പാദിപ്പാനും കഴിയുന്നതാണു്. "ബിരുദപലതാനു്" പോരണമെന്ന അത്യാർത്തി പെരുകിനിന്ന തമ്പി അവർകളിൽവന്നു കൂടുന്നമാററം ഈ തരുണത്തിൽ വിശേഷവിധിയായി അറിവാനുള്ളതാണു്. പാശ്ചാത്യനാട്ടുകളിലെ വിദ്യാർത്ഥികൾക്ക സാധാരണ കിട്ടിവരാറുള്ള സ്വാതന്ത്ര്യവും വികാസവും ശതഗുണം വർദ്ധമാനമായിട്ടേ ഇരിക്കയുള്ളു. സ്വതന്ത്രമായി അഭിപ്രായങ്ങൾ തുറന്നു പറവാനും, സിദ്ധാന്തങ്ങളെപ്പററി ചർച്ചചെയ്യാനും മററും വേണ്ടുവോളം അവിടെ സ്വാതന്ത്ര്യമുണ്ടു്. ആ സ്വാതന്ത്ര്യം നമ്മുടെ കഥാനായകനു് നല്ലപോലെ വികസിക്കവാൻ കാരണമായി. നിയമപരിജ്ഞാനത്തിനെക്കാളും സംസ്കൃതാദ്ധ്യയനമാണു് തനിക്ക ആവശ്യമെന്നു തമ്പിഅവർകൾ കരുതി. പക്ഷെ, ജ്ഞാനവും ബിരുദവുമായി അദ്ദേഹം ഒന്നു തുലനം ചെയ്തുനോക്കി.

അവിടെ പഠിക്കുവാൻ കിട്ടിയ സമയങ്ങളിൽ അദ്ദേഹം പഠിക്കതന്നെ ചെയ്തു. എങ്ങിനെയെന്നാൽ ആർഭാടത്തോടുകൂടി സർവ്വകലാശാലാജീവിതം നയിച്ചു കഴിഞ്ഞിട്ട് ബിരുദംനേടി മടങ്ങുന്നവരായവിദ്യാർത്ഥികളിൽ ഭൂരിപക്ഷത്തിനും ശരിയായി വായിച്ച് സമയം ഉപകാരപ്രദമാക്കുവാൻ കഴിയാതായിട്ടുണ്ട്. പാഠ്യവിഷയങ്ങൾ, തനിക്കു ലഭിച്ചിട്ടുള്ള ജ്ഞാനത്തിനപ്പുറത്താണെന്ന് തമ്പി അവർകൾക്കു തോന്നിയിരുന്നില്ല. അഥവാ, പഠിക്കണമെന്നു വന്നാൽ തന്നെയും സാമാന്യർ ചെലവിടുന്നതു പോലെയുള്ള സമയം അദ്ദേഹത്തിന് ആവശ്യമായിത്തോന്നിയിട്ടില്ല. ജ്ഞാനത്തിന്റെ മാനദണ്ഡം ബിരുദമല്ലെന്നു തമ്പി അവർകൾ ഉറച്ചുകഴിഞ്ഞു. ഭൗതികമായ മേന്മയെ കാംക്ഷിക്കുന്നവക്ക് ബിരുദമില്ലാത്ത ജ്ഞാനവുംകൊണ്ടു മടങ്ങുകയാണെങ്കിൽ സർവ്വകലാശാലാ ജീവിതം അപരിഹാര്യമായ ഒരു നഷ്ടവുംകൂടി ആയിരിക്കും.

അക്കാലത്ത് അയർലണ്ടുകാരുടെ സ്വാതന്ത്ര്യപ്രക്ഷോഭണം പൂർവ്വാധികം ശക്തിമത്തായിആരംഭിക്കുവാൻ ഭാവിക്കയായിരുന്നു. തമ്പി അവർകളുടെ 'ഐറിഷ്'സ്നേഹിതന്മാരിൽനിന്നും അയർലണ്ടുകാർ അനുഭവിച്ചുപോരുന്ന തിരാദുരിതങ്ങളും അതിൽ അധീശ ഗവൺമെൻറ് കൈക്കൊണ്ടിരുന്ന മനോഭാവവും അദ്ദേഹം നല്ലപോലെ മനസ്സിലാക്കി. സ്വാതന്ത്ര്യത്തിനു ദാഹിക്കുന്ന ജനകീയപക്ഷത്തോട് തമ്പിഅവർകൾക്കുണ്ടായ അനുഭാവം അതിരററതായിരുന്നു. ജീവിതത്തിലെ നിസ്തുല്യ സ്വത്തായ സ്വാതന്ത്ര്യത്തിനെക്കാളും വലുതു് ജീവികൾക്കു മറെറാന്നു

മില്ല. സ്വാതന്ത്ര്യം സമ്പാദിപ്പാൻ കീടങ്ങൾപോലും യുദ്ധം ചെയ്യുന്നുവെന്നുള്ളതു് നിസ്തർക്കമായ പരമാത്ഥമാണു്. തമ്പി അവർകൾ ഇക്കാലത്താണു് 'ഭാരതമാതാ' എന്നൊരു ഗാനം ഇംഗ്ലീഷിൽ രചിക്കുന്നതു്.

## MOTHER INDIA

*Composed in August '16, to the tune of "Clementine" at the instance of Elsie Mausele of 109 Southmoor Road, Oxford.*

Queen enthroned in three hundred
Million Hearts O! Mother mine,
There's no Beauty, there's no strength can
Rival Thine O! Mother mine.

*Chorus*

Thou'rt the Fairest Thou'rt the Rarest
Thou'rt the Dearest Mother mine
Every drop of my sad heart's blood
I'll shed for Thee Mother mine

Thy soft smile so clear and content
Soaks my Soul in Sweet Sunshine
Yet upon Thy lips so tender
Lurks a frown O Mother mine.

*Chorus*

We're not Stocks O, we're not stones O
We're not cattle led and blind
Hearts do bleed and hands do speed Thy
Hest to do O Mother mine.

*Chorus*

Come the whole world, Come the Fates all
And against Thy wish combine
We'll shock them all, or to a man fall
In Thy service Mother mine

സർവ്വും ഉപേക്ഷിച്ചും, സ്വാതന്ത്ര്യലബ്ധിക്കായി പോരാട്ടുവാനും അല്ല, അതിന്ന കഴിഞ്ഞില്ലെങ്കിൽ തന്നെ പോരാട്ടുന്നവരെ കണ്ടാശീർവദിപ്പാനുള്ള ഒരു മനോഗതി സഹിക്കവയ്യാതെ നമ്മുടെ കഥാനായകനിൽ എഴുന്നു നിന്നു. 'ശരീരവേദന സഹിക്കാനുള്ള ശേഷിക്കുറവു മാത്രമാണ് അദ്ദേഹത്തെ ഇരുമ്പഴികളുള്ള കാരാഗൃഹങ്ങളിൽ നിന്നും പുറം തള്ളിയതു്. എന്നാൽ ധൈര്യംകൊണ്ടു തടവുഭിത്തികളെ തകർക്കാൻ അദ്ദേഹത്തിന്ന കഴിയുന്നുമുണ്ടു്" എന്നു് തമ്പി അവർകളെ നല്ലതുപോലെ പഠിച്ചതിന്ന ശേഷം മി. പരമേശ്വരൻ തമ്പി പറയുന്നു. ഐറിഷ് പ്രക്ഷോഭണത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ തന്നെയും ആ രംഗങ്ങൾ നേരിട്ടു കാണുന്നതു് ശക്തിമത്തായി, ഉള്ളിൽ ഇരച്ചുകയറുന്ന വികാരത്തിന്ന ചെറുതായൊരു ശാന്തി ഉണ്ടാക്കുന്നതാണെല്ലോ. തന്നിമിത്തം ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ ഗളച്ഛേദനത്തിന്ന കാരണമാക്കിയാൽ തന്നെയും കാര്യമില്ലെന്നു് അദ്ദേഹം ശപഥം ചെയ്തു. ഇതിന്നും പുറമെ തമ്പി അവർകൾ കാളേജിലെ വിദ്യാർത്ഥ്യുപദേശക സംഘാദ്ധ്യക്ഷനുമായി ചിലപ്പോഴൊക്കെ പിണങ്ങേണ്ടതായുംവന്നു. വിദ്യാർത്ഥികൾ സിനിമ കാണാനും മററും സ്വേച്ഛപോലെ പുറത്തു പോകുന്നതിനെ അധികാരികൾ നിയന്ത്രിച്ചിരുന്നിട്ടും തമ്പി അവർകൾ അതിനെ ശ്രദ്ധിക്കുന്നതിൽ താല്പര്യം കാണിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ പ്രകൃതത്തിന്ന ആരുടേയും ഉപദേശങ്ങൾ അസ്ഥാനത്തിലായിട്ടുംതീർന്നു. വിദ്യാർത്ഥികളുടെ ഇടയിൽ തമ്പിയെന്നു പറഞ്ഞാൽ ബഹുമാന്യ

മായ പേരാണ്. പണമുള്ളപ്പോൾ അവരെ സൽക്കരിപ്പാൻ തമ്പി അവർകൾക്കുള്ള ബദ്ധപ്പാട് പറയാവതല്ല. സ്നേഹിതന്മാരെ സൽക്കരിക്കുന്നതിൽ അവിടെയും കുറച്ചിട്ടില്ല. അദ്ദേഹത്തിനു പണക്കുറവിനാലുണ്ടായിട്ടുള്ള കഷ്ടതകൾ 'ജയിലിലേയ്ക്കയച്ചില്ലാ' എന്ന വ്യത്യാസമേ ഉള്ളൂ. തമ്പി അവർകളോടുകൂടി അദ്ധ്യയനം നടത്തിയിരുന്നവർക്ക് തമ്പി എന്നപേരു ഒരുസ്നേഹമന്ത്രമായിഭവിച്ചു. ബിരുദവും ജ്ഞാനവും ഏതു പ്രകാരത്തിലാണ് അദ്ദേഹം കാണുന്നുവെന്നു മുൻപുപറഞ്ഞുവല്ലോ. ബിരുദം ഒന്നും നേടിയില്ലെങ്കിലും ഒരുവിധത്തിലുമുള്ള പാരതന്ത്ര്യം, തനിക്കനുഭവിക്കാനോ തന്നെപ്പോലെയുള്ള ഒരുസമസൃഷ്ടി അനുഭവിക്കുന്നതു കാണാനോ ഭീരുത്വമുള്ളവനാണ് തമ്പി അവർകൾ. അയർലണ്ടിലെ സ്വാതന്ത്ര്യകാഹളം തമ്പി അവർകളെ അങ്ങോട്ടു ക്ഷണിക്കുന്നതു പോലെയും മുൻപിലുള്ള മററു സംഗതികൾ എല്ലാം അതിനു മാർഗ്ഗരോധനം ചെയ്യുന്നതു പോലെയും അദ്ദേഹത്തിനു തോന്നി. ഈ അവസ്ഥയിൽ വിദ്യാർത്ഥ്യുപദേശകസംഘാദ്ധ്യക്ഷൻ തമ്പി അവർകളെ ഗുണദോഷിപ്പാനായി ഒരു ദിവസം അടുത്തുകൂടി. അദ്ദേഹം തമ്പി അവർകളോട് ഉപദേശിക്കുവാനാരംഭിച്ചു. തമ്പി അവർകൾ വിനയപൂർവ്വം കേട്ടുകൊണ്ടിരുന്നു. ഒടുവിൽ, വിപ്ലവബുദ്ധിയായ വിദ്യാർത്ഥിയുടെ മനഃസ്ഥിതി ഒന്നു പാടേമറിച്ചിടുവാൻ അദ്ദേഹം ശ്രമിച്ചുനോക്കി. ഇതിൽ യൂറോപ്യന്മാരുടെ കൃത്യനിർവ്വഹണസാമർത്ഥ്യം പുകഴ്ത്തേണ്ടതായിട്ടുണ്ട്. എന്തെല്ലാമോ ഒക്കെ സായിപ്പവർകൾ തമ്പി അദ്ദേഹത്തെ ഉപദേശി

ച്ചുവെങ്കിലും തൻെറ നിശ്ചയത്തിൽനിന്നോ ലക്ഷ്യത്തിൽ നിന്നോ അദ്ദേഹത്തിനു രേഖാമാത്രവും വ്യതിചലിക്കാൻ കഴിയുന്നില്ലെന്നു പറയേണ്ടിവന്നു. ഉടനെ സായിപ്പു വർകൾ താൻ വൃദ്ധനാണെന്നും തൻെറ വാക്കുകൾ നിരസിക്കത്തക്കതല്ലെന്നും തമ്പി അവർകളെ കേൾപ്പിച്ചു.

സായിപ്പ് ഇങ്ങനെ തുടൎന്നു.

"Mr. Tampi, I am old enough to be your father"

Tampi:—"Sir, I am bald enough to be your grand father".

ഈ സംഭാഷണമുണ്ടായതിനു ശേഷം തമ്പി അവർകൾ കാളേജു വിട്ടിറങ്ങുന്നതിനാണ് തീർച്ചപ്പെടുത്തിയതു്. "ബഹളക്കാരൻ, വിപ്ലവബുദ്ധി" എന്നൊക്കെ നമ്മുടെ കഥാനായകനെ വായനക്കാർ അറിഞ്ഞിരുന്നതു, ഇപ്പോൾ ഒരു വിപ്ലവകാരിയായിട്ടു തന്നെ കാണേണ്ടി വരുന്നു. ൧൯൧൬-ൽ ആണ് 'ഐറിഷ്' കലാപം അത്യുഗ്രമായിത്തീൎന്നതു്. ൧൯൧൬-ലെ 'ഈസ്റ്റർ' ഒഴിവിനു ബിരുദങ്ങളൊന്നും കൂടാതെ ചുരുങ്ങിയകാലത്തെ അദ്ധ്യയനവും കഴിഞ്ഞു് കഥാപുരുഷൻ കാളേജുംവിട്ടു് അയർലണ്ടിലേയ്ക്കു പാഞ്ഞെത്തുവാനായി പുറത്തേയ്ക്കു വന്നു.

പട്ടിണിയും ദുരിതങ്ങളും എന്തെന്നറിഞ്ഞിട്ടില്ലാത്ത തമ്പി അവർകൾ അതിനോടെല്ലാം പടവെട്ടാനെന്ന പോലെ അയർലണ്ടിലേയ്ക്കു യാത്രയുമായി.

അയർലണ്ടുകാർ സ്വാതന്ത്ര്യസമ്പാദനത്തിന്ന് എവ്വിധം പോരാടുന്നുവെന്നു കാണാനാണു തമ്പി അവർകൾക്കുള്ള അത്യാശ. അദ്ദേഹം അയർലണ്ടിലെത്തിച്ചേൎന്നിട്ട്, വിപ്ലവകാരികളുടെ ചില നേതാക്കന്മാരെ പരിചയപ്പെടുകയും കുറേനാൾ അവരോടൊത്ത്, അവിടവിടെയായി താമസിക്കയുംചെയ്തു. മറെറാന്നും പറവാൻ കഴിയുന്നില്ല അത്രയല്ല, നിമിഷങ്ങളോരോന്നും സംഭവബഹുലങ്ങളായിരുന്നു. ഒരു ദിവസം തമ്പിഅവർകൾ 'ഡബ്ലിനി'ലെ ഒരു മാളികപ്പുറത്തിരിക്കുമ്പോൾ, അടുത്തു റോഡരികിലുള്ള ഒരു കെട്ടിടത്തിൽ തീക്കുടുക്ക പൊട്ടിത്തെറിക്കുകയാൽ ഭവനം ശിഥിലമായി നിലംപതിച്ചു. അടുത്ത അല്പനിമിഷങ്ങൾക്കുള്ളിൽ ആ സ്ഥലത്തു സൈനികോദ്യോഗസ്ഥന്മാർ പാഞ്ഞെത്തി; ടക്കിത്തൊപ്പി ധരിച്ചിരിക്കുന്ന തമ്പി അവർകളെയും (ടക്കിത്തൊപ്പി തമ്പി അവർകൾ പിന്നീടും ധരിച്ചുപോന്നിരുന്നു) തന്റെ ഒരു സഹഗാമിയേയും അവർ പിടികൂടി. "തൂക്കിക്കാരനായ ഈ ചെറുപ്പക്കാരൻ വിപ്ലവകാരികളിൽ പ്രധാനനാണ്" എന്ന് അവർ പറഞ്ഞു. സൈനികർ തമ്പി അവർകളെ ശിക്ഷിക്കണമെന്നു തീൎച്ചപ്പെടുത്തി. അപ്പോൾ ജീവാപായം സംഭവിക്കുന്നതു്, ആൎക്ക്, എപ്പോൾ, എന്ന് ഒരു തീൎച്ചയും ഇല്ല. യാതൊരുതരമായ സ്തോഭവും കൂടാതെ തമ്പിഅവർകൾ സൈനികരോടു പറഞ്ഞു. "നിങ്ങൾ കുററക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതിൽ എനിക്കു യാതൊരു ചാഞ്ചല്യവും ഇല്ല." നിൎദ്ദോഷികൾക്കു വിപദ്ദശയിൽ അന്തഃകരണം തെല്ലും ചലിക്കുന്നതല്ലല്ലോ.

കുററക്കാരനെന്നു്, ഒരുവനെ എങ്ങനെ ഘോഷിച്ചാലും നീതിജ്ഞൎക്കു, നിരപരാധിയുടെ ദൎശനം നിദൎശനമാണു്. ഉറച്ച ധൈൎയ്യവും, ഉൾത്തുറന്ന പരമാൎത്ഥ കഥനവും, മൃത്യുമുഖത്തിൽനിന്നും രക്ഷനേടുവാൻ അദ്ദേഹത്തിനു് ഇടം കൊടുത്തു. അറിഞ്ഞും അറിയാതെയും അയർലണ്ടിൻെറ പല ഭാഗങ്ങളിലും തമ്പി അവർകൾ ചുററിസഞ്ചരിച്ചു. അപ്പോഴത്തെ സ്ഥിതിഗതികൾ വൎണ്ണനാതീതമാണു്. മുറകളെല്ലാം തെററിച്ചു് സ്വതന്ത്രമായി കാളേജു വിട്ടുപോയതുകൊണ്ടു് നാട്ടിൽനിന്നും സഹായങ്ങൾ ഒന്നും തന്നെ അദ്ദേഹത്തിനു ലഭിക്കുമായിരുന്നില്ല. നാട്ടിൻപുറങ്ങളിൽ ചെന്നു ഗ്രാമീണരോടു ഭക്ഷണം വാങ്ങിക്കഴിച്ചുകൊണ്ടു ചില ദിവസങ്ങൾ കഴിച്ചുകൂട്ടി. ഏതു ഗ്രാമീണകുടുംബത്തിൽ ചെന്നാലും അവരോടു വളരെ വേഗം ഇടപഴകാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. അവൎക്കു്, രസികനായ ഇത്തരമൊരതിഥിയെ മുൻപു കാണുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമായിരുന്നു. തമ്പി അവർകൾ ഗ്രാമീണരെ വശത്താക്കുന്നതിനു്, ഇൻഡ്യയിലെ കഥകൾ പറഞ്ഞും, കവിതകൾ രചിച്ചുകൊടുത്തും, മധുരമായി സംഭാഷണം ചെയ്തുമുള്ള നയങ്ങൾ അനുഷ്ഠിച്ചിരുന്നു. ഒരു മഹതിയുടെ *'ചിത്രസഞ്ചയ'ത്തിൻെറ മുഖവുരയായി തമ്പിഅവർകൾ ഇങ്ങനെ എഴുതിയിരിക്കുന്നു.

*In Ruby Bate's Album.*

Spring is sweet with budding flowers
Summer's sweet with Silvery Seas

KOTTAYAM PUBLIC LIBRARY KOTTAYAM.

* Album.

Autumn's sweet with golden foliage
Hoary winter with home fires cheery
Then let us all combine and turns unceasing take
And your life one long, long spell of sweetness make.

ആക്കും തമ്പി അവർകളോടു പഴകിയാൽ വിട്ടുപിരിയാൻ കഴിയാത്തവിധം ഒരു സ്നേഹം തോന്നിപ്പോകും. വിട്ടുതിക്കായിട്ടെങ്കിലും ഒരു ഭവനത്തിൽ അല്പം താമസിച്ചു പഴകിയാൽ ആ കുടുംബത്തിനു തമ്പി അവർകൾ പിരിഞ്ഞുപോകുമ്പോൾ വല്ലാത്ത വൈമനസ്യം ഉണ്ടാകും. ആഹാരം നൽകിയതിനു പ്രതിഫലം വാങ്ങുവാനും അവർ ഒരുങ്ങുകയില്ല. "ജിഹ്വാഗ്രേ വർത്തതെ ലക്ഷ്മീ" എന്ന മഹദ്വാക്യം അദ്ദേഹത്തിന്റെ ആത്മസംരക്ഷണത്തിന് എത്രയോ തവണ മതിയായിട്ടുണ്ട്. വെറും ഉരുളക്കിഴങ്ങും തിന്നുകൊണ്ട് അനേകം നാളുകൾ അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. അതുപോലും കിട്ടാതെ അഹോരാത്രം പട്ടിണിയും കിടക്കേണ്ടിവന്നിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ഒരു ദിവസം ഒരു ഗ്രാമപ്രദേശത്തിൽനിന്നു അഞ്ചാറു് ഉരുളക്കിഴങ്ങുമായി മടങ്ങുമ്പോൾ മൂന്നാലുപേർ ഒരാക്രമണം നടത്തുന്നതു തമ്പി അവർകൾ നോക്കിനിന്നു. അന്നും സൈനികരുടെ കൈയിൽ അകപ്പെടാതിരുന്നില്ല. സത്യം മാത്രമാണു് അദ്ദേഹത്തെ അപ്പോഴും രക്ഷിച്ചതു്. ഇത്തരമുള്ള സംഭവങ്ങൾ സർവ്വസാധാരണങ്ങളായിരുന്നു. ഇതിലൊന്നും തമ്പിഅവർകൾ ലേശവും വകവച്ചിട്ടില്ല. അസഹ്യമായ തണുപ്പ്, തലപൊക്കാൻ വയ്യാത്ത വിശപ്പ്, സംഭ്രമജനകമായ സംഭ

ഖങ്ങൾ ഇതൊക്കെയാണ് അയർലണ്ടിൽനിന്നും തമ്പി അവർകൾക്ക് അനുഭവപ്പെട്ടതു്. ഈ പാഠമാണ് അദ്ദേഹത്തെ ഒരു തികഞ്ഞ സ്ഥിതിസമത്വവാദിയാക്കുന്നതു്. ലോകത്തിൻെറ ഒരു വശത്തു്, സ്വാതന്ത്ര്യത്തിനുള്ള മുറവിളിയും പോർവിളിയും; മറുവശത്തു, അടിച്ചമത്തുന്ന അമറലും വിറയലും; ഇങ്ങനെയാണ്. അതു തമ്പി അവർകൾ കൺമുൻപിൽ കണ്ടു മടുക്കുകയല്ല ചെയ്തതു്, പിന്നെയോ ഇതിന് പോംവഴിയെന്തെന്നാരായുവാനും പ്രേരിതനായി.

പ്രപഞ്ചമാണു വായിക്കേണ്ട പുസ്തകം; അവിടെയാണു ജ്ഞാനത്തിൻെറ വിന്യാസം, എന്നു പറയുമ്പോൾ ഒരുപക്ഷേ വായനക്കാർ ഭ്രമിച്ചുപോയേക്കാം. തീച്ചയായും, അരങ്ങത്തിറങ്ങി പ്രവത്തിക്കുമ്പോൾ, വന്നുകൂടുന്ന ജയാപജയങ്ങളെക്കൊണ്ടുണ്ടാകാവുന്ന പരിപുഷ്ടമായ അറിവു്, അനർഘസമ്പത്താണ്. പക്ഷേ, അതു് എല്ലാവക്കും ഒത്തുകൊള്ളുകയില്ലല്ലോ. അനന്തരം തമ്പി അവർകളിൽ ജാതമായ ആശയവികാസം ഊഷരഭൂവിലെ സസ്യങ്ങൾപോലെ മുരടിച്ചിട്ടില്ലേ? ഇല്ല. അതു് അമന്നു കിടക്കുകയായിരുന്നു. പത്രപ്രവത്തനത്തിലേർപ്പെട്ട തമ്പി അവർകൾ പിന്നീടു് കാലയാപനം ചെയ്യാൻ തുടങ്ങി. അദ്ദേഹം പത്രത്തിനെഴുതിക്കൊടുക്കുന്ന ലേഖനങ്ങൾ പത്രാധിപരുടെ പ്രത്യേക പ്രശംസയോടുകൂടാതെ പുറത്തുവരാറുണ്ടായിരുന്നില്ല. സുന്ദരമായി ഇംഗ്ലീഷ് എഴുതുവാൻ അദ്ദേഹത്തിനുണ്ടായിരുന്നകെല്പു് ആഅവസരത്തിൽ

ജീവസന്ധാരണത്തിന് ഉപകരിച്ചു. ലണ്ടന്‍ നഗരത്തിലെ ചില പത്രപ്രവര്‍ത്തകര്‍ തമ്പി അവര്‍കളുടെ ലേഖനചാതുര്യത്തെ പ്രശംസിച്ചിട്ടുണ്ട്. അദ്ദേഹം അയര്‍ലണ്ടില്‍നിന്നും മടങ്ങി ലണ്ടനിലെത്തി. തിരുവിതാംക്കൂര്‍കാരനായ മറെറാരു യുവാവ് ഇംഗ്ലണ്ടിലെ ലേഖകവൃത്തികൊണ്ട് ആഹാരത്തിനു വകനേടിയിരുന്നതു നാം മറന്നുകൂടാത്തതാകുന്നു. "ഇന്‍ഡ്യന്‍പ്രതിനിധികള്‍" എന്ന പ്രസിദ്ധഇംഗ്ലീഷ്ഗ്രന്ഥത്തിന്‍െറ കര്‍ത്താവായ ബാരിസ്റ്റര്‍, ജി.പി.പിള്ളയല്ലാതെ മുന്‍പറഞ്ഞ ലേഖകന്‍ മററാരുമല്ല. 'മദ്രാസ് സ്റ്റാന്‍ഡാര്‍ഡ്' എന്ന പത്രത്തിന്‍െറ അധിപനായിരുന്നുകൊണ്ട് പൊതുജനസേവനം ചെയ്തു സുസ്ഥിരമായ യശസ്സാര്‍ജ്ജിച്ചിട്ടുള്ള ഒരു പുരുഷകേസരിയാണ് ബാരിസ്റ്റര്‍ ജി. പി. മാന്യവായനക്കാര്‍ ഇദ്ദേഹത്തെക്കുറിച്ച് ധാരാളമായി കേട്ടിരിപ്പാന്‍ ഇടയുള്ളതുകൊണ്ട് പ്രകൃതത്തില്‍ കൂടുതലായി ഒന്നും പറയണമെന്നുദ്ദേശിക്കുന്നില്ല. നമ്മുടെ കഥാനായകന്‍ ലണ്ടനിലെത്തിയിട്ടും നാട്ടിലേയ്ക്കു മടങ്ങുന്ന കാര്യം ഒന്നും ആലോചിക്കുന്നതേയില്ല. എന്നാല്‍ തിരിച്ചു ചെല്ലാനുള്ള അഭ്യര്‍ത്ഥനകള്‍ കിട്ടിക്കൊണ്ടിരിക്കാതെയുമല്ല. പിന്നെയും, അദ്ദേഹം ചില സഞ്ചാരങ്ങള്‍കൂടിച്ചെയ്തിരുന്നു. പാരീസില്‍ താമസിച്ചിരുന്ന ഒരു ഘട്ടത്തെപ്പററി അദ്ദേഹം പറഞ്ഞതു് "ദിവസങ്ങള്‍ പോയതു് ഞാനറിഞ്ഞതേയില്ല" എന്നായിരുന്നു. പണമുള്ളപ്പോഴുമില്ലാത്തപ്പോഴും ഒരാളിന്‍െറ ജീവിതവും തല്‍സംബന്ധമായ അവസ്ഥാന്തരങ്ങളും പ്രത്യേകിച്ചു ബ്രിട്ടനില്‍ അത്തരക്കാരനായ ഒരുവന്‍െറ നിസ്സഹായ

തയും തമ്പി അവർകളുടെ ചുരുങ്ങിയ അവിടത്തെ ജീവിതത്തിനുള്ളിൽനിന്നും അദ്ദേഹം മനസ്സിലാക്കി. അപ്പോഴും 'പാപ്പി'യെയും 'സരസ്വതി'യെയുംപററി ആലോചിക്കുമ്പോഠം തമ്പി അവർകളിൽ വന്നുകൂടാവുന്ന വ്യഥയ്ക്കു അളവില്ലായിരുന്നു. എന്നാൽ, അതു് ഓർമ്മയുടെ അരികത്തെങ്ങാണ്ടോ ആയിരുന്നുവെന്നല്ലാതെ, വിരഹം അദ്ദേഹത്തെ കീഴ്പ്പെടുത്തിയതില്ല. അവസ്ഥാഭേദങ്ങളാൽ മനസ്സു ചലിക്കപ്പെട്ടും ഇല്ല. ദുഃഖാകുലയായ 'പാപ്പി'യെ ചില പൂർവ്വകഥകഠം പറഞ്ഞു (വക്കലതൊഴാൻപോയതു്) സമാധാനപ്പെടുത്തുന്നതിനായിതമ്പി അവർകളയച്ചിരുന്ന ഒരു കത്തു (പദ്യങ്ങഠം) ഇങ്ങനെ ആരംഭിക്കുന്നു.

"കാലത്തേ'സരസമ്മ'തൻെറ സരസാലാപാല്യണനുള്ളതും
നീരാടീട്ടു ജനാർദ്ദനൻെറ പദതാർ കൃപ്പാനണഞ്ഞുള്ളതും
തൊണ്ണൂറാംപടികേറവേ കഴൽകഴച്ചുണ്ടായെയാരക്കുണ്ഠിതം
കണ്ണൻചേവടി കണ്ട നേരമഖിലം മണ്ടിപ്പറന്നുള്ളതും.

ഹുംകാരത്തൊടടിച്ചു തീരമഖിലം ഭസ്മീകരിക്കുംവിധം
ഗാംഭീര്യം പെരുകുന്നൊരംബുധിയതിൻ തീരത്തുനാം
നിന്നതും,
അപ്പോഴായതിനോടു സാമ്യമിയലാൻ നമ്മഠംക്കെഴും
രൂഢമാം
പ്രേമംതാനൊരുവസ്തുകണ്ടതുമയേ! മയ്യുണ്ണിയോക്കുന്നുവോ?
നമ്മഠംക്കുള്ളനുരാഗമിങ്ങുടലെടുത്തുണ്ടായൊരപ്പുത്രിതൻ
തേൻചോരും നറുകൊഞ്ചൽ കാതിനുസദാ സാഫല്യ
മേകീടവേ

സ്വൎഗ്ഗം ഭാവിയിലെന്നുമൂഢർ മറയിട്ടീടട്ടെയോൎത്താലിതേ-
സ്വൎഗ്ഗംനന്നിതിനാംനിനച്ചതുമയേ! മെയ്യുണ്ണിയോൎക്കു
ന്നുവോ?
നമ്മൾക്കീയുലകത്തുജീവിതമതിൻ സാഫല്യസൎവ്വസ്വമായ്
ത്രൈലോക്യേശനയച്ച കല്പകതരുത്തയ്യായൊരപ്പൈതലെ
ചാലേപാൎത്തു തദൎത്ഥമായ് പലതരംകൃത്യത്തിലത്യാകുലാൽ
ബാലേ! നീ മരുവുമ്പൊഴെൻ വിരഹജം മാലേറെയാലോ
ചിയാ."

൧൯൧൪ ജൂലായി മാസത്തിൽ 'പാപ്പി'യുടെ ഒരു ചിത്രം തമ്പി അവർകൾക്കു കിട്ടിയപ്പോൾ അതിന്റെ ചുവട്ടിൽ ഇംഗ്ലീഷിൽ ഇപ്രകാരം ഒരു കവിത എഴുതിയിരിക്കുന്നു.

So lovely, love-laved, liquid, laughing, gay
Long may thine eyes shine forth and light my way
And ne'er a tear bed in their sweet vision
But bred of joy and sacred soft compassion
And may thy Soul's eternally radiant light
Around thee e'er the Sacred halo cast
Which takes the edge off stinging shafts of spite
And grudging envy turns to friendship fast.

൧൯൧൪-ാം മാണ്ടവസാനത്തിൽ നാട്ടിലേയ്ക്കു തിരിക്കണമെന്നു നിൎബ്ബന്ധിച്ചുകൊണ്ടുള്ള ബന്ധുലേഖനങ്ങളിൽനിന്നും ഒഴിഞ്ഞുമാറുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒഴികഴിവുകളെക്കൊണ്ടു് അതു മാററിവയ്ക്കുവാൻ യത്നിച്ചിട്ടും ഒടുവിൽ പോകുന്നതിനുതന്നെ തീൎച്ചപ്പെട്ടതി.

ഇനി ഒരു നേരമ്പോക്കുപറയാം. ക്ലേശങ്ങൾകൊണ്ടു ഞെങ്ങിഞെരുങ്ങുന്ന ഒരവസരത്തിൽ തിരുവിതാംകൂർ ചീഫ്സെക്രട്ടറിയായിരുന്ന മി. വീയറാക്കു് കുറെ പണത്തിനാവശ്യപ്പെട്ടുകൊണ്ടു തമ്പി അവർകൾ ഒരു കേബിൾ അയച്ചു. അസൌകര്യങ്ങളാൽ, മി. വീയറാ, "ഞാൻ എന്തു ചെയ്യട്ടെ." എന്ന മറുപടി അയച്ചപ്പോൾ അതിനു "നീ അടുത്തുള്ള മരത്തിൽ ക്ഷണം തൂങ്ങിച്ചാവു്" എന്നു വിനോദവും വിഷാദവും തിരയടിക്കുന്ന സ്വരത്തിൽ തമ്പി അവർകൾ മറുപടി കൊടുത്തു. ഇതെല്ലാം അദ്ദേഹം നേരമ്പോക്കുകളുടെ കൂട്ടത്തിൽ തള്ളാവുള്ളതാണെങ്കിലും ഇതിൽനിന്നും വായനക്കാക്കു രസിക്കാനായി വല്ലതും കണ്ടേയ്ക്കാം.

(തമ്പി അവർകളുടെ പാശ്ചാത്യജീവിതത്തെപ്പററി സൂര്യനാരായണശാസ്ത്രികൾ എഴുതുന്നു.) "അദ്ദേഹത്തിൻെറ

> ദൃഢമായ സ്വാതന്ത്ര്യബോധം വികസ്വരാവസ്ഥയിലേക്കു കാലൂന്നി. എന്നാൽ ൧൯൧൪-ലെ 'സമ്മർടേം' അവസാനിക്കുംമുമ്പു് 'ഡാൺസിനോ' 'അണ്ടർഗ്രാഡുവേററുകൾ'ക്കോ അദ്ദേഹത്തിൻെറ ധൈര്യത്തെ ഇളക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രകൃത്യാ ശാന്തനെങ്കിലും സ്വവർഗ്ഗത്തെ സംബന്ധിച്ചോ, പുരുഷപരമായോ ആരെങ്കിലും അപഹസിക്കുന്നതായി ഒരു വിദൂരശങ്ക ഉദിച്ചാൽ അദ്ദേഹത്തിൻെറ ഭാവം പകരുമായിരുന്നു. ഒരു വിവിധപ്രദർശനാവസരത്തിൽ, കായികാഭ്യാസചതുരകളായ ചില ബെൽജിയൻസ്ത്രീകളെ കണ്ടിട്ടു്,മലയാളനാട്ടിൽമാ

ത്രമേ ഇതുപോലെ ശരീരസൗഭാഗ്യമുള്ളതായിക്കേട്ടിട്ടുള്ളൂ എന്നു് ഒരു സ്നേഹിതൻ പ്രസ്താവിച്ച മാത്രയിൽ അദ്ദേഹം കോപാക്രാന്തനായിച്ചമഞ്ഞു. ആ കോപാവേശത്തെ അടക്കുന്നതിന്നു് എൻെറ നയപ്രയോഗം അല്പം അപേക്ഷിതമായിത്തീൎന്നു. ആ ടേമിൻെറ അവസാനത്തിൽ അദ്ദേഹം വൈദികപരീക്ഷയിൽ ചേൎന്നു. ഭഗവത്ഗീതയായിരുന്നു അദ്ദേഹത്തിൻെറ വിഷയം. ബസൻറു് മദാമ്മ ഇംഗ്ലീഷ്തൎജ്ജിമയോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ളതും രണ്ടണ വിലയുള്ളതുമായ ഒരു ഗീത അതിലേക്കായി അദ്ദേഹം വാങ്ങിച്ചിരുന്നു. ആ പ്രതി ഇപ്പോൾ എൻെറ കൈവശമുണ്ടു്. വാങ്മുഖേനയുള്ള പരീക്ഷാമദ്ധ്യേ പരീക്ഷകന്മാരിൽ ഒരാളായ ഒരു റിട്ട: 'സിവിലിയൻ' ഏതാനും പദ്യങ്ങൾ വായിക്കാൻ തമ്പിയോടു പറഞ്ഞു. അദ്ദേഹത്തിൻെറ ഉച്ചാരണരീതി വംഗദേശീയരുടേതാണെന്നു് ആ പരീക്ഷകൻ പ്രസ്താവിച്ചപ്പോൾ തമ്പി ചോദിച്ചു. "പ്രിയപ്പെട്ട സർ, എൻെറ നാടു ബംഗാളിൽനിന്നു് എത്രയോശതം മൈൽ അകലെയാണു്; അടുത്തെങ്ങുമല്ല." അദ്ദേഹം ആത്മവിസ്രബ്ധനായിത്തീൎന്നു് നല്ല തൻേറടം പ്രകാശിപ്പിച്ചു തുടങ്ങി. (തമ്പി അവൎകളുടെ അയർലണ്ടു് യാത്രയെപ്പററി)......................................................

തത്സമയം തമ്പിയും അയർലണ്ടു സന്ദൎശിച്ചു. ആ സന്ദൎശനം അദ്ദേഹത്തെ സ്വന്തനാട്ടിലേക്കു തിരിച്ചു വിളിക്കുന്ന വിഷയത്തിൽ എത്രമാത്രം പ്രേരക

മായിത്തീൎന്നുവെന്നു് അറിയാൻ തരമില്ല. എന്നാൽ അവിടെവച്ചു് അദ്ദേഹത്തിന്നുണ്ടായ സഹാനുഭൂതികൾ–അവയിൽ ചിലതദ്ദേഹം പ്രതീക്ഷിച്ചിരുന്നതേയല്ല–അദ്ദേഹത്തിൻെറ ജീവിതത്തെ ഗണ്യമായ വിധത്തിൽ വിജ്ഞാനസമ്പന്നമാക്കിത്തീൎത്തുവെന്നുള്ളതിന്നു സംശയമില്ല. അദ്ദേഹം ഇംഗ്ലണ്ടിൽ തിരിച്ചെത്തിയതിന്നുശേഷം പല ക്ലേശങ്ങൾക്കും തെററിദ്ധാരണകൾക്കും പാത്രീഭവിച്ചു. എന്നാൽ അവയ്ക്കിടയ്ക്കും, ധൈൎയ്യം അദ്ദേഹത്തിന്നെ ഉപേക്ഷിച്ചിരുന്നില്ല; സദാപ്രസന്നനായും, അതിഥിസൽക്കാര തല്പരനായും ഉത്സാഹിയായും അദ്ദേഹം വൎത്തിച്ചിരുന്നു. ശാന്തശീലനെങ്കിലും അദ്ദേഹത്തിൻെറ സാന്നിദ്ധ്യമാത്രത്താൽ നിരുന്മേഷമായ ഏതു സംഘവും ഉത്സാഹഭരിതമായിത്തീരുമായിരുന്നു. മനസ്സിൽ എന്തെങ്കിലും കുണ്ഠിതങ്ങളുണ്ടായിരുന്നാലും, അവയെ തെല്ലുപോലും വെളിയിൽ കാണിക്കാതെ, അതിന്നിടയ്ക്കു് സ്നേഹിതൻെറ ദുഃഖത്തെ ശമിപ്പിക്കുന്ന വിഷയത്തിൽ അദ്ദേഹം ജാഗരൂകനായിരിക്കയും ചെയ്യും."

കപ്പൽ മുങ്ങുകയും കൂട്ടത്തോടെ ജീവനാശം സംഭവിക്കുകയും ചെയ്യുന്ന ൧൮൩൩-ാം വൎഷം അവസാനത്തിന്നുമുൻപു് ഉദ്ദേശിച്ചിരിക്കാതെ നമ്മുടെ തമ്പി അവർകൾ നാട്ടിലേയ്ക്കു് കപ്പൽ കയറി.

## അദ്ധ്യായം ൪.

### വിദേശസഞ്ചാരത്തിനുശേഷം

സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്യുന്തോറും അതിൻെറ പ്രഭ കൂടിവരുന്നതുപോലെ, സംഭവാഗ്നികളാൽ സംശുദ്ധി ചെയ്യപ്പെട്ടിട്ടുള്ള തമ്പി അവർകൾ യാത്രാനന്തരം പ്രോജ്ജ്വലിതഭാസമാനനായിത്തീൎന്നുവെങ്കിലും അത്ര തേജസ്സിനു പ്രകാശിക്കുവാൻ പററിയതല്ലായിരുന്നു ഇവിടത്തെ കാലസ്ഥിതികൾ. തജ്ജന്യമായ ഒരു നിരാശ അദ്ദേഹത്തിൻെറ മനസ്സിൽ ഏശിയിരുന്നു. അതു് അദ്ദേഹത്തെ വിശദമായി മനസ്സിലാക്കിയിട്ടുള്ള മി: വെങ്കിട്ടരാമയ്യങ്കാർ വീണ്ടും പറയുന്നു. "തമ്പിക്കു വികസിക്കുവാൻ തിരുവിതാംകൂർ ഒരിക്കലും പററിയതല്ല. സിംഹവിക്രമനായ ഒരുൽപ്പതിഷ്ണു കേരളത്തിനു് ഉപയോഗമില്ലാതായിത്തീൎന്നു. അതു നൂററാണ്ടുകളിൽ അപൂൎവ്വമായി കിട്ടാവുന്ന ഒന്നാണു്. പാശ്ചാത്യനാടുകളിൽ തന്നെ തമ്പി ജീവിതം തുടൎന്നിരുന്നുവെങ്കിൽ............"

ഒരിക്കൽ തിരുമനസ്സുകൊണ്ടു തമ്പി അവർകളുടെ വിദേശ ജീവിതത്തിൽ ചില കളങ്കങ്ങളുണ്ടെന്നു ശങ്കിച്ചിട്ടു് ഇങ്ങനെ കല്പിച്ചു.

"കുട്ടാ, നിന്നെപ്പററി പലതും ഞാൻ കേട്ടു."

തമ്പി അവർകൾ അല്പം ആലോചിച്ചിട്ടു്—"അടിയൻ അവിടുന്നു കേൾക്കുന്നതു ഇവിടത്തെ ഒരു പ്രഭുകുടുംബ

ക്കാരൻ കുട്ടനെപ്പററിയായിരിക്കാം. അടിയന്ന് എന്തെങ്കിലും ഒരു അസ്വാതന്ത്ര്യതയുണ്ടെങ്കിൽ അതൊന്നുമാത്രമാണ്, അതില്ലെങ്കിൽ അടിയന്ന് മററുകുററമൊന്നുമില്ല." എന്നു തിരുമനസ്സറിയിച്ചു.

തിരുമനസ്സുകൊണ്ടു് തമ്പി അവർകളുടെ ആശയഗതി മനസ്സിലാക്കി ഒന്നുചിരിച്ചു. മനുഷ്യസ്വഭാവം പഠിപ്പാനും സദസദ്വിവേചനം ചെയ്വാനും ഗുണാംശങ്ങളെ ശിവൻ ചന്ദ്രക്കലയെ എന്നപോലെ ശിരസാശ്ലാഘിപ്പാനും വിജ്ഞാനവൃദ്ധനായ രാജർഷി, ശ്രീമൂലംതിരുമനസ്സിലേയ്ക്കു പ്രത്യേക പാടവമുണ്ടായിരുന്നു. പണ്ടെങ്ങുംകേട്ടിട്ടുപോലുമില്ലാത്ത വിധം ആശയ സമ്പത്തോടുകൂടിയ ഒരു രാജസ്യാലനാണ് തനിക്കുള്ളതെന്നു തിരുമനസ്സിൽനിന്നും കല്പിച്ചതായി തമ്പി അവർകൾ സംസാരിച്ചിട്ടുണ്ടു്.

നാം സമ്പാദിക്കുന്ന ഗ്രാന്ഥികജ്ഞാനംകൊണ്ടുമാത്രം നമ്മുടെ അന്തഃകരണത്തിനു ആവശ്യമുള്ള മുഴപ്പു കിട്ടുമെന്നു വിചാരിക്കരുതു്. നമ്മുടെ കഥാനായകനിൽ കാണുന്ന പരിഷ്കാരം ഗ്രാന്ഥികജ്ഞാനംകൊണ്ടു മാത്രമുണ്ടായിട്ടുള്ളതല്ല. സഞ്ചാരം; ഏതു ദുർബലഹൃദയത്തേയും ബലിഷ്ഠവും, വരിഷ്ഠവുമാക്കും. യാത്രാവിവരണങ്ങൾ വായിച്ചറിയുന്നതിനു മനുഷ്യൻ കാണിക്കുന്ന ആസക്തി അപ്രമേയമാണല്ലോ. ഇംഗ്ലീഷിൽ അത്തരം വിവരണങ്ങൾക്ക് പ്രാധാന്യം കൊടുത്തിട്ടുള്ളതു പോലെ മററെങ്ങും കാണുകയില്ലായെന്നു പറയാം.

പിന്നീടൊരിക്കൽ തമ്പിഅവർകൾ തിരുമനസ്സിനെ മുഖം കാണിക്കാൻ പോയപ്പോൾ, ഇന്നു് അംഗീകരിക്കപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസനയം മാററണമെന്നും പകരമൊരു പുതിയപദ്ധതി നിർമ്മിക്കുവാൻ കല്പിക്കണമെന്നും അറിയിച്ചുകൊണ്ടു് അനേകം വിദ്യാവിചക്ഷണന്മാരുടെ സിദ്ധാന്തങ്ങളുടേയും പദ്ധതികളുടേയും ജയാപജയങ്ങളെ വിമർശിച്ചു കേൾപ്പിച്ചു. തിരുമനസ്സുകൊണ്ടു് ആഹ്ളാദപൂർവ്വം കേട്ടുകൊണ്ടിരുന്നിട്ടു് കല്പിച്ചു--"കുട്ടാ, നീ ബുദ്ധിയുള്ളവനാണു്." ഇങ്ങനെ പല സന്ദർഭങ്ങളിലും കുട്ടന്റെ വൈശിഷ്ട്യം തിരുമനസ്സിനു് അറിയാൻ കഴിഞ്ഞിരുന്നു. ശ്രീ: ആർ. അച്ചുതൻതമ്പി, ബാരിസ്റ്റർ എം. കെ. നാരായണപിള്ള തുടങ്ങിയ ചില സ്നേഹിതന്മാരുമായി 'വിദ്യാഭ്യാസരീതി പരിഷ്ക്കരിക്കണം' എന്ന വിഷയത്തെ ആധാരമാക്കി സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണു് തമ്പി അവർകൾ താൻ മുൻപുതന്നെ അതിനു് അത്യാവശ്യക്കാരനായിരുന്നുവെന്നു് പറഞ്ഞുകൊണ്ടു് തിരുമനസ്സുമായുണ്ടായ സംഭാഷണത്തെ എടുത്തു പറഞ്ഞതു്. അദ്ദേഹം ഇങ്ങനെ തുടർന്നുപറഞ്ഞു. "ഗുരുകുല വിദ്യാഭ്യാസംകൊണ്ടു കിട്ടിയിരുന്നതു ജ്ഞാനംമാത്രമല്ല; സ്വാശ്രയശീലം, പരശുശ്രൂഷമുതലായി മനുഷ്യനു് അത്യാവശ്യമായ ശീലങ്ങളും കൂടിയാണു്. അക്കാലം പോയി. ദരിദ്രക്കും പണക്കാക്കും ഒരുപോലെയുള്ള വിദ്യാലയങ്ങൾ, നാഴിയിൽ ഇടങ്ങഴി കൊള്ളിക്കുംപോലെയാകുന്നു. (വിദേശങ്ങളിലെ ചില പബ്ളിക്കു് സ്കൂളുകളുടെ ചരിത്രം അദ്ദേഹം ഉദാഹരിച്ചുകൊണ്ടു പറഞ്ഞു.) പ്രഭു കുമാരന്മാക്കുള്ള പണശേഷി പാവപ്പെട്ടവരുടെ സന്താനങ്ങൾക്കില്ലല്ലോ. പണത്തിന്റെ

കാര്യം ഒഴിച്ചാൽ സാധാരണക്കാരൻെറ മകനും പ്രഭുകുമാരനും തമ്മിൽ അന്തരമൊന്നുമില്ല. നമ്മുടെ രാജ്യത്തെ മററുള്ള സ്ഥലങ്ങളുമായി അട്ടപ്പിച്ചുനോക്കുമ്പോൾ അത്തരക്കാർ അപൂർവമാണ്. എന്തായാലും പരീക്ഷണാർത്ഥം നമ്മിൽ ചിലരുടെ കുട്ടികളെ ഇപ്പറഞ്ഞ പ്രത്യേകമുള്ള ഏർപ്പാടിൽ അദ്ധ്യയനം നടത്തിക്കുന്നതിന് ഒരു സ്ഥാപനം ഉണ്ടാക്കിനോക്കാം. അതിൽനിന്നു നമുക്കു കിട്ടുന്ന പാഠങ്ങൾ എന്തെല്ലാമാണെന്നു കാണട്ടെ.

തമ്പി അവർകൾ സ്വകുടുംബമായ കയ്പള്ളി അമ്മവീട്ടിലായിരുന്നു വിദേശ സഞ്ചാരത്തിനുശേഷം താമസമാക്കിയിരുന്നതു്. അവിടം മിത്രങ്ങളെക്കൊണ്ടും, അഭയാർത്ഥികളെക്കൊണ്ടും ദിവസവും വിതാനിച്ചുവന്നു. പാപ്പിയും, സരസ്വതിയും കുറേ ഭൃത്യന്മാരുമായി അല്ല അദ്ദേഹം കയ്പള്ളിയിൽ കഴിഞ്ഞതു്. "മനുഷ്യനായി മാംസചക്ഷുസ്സുകൾക്കുഅദ്ദേഹത്തെകാണപ്പെട്ടുന്നുഎങ്കിലും തമ്പിഅവർകളിൽ ദിവ്യത്വം കുടികൊണ്ടിരിക്കുന്നു." എന്നു് ബാല്യകാലത്തു അദ്ദേഹത്തിൻെറ മഹത്വത്തെപ്പററി ഈ ഗ്രന്ഥകാരൻെറ മാതുലൻ പറഞ്ഞുതന്നതോക്കുന്നു കയ്പള്ളിയിലെ താമസക്കാലത്താണു് തിരുവനന്തപുരം സംസ്കൃത പ്രസിദ്ധീകരണ ശാഖയുടെ ക്യൂറേട്ടരായിരുന്ന സാംബശിവശാസ്ത്രികൾ അദ്ദേഹത്തിൻെറ ഗുരുസ്ഥാനം വഹിച്ചിരുന്നതു്. ജ്ഞാനാസക്തി അദ്ദേഹത്തിൽ അനുനിമിഷം കൂടികൊണ്ടിരുന്നു. അറിഞ്ഞതുകൊണ്ടു്, ഒരിക്കലും അദ്ദേഹം തൃപ്തിപ്പെടാറില്ല. കയ്പള്ളിയിൽവച്ചു് കുറേനാൾ വെളുപ്പി

നെഴുന്നേററു് സ്നാനാദികൾ നടത്തി വാല്മീകിരാമായണം പാരായണം ചെയ്യുന്നതിൽ തമ്പിഅവർകൾതല്പരനായിരുന്നു. പാരായണത്തിൽ ഭക്തിയെക്കാളും ആസ്വാദനംമാത്രമാണു് അദ്ദേഹം കാര്യമായിഗണിച്ചിരുന്നതു്. "കുളിയും ഭസ്മവിലേപനവുംകൊണ്ടുഭക്തിയുണ്ടാകുന്നതല്ല. റോഡരുകിലുള്ള ഓടകളിൽ മാലിന്യങ്ങൾ ഒഴുകിപ്പോകുന്നതുപോലെമനുഷ്യൻെറ പാപകൃത്യങ്ങൾ ഒഴുക്കുന്നതിനാണു ഭക്തിക്കുവേണ്ടി അരമണിക്കൂർനേരം ദിവസവും ഓരോരുത്തർബദ്ധപ്പെടുന്നതു്. മനുഷ്യൻെറ ഓരോ ആവശ്യങ്ങൾക്കുംദൈവത്തിനെ ആരാധിക്കുന്നതു കണ്ടിട്ടു് "അരൂപമായപരാശക്തിയെ ഓരോ ആയുധങ്ങളാക്കി പരനിഗ്രഹം ചെയ്യാൻ ഉപയോഗിക്കുന്നു" എന്നു് അദ്ദേഹം പറയുന്നു. പുരാണകാവ്യാദികളിൽ നിന്നും കിട്ടുന്നതു കണ്ണും അടച്ചുകൊണ്ടുള്ള ഭക്തിയല്ല; പിന്നെയോ മധുരമായ സാഹിത്യരസം-പല ശാസ്ത്രങ്ങളിലേയ്ക്കും ശ്രദ്ധയെകൊണ്ടുപോവാൻ മതിയായേയ്ക്കാവുന്ന ഉക്തികൾ-എന്നിങ്ങനെ പലതാണു്. അല്ലാതെ ഇതൊന്നുമറിയാതെ'ഭക്തി-ഭക്തി' എന്നു പറഞ്ഞുകൊണ്ടു നടന്നാൽ-ജ്ഞാനമില്ലാത്ത-ഹിംസാത്മകമായ-ഇരുളടഞ്ഞനെഞ്ചിൽ ഭക്തി ജനിക്കുകയില്ല. ആദ്യമായി കാവ്യങ്ങളിലെ സ്നിഗ്ദ്ധമായ രസംകൊണ്ടു് മനസ്സിനെ പാകംവരുത്തുകയാണു് വേണ്ടതു്. "വാല്മീകിരാമായണമാകുന്ന കല്ത്തോണിയിൽ കയറിയിരുന്നാൽ നിങ്ങൾ മറെറാന്നും അറിയുകയില്ല" എന്നു് ആ നിർദ്ധരികയിൽ നിമജ്ജനം ചെയ്തു തമ്പി അവർകൾ ഒരദ്ധ്യയനവേളയിൽ അതിലേയ്ക്കു്, വിദ്യാർത്ഥികളെ ഉത്സാഹപ്പെടുത്തിപ്പറഞ്ഞു.

തിരുവനന്തപുരത്തുള്ള സഹൃദയന്മാക്കൊരുമിച്ചു കൂടുവാനും സാഹിത്യ സംബന്ധമായി സംസാരിപ്പാനും ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിക്കാനമായി തമ്പി അവർകൾ "കലാവിലാസം" എന്നൊരു സമാജം ഏർപ്പെടുത്തി. പ്രസ്തുത സമാജം കുറേക്കാലം പ്രവൃദ്ധമായിരുന്നു. ഒരു ആഖ്യായികാ കർത്താവായ മി. സി. ആർ. വേലുപ്പിള്ളക്ക് "സാഹിത്യസരസൻ" എന്ന ബഹുമതി നൽകിയതു "കലാവിലാസം" സമാജമായിരുന്നു. യശസ്സിനുവേണ്ടി തമ്പി അവർകൾ സാഹിത്യസംരംഭങ്ങളിലേർപ്പെട്ടിരുന്നില്ല എങ്കിലും സഹൃദയരെക്കൂടാതെ ജീവിതത്തിലെ ദിവസങ്ങൾ നയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സംഭാഷണംകൊണ്ടു് നിരവദ്യമായ സുഖം അദ്ദേഹം അനുഭവിച്ചു പോന്നതാണു് അതിനുള്ള പ്രാധാന്യം. എത്ര നിർജ്ജീവവും നിരുന്മേഷവുമായ സംഘത്തെയും തമ്പി അവർകൾ ആഹ്ളാദോന്മുഖമാക്കിത്തീർക്കുന്നതിൽ അത്ഭുതത്തിനു അവകാശമില്ല. തമ്പി അവർകൾക്കു ഉന്നതമായ ഉദ്യോഗവാഞ്ഛ ഇക്കാലത്തു ഉണ്ടാകേണ്ടതു ഒരു ന്യായം മാത്രമാണു്. എങ്കിലും അതു് അദ്ദേഹത്തിനെ വ്യാകുലപ്പെടുത്തുകയുണ്ടായിട്ടില്ല. ഒരു വിദ്യാമന്ദിരം മുഖാന്തിരം തന്റെ എളിയ സേവനം ലോകത്തിനു് സമർപ്പിക്കുവാൻ അദ്ദേഹം ആശിക്കാതെയല്ല. പ്രവൃത്തിചെയ്തു് കാലക്ഷേപമാശ്ശ്മുണ്ടാക്കുവാൻ ഈ രാജസ്യാലനു് മടിയുണ്ടായിരുന്നില്ല. മനുഷ്യസേവനമെന്ന മഹാ ഗ്രന്ഥത്തിൽ സുവർണ്ണലിപികളാൽ എഴുതപ്പെട്ടിട്ടുള്ള ഒരു അദ്ധ്യായമാണു് വിദ്യാവിതരണം. സംസ്കൃത

ജ്ഞാനംകൂടാതെ ഒരു ഭാരതീയന്ന എങ്ങനെ മനുഷ്യനായി ജീവിക്കാൻ കഴിയുമെന്നു് സദാപി ചോദിച്ചുകൊണ്ടിരിക്കുന്ന തമ്പിഅവർകൾക്കു് തിരുവനന്തപുരത്തെ സംസ്കൃത മഹാപാഠശാലാദ്ധ്യക്ഷസ്ഥാനം കാമ്യവുമായിരിക്കണം. ഇവിടെ ശ്രീമൂലം തിരുനാൾ തിരുമനസ്സിനെ വാഴ്ത്തേണ്ടതായി വരുന്നു. എന്തെന്നാൽ തന്റെ ബന്ധുവിനു് എന്തു് ഉദ്യോഗം വേണമെങ്കിലും കൊടുക്കുവാൻ ഒരു കല്പനമാത്രം മതിയല്ലോ. എന്നിട്ടു് സർവരാലും, തമ്പി അവർകൾ ആ സ്ഥാനത്തിന്നു യോഗ്യനാണെന്നു കീർത്തിക്കപ്പെട്ടിട്ടും അപ്പോഴത്തെ സൌകര്യങ്ങളോർത്തു മുഖം നോക്കുവാൻ അവിടുന്നു് അലിഞ്ഞിരുന്നില്ല. ഇടയ്ക്കു് ഒന്നുകൂടി പറയാം. തമ്പി അവർകളുടെ സാഹിത്യസേവനത്തെപ്പററി അവിടേയ്ക്കു നല്ലപോലെ അറിയാമെന്നിരുന്നിട്ടും മഹാകവി ടാഗ്ഗൂറിന്റെ വരവുവരെ ആയതിലേക്കു തിരുമനസ്സിൽനിന്നും തമ്പി അവർകൾക്കു യാതൊരു പ്രോത്സാഹനവും ലഭിച്ചിരുന്നില്ല. മഹാകവി രവീന്ദ്രനാഥടാഗ്ഗൂർ തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ തമ്പി അവർകൾ സമർപ്പിച്ച ആതിഥ്യോപഹാരം കണ്ടു് ഇവിടെ ഇത്തരമൊരു കവി ഉണ്ടോ എന്നു തിരുമനസ്സിനോടു്, ആകാംക്ഷയോടുകൂടി ചോദിച്ചതിന്നു ശേഷമാണു തമ്പി അവർകൾക്കു് ഒരു വീരശൃംഖല സമ്മാനിക്കുന്നതിനെപ്പററി തിരുമനസ്സുകൊണ്ടു് അന്തരാ ചിന്തിച്ചു തുടങ്ങിയതു്. പിന്നീടു തമ്പിഅവർകൾ 'വല്ലീകുമാരം ആട്ടക്കഥ' 'ശ്രീകൃഷ്ണാവതാരം' ഇവ എഴുതി തിരുമുൽക്കാഴ്ച വച്ചപ്പോഴാണു വീരശൃംഖല തിരുമനസ്സുകൊണ്ടു സംഭാവനം ചെയ്തതു്.

സാധാരണ പാശ്ചാത്യവിദ്യാഭ്യാസം കഴിഞ്ഞു വരുന്നവരിൽ ചിലർ കൃത്രിമമായ ധാടികൾ കാണിപ്പാനൊരുങ്ങാറുണ്ടല്ലൊ. അത്തരക്കാർ ഭാരതീയരേയും തദീയശാസ്ത്രങ്ങളേയും, എന്നുവേണ്ട ഈശ്വരനെക്കൂടി പരിഹസിക്കാൻ മടിക്കാറില്ലെന്നു പറഞ്ഞാൽ വലിയ തെററില്ല. എന്നാൽ നമ്മുടെ കഥാനായകനിൽ പ്രിൻസിപ്പാൾ ഹഡ്സൺ പറഞ്ഞിട്ടുള്ളതുപോലെ അനുകരണഭ്രമം തൊട്ടുതെറിച്ചിട്ടുണ്ടെന്നുപോലും അപലപിക്കാൻ കഴികയില്ല. അധഃപതിച്ചുപോയ ഭാരതീയശാസ്ത്രങ്ങളെ പുനരുദ്ധരിക്കണമെന്ന പക്ഷത്തിനു് അദ്ദേഹം പ്രാബല്യം കൊടുത്തുകൊണ്ടേയിരുന്നു. എന്നു തന്നെയല്ല നമ്മുടെ അഭ്യുന്നതിക്കും, ഐശ്വര്യസംപൂർണ്ണമായ ജീവിതക്രമത്തിനും പുരാതനഭാരതത്തിനെ മാതൃകയാക്കിയെടുത്തു നോക്കണമെന്നും, സംസ്കൃതത്തിനു് സർവ്വോപരി പ്രാധാന്യം കൊടുക്കണമെന്നും അപ്പോൾ അദ്ദേഹം എപ്പോഴും സംസാരിക്കാറുണ്ടായിരുന്നു.

## സംസ്കൃതകാളേജിൽ.

൧൦൭൭-ലാണു് തമ്പിഅവർകൾ തിരുവനന്തപുരം സംസ്കൃതകാളേജിൽ പ്രിൻസിപ്പാളായി നിയമിതനാകുന്നതു്. അദ്ദേഹം ആ കലാലയത്തിൽ വരുന്നതോടുകൂടി തിരുവിതാംകൂറിലെ സംസ്കൃതവിദ്യാഭ്യാസത്തിനു് ഒരു നൂതനയുഗം സമാരംഭിക്കപ്പെട്ടു. ഒന്നാമദ്ധ്യായത്തിലൊരിടത്തു് ഏതദ്വിഷയകമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെങ്കിലും വായനക്കാരുടെ അറിവിനായി അല്പംകൂടി

പറയേണ്ടി വരുന്നു. അവിടെ പ്രവേശിച്ച് ഒരുകൊല്ലം അിനകം കോട്ടയ്ക്കുള്ളിൽനിന്നും പ്രസ്തുത മഹാപാഠശാലയെ സൗകര്യപ്രദമായ ഒരു മന്ദിരത്തിലേയ്ക്കു മാററുന്നതായിരുന്നു തമ്പി അവർകൾ ചെയ്ത ഒന്നാമത്തെ പരിഷ്കാരം. രണ്ടാമതായി സംസ്കൃതകാളേജിൽനിന്നും ബിരുദംനേടിയിറങ്ങുന്നവർ ഏതു തുറയിൽ പ്രവേശിച്ചാലും പിന്നോക്കമായിപ്പോകരുതെന്നു കരുതി കാലാനുസൃതമായ ചില പരിഷ്കാരങ്ങൾ അദ്ദേഹം കൈക്കൊണ്ടു. ഇംഗ്ലീഷ്, രസതന്ത്രം, ക്ഷേത്രഗണിതം, ചരിത്രം, ഭാഷാതത്വശാസ്ത്രം എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനു പ്രത്യേകം നിഷ്കർഷിക്കുകയും, തമ്പി അവർകൾ തന്നെ ചില വിഷയങ്ങൾ നേരിട്ടു പഠിപ്പിക്കുകയും ചെയ്തുതുടങ്ങി. മൂന്നാമത് ഏതു ജാതിയിൽപ്പെട്ട വിദ്യാർത്ഥികളായിരുന്നാലും അവരെ കലാലയത്തിലേക്കാകർഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. സാധു വിദ്യാർത്ഥികൾക്കു കൈയിൽനിന്നും പണംകൊടുത്തു പ്രേരിപ്പിച്ചു. തമ്പി അവർകളുടെ സഹായത്തോടുകൂടി ഒന്നല്ല, രണ്ടല്ല വളരെപ്പേർ വിദ്യാഭ്യാസം ചെയ്തുവന്നു.

[തമ്പിഅവർകൾ സംസ്കൃതമഹാപാഠശാലയിൽ പ്രയോഗത്തിലാക്കിയ വിദ്യാഭ്യാസവിഷയകമായ പരിഷ്കാരങ്ങളെപ്പററി പറഞ്ഞുവല്ലോ. ഈ പരിഷ്ക്കാരം നടപ്പിൽ വരുന്നതിനു മുൻപ് പ്രൊ. ഏ. ആർ. തമ്പുരാൻ പരിശോധനയ്ക്കായി കോട്ടയ്ക്കകത്തുണ്ടായിരുന്ന സംസ്കൃതമഹാപാഠശാലയിൽ (ഫ്രൻവ) വന്നിരുന്നപ്പോൾ അന്നത്തെ അദ്ധ്യയനക്രമത്തിൽ അദ്ദേഹം അവിടെ കണ്ടിരുന്ന കുറ

ഖുകളാണ് (തുടൻമുൻപും) തമ്പി അവർകളുടെ വരവോടുകൂടി ഉണ്ടായ പരിഷ്കൃതിക്കു സംഗതിയായിട്ടുള്ളതു്. അപ്പോഴത്തെ ഉപാദ്ധ്യായ ക്ലാസ്സിൽ പ്രൊ. തമ്പുരാൻ നടത്തിയ പരിശോധനയിൽ കണ്ടതും തമ്പി അവർകളുടെ പരിഷ്കരിച്ച പാഠപദ്ധതിപ്രകാരമുള്ള ആദ്യത്തെ ക്ലാസ്സും ഒന്നുപോലെ വിനോദമുളവാക്കുന്നവയാണ്. ആ അവസരത്തിൽ ഉപാദ്ധ്യായ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന മഹോപാദ്ധ്യായ പി. കെ. നരസിംഹൻപിള്ള എന്നൊരു പൂർവ്വവിദ്യാർത്ഥിയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു അപ്പോഴത്തെ ഒരു തനിച്ചിത്രം തന്നെയാകുന്നു. 'പ്രൊ. തമ്പുരാൻ പരിശോധനയ്ക്കു ക്ലാസിൽവന്നു ക്ലാസിൽ ഞാനും മി. എം. ആർ. വേലുപ്പിള്ള ശാസ്ത്രിയും മി. ജി. ശങ്കരക്കുറുപ്പും ഒഴിച്ചാൽ ശേഷമെല്ലാം ബ്രാഹ്മണരാണ്. അവരിൽ മലയാളം നല്ലപോലെ അറിയത്തക്കവർ ശൂന്യത്തിലായിരുന്നു. തമ്പുരാൻ ഞങ്ങളുടെ സാഹിത്യാദ്ധ്യാപകനോടു ചോദിച്ചു: "നൈഷധത്തിൽ ഏതുവരെ തീൎന്നു?" അദ്ദേഹം: "ഒന്നാംസൎഗ്ഗം തീൎന്നു." തമ്പുരാൻ പുസ്തകംവാങ്ങി നോക്കാതെ തന്നെ ഒരു ബ്രാഹ്മണ വിദ്യാർത്ഥിയോടു (കൎണ്ണാടകദേശക്കാരൻ) നൈഷധത്തിലെ ഒരു പദ്യം ചൊല്ലിക്കൊടുത്തിട്ടു വ്യാഖ്യാനിക്കുവാൻ പറഞ്ഞു. പോററി സംസ്കൃതത്തിൽ പറഞ്ഞിട്ടു ഒത്തില്ല. മലയാളത്തിൽ പറവാൻ തമ്പുരാൻ ആജ്ഞാപിച്ചു. പോററിക്കു മലയാളം അറിഞ്ഞുകൂടാ. ഉടനേ തമ്പുരാൻപറഞ്ഞു. "ശരി കൎണ്ണാടകത്തിൽ പറയണം." പോററി പറഞ്ഞു: (ദ്രാവിഡഭാഷകളിൽ തമ്പുരാൻെറ വൈദുഷ്യം നോക്കുക.) ഇങ്ങനെ

യായിരുന്ന അന്നത്തെ സംസ്കൃത വിദ്യാൎത്ഥികളുടെ ഭാഷാ ജ്ഞാനം. അന്ന തമ്പുരാൻ: "മലയാള നാട്ടിലെ വിദ്യാൎത്ഥി കളല്ലയോ നിങ്ങൾ?" എന്നും "ഈ രീതി ഉടൻ മാറുന്നതാ ണ്" എന്നുംസൂചിപ്പിച്ചു. തമ്പിസാറിൻെറആദ്യത്തെ മല യാളം ക്ലാസിൽ ഞങ്ങളുടെ ജ്ഞാനം പരീക്ഷിക്കുന്നതിന് ഓരോ ഉപന്യാസം തയ്യാറാക്കുവാൻ പറഞ്ഞു. അന്ന് ഒരു വിദ്യാൎത്ഥി എഴുതിയ ഒരു വരി ഇതാണ്. "അവൻ പിശ ത്തികൊണ്ടു് കൂടക്കൂട മേലിൽ ചുരണ്ടും" അദ്ദേഹം ഇതു വായിച്ചിട്ട് നിങ്ങളുടെ കൂടെ എത്ര "കൂടക്കൂട" ഉണ്ട്" എന്ന ചോദിച്ചു. ഇതിൽ നിന്നുമാണ് തമ്പി അവൎകൾ സംസ്കൃത മഹാപാഠശാലയെ ഉദ്ധരിച്ചതു്.]

കൂടാതെ വിദ്യാൎത്ഥികൾക്ക് അത്യാവശ്യമായ വിനോ ദത്തിന വേണ്ടസൗകര്യങ്ങൾ, കൃത്യമായി നടത്തേണ്ട സാ ഹിത്യസമാജങ്ങൾ, പാണ്ഡിത്യപ്രകടനത്തിന മതിയാംവ ണ്ണമുള്ള വാക്യാൎത്ഥസദസ്സുകൾ എന്നിങ്ങനെയുള്ള പ്രസ്ഥാ നങ്ങളുടെ മുന്നോടിയായി തമ്പിഅവൎകൾ അവിടെ വില സി. ചുമതലാബോധമില്ലാതെ യഥേഷ്ടം ഓരോന്നും സൃഷ്ടി ച്ചിട്ട്, പിന്നീടവിടെ തിരിഞ്ഞുനോക്കാതെയിരിക്കുന്നവന ല്ല അദ്ദേഹം. ഓരോന്നിൻേറയും അദ്ധ്യക്ഷസ്ഥാനം പ്രിൻ സിപ്പാൾ തന്നെയാണ വഹിച്ചിരുന്നതു്. കലാലയത്തി ൻെറ വാൎഷികോത്സവം കൊണ്ടാടുവാനും അതുസംബ ന്ധിച്ചുള്ള ചടങ്ങുകൾ ആകെതന്നെ മംഗളമാക്കുവാനും ഓടി നടക്കുന്നതു കാണുന്നവൎക്ക് ഇതു് വടശ്ശേരി കൃഷ്ണൻ തമ്പിയാണോ എന്ന സന്ദേഹം വന്നിട്ടുണ്ട്. കലാകോമ ളനായ തമ്പിഅവൎകൾ വാൎഷികോത്സവത്തിന നാടകം

അഭിനയിക്കുക ഒരു ചടങ്ങാക്കിത്തീൎത്തു. “ബാലഭരതസമാജം” എന്ന പേരിൽ അതിനൊരു സംഘടനയുണ്ടാക്കി. പ്രസ്തുത സമാജാംഗങ്ങൾ ആദ്യമായി അഭിനയിച്ചതു് അഭിജ്ഞാനശാകുന്തളമായിരുന്നു. നാടകം അഭിനയിക്കുവാനഭ്യസിക്കുമ്പോൾ അതു മെച്ചപ്പെടുത്തുവാനുള്ള തമ്പി അവർകളുടെ തൃഷ്ണയെപ്പററിപ്പറയാം. ഒന്നാമതായി സംസ്കൃതത്തിലും മലയാളത്തിലും നാടകം രചിക്കണം. രണ്ടു ഭാഷകളിലുമുള്ള നാടകങ്ങൾ അവിടെ അഭിനയിച്ചിരുന്നു. (തമ്പി അവർകളുടെ പ്രസിദ്ധപ്പെട്ട സംസ്കൃതനാടകങ്ങൾ, മലയാള പ്രഹസനങ്ങൾ, ആട്ടക്കഥകൾ, ഗാനകാവ്യങ്ങൾ, ഗദ്യപ്രബന്ധങ്ങൾ മുതലായ സാഹിത്യസമ്പത്തുകൾ സംജാതമായിട്ടുള്ളതു് സംസ്കൃതകാളേജിൽ വച്ചായിരുന്നു.) അതതു പാത്രങ്ങൾക്കു യോജിച്ചവരെ തെരഞ്ഞെടുക്കണം. (നാടകാഭിനയത്തിനു നടന്മാരെ തെരഞ്ഞെടുക്കുന്നതിനു തമ്പി അവർകൾക്കുള്ള വൈദഗ്ദ്ധ്യം ലോകോത്തരമാണ്. ലളിത എന്ന സംസ്കൃതനാടകമെഴുതി അഭിനയിച്ചപ്പോൾ ലളിതയുടെ വേഷമെടുത്തിരുന്ന പരേതനായ മഹോപാദ്ധ്യായ കെ. പി. ശിവശങ്കരപ്പിള്ള ശാസ്ത്രിയുടെ വേഷച്ചേൎച്ചയും അഭിനയപാടവവും കണ്ടു രംഗസ്ഥർ രോമാഞ്ചകഞ്ചുകിതരായി തമ്പി അവർകളെ ആൎത്തുവിളിച്ചകഥ പ്രസ്താവ്യമാണ്) അവരെ പരിചയിപ്പിക്കണം. അവർ പഠിക്കുന്നിടത്തും പാടുന്നിടത്തും, അണിയുന്നിടത്തും, ആടുന്നിടത്തും തമ്പിഅവർകൾ എത്താതിരിക്കയില്ല. ആഘോഷങ്ങൾക്കു് ആഗതരാകുന്നവരെ വിനയവിനമ്രനായി സൽക്കരിച്ചിരുത്തുവാനും,

കുശലപ്രശ്നം ചെയ്യുവാനും, പ്രസംഗവേദിയിൽനിന്നു ഗീർവാണത്തിൽ ശ്രുതിമധുരമായി പ്രസംഗിപ്പാനും, അദ്ദേഹം കാണിച്ചിരുന്ന സാമർത്ഥ്യം വിവരണാതീതമാണ്. ഇതെല്ലാം കഴിഞ്ഞു് അങ്ങിങ്ങായി കിടന്നുറങ്ങുന്ന ബാലവിദ്യാർത്ഥികളെ എല്ലാം തട്ടിയുണർത്തി അത്താഴം കൊടുക്കുന്നതിനു മററു വ്യഗ്രതകൾ അദ്ദേഹത്തിനു ബാധകമായിരുന്നില്ല.

൧൯൨൧-ൽ സംസ്കൃതകാളേജിലെ വിദ്യാർത്ഥികൾ തങ്ങൾക്കു പബ്ളിക്ക് സർവീസിൽ പ്രാതിനിധ്യം കിട്ടുന്നതിനു അധികാരികൾ അശ്രദ്ധ കാണിക്കുന്നു എന്നു പറഞ്ഞുകൊണ്ടു് പണിമുടക്കാരംഭിച്ചു. ഭയങ്കരമായ ആനിസ്സഹകരണം ഒരാഴ്ചയിൽ കൂടുതൽ നീണ്ടുനിന്നു. വിദ്യാർത്ഥികളെ നിയന്ത്രിക്കുവാൻ പൊലീസ്സിൻെറ ആവശ്യം വന്നേയ്ക്കുമോ എന്നൊരാൾ തമ്പി അവർകളോടു ചോദിച്ചപ്പോൾ 'എങ്കിൽ ഞാനിതാ രാജികൊടുത്തുകഴിഞ്ഞു' എന്നു ഉത്തരം പറഞ്ഞു. ഈ പണിമുടക്കിനെ മാതൃകയാക്കിയിട്ടാണ് ൻ൭-ലെ ദാരുണമായ വിദ്യാർത്ഥിവഴക്ക്. സംസ്കൃത വിദ്യാർത്ഥികൾക്കു അനുകൂലമായ ഒരു തീരുമാനം ഒടുവിൽ ഉണ്ടാകയും ചെയ്തു.

സംസ്കൃതകലാലയത്തിൻെറപ്രശസ്തിക്കെന്തെല്ലാംമാർഗ്ഗങ്ങൾ അനുവർത്തിക്കാമോ അതെല്ലാംഅദ്ദേഹംസ്വീകരിച്ചു. വിശ്രമാവസരങ്ങളിൽരാജ്യത്തിൻെറപലഭാഗങ്ങളിലും സഞ്ചരിക്കുകയും അപൂർവമായികണ്ടെത്തുന്ന പണ്ഡിതന്മാരുമായിസംഭാഷണങ്ങളിലേർപ്പെടുകയും അവരുടെസന്താനങ്ങളെ സംസ്കൃതബിരുദാദ്ധ്യയനത്തിനായി കാളേജിലയയ്ക്കു

ംന്നതിന്ന ഉത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. പ്രതിവർഷം ശാസ്ത്രി, ഉപാദ്ധ്യായൻ, മഹോപാദ്ധ്യായൻ എന്നിങ്ങനെ ബിരുദധാരികൾ ആ കലാലയത്തിൽനിന്നും പുറത്തുവന്നു. അനന്തരം തിരുവിതാംകൂറിൽ സംസ്കൃതവിദ്യാലയങ്ങൾ, ആരംഭിക്കുന്നതിന്ന നാട്ടുകാരെ പ്രേരിപ്പിച്ചു. ഇപ്പോൾ തൽഫലമായി അൻപതിൽപ്പരം വിദ്യാലയങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. ഈ പരിഷ്കാരങ്ങൾ ഭാഷാ സ്നേഹികളായ തിരുവിതാംകൂർ പൗരാവലിക്കു പ്രീതിപ്രദമായി. തിരുവനന്തപുരം സംസ്കൃത കാളേജിലെ പ്രിൻസിപ്പാളിൻെറ പേരു് സർവ്വവിദിതമായിത്തീൎന്നു. വിശിഷ്യ സംസ്കൃതത്തിൽ അദ്ദേഹം രചിക്കുന്ന കാവ്യതല്ലജങ്ങൾവഴി പാശ്ചാത്യദേശങ്ങളിലും അറിയപ്പെട്ടു. അക്കാലത്തു അദ്ദേഹത്താൽ രചിക്കപ്പെട്ടിട്ടുള്ള കൃതികളിൽ ഒന്നായ 'ലളിത' എന്ന സംസ്കൃതനാടകം കണ്ടിട്ടു് ഭുവനപ്രസിദ്ധിയുള്ള ഏ. ബി. കീത്തു് എന്ന പാശ്ചാത്യ പണ്ഡിതൻെറ അഭിപ്രായമിതായിരുന്നു.

"It is excellently conceived and happily—composed in elegant Sanskrit—"

എൽ. ഡി. ബർനററു് എന്നൊരു പണ്ഡിതൻ ഈവിധം എഴുതുന്നു:—

"Interesting and graceful little composition."

KOTTAYAM PUBLIC LIBRARY KOTTAYAM.

മാതൃകയായി ചില പത്രങ്ങളുടെ അഭിപ്രായങ്ങൾ കൂടി ഉദ്ധരിക്കാം.

"This little prose drama, in three scenes is the fifth of a series of short plays, which have been given to the world by the cultured Principal of the Trivandrum Sanskrit College. The Significance of these plays lies in the fact that they have been written to be acted. The story is strikingly modern in its plea for a social conscience and for its analysis of conventional morality....... The play should present a fair field for amateur histrionic talent"—*The Hindu*.

"Let us hope that the staging of stories of this kind will be a useful contribution to the laudable attempts of social reformers to save the unfortunate victims of pernicious social customs, from the tyranny under which they groan helplessly."—*United India & Indian States*.

സാമുദായിക ദൂഷ്യങ്ങളെ മാർജ്ജനംചെയ്തു് ജനതയെ സന്മാർഗ്ഗ പന്ഥാവിലേയ്ക്കാനയിക്കുവാൻ അഭിനവമായ കല്പനാകഥകൾ ചരിത്രസംഭവങ്ങളോടു് ഘടിപ്പിച്ചു് അഭിനയ യോഗ്യമായിട്ടാണു് ഈ കൃതികളുടെയെല്ലാം രചന. ('ലളിത' അതിനു മാതൃകയാണു്.)

തമ്പി അവർകളെ പ്രിൻസിപ്പാളായി നിയമിച്ച ൧൦൯൨-ലാണു് ശ്രീമൂലം തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തിമഹാമഹം കൊണ്ടാടിയതു്. തമ്പി അവർകൾ തിരുമനസ്സിനോടുള്ള ഭക്തിബഹുമാനാദികളെ പുരസ്കരിച്ചു് "ഷഷ്ടിപൂർത്തിദർപ്പണം" എന്ന പുസ്തകം രചിച്ചു പ്രസിദ്ധപ്പെടുത്തി. ജയദേവരുടെ ഗീതഗോവിന്ദംപോലെ സാഹിത്യസംഗീത സമ്മിളിതമായ ഈ ഗാനകൃതിയിൽ മഹാരാജാവിൻെറ ഗുണഗണങ്ങളെ കീർത്തിച്ചിട്ടുണ്ടു്. അതിൽ തിരുവനന്തപുരത്തെ വർണ്ണിക്കുന്നതിങ്ങനെയാണു്:-

"വരസുന്ദരമന്ദിരഭാസുരഗോ-
പുരരാജിതമായൊരനന്തപുരം
ധരണീരമണീവദനം, സദനം
വിലസുന്നസുരക്കുചിതം, രചിതം"

തിരുമനസ്സിൽനിന്നും പ്രത്യേകമായ യാതൊരു അനുഗ്രഹത്തിനും ഇതുകൊണ്ടു് അദ്ദേഹം ആശിച്ചിരുന്നില്ല. പണം കൈകൊണ്ടു് തൊടുന്നതിൽ വൈമുഖ്യം കാണിച്ചിരുന്ന തമ്പി അവർകൾക്കു ധനപരമായിട്ടെന്താണാശിപ്പാനുള്ളതു്? "നാണയങ്ങൾ കൊടുക്കുന്നതും സ്വീകരിക്കുന്നതും കൊണ്ടു് പരസ്പരം ഈഷദ്മാത്രമായ ഒരു കൃതജ്ഞതക്കേ അവകാശമുള്ളു: നാം ഒരാൾക്കു വേണ്ടി എന്തെങ്കിലും സേവനമനുഷ്ഠിക്കയാണെങ്കിൽ അതു യഥാർത്ഥമായ ആശ്വാസത്തിനാണു വകതരുന്നതു്. നാണയങ്ങൾ ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ എല്ലാവക്കും ഒരുപോലെ കിട്ടിയേയ്ക്കാം. പക്ഷെ സ്നേഹനിർഭരമായ സേവനനാണ്യം വിരളമായിട്ടേയിരിപ്പാൻ വകയുള്ളു." എന്ന അഭിപ്രായക്കാരനായ തമ്പിഅവർകൾ തിരുമനസ്സിലെ കൃതജ്ഞതയ്ക്കു് മാത്രം പാത്രവാനായി.

കയ്പള്ളിയിലെ ഗൃഹസ്ഥാശ്രമം

"നാ ക്ഷരാണി പഠതാ കിമപാഠി പ്രസ്മൃത:കിമഥവാപഠിതോപി" എന്നു് ശ്രീഹർഷൻ നളചക്രവത്തിയെ വർണ്ണിക്കുന്ന ഭാഗം അനുസ്മരിച്ചുകൊണ്ടുവേണം തമ്പി അവർകളുടെ ഗാർഹിക ചരിത്രത്തിലേയ്ക്കു് കടക്കുവാൻ. അഭയരഹിതരായ സാധുക്കൾക്കു് കല്പലതാസദൃശനായ

തമ്പി അവർകളാകട്ടെ, അനേകമനേകം പാവങ്ങൾക്ക് ശീതളഛായയായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിൻെറ സ്വഭാവത്തിൽ ഒരു വിശേഷം ഒളിഞ്ഞു കിടപ്പുണ്ട്. ആരു് എന്തു ചോദിച്ചാലും 'ഇല്ല' എന്നു് പറയാനുള്ള മടി. നളചക്രവത്തി 'ന' (ഇല്ല) എന്ന അക്ഷരം പഠിച്ചിട്ടില്ലെന്നു തോന്നുന്നു. അഥവാ പഠിച്ചിട്ടുണ്ടെങ്കിൽ തന്നെ മറന്നും പോയി. അതുപോലെയാണു് നമ്മുടെ കഥാപുരുഷൻെറ അത്ഥികളോടുള്ള പെരുമാററവും. സംസ്കൃത കാളേജിൽ ഇംഗ്ലീഷ് ട്യൂട്ടറായിരുന്ന ആളും ഭാഷാസാഹിത്യചരിത്രം തുടങ്ങി നിരവധി ഗ്രന്ഥങ്ങളുടെ കത്താവുംആയ മി. ആർ.നാരായണപ്പണിക്കർപറഞ്ഞു:-'കയ്യുള്ളി ഒരുഅഗ്രശാലയ്ക്കു് സമമായിരുന്നു: തമ്പി അദ്ദേഹത്തിനു് പണസംബന്ധമായ വിഷമങ്ങൾ ധാരാളമുണ്ടായിരുന്നപ്പോഴും കൊടുക്കുന്നതിനു് ഒരിക്കലും മടി കാണിച്ചിട്ടുള്ളതായി എനിക്കു് അറിവില്ല. 'ഇല്ല' എന്നു പറയുന്നതിനു് അദ്ദേഹം വളരെ മടിക്കാറുണ്ടായിരുന്നു. ധനം കുമ്പാരംകൂട്ടി വച്ചുകൊണ്ടു് ഭൂതം നിധികാത്തതുപോലെ ജീവച്ഛവമായി ജീവിച്ചിരിക്കുന്ന നിർഘൃണന്മാരെ പരുഷമായി ഭത്സിക്കാറുണ്ടായിരുന്നു............സമത്വ സിദ്ധാന്തത്തിനു പ്രാബല്യംഉള്ള ചില ഇംഗ്ലീഷ് പ്രബന്ധങ്ങൾ അദ്ദേഹം എഴുതിവന്നിരുന്നു. അവ പ്രസിദ്ധീകരിച്ചിട്ടില്ല. ഒരു യഥാത്ഥ മനുഷ്യനായി അദ്ദേഹം ജീവിച്ചു. ഇതുപോലെ ഒരു രസികക്കുട്ടനെ ദശിക്കുവാൻ ഭാഗ്യമുണ്ടാകുന്നതു് ജീവിതത്തിലെ ഒരു പരിണതഫലത്താലാണു്. സംഗീതമായിരുന്നാലും കളിയിലായിരുന്നാലും മതിമറന്നു്

രസിച്ചിരിക്കുന്ന ഒരു കാഴ്ച അദ്ദേഹത്തെയും കയ്യുള്ളിയേയും എന്നും ഓർമ്മിപ്പിക്കും."

തമ്പി അവർകൾ കാലത്തു കാപ്പികഴിഞ്ഞു് വീട്ടിന്റെ തെക്കുവശമുള്ള മുററത്തു് അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടു് സ്വയം പാടുകയും സ്വയം രസിക്കുകയും ചെയ്തിരുന്നു. ഏകാന്തമായ ഒരാനന്ദം അതിൽനിന്നും അദ്ദേഹം അനുഭവിച്ചു പോന്നിരുന്നു. അപ്പോഴാണു് 'ശ്രീകൃഷ്ണാവതാര'ത്തിൽ കാണുന്ന ചില ഗാനങ്ങൾ ആദ്യം അദ്ദേഹത്തിൽ ഉത്ഭൂതമായതു്. കയ്യുള്ളിയിൽ കൂടാറുള്ള മിത്രങ്ങളിൽ ഒരാളായ ബാരിസ്റ്റർ എം. കെ. നാരായണപിള്ള ഒരു ദിവസം തമ്പി അവർകളോടു കുറച്ചു് പണത്തിനാവശ്യപ്പെട്ടു. ഇദ്ദേഹം ആവശ്യപ്പെടുമ്പോഴൊക്കെ തമ്പി അവർകൾ ഉപേക്ഷകൂടാതെ അപേക്ഷയെ പൂരിപ്പിച്ചുവന്നിരുന്നു അന്നാകട്ടെ തമ്പി അവർകൾ പണത്തിനുള്ള ബുദ്ധിമുട്ടു് അസഹ്യമായി അനുഭവിക്കയായിരുന്നു. എന്നാൽ നാക്കെടുത്തു 'ഇല്ല' എന്നു പറയുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞില്ല.

ബാരിസ്റ്ററോടു് പറഞ്ഞു--"ഞാൻ നാളെ ശമ്പളം വാങ്ങിക്കും. വൈകുന്നേരം കാളേജിലേയ്ക്കു് വരുമല്ലോ"

ബാരിസ്റ്റർ അപ്രകാരം സമ്മതിച്ചു് പിരിഞ്ഞു. പിറേറദിവസം സായംകാലത്തു ബാരിസ്റ്റർ കാളേജിലെത്തി. തമ്പി അവർകൾ നേരത്തെ തന്നെ ശമ്പളം വാങ്ങി ഒരു കടം വീട്ടിക്കഴിഞ്ഞിരുന്നു. ബാരിസ്റ്ററെ കണ്ടപ്പോൾ അദ്ദേഹം ഒന്നു വല്ലാതായി ഇങ്ങനെ പറഞ്ഞു. "സമയം കഴിഞ്ഞുപോയല്ലോ. ക്ലാക്ക് പൊയ്ക്കഴിഞ്ഞു"

ബാരിസ്റ്റർ "ആട്ടെ ഒരു എഴുത്തു തന്നാൽമതി."

(തമ്പി അവർകൾ കൂടെ ഉണ്ടായിരുന്ന മി. ആർ. നാരായണപ്പണിക്കരെ അരികിൽ വിളിച്ച് കത്തെഴുതി കൈയിൽക്കൊടുത്തു് ബാരിസ്റ്ററോടുകൂടി ക്ലാക്കിൻെറ വസതിയിലേയ്ക്കു പോകുവാൻ അയച്ചു)

ഒടുവിൽ ബാരിസ്റ്റക്കു സംഗതി മനസ്സിലായി. മിത്രത്തിൻെറ പ്രഭുത്വമനഃസ്ഥിതിയെ പരിരക്ഷിക്കുന്നതിന്നു് വേദന തട്ടത്തക്കവണ്ണം താൻ ഞെരുക്കിയല്ലോ എന്നോത്തു് ബാരിസ്റ്റർ പശ്ചാത്തപിക്കയാണു് ചെയ്തതു്. ബാരിസ്റ്റർ എം. കെ. നാരായണപിള്ള ഒരു പരിഷ്കൃതാശയനും സമത്വവാദിയും ആയിരുന്നു. ഇദ്ദേഹമാണു് നേററിവു് ഇംഗ്ലീഷ് ഹൈസ്കൂളിൽ സർ, സദാശിവയ്യരുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച ഒരു യോഗത്തിൽ "ഭൃത്യന്മാർ നമുക്കുവേണ്ടി ഓരോന്നു ചെയ്യുമ്പോഴും അവക്കു നന്ദി (Thanks) പറയണമെന്നു് പ്രസംഗിച്ചിട്ടുള്ളതു്."

കയ്പള്ളിയിൽ താമസിക്കുമ്പോൾ കുതിരസ്സവാരി ചെയ്യുന്നതിൽ തമ്പി അവർകൾ പ്രത്യേകം കൃത്യനിഷ്ഠ പാലിച്ചുപോന്നു. ഒരു ദിവസം സയാഹ്നസവാരിയ്ക്കായി കുതിരയെ ഒരുക്കിക്കൊണ്ടുവരാൻ താമസിച്ചുപോയി. അദ്ദേഹം അരമണിക്കൂറോളം കുതിരക്കാരനെ നോക്കിക്കൊണ്ടു അവിടെനിന്നു. അപ്പോഴേയ്ക്കും അശ്വപാലൻ കുതിരയുമായി തമ്പി അവർകളുടെ അടുത്തെത്തി. കൃത്യവിലോപം വരുത്തിയ കുതിരക്കാരനെ ഒന്നു് തുറിച്ചുനോക്കിയിട്ടു് വെററിലമുറുക്കാൻ ചവച്ചു വാ നിറയെ സജ്ജമാക്കിയിരു

ന്നതുമുഴുവനും അയാളുടെ തലയിലും മുഖത്തുമായിഅദ്ദേഹം ഊതിത്തുപ്പി. യജമാനന്റെ ശിക്ഷയിൽ തലകുനിച്ചു നിന്നതല്ലാതെ ആ സാദിജനം ഒന്നുംഉരിയാടിയില്ല. ഉത്ത രക്ഷണത്തിൽ പശ്ചാത്താപാധീനനായ തമ്പി അവർകൾ സാന്ത്വനവാക്കു പറഞ്ഞുകൊണ്ട് സ്വന്തം കൈകളാൽ താംബൂലപങ്കിലമായ കുതിരക്കാരന്റെ ദേഹം ഉദ്വ ർത്തനം ചെയ്തു് പുതിയ വസ്ത്രങ്ങളും കുറെ നാണ്യ ങ്ങളും കൊടുത്തു അയാളെ സന്തോഷിപ്പിച്ചു. അയാൾ യജമാനന്റെ ദീർഘായുസ്സിനു് പ്രാർത്ഥിച്ചുനിന്നു. തമ്പി അവർകൾ താൻ സവാരി ചെയ്യുന്ന കുതിരകളെ തലോടു ന്നതിലും സ്നേഹിക്കുന്നതിലും ഉള്ള നന്ദി ആ ജന്തുക്കൾക്കു് നാക്കെടുത്തു് പറയുവാൻ കഴിഞ്ഞില്ലെങ്കിലും പ്രവൃത്തി യിൽ കാണിക്കുമായിരുന്നു. യജമാനൻ പുറത്തിരുന്നു സവാ രി ചെയ്യുമ്പോഴും 'ഡാക്കാട്ടു' വണ്ടിയിലിരുന്നു കടിഞ്ഞാൺ പിടിക്കുമ്പോഴും, റോഡിൽ എന്തെങ്കിലും കുമ്പോ തുരുമ്പോ വിലങ്ങേ കിടന്നാൽ കുതിര തൽക്ഷണം അവിടെ നി ന്നേക്കും. ഇതു്, ഹയം, യജമാനസ്നേഹംകൊണ്ടു ചെയ്യു ന്നതാണെങ്കിലും ചിലപ്പോൾ ആപൽക്കരമായിക്കണ്ടി രുന്നു. അതിനാൽ വണ്ടിയിൽ സഞ്ചരിക്കുമ്പോൾ വഴി യിൽ കാണുന്ന ചവറുകളെ മാറേറണ്ടതു പുറകിലിരിക്കു ന്ന കുതിരക്കാരന്റെ ജോലിയായി.

"തെരുവുകളിലും പൊതുനിരത്തുകളിലും ചവറും ചപ്പും വാരിയിടുന്നവരെ കഠിനമായി ശിക്ഷിക്കതന്നെ വേണം. നിർമ്മര്യാദം റോഡരുകിൽ മലമൂത്രവിസർജ്ജ നം ചെയ്യുന്നതുകൊണ്ടു ജനിക്കുന്ന വിപത്തു് എന്താണെ

ന്ന് ഓരോരുത്തരും അറിയേണ്ടതാണ്. പൊതുജനങ്ങളുടെ സുഖത്തിന ഗവൺമെൻറു കൂടുതൽ പണം ചെലവിടണം. പൊതുജനങ്ങളുടെ ക്ഷേമമാണ് രാജ്യത്തിൻെറ ക്ഷേമം. ഒരു രാജ്യത്തിലെ തെരുവീഥികരം കണ്ടാൽ ആ രാജ്യത്തുള്ള ജനങ്ങൾക്ക് കൈവന്നിട്ടുള്ള പുരോഗതികരം നിശ്ചയിക്കാം. പ്രജായത്തമായ നേട്ടമാണു ശ്രുചിത്വം" എന്നു റോഡിനെ വൃത്തികെടുത്തു കൊണ്ടിരുന്ന ബാലന്മാരെ നോക്കികൊണ്ടു് കച്ചേരിയിലേയ്ക്കു നടന്നു പോകുമ്പോരം തമ്പി അവർകരം പറഞ്ഞു.

അദ്ദേഹത്തിൻെറ ക്ഷിപ്രകോപം മനസ്സിലായല്ലോ. എപ്പോഴെങ്കിലും അദ്ദേഹത്തിൽ കോപം ആവേശിച്ചു കഴിഞ്ഞാൽ കുറേ നേരത്തേക്ക് ആരോടും ഒന്നുംമിണ്ടാതെ മൌനാവലംബിയായിരിക്കും. പിന്നീടു് ഇങ്ങനെ ആത്മഗതം ചെയ്യാറുണ്ടായിരുന്നു. "ഹോ കഷ്ടം! ഞാൻ അല്പനേരത്തേക്ക കാട്ടുമൃഗംപോലെ ആയിപ്പോയി!"

കാലക്രമേണ ഇമ്മാതിരി വികാരങ്ങളെ അദ്ദേഹം ജയിച്ചടക്കി. സ്വന്തം സന്താനങ്ങളെ ഒരൊററ ദിവസമെങ്കിലും അദ്ദേഹം താഡിച്ചിട്ടില്ലായെന്നുള്ളതു് ഒരത്ഭുതമല്ലയോ? ഉറക്കത്തിൽപോലും കുട്ടികരം "അച്ഛാ അച്ഛാ" എന്നു വിളിച്ചല്ലാതെ കരയുകയില്ല. "കുട്ടികരം ആദ്യമാദ്യം കാണിക്കുന്ന തെററുകരംക്ക ചെറുതായ തല്ലുകരം കൊട്ടത്താൽ മതിയാകും. ഗുരുതരമായ തെററു ചെയ്യുമ്പോരം അക്കണക്കിന് കഠിനമായി ശിക്ഷിക്കേണ്ടിവരും. എങ്കിലും തെററിന് അതിരു് ഉണ്ടാകയില്ല. അപ്പോരം ശിക്ഷയു

ടെ അററം കൊലയുമാകും. പിന്നെ ശിക്ഷയില്ല. ശിക്ഷി ക്കുംതോറും മിക്കവാറും കുഞ്ഞുങ്ങളുടെ വളർച്ചകുറയുകയും, സഹജമായ വാസനക്ക് ഉടവുതട്ടുകയും, വകയ്ക്കുകൊള്ളാ ത്തവരായിത്തീരുകയും ചെയ്യുന്നു.'' ഇപ്രകാരമുള്ള അഭി പ്രായമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. തെററു ചെയ്യുന്നവരെ ഒന്നു തുറിച്ചു നോക്കിയാൽ പിന്നീട്ടു് ഒരി ക്കലും അവർ അതിനു വശംവദരാകാത്തവണ്ണം അത്ര ഗം ഭീരമായിരിക്കും ആ നോട്ടം. തന്നെക്കാൾ വലിയവനെ ന്നു ഭാവിച്ച് അന്യനോ തനിക്കോ ഉപദ്രവം വരുത്തിവ യ്ക്കുവാൻ പുറപ്പെടുന്നവരെ "പോടാ പോ" എന്നു പറ ഞ്ഞാൽ അവർ അവരുടെ അന്ത്യശ്വാസംവരെ കിടുകിടാ വിറയ്ക്കുമെന്നുള്ളതിനു തക്കമില്ല. തന്നിലെളിയവരോ, തൻെറ മിത്രങ്ങളോ അഹിതമായി എന്തുതന്നെ ചെയ്താ ലും അദ്ദേഹം ക്ഷമാപൂർവം മറക്കുകയാണു ചെയ്യാറുള്ള തു്. അദ്ദേഹത്തിൻെറ സ്വഭാവവിശേഷത്തെപ്പററി സൂര്യ നാരായണശാസ്ത്രികൾക്കുള്ള അഭിപ്രായമിതാണു്.

"Meek as a lamb, he yet possessed sturdy independence that would not allow him to be put upon by anyone."

മനുഷ്യൻെറ ധാർഷ്ട്യത്തെ അദ്ദേഹം ഇപ്രകാരം പ ഴിക്കുന്നു. "അഹങ്കാരം മനുഷ്യനെ പിശാചാക്കുന്നു. ഒരു വൻ മദ്യപിച്ചുകൊണ്ടു് മറെറാരു നിർദ്ദോഷിയെ തല്ലു മ്പോൾ അടുത്തു് വേറൊരുത്തൻ നോക്കി നിൽക്കുകയും എന്നാൽ നോക്കി നിൽക്കുന്നവൻെറ നേരെ മദ്യപനെ ത്തുമ്പോൾ 'നീ എന്നെയും തല്ലാനടുക്കുന്നുവോ' എന്നു ചോദിച്ചുകൊണ്ടു് എതിരിടുന്നു. അവിടെയാണു് ഭ്രതാനു

കമ്പയില്ലാത്ത നഗ്നമായ അഹങ്കാരത്തിൻെറ കൂത്തടിക്കോലാഹലം"

ഇതു് അദ്ദേഹം കൂടക്കൂടെ പറഞ്ഞു പോന്നിരുന്നു. "ഞാൻ ന്യായസ്ഥനാണു്. ഞാൻ ദാനശീലനാണു്. ഞാൻ അജാതശത്രുവാണു് എന്നൊക്കെ ദുരഭിമാനം കൊണ്ടു നടക്കുന്നവരുടെ ധാർഷ്ട്യമാണു ലോകത്തിനു ദുസ്സഹമായിട്ടുള്ളതു്."

സർദാർ, കേ. എം. പണിക്കർ മദ്രാസ് യൂണിവേഴ്സിററിയിലെ തത്വശാസ്ത്ര പ്രൊഫസർ എസ്. എസ്. സൂര്യനാരായണശാസ്ത്രി തുടങ്ങിയ ചില മിത്രങ്ങൾ തമ്പി അവർകളുടെ പ്രശസ്താതിഥികളായി കയ്യള്ളിയിൽ വന്നു സ്നേഹനിർവാണത്തിൽ ലയിക്കാറുണ്ടായിരുന്നു. പ്രൊഫസർ സൂര്യനാരായണശാസ്ത്രിയുടെ ബുദ്ധിവൈഭവത്തിലും, ഭാഷാനൈപുണ്യത്തിലും, വേദാന്തപരിജ്ഞാനത്തിലും തമ്പി അവർകൾ വളരെ മതിപ്പും ബഹുമാനവും കല്പിച്ചിട്ടുണ്ടു്. സർദാർ, കെ. എം. പണിക്കർ തൻെറ പാശ്ചാത്യ വിദ്യാഭ്യാസകാലത്തു് ജ്ഞാനസമ്പാദനത്തിനായിത്തന്നെ ആ ഘട്ടം ഉപയോഗപ്പെടുത്തി എന്നുള്ളതുകൊണ്ടുള്ള മേന്മ ഇന്നു് അദ്ദേഹത്തിൽ കാണാനുണ്ടെന്നും, ഗദ്യപദ്യമയങ്ങളായ കാവ്യനിർമ്മിതിക്കു് ഒരു നവീനത്വം കൊടുക്കുന്ന സർദാർ പണിക്കർ സ്തുത്യർഹനാണെന്നും തമ്പി അവർകൾ പറഞ്ഞിരുന്നു. തിരുവിതാംകൂറിൽ വിദ്യാഭ്യാസഡയറക്ടരായിരിക്കുന്ന മി. ഏ. ഗോപാലമേനവനും തമ്പി അവർകളുമായുള്ള സമാഗമം കയ്യള്ളിയിൽ സാധാരണമായിരുന്നു. മി. മേനവൻ തമ്പി അവർകൾ

രചിച്ച് അഭിനയിച്ചിട്ടുള്ള പ്രഹസനങ്ങളിൽ അദ്ദേഹത്തോടൊത്തു ഭാഗഭാക്കായിട്ടുണ്ട്. ഇവർ തങ്ങളിൽ സാഹിത്യ കാര്യങ്ങൾ, ഭാഷാപരിപോഷണക്ഷമങ്ങളായ സംഗതികൾ, എന്നിവയിൽ ഒത്തുചേൎന്ന് ആലോചിക്കാറുണ്ടായിരുന്നു. പണ്ഡിതന്മാരും, കവികളും, ഗായകന്മാരും, മററു കലാപ്രവീണരും കയ്യള്ളിയിലെ താമസക്കാലത്തും പിന്നീടും ദിനമൊന്നൊഴിയാതെ അദ്ദേഹത്തിൻെറ വസതിയെ ശോഭനമാക്കിത്തീൎത്തുപോന്നു. "വളരെ അപൂൎവ്വമായിട്ടാണ് തമ്പി അവർകൾ തനിച്ചു ഉണ്ണാൻ ഇരുന്നിട്ടുള്ളതു്" എന്ന് അന്തേവാസിയും ബന്ധുവുമായ മി. വി. ഗോപാലൻനായർ പറയുന്നു. മഹാകവി വള്ളത്തോൾ തിരുവനന്തപുരത്തു വന്നാൽ തമ്പി അവർകളുടെ ആതിഥ്യം സ്വീകരിക്കുന്നതു പരസ്പരം ഭാഗ്യാതിരേകമാണെന്ന് ഇരുവരും അഭിമാനിച്ചിരുന്നു.

തമ്പി അവർകളുടെ "Three Plays in Sanskrit", ലളിത, ശ്രീരാമകൃഷ്ണചരിതം, നളിനി, വിധിയന്ത്രത്തിരിപ്പ്, ശ്രീകൃഷ്ണാവതാരം, വല്ലീകുമാരം ആട്ടക്കഥ തൊട്ടുള്ള കൃതികൾ രചിച്ചിട്ടുള്ളതു് കയ്യള്ളിയിൽ വച്ചാണെന്നു് പറഞ്ഞുകൊള്ളട്ടയോ? ("ലളിത" ഇംഗ്ലീഷിലും മലയാളത്തിലും സ്വയം വിവൎത്തനംചെയ്തു പ്രകാശിപ്പിച്ചിട്ടുണ്ട്.)

"മന്ദംമധുരംച" എന്ന് അദ്ദേഹം വനജ്യോത്സ്നയിൽ പറഞ്ഞിട്ടുള്ളതുതന്നെയാണ് അദ്ദേഹത്തിൻെറ പുസ്തകമെഴുത്തിലുള്ള ശയ്യ. 'Beast'-നെ 'Beauty'-യാക്കുകയാണ് അദ്ദേഹത്തിൻെറ കലാമാഹാത്മ്യം. തമ്പിഅവർക

ളുടെ മുഖ്യ കൃതികളിൽ അതു തുടുത്തുകാണുന്നുമുണ്ടു്. രണ്ടാമതു, സംഗീതപ്രാധാന്യം. കേരളഭാഷയിൽ തമ്പിഅവർകളെപ്പോലെ ഗാനകാവ്യങ്ങൾ എഴുതുന്നതിനു മറെറാരു സമകാലീനനില്ല. അതു് ഈ പുസ്തകത്തിൻെറ മറെറാരു ഭാഗത്തു വിവരിക്കുന്നതാണു്. പുസ്തകമെഴുത്തിനായി സമയം നീക്കിവയ്ക്കുകയും യശസ്സിനായി പ്രവൃത്തികൾ ചെയ്കയും എന്ന രണ്ടു സംഭവങ്ങളും ആ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഒഴിച്ചുകൂടാൻ വയ്യാതെയുള്ള നിർബ്ബന്ധമോ സന്ദർഭമോ വരുമ്പോഴാണു് തമ്പി അവർകൾ ഗ്രന്ഥരചനയിൽ വ്യാപരിക്കാറുള്ളതു്. അദ്ദേഹം ഒരു ആട്ടക്കഥ എഴുതുവാൻ തുടങ്ങുന്നു എന്നു വിചാരിക്കുക. എങ്കിൽ ഒരു കഥകളിപ്പാട്ടുകാരൻ അടുത്തുകൂടി ഉണ്ടായിരിക്കും. ഓരോ പ്രകൃതത്തിനും യോജിച്ച ഗീതങ്ങൾ രചിച്ചതിൽ പിന്നീടു് അതിനെ ഗായകനോടു് പാടിനോക്കുവാൻ പറയും. താൻ നിർണ്ണയിച്ചിട്ടുള്ള രാഗങ്ങൾ ഒത്തിട്ടുണ്ടോ എന്നു പരിശോധിക്കയും ചെയ്താൽ രണ്ടാമതൊരു ശോധനയ്ക്കായി അദ്ദേഹം സമയം ചെലവിടുകയുണ്ടായിരുന്നില്ല. ഇപ്രകാരമാണു് 'വല്ലീകുമാരം', 'താടകാവധം' എന്ന പ്രസിദ്ധ കൃതികൾ തീർത്തിട്ടുള്ളതു്. ആട്ടക്കഥ പരിഷ്കരിച്ചു് എഴുതിത്തുടങ്ങിയതും തമ്പി അവർകൾ തന്നെയാണു്. ഒടുവിൽചമച്ച 'ചൂഡാമണി' ഒരു പുതിയ പന്ഥാവിനെ ആശ്രയിച്ചിട്ടുള്ളതാകുന്നു. സംഗീതാത്മകമായ 'ചൂഡാമണി' ഈ ശതവർഷത്തിലെ ആട്ടക്കഥകളിൽ 'ചൂഡാമണി' തന്നെയാണു്.

'നളചരിതം ആട്ടക്കഥ' തമ്പി അവർകൾ ഒരു നിധിപോലെ കരുതിയിരുന്നു. അദ്ദേഹത്തിൻെറ ഗാന കൃതികളിൽനിന്നും അതു മനസ്സിലാക്കുകയും ചെയ്യാം. "നമുക്കു ലബ്ധമായിട്ടുള്ള സംഗീതം നഷ്ടപ്പെടാതെ നോക്കേണ്ടതു നമ്മുടെ കടമയാണു്. നമ്മുടെ കവിതകൾ സംഗീതത്തോടുകൂടിയുള്ളതായിരിക്കട്ടെ."

ഇതൊക്കെയായാലും അദ്ദേഹം യശസ്സിനെ കാംക്ഷിച്ചിരുന്നില്ല എന്നു് താഴെപ്പറയുന്ന ഒരു സംഭവത്തിൽ നിന്നും വായനക്കാർക്കു് മനസ്സിലാകും. തമ്പി അവർകളുടെ ഒരു സംസ്കൃതനാടകം തിരുവനന്തപുരം ജൂബിലി ടൗൺഹാളിൽ അഭിനയിക്കുകയായിരുന്നു. അന്നു് പ്രേക്ഷകരുടെ ഇടയിൽ ഇപ്പോൾ കമ്മട്ടം സൂപ്രണ്ടായിരിക്കുന്ന മി. ററി. നീലകണ്ഠപ്പിള്ളയും ആസനസ്ഥനായിരുന്നു. തമ്പി അവർകളോടു് അഭിനയം കണ്ടുകൊണ്ടിരിക്കവേ മി. പിള്ള ചോദിക്കയാണു്. "ഹാ! മി. തമ്പി, നാടകം തമ്പി എഴുതിയതോ? തമ്പീ! നാടകം സംസ്കൃതത്തിലോ?" (ഇവർ സഹപാഠികളാണു്.)

ഇത്രയും പറഞ്ഞപ്പോൾ ആ സഹപാഠികൾ രണ്ടുപേരുടേയും കണ്ണുകളിൽനിന്നും കണ്ണുനീർ വീണുതുടങ്ങിയിരുന്നു. വല്ല പ്രത്യേക സന്ദർഭങ്ങളിലല്ലാതെ ഇവർ തങ്ങളിൽ കാണുക പതിവില്ല. തൻെറ സഹപാഠി ചേതസ്സമാകർഷകമായ രീതിയിൽ ഗ്രന്ഥരചന ചെയ്തുതുടങ്ങിയിരുന്നിട്ടും, തനിക്കു് ഇപ്പൊഴേ അതു കാണ്മാൻ കഴിഞ്ഞൊള്ളുവല്ലോ എന്നു് മി. നീലകണ്ഠപ്പിള്ളയ്ക്കും, തമ്പി അ

വർകൾക്ക് തന്റെ സാഹിത്യവിഭവങ്ങളിൽ ഒന്നു് സംഗ്രഹിക്കുന്ന ആസ്വാദിക്കുവാൻ അവസരം ഇപ്പോഴെങ്കിലും സമാഗതമായല്ലോ എന്നും ഏകകാലത്തിൽ അവരിരുവരുടേയും ഹൃദയകമലങ്ങളിൽ ഒരു സംതൃപ്തി ഉദയംചെയ്തു. അങ്ങനെ ആനന്ദബാഷ്പവും ചൊരിയപ്പെട്ടു. അന്നാകട്ടെ തമ്പി അവർകൾ അറിയത്തക്കവണ്ണം എത്രയോ എഴുതിക്കഴിഞ്ഞിരുന്നു. നാടകാഭിനയം അവസാനിച്ചപ്പോൾ പ്രേക്ഷകരിൽ ഭൂരിഭാഗവും തമ്പി അവർകളുടെ ചുററും തിക്കിക്കൂടി തങ്ങൾക്കു തങ്ങൾക്കുള്ള ആഹ്ലാദാശിസ്സുകൾ അദ്ദേഹത്തെ അറിയിച്ചു.

നമ്മുടെ കഥാനായകൻ എന്തു് ലോകത്തിനു പ്രദാനംചെയ്തു വെന്നു് പ്രഫസർ സൂര്യനാരായണശാസ്ത്രി എം.എ.(ആക്സൻ),ബി. എസ്സി., ബാർ-അററ്-ലാ, ഹിന്ദു പത്രത്തിൽ എഴുതിയിരുന്ന ലേഖനത്തിന്റെ ഒരു ഭാഗം നോക്കുക. (ശാസ്ത്രികളെ ഓക്സ്ഫോർഡിൽ വച്ചു് പരിചയപ്പെട്ട ദിവസം മുതൽ ഒരാത്മാവിന്റെ രണ്ടു രൂപങ്ങളെപ്പോലെയായിരുന്നു തമ്പി അവർകളും അദ്ദേഹവും)

"He was a profound scholar and gifted writer. Endowed with quick and sympathetic insight, he would often come out with gems of critical appreciation, all the more precious for the apparent labour with which they found oral expression. As an author he was blessed with grace, felicity and economy of expression in whatever language he wrote. He has made valuable contributions to the present day Sanskrit and Malayalam literature......"

[അദ്ദേഹം അഗാധപണ്ഡിതനും അനുഗൃഹീതനായ ഗ്രന്ഥകാരനുമായിരുന്നു. ശീഘ്രഗ്രാഹിയും സഹാനുഭൂതിമയവും ആയ നിരീക്ഷണപടുതയാൽ അദ്ദേഹത്തിൽനിന്നും പലപ്പോഴും വിലയേറിയ വിമർശരത്നങ്ങൾ പൊട്ടിപ്പുറപ്പെടാറുണ്ടായിരുന്നു. വാങ്മുഖേനയുള്ള പ്രകാശന വിഷയത്തിൽ നേരിടാറുണ്ടായിരുന്ന പ്രത്യക്ഷക്ലേശം അവയുടെ മാററു വർദ്ധിപ്പിച്ചതേയുള്ളു. ഒരു ഗ്രന്ഥകാരൻെറ നിലയിൽ ഏതു ഭാഷയിലായിരുന്നാലും ലാളിത്യം, സൌകുമാര്യം, മിതഭാഷിത്വം മുതലായവയാൽ അദ്ദേഹം അനുഗൃഹീതനായിരുന്നു. ഇന്നത്തെ സംസ്കൃത കൈരളീസാഹിത്യങ്ങളുടെ പരിപോഷണ വിഷയത്തിൽ അനർഘങ്ങളായ സംഭാവനകൾ ചെയ്തു അദ്ദേഹം വളരെ സഹായിച്ചിട്ടുണ്ട്.]

"രൂപകമത്രനാടിതം"എന്നു തമ്പി അവർകൾ പറയുന്നതിൽ നിന്നും ആ കലയിൽ അദ്ദേഹത്തിനുള്ള വിരുതു് ഒന്നു പ്രത്യേകം തന്നെയാണു്. പ്രേരിപ്പിക്കുവാൻ യഥാകാല പ്രബോധികളായി കുറേപ്പേർ ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിൽനിന്നും കലാവിഷയകമായി എന്തെല്ലാം നേട്ടങ്ങളാണു് ലോകത്തിനു് ലഭ്യമാകുമായിരുന്നതു്! മഹാന്മാർ ജീവിക്കുമ്പോൾ അവരെ കണ്ടറിയുന്നതിനുള്ള സഹിഷ്ണുത എത്രനാൾ ഇല്ലാതിരിക്കുമോ അത്രയുംനാൾ ഭൂതത്തിൽ വന്നുപോയിട്ടുള്ള നഷ്ടത്തെ ഓർത്തു ലോകം നിശ്വസിച്ചുകൊണ്ടു തന്നെയിരിക്കും. നമ്മുടെ കഥാനായകനാകട്ടെ ആരെയും പ്രോത്സാഹിപ്പിക്കുവാൻ കാപ്പുകെട്ടിയിരുന്നു. ആരായിരുന്നാലും ഒരു പുസ്തകവു

മായി (അതതു കാലത്തുണ്ടാകുന്ന നൂതന പ്രസിദ്ധീകരണങ്ങൾ) തന്നെ സന്ദർശിക്കാൻ വരികയാണെങ്കിൽ ക്ഷീണമുണ്ടോ എന്ന സഹജമായ ഗൃഹസ്ഥ ധർമ്മാചരണത്തോടു കൂടിയായിരിക്കും സംസാരിക്കുവാൻ ആരംഭിക്കുന്നതു്. തൻെറ മാന്യനായ ഒരു അതിഥിയായിട്ടാണു് പുസ്തകവുമായി വന്നിട്ടുള്ള മാന്യനെ അദ്ദേഹം ഗണിക്കുന്നതു്. (ഗ്രന്ഥകർത്താക്കളായിരുന്നാലും അവരുടെ ആളുകളായിരുന്നാലും) പുസ്തകത്തിൻെറ വിലയെ കണക്കാക്കാതെ തമ്പി അവർകൾ ഒരു സംഭാവനയും ആഹാരവും കൊടുത്തല്ലാതെ ആ മാന്യനെ യാത്രയാക്കുകയുണ്ടാവില്ല.

ഒരു ഗ്രന്ഥകാരനേയും അദ്ദേഹം വിമർശംകൊണ്ടു ഭഗ്നോത്സാഹനാക്കിയിട്ടില്ല. സാഹിത്യ വിമർശത്തിനു ഭാഷയിൽ രണ്ടു പേരെ ഉണ്ടായിട്ടുള്ളു എന്നും അവർ പ്രൊഫ: ഏ. ആർ. തമ്പുരാനും, സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകളും ആയിരുന്നു എന്നും അവരെത്തുടർന്നു പലരും വന്നുവെങ്കിലും അവരാരും കൊള്ളത്തക്കതായ ഒരു മാർഗ്ഗം എത്തിച്ചേർന്നിട്ടില്ലെന്നും തമ്പിഅവർകൾ ഭാഷയിലെ നിരൂപകന്മാരെപ്പററി പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ സാഹിത്യ വിമർശനരീതി ഇപ്രകാരമാണു്:—"വിമർശനം എന്നതു സാഹിത്യത്തിനു അത്യന്താപേക്ഷിതമാണു്. എന്നാൽ അതു ഒരു പ്രത്യേക കലയായിരിക്കണം. കലയ്ക്കു രണ്ടു വശങ്ങളുണ്ടു്. അവ ഉദ്ഗ്രഥനരീതി (Synthetic) എന്നും, അപഗ്രഥനരീതി (Analytic) എന്നുമാണു്. അപഗ്രഥനരീതി നശീകരണത്തിലേയ്ക്കുള്ള പോക്കാണു്. നാം സ്വീകരിക്കേണ്ടതു ഉദ്ഗ്രഥന

രീതിയാണു്. ഉദ്ഗ്രഥനരീതിയെ അവലംബിക്കുന്ന വിമശ്നങ്ങൾ ഒരു ഗ്രന്ഥത്തെ മററു ഗ്രന്ഥങ്ങളുമായി കൂട്ടിയിണക്കി താരതമ്യ വിവേചനം ചെയ്യുകയും അതിൻെറ മേന്മയെ സ്ഥാപിക്കുകയും ചെയ്യുകയെന്നുള്ളതാണു്. ബഹുവസ്തുക്കളുടെ ഏകീകരണമാണു് അതു നൾകുന്നതു്. ഒരു ഉത്തമ കാവ്യത്തെപ്പോലെ അതിനെ ആസ്വദിപ്പാൻ കഴിയും.''

ഒരാളെ പ്രോത്സാഹിക്കുന്നതിൽ തമ്പി അവർകൾക്കു്, ജാതിമതം, ഉയർച്ച, താഴ്ച, പ്രായം എന്നിവയൊന്നും തടസ്സമായിരുന്നില്ല. സംഗീതത്തിൽ അഭിരുചിയുണ്ടെന്നു കണ്ടിരുന്ന ഒരു കുറവസ്ത്രീയേയും ഒരു കമ്മാള സ്ത്രീയേയും അദ്ദേഹം സംഗീതം അഭ്യസിപ്പിച്ചു് ജീവിതമാൎഗ്ഗം തെളിയിച്ചു കൊടുത്തിട്ടുണ്ടു്. ഹഠയോഗിയായ ഒരു വൃദ്ധനു് (കുടൽ വെളിയിൽ വലിച്ചെടുത്തു കഴുകിവന്നിരുന്ന ഒരു യോഗി) പറയത്തക്കവണ്ണം ഉള്ള ധനസഹായം ചെയ്തു കൊണ്ടിരുന്നു. കയ്യുള്ളിയിൽ തമ്പി അവർകളോടുകൂടി താമസിച്ചു് കാളേജിൽ അദ്ധ്യയനം നടത്തിയിട്ടുള്ള വിദ്യാൎത്ഥികളെപ്പററിയോ, അദ്ദേഹം നിറ കൈനീട്ടുകയാൽ ഓരോരോ നിലകളിൽ ഉയൎന്നിട്ടുള്ളവരെപ്പററിയോ വിവരിക്കുക അസാദ്ധ്യമാകുന്നു. പ്രതിഫലേച്ഛ എന്നതു അ ഹൃദയത്തിൽ ഒരു കാലവും ഒന്നിനെസംബന്ധിച്ചും ഉണ്ടായിട്ടില്ല.

ഒരു അപരിചിതനായിരിക്കട്ടെ, തമ്പി അവർകളെ കാണാൻ ചെല്ലുകയാണെങ്കിൽ അവിടേയും സമത്വവും മിത്രഭാവവും അദ്ദേഹം പാലിക്കാറുണ്ടായിരുന്നു. ഒരു ദിവ

സം ഈ ഗ്രന്ഥകാരനും ഒരു മിത്രവുമായി തമ്പി അദ്ദേഹത്തെ കാണാൻ പോയി. ഞങ്ങൾ പൂമുഖത്തു ചെന്നു കയറിയപ്പോൾ അദ്ദേഹം അവിടെ എത്തി ചോദിക്കുകയാണു്.—

"രണ്ടാളും ഒരുമിച്ചാണോ ഇങ്ങോട്ടു പോന്നതു്. ഇരിക്കണം." പിന്നെ ഞങ്ങൾ സംഭാഷണത്തിലേർപ്പെട്ടു. (എന്നോടൊത്തു വന്നിരുന്ന മിത്രത്തെ തമ്പി അവർകൾ ആദ്യമായിട്ടാണു് കാണുക )

കയ്യുള്ളിയിലെ താമസക്കാലത്താണു് കൂടുതൽ നിർഭ്യാഗ്യകരങ്ങളായ ബന്ധുദുഃഖങ്ങൾ തമ്പി അവർകൾക്കുണ്ടായതു്. ഒന്നാമതായി നേരെ മൂത്ത സഹോദരി മരിച്ചു. വളരെ നാളത്തെ സുഖക്കേടിനു ശേഷം കഥാനായകൻെറ പ്രിയപത്നി രുഗ്മിണിപ്പിള്ള കൊച്ചമ്മ, സരസ്വതിയേയും അദ്ദേഹത്തിൽ ഭരമേല്പിച്ചിട്ടു് ൧൦൮൯-ൽ കാലധർമ്മം പ്രാപിച്ചു.

താൻ കണ്ണിലുണ്ണിയായി വളർത്തുന്ന സരസ്വതിയുടെ രക്ഷയെ ഓർത്തു് തമ്പി അവർകൾ താമസിയാതെ പ്രഥമഭാര്യയുടെ സഹോദരി ഭഗവതിപ്പിള്ള കൊച്ചമ്മയെ പരിണയിച്ചു.

"വിവാഹ കൗതുഹലവാരിരാശി-
പ്രവാഹമദ്ധ്യേ പരമേശകണ്ഠേ
ഭവാനിതാൻ ചാർത്തിയ ദിവ്യമാല്യം
ഭവാനുനിത്യം ശിവമേകിടട്ടെ"

എന്നൊരു പദ്യം ശ്രീമാൻ, എൻ. നീലകണ്ഠപ്പിള്ള, തമ്പി അദ്ദേഹം രുഗ്മണിപ്പിള്ളക്കൊച്ചമ്മയെ പരിഗ്ര

ഹിച്ചപ്പോൾ സമപ്പിച്ച മംഗളാശംസയിലുണ്ടായിരുന്നു. "ഭവാനിതാൻ ചാത്തിയ ദിവ്യമാല്യം" (ഭഗവതിപ്പിള്ള ക്കൊച്ചമ്മയെ ഭവാനിയെന്നും വിളിക്കാറുണ്ട്.) എന്ന വരി ഇപ്പോൾ സാത്ഥകമായി എന്നു് തമ്പിഅവർകൾ ഫലിതത്തിൽ പറയാറുണ്ടായിരുന്നു.

നിർഭരമായ ദുഃഖംവരുമ്പോൾ അദ്ദേഹം അതിൽ നിന്നും മനസ്സിനെ മുക്തമാക്കാൻ വല്ല പദ്യശകലമോ മറേറാ ചൊല്ലിയും അങ്ങോട്ടുമിങ്ങോട്ടും നടന്നും കഴിച്ചിരുന്നു. ശ്രീമാൻ, എൻ. നീലകണ്ഠപ്പിള്ളയുടെ ഒരു കുഞ്ഞു ആസന്നമരണനായി കിടക്കുമ്പോൾ തമ്പി അവർകൾ അവിടെച്ചെന്നു് കുട്ടിയുടെ അപകടസ്ഥിതി മനസ്സിലാക്കിയനേരം ഹൃദ്രോഗം പിടിപെട്ടവനെപ്പോലെ പുറത്തുവന്നു് "യസ്യജ്ഞാന ദയാസിന്ധോ" എന്നു് ഉരുവിട്ടുകൊണ്ടു് വരാന്തയിൽ നടക്കയായി. അവിടെയുണ്ടായിരുന്നവരിൽ ശ്രീമാൻ നീലകണ്ഠപ്പിള്ളയെ ഒഴിച്ച് മററാക്കും ഇതു് എന്തിനുവേണ്ടിയായിരുന്നു എന്നു് മനസ്സിലായില്ല. അവർ ഇരുവരുടേയും സ്നേഹം കുട്ടിക്കാലം മുതൽ ആരംഭിച്ചതാണു്. ആയുർവ്വേദ പാഠശാലയിൽ നിന്നും മി. നീലകണ്ഠപ്പിള്ളയ്ക്കു് ഉദ്യോഗക്കയററം കിട്ടിയപ്പോൾ വിദ്യാത്ഥികൾ അദ്ദേഹത്തിനു നൽകിയ യാത്രഅയപ്പു സൽക്കാരത്തിൽ ആദ്ധ്യക്ഷംവഹിച്ചുകൊണ്ടു് തമ്പി അവർകൾ പറഞ്ഞതു്.

"ഞങ്ങൾ തമ്മിലുള്ള സ്നേഹം അനാദിയും അനന്തവുമാണു്."

KOTTAYAM PUBLIC LIBRARY KOTTAYAM.

മി. നീലകണ്ഠപ്പിള്ളയെ തമ്പി അവർകൾ ചില സംസ്കൃതകാവ്യങ്ങൾ തർജ്ജിമചെയ്യുവാൻ ഏല്പിച്ചിരുന്നു. അദ്ദേഹം രഘുവംശം കുറേ തർജ്ജിമചെയ്തതായും കാണുന്നു. മി. പിള്ള വിഖ്യാതനായ ഇരയിമ്മൻ തമ്പിയുടെ പ്രപൗത്രനാണ്.

൧൦൯൯-ലെ ജലപ്രളയംകൊണ്ടു അവശരായ ജനങ്ങളെ സഹായിപ്പാനായി തമ്പി അവർകൾ ഇറങ്ങിയ ഒരു സംഭവമാണ് ചുവടെ പറയാൻ പോകുന്നതു്. 'ഉടുതുണിപോലുമില്ലാതെ' രക്ഷപ്പെട്ടുവന്ന ചിലരുടെ കഥകേട്ടിട്ടു (പ്രളയ ദുരിതത്തിൽനിന്നും) അദ്ദേഹം കണ്ണീരിലാറാടിപ്പോയെന്നു പറയട്ടെ. ഒരു ദിവസം രാവിലെ മഹോപാദ്ധ്യായ കെ. പി. ശിവശങ്കരപ്പിള്ള ശാസ്ത്രി, മി. എം. ആർ. പത്മനാഭപിള്ള, മി. വി. ഗോപാലൻനായർ, മി. കെ. എൻ. പത്മനാഭപിള്ള തുടങ്ങിയ ചില സഹാനുവർത്തികളുമായി പ്രളയദുരിതത്താൽ അവശരായ സമസൃഷ്ടികൾക്കു ധനസഹായം ചെയ്‌വാൻ പണപ്പിരിവിനായി തമ്പി അവർകൾ തിരിച്ചു. പാൽക്കുളങ്ങരക്കരയിലും സമീപത്തുള്ള അമ്മവീടുകളിലും മററും ഇവർ കയറിഇറങ്ങുവാൻ തുടങ്ങി. നായകനായ തമ്പി അവർകൾ മിക്കവീടുകളിലും ചെല്ലുമ്പോൾ അവരോടു യാചിക്കുന്നതിങ്ങനെപറഞ്ഞുകൊണ്ടാണ്. "ഞങ്ങൾ ഇന്നു യാചകരാണ്. ഞങ്ങൾക്കെന്തുതന്നാലും സ്വീകരിച്ചുകൊള്ളും. മുണ്ടുതരാം. രൂപാതരാം. അരിതരാം. ചക്രവുംതരാം. എന്തുംതരാം. എന്തെങ്കിലും. നിങ്ങൾക്കു മംഗളമുണ്ടാവും. നിങ്ങൾ മഹത്തുക്കൾ. ഈശ്വരകൃപയാൽ യാതൊരു അത്യാഹിതവുമി

ല്ലാതെ കഴിഞ്ഞുകൂടുന്ന നാമല്ലാതെ ആരാണു് വീടുംകൂടമില്ലാതെ കരകൾ തോറും അടിച്ചുകയററിയിരിക്കുന്ന (വെള്ളപ്പൊക്കത്താൽ) പാവങ്ങളെ രക്ഷിക്കേണ്ടതു്? തരുവിൻ നേരം പോണു. ഞങ്ങൾക്കിനി എത്രയിടത്തു പോകണം."

ഗൃഹസ്ഥർ യാചകരിൽ തലവന്റെ മുഖത്തു നോക്കുമ്പോൾ കൂപ്പുകയ്യോടെ എണീററു് ഭിക്ഷകൊടുക്കും. തലവൻ കൌശലക്കാരനാണു്. പണമുള്ള എടം ആണെന്നു കാണുകയാണെങ്കിൽ ഓരോരുത്തരോടും വാങ്ങിയല്ലാതെ പോകുകയില്ല.

ഇവർ വിശന്നു മുഖം വാടുന്നതുകണ്ടിട്ടു് ചില ഭവനങ്ങളിൽ ആഹാരത്തിനു ക്ഷണിക്കപ്പെട്ടു. തലവനുണ്ടോ അതിനു അനുവദിക്കുക. "എത്രനേരം എത്രപേർ വിശന്നിരിക്കുന്നു. നമുക്കു് ഇന്നു ഇത്തിരി വിശന്നിരുന്നാലെന്തു്?" എന്നു പറഞ്ഞുകൊണ്ടു് തലവൻ അനുചരന്മാരുമായി നടകൊണ്ടേടയ്ക്കും. ഉച്ചയായതിൽ പിന്നീടു് ഒരിടത്തു ഇവർ ലഘുഭക്ഷണം കഴിച്ചു. അന്നുതന്നെ അഞ്ഞൂറിൽ പരം ത്രൂപാ പിരിച്ചു് അവർ ദുരിത പീഡിതക്കു്, വസ്ത്രത്തിനും ആഹാരത്തിനുമായി നൾകി. അനന്തരം ൧൦൯൯-ലെ വെള്ളപ്പൊക്കത്തിനും ദുരിതം അനുഭവിക്കേണ്ടി വന്നവക്കു തമ്പി അവർകൾ ദിവസം നൂറുപേക്കു വീതം ആഹാരംകൊടുക്കുകയും കിടക്കുവാൻ തൽക്കാലത്തേയ്ക്കു സംസ്കൃതകാളേജു തുറന്നു് കൊടുക്കുകയും ചെയ്തു. അപ്പോഴും പണപ്പിരിവിനിറങ്ങുകയുണ്ടായിട്ടുണ്ടു്.

൧൦൯൯-ാമാണ്ടു് തമ്പി അവർകളുടെ ആശാസനിഷ്കടമായ—അഭ്യുദയനിദാനമായ, ശ്രീമൂലംതിരുനാൾ

തിരുമനസ്സുകൊണ്ടു് നാടുനീങ്ങി. അതിനെത്തുടൎന്നു ൧൧൦൦-ൽ സരസ്വതിക്കു് ദീനം പിടിപെട്ടു. മകളുമായി മദ്രാസ്സിൽ താമസിക്കവേയാണു് തന്റെ വന്ദ്യമാതാവു് ചരമമടഞ്ഞ വാൎത്ത ലഭിച്ചു് തമ്പി അവൎകൾ തിരുവനന്തപുരത്തേയ്ക്കു തിരിച്ചതു്. അധികം താമസിയാതെ സരസ്വതിയും വിലയം പ്രാപിച്ചു. ക്ഷതചിത്തനായ നമ്മുടെ കഥാനായകന്റെ അപ്പോഴത്തെ അവസ്ഥ എന്താണെന്നു് ഊഹിക്കുകയാണു് ഭേദം. ജീവിതത്തിന്റെ പളപളപ്പു് എത്രത്തോളമുണ്ടെന്നു തെളിയിക്കുന്ന ഈ സംഭവങ്ങൾ തമ്പി അവൎകളിൽ നൈരാശ്യാന്ധകാരത്തെക്കാളും വിജ്ഞാനരശ്മികളെയാണു് കൂടുതൽ ഉദയം ചെയ്യിച്ചിട്ടുള്ളതു്.

---

# അദ്ധ്യായം ൫.

## അചേതനാസ്വാദനം.

തമ്പി അവർകളുടെ മുഖ്യകൃതിയായ 'താടകാവധം' ആട്ടക്കഥ രചിച്ചതു് ശംഖുംമുഖം കടൽപ്പുറത്തു് താമസിക്കുമ്പോഴായിരുന്നു. ൧൧൦൪-ൽ തമ്പി അവർകളും പത്നിയും കുഞ്ഞുങ്ങളുമായി (അപ്പോഠം ഭഗവതിപ്പിള്ള കൊച്ചമ്മയിൽ തമ്പിഅവർകഠംക്കു വിമല, കമല, ശങ്കരൻ എന്നു് മൂന്നു സന്താനങ്ങഠം ജാതരായിട്ടുണ്ടു്.) കയ്പള്ളിയിൽനിന്നും കടപ്പുറത്തേയ്ക്കു മാറിത്താമസമായി. ആ കടൽപ്പുറത്തിനു് ഇത്ര വിലയുണ്ടാക്കിത്തീർത്തതു് തമ്പി അവർകളാണത്രേ. സ്ഥിരമായി അവിടെ താമസിക്കുന്നതുകൊണ്ടു് ആരോഗ്യം നന്നാകുമെന്നു കരുതി ഒരു മന്ദിരം പണിയിച്ചു് അദ്ദേഹം താമസം സ്ഥിരമാക്കി. (൧൦൯൧-ൽ തമ്പി അവർകഠംക്കു വാതകോപത്താലുണ്ടായ പനിയും നീരും കുറച്ചുനാളത്തെ ചികിത്സയ്ക്കുശേഷമാണു് ഭേദപ്പെട്ടതു്. അദ്ദേഹത്തിൻെറ ആരോഗ്യം നന്നാകുന്നതിനു വേണ്ടി കയ്പള്ളിയിൽനിന്നും കടൽപ്പുറത്തു താമസമാക്കണമെന്നു ഡാക്ടർ കെ. രാമൻതമ്പി തമ്പിഅവർകളോടു ഉപദേശിച്ചു. അതനുസരിച്ചു കടൽപ്പുറത്തു താമസമായതിൽപിന്നെ ആ രോഗം ഒരു പ്രാവശ്യമേ ഉണ്ടായിട്ടുള്ളു.) അന്നു് അവിടെ മററു ഗൃഹങ്ങഠം ഒന്നും ഉണ്ടായിരുന്നില്ല. 'കടൽപ്പുറത്തെ താമസം' എന്നു പറഞ്ഞാൽ മിക്കവാറും പേർക്കു് രസിക്കുകയില്ലതാനും. ശംഖുംമുഖം ഒരു 'കാളനി'

യാക്കിത്തീർക്കാൻ തമ്പിഅവർകഠം യത്നിച്ചുപോന്നു. ആയതിലേയ്ക്കു തന്റെ മിത്രങ്ങളിൽ ചിലരെ, അവൎക്കു വേണ്ട സഹായസഹകരണങ്ങഠം ചെയ്തും കടൽപ്പുറത്തു ഭവനങ്ങഠം നിർമ്മിച്ചു് സ്ഥിരതാമസത്തിനു പ്രേരിപ്പിച്ചു. ഈ ശ്രമം രണ്ടുമൂന്നു കൊല്ലംകൊണ്ടു് സഫലമായിക്കണ്ടു. അനേകംപേർ പിന്നീടു പിന്നീടു് അവിടെ നിവാസം ഉറപ്പിച്ചുപോന്നു. തമ്പി അവർകഠംക്കു് അവിടേയും മിത്രങ്ങഠം ധാരാളമായുണ്ടായി. ഡാക്ടർ മൂഡ്ഗിൽ തുടങ്ങിയ അയൽപക്കക്കാരും ഉൽകൃഷ്ടമിത്രങ്ങളും അദ്ദേഹത്തിനു് അവിടെ ലഭിച്ചു.

അദ്ദേഹം കടൽപ്പുറത്തുതാമസമാക്കിയകാലത്തു് ഒരിക്കൽ പത്നിയുമായി കാര്യവശാൽ തെക്കൻതിരുവിതാംകൂറിലേയ്ക്കു പോയിരുന്നപ്പോഠം ഉണ്ടായ ഒരു സംഭവത്തെയാണു് ഇവിടെ "അചേതനാസ്വാദനം" എന്നു പേർ നൽകിയിട്ടുള്ളതു്. ഭൂതപ്പാണ്ടിയിലെ 'താടകമല' കാണുന്നതിന്നായി തമ്പിഅവർകഠം പോയിരുന്നു. തദ്ദേശവാസികഠം താടകമലയുടെ പുരാണകഥകളെല്ലാം സവിസ്തരം അദ്ദേഹത്തെ കേഠംപ്പിച്ചു. സായാഹ്നസൂര്യകിരണങ്ങഠം വാരിക്കോരിച്ചൊരിയുന്ന നയനമോഹനമായ കുങ്കുമച്ചാറണിഞ്ഞു്, നെൽവിരിപ്പാടപ്രാന്തത്തിലായി എഴുന്നു നിൽക്കുന്ന താടകാനാമം വഹിക്കുന്ന ആ മലയുടെ മനോഹാരിതയെ പ്രതിഭാസമ്പത്സമൃദ്ധിക്കു് ആകരമായ തമ്പി അവർകഠം കണ്ണുകഠംകൊണ്ടു കുടിച്ചിറക്കി. ആ നിലയിൽ നിന്നുകൊണ്ടുതന്നെ കാളിദാസന്റെ,

രാമമന്മഥ ശരേണ താഡിതാ
ദുഃസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ.

എന്ന പദ്യതല്ലജം വനവേണുവിൽ നിന്നെന്നപോലെ തമ്പിഅവർകൾ പാടി. താൻ "താടകയെ രാക്ഷസിയായി കാണുന്നില്ല" എന്നു് അദ്ദേഹം സമീപത്തു നിന്നിരുന്ന പത്നിയോടു പറഞ്ഞു. അചേതനങ്ങളേയും പ്രേമപ്രഫുല്ലദൃഷ്ടികൊണ്ടു് ആർദ്രമാക്കി, അതിന്റെ ഓരോ അംശങ്ങളും മനനംചെയ്തെടുത്തു് രസിക്കുവാൻ നമ്മുടെ കഥാനായകൻ അതിചതുരനാണു്. ഈ അചേതനാസ്വാദനാനന്തരം എഴുതിയതാണു് 'താടകാവധം ആട്ടക്കഥ.'

ആരാധ്യനായ ഗുരുവയ്യൻ

വിജ്ഞാനകല്ക്കണ്ടക്കഷണങ്ങൾ വാരിവാരിക്കൊടുത്തു ശിഷ്യഗണങ്ങളെ സംതൃപ്തരാക്കുന്ന ഒരു ഗുരുവയ്യനാണു് അദ്ദേഹം എന്നു പറഞ്ഞുകൊണ്ടു മുന്നോട്ടു പോകാൻ നോക്കിയിട്ടു്, സാധിക്കാത്തതുകൊണ്ടുമാത്രം ഇവിടെ രണ്ടുവാക്കുകൂടി പറവാൻ തുടങ്ങുന്നു.

പ്രയാസമേറിയ വിഷയങ്ങൾ തമ്പിഅവർകൾ പഠിപ്പിക്കുമ്പോൾ ശിഷ്യഗണങ്ങൾ സർവ്വംമറന്നു നവോത്ഭൂതമായ ഉന്മേഷസമേതം കേട്ടുകൊണ്ടിരിക്കും. അദ്ധ്യാപകന്റെ സാമർത്ഥ്യം വിദ്യാർത്ഥികളിൽ പഠനാസക്തി വളർത്തിക്കൊണ്ടുവരുന്നതിലാകുന്നു. അദ്ദേഹം അദ്ധ്യാപന

ത്തിനു് ക്ലാസ്സിൽ വരുന്നതു മുതൽ, ക്ലാസ്സുവിട്ടു പോകുന്നതുവരേയുള്ള സമയത്തിൻെറ ഓരോ നിമിഷവും ജീവിതത്തിൽ പിന്നെ 'കിട്ടുകയില്ലല്ലോ' എന്ന ആവേശം വിദ്യാർത്ഥികളിൽ ഓരോരുത്തരിലും ജാതമായിരിക്കും. ആ പൂജ്യഗുരുപാദർ ഫലിതംകൊണ്ടു വിദ്യാർത്ഥികളെ 'കിലുകിലെ' ചിരിപ്പിക്കും. പ്രേമവാണീവിലാസംകൊണ്ടു് അവക്കു സൌരഭ്യതൈലം പുരട്ടും. ഉപദേശങ്ങൾകൊണ്ടു് പുളകംകൊള്ളിക്കും. ഒരു കാരണവരെപ്പോലെ ശാസിക്കും. ഇതിനിടയിലായിരിക്കും പാഠങ്ങൾ തീക്കുന്നതു്. ദീർഘവും പ്രയാസമേറിയതുമായ ഭാഗങ്ങൾക്കു് (ഏതു ഭാഷയിൽ ആയിരുന്നാലും) അദ്ദേഹം തയ്യാറാക്കുന്ന നോട്ടുകൾ അസുലഭങ്ങളായ അനുഗ്രഹങ്ങളാണു്. ഒരിക്കൽ അദ്ദേഹത്തിൻെറ ക്ലാസിൽ കേട്ടിരുന്ന പ്രസംഗം ഒന്നോർമ്മിക്കുവാൻ കെൽപ്പുള്ള വിദ്യാർത്ഥികൾക്കു ഗ്രന്ഥപാരായണം കൂടാതെ പരീക്ഷയിൽ വിജയം നേടാൻ ശക്യമാണു്. "ക്ലാസ്സിൽ വിദ്യാർത്ഥികൾ തെരുതെരെ സംശയം ചോദിച്ചുകൊണ്ടു പാഠം മുന്നോട്ടു കൊണ്ടുപോകാൻ സമ്മതിക്കാതെ നിൽക്കണം. എങ്കിലേ പഠിപ്പിക്കുവാൻ രസമുള്ളൂ" എന്നു് അദ്ദേഹം ക്ലാസ്സിൽ പറയും. അമ്മ മകനോടെന്നതുപോലെയാണു ശിഷ്യന്മാക്കു് അദ്ദേഹം സംശയനിവൃത്തി ഉണ്ടാക്കുന്നതു്.

മറയന്മാരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു കാണിക്കുന്ന വൈദഗ്ദ്ധ്യമാണു് ഒരദ്ധ്യാപകനിൽ കാണേണ്ട സാമർത്ഥ്യമെന്നു് അദ്ദേഹം പറയുന്നു. തമ്പി അവർകൾക്കു് അസാധാരണമായ ഒരു നിയന്ത്രണശക്തി

ഉണ്ടായിരുന്നതിനെപ്പററി പറയാം. തെററു ചെയ്യുന്നവനെ അദ്ദേഹം ഒരിക്കൽ ശാസിച്ചാൽ അവൻ പിന്നീടൊരിക്കലും അതാവത്തിക്കയില്ല. തമ്പി അവർകൾ 'Deserted Village' (സംസ്കൃതകാളേജിൽവച്ച്) പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. "The bashful virgin's side-long looks of love" എന്ന വരി പഠിപ്പിച്ചപ്പോൾ ഒരു വിദ്യാത്ഥി അപ്രസംഗമായി ഒന്നു ചിരിച്ചു. അദ്ദേഹം അയാളോടു "നിങ്ങൾ പല്ലു പുറത്തു കാണിക്കുന്നതിൽ എന്തെങ്കിലും പ്രയോജനം ഉദ്ദേശിക്കാറുണ്ടോ" എന്നുമാത്രം ചോദിച്ചിട്ട് പാഠം തുടൻ. ആ വിദ്യാത്ഥി പിന്നെ യാതൊരവസരങ്ങളിലും സഹപാഠികൾ അയാളുടെ മുമ്പിൽനിന്നു ഗോഷ്ടി കുത്തിയാൽപോലും ക്ലാസ്സിൽവച്ചു ചിരിച്ചുകണ്ടിട്ടില്ല. അയാൾ എത്രതന്നെ ചിരിക്കുവാൻ ശ്രമിച്ചാലും സാദ്ധ്യവുമായിരുന്നില്ല.

ഒരു വിദ്യാത്ഥി അദ്ദേഹത്തിനോട് ചോദിച്ചു:- "സർ, പടിഞ്ഞാറു എന്നുള്ളതിനു് ഞായർ പടിയുന്നിടം എന്നു് ഒരാൾ അത്ഥം പറഞ്ഞു. എന്നാൽ അയാൾക്കു് മററു ദിക്കുകൾക്കും ഇതുപോലെ ആഗമം പറയുവാൻ കഴിഞ്ഞില്ല. സർ, അതൊന്നു പറയുമോ?"

തമ്പി അവർകൾ വിനയത്തോടുകൂടി "എനിക്കും അതു് ശരിക്കു് അറിയാൻ ആഗ്രഹമുണ്ടു്. നിങ്ങൾ പൂണ്ണമായി ഗ്രഹിക്കുമ്പോൾ എനിക്കുകൂടി പറഞ്ഞുതരുമല്ലോ" എന്നു് പ്രതിവചിച്ചു. അറിഞ്ഞുകൂടാത്തതിനെ അപ്പാടെ സമ്മതിക്കുവാനും തെററു പററിയാൽ അതു് ഉറക്കെ ഏററു പറയുവാനും തമ്പി അവർകൾ കാണിച്ചിരുന്ന

മഹാമനസ്കരായ ജ്ഞാനലവന്മാർക്കും കവികല്പന്മാർക്കും അസഹ്യമായ ലജ്ജയെ ഉണ്ടാക്കിയേക്കാം.

കാളിദാസനെപ്പോലെ ഒരു കവിയില്ലെന്നു തമ്പിയദ്ദേഹം പ്രസംഗിക്കാറുണ്ടെങ്കിലും "ഞാൻ അങ്ങനെ വിശ്വസിച്ചിരുന്നു. രാമായണം വായിച്ചു തീർന്നപ്പോൾ എന്റെ ആദരവിനെ അപ്പാടെ വാത്മീകി കൊണ്ടുപൊയ്ക്കളഞ്ഞു. പിന്നീട്ട് രണ്ടു മൂന്നുകൊല്ലംകൊണ്ടു മഹാഭാരതം വായിച്ചു തീർന്നപ്പോൾ വ്യാസനാണ് കവിയെന്നു ഞാൻ മനസ്സിലാക്കി" ആരിലും ജ്ഞാനം വർദ്ധിക്കുംതോറും പ്രതിഷ്ഠിതമായിരിക്കുന്ന വിജ്ഞാനപരിധികളെ കടന്നുപോകുന്നു. തദ്വിധം ഉന്നതമായ നിരപ്പിൽ എത്തുമ്പോൾ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും ആത്മാവിനും വിശാലതയും വികാസവും ജാതമാകുന്നു. തമ്പി അവർകളിൽ ഈ മാററങ്ങൾ അനവധിയാണ്. 'ശ്രീശങ്കരഗ്രന്ഥാവലി'യിൽപ്പെട്ട ഗ്രന്ഥങ്ങൾ ഒന്നൊന്നായി പഠിച്ചുകഴിഞ്ഞപ്പോഴുണ്ടായ 'മാററ'മാണ് അദ്ദേഹത്തിൽ ഏററവുംഒടുവിലുണ്ടായമാററം. അതു് എത്രത്തോളം ഫലിച്ചുവെന്നു ചോദിക്കുന്നതായാൽ തമ്പി അവർകളുടെ ഒടുവിലത്തെ ദിവസങ്ങൾ അതിനുത്തരം തരുന്നതായിരിക്കും എന്നുമാത്രം പറയുന്നു.

തമ്പി അവർകളുടെ ഗുരുജനഭക്തി ശിഷ്യഗണങ്ങൾക്കാകെ മാതൃകാപരമായിരുന്നു. ഒരു ദിവസം സംസ്കൃതകോളേജിലെ സ്വന്തം മുറിയിലിരുന്ന് അദ്ദേഹം എഴുതിക്കൊണ്ടിരിക്കുമ്പോഴായിരുന്നു പെട്ടെന്നു മി. ഒ. എം. ചെറി

യാൻ അദ്ദേഹത്തെ സന്ദർശിക്കാനായി കടന്നുവന്നതു്: തമ്പി അവർകൾ പേന താഴെവച്ച് സത്വരംഎണീററ് ഗുരുവിനെ അഭിവാദ്യംചെയ്തു് തൻെറ ഇരിപ്പിടത്തിൽ ഇരുത്തിയിട്ടു് ഒരുവശത്തു മാറിനിന്നു. പിന്നീടത്രെ സംസാരിക്കുവാൻ ഭാവിച്ചതു്. അടുത്ത ഹാളിൽ ഇരിക്കുന്ന വിദ്യാത്ഥികൾക്കു് ഇതു കാണത്തക്കവണ്ണം കാററടിച്ചു് വാതിൽ ഒന്നു് തുറന്നിരുന്നു. വിദ്യാത്ഥികൾ പരസ്പരം ചെവിയിൽ പറഞ്ഞു.

"തലനരച്ച ഈ കിഴവനു് പ്രിൻസിപ്പാളിൻെറ കസേരയിലേ ഇരിക്കാവോ" മി. ഒം—എ. ചെറിയാൻ തമ്പി അവർകളുടെ ഗുരുവാണെന്നു് വിദ്യാത്ഥികൾ പിന്നീടാണു് അറിഞ്ഞതു്. അദ്ദേഹം അന്നു രചിച്ചുകൊണ്ടിരുന്ന "ഹൈന്ദവസുധാകര"ത്തിൻെറ ആവശ്യത്തിലേയ്ക്കായി ഏതോ വൈദിക ഗ്രന്ഥങ്ങൾ നോക്കുവാനായിരുന്നു അവിടെ വന്നിരുന്നതു്.

ഒന്നുകൂടി പറയാം. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൻെറ മുൻവശത്തു് (നാടകശാലമുഖപ്പിൽ) തമ്പിഅവർകളുടെ വല്ലികുമാരം ആട്ടക്കഥ ആടുന്നതു കാണ്മാനായി അദ്ദേഹം വെളുപ്പോളം വെളിയിൽ ഒരു നിലയ്ക്കു നിന്നിരുന്നതും അദ്ദേഹത്തിൻെറ ബലവത്തായ ഗുരുജനഭക്തിയെ കാണിക്കുന്നതാകുന്നു. ഇംഗ്ലണ്ടിൽ പോയിട്ടുള്ളവക്കു് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പ്രവേശിക്കുന്നതു വിഹിതമല്ലായിരുന്നു. കഥകളി നടത്തുന്നതു് രാത്രിയിലും ജനനിബിഡതയിലും ആകകൊണ്ടു് അകത്തു ചെന്നിരിക്കുവാൻ തമ്പി അവർകളോടു ചിലർവന്നു നിർബന്ധിച്ചുവെങ്കിലും

തിരുമനസ്സിലേയ്ക്കു് അതു് ഇഷ്ടപ്പെടുകയില്ലല്ലോ, അവിടുത്തെ ആജ്ഞ, തനിക്കു് ബ്രഹ്മാജ്ഞയാണെന്നു കരുതി അദ്ദേഹം അപ്രകാരം ചെയ്കയുണ്ടായില്ല.

൧൯൨൯-സെപ്റ്റംബർ മാസത്തിൽ ഇൻഡ്യാവൈസ്രായി "ഷേലാഷൻപ്രഭു" 'ബേലിയൽ കാളേജ്" വിദ്യാർത്ഥികൾക്കു് സിംലായിൽവച്ചു നൽകിയ വിരുന്നിനു നമ്മുടെ കഥാനായകനും ക്ഷണക്കത്തയച്ചിരുന്നു. അതിൽ സംബന്ധിക്കുവാനായി തമ്പിഅവർകൾ പത്നിയുമായി പുറപ്പെട്ടു. പ്രസ്തുത യാത്രയിൽ ഇൻഡ്യയുടെ പല ഭാഗങ്ങളിലും അവർ സഞ്ചരിച്ചു. മാർഗ്ഗമദ്ധ്യേ കാശി സന്ദർശിക്കുകയും തന്റെ വന്ദ്യമാതാവിന്റെ "അസ്ഥി" ഗംഗയിൽ ഒഴുക്കുകയും ചെയ്തു. തിരുവിതാംകൂറിൽനിന്നും ഇൻഡ്യാവൈസ്രായി നൽകിയ അപ്പോഴത്തെ വിരുന്നിൽ സംബന്ധിച്ചിരുന്നതു തമ്പിഅവർകൾ മാത്രമായിരുന്നു.

### കടൽപ്പുറത്തെ ദിവസങ്ങൾ

മുഷിഞ്ഞിരുന്നു് ജോലി ചെയ്യുവാൻ വിസമ്മതിച്ചിരുന്ന തമ്പിഅവർകൾ കടൽപ്പുറത്തെ ജീവിതത്തിൽ വലിയൊരു വ്യവസായിയായിത്തീർന്നിട്ടുണ്ടു്. രണ്ടുദിവസം കൊണ്ടു് എഴുതി മുഴമിച്ച "ഭാരതിക്കുട്ടി" പൊടുന്നനവെ വിദ്യാർത്ഥികൾക്കു് അഭിനയിപ്പാനായി പകർത്തിക്കൊണ്ടു വരുവാൻ മി. എം. ആർ. വേലുപ്പിള്ള ശാസ്ത്രിയെ ഏല്പിച്ചു. (മി. ശാസ്ത്രി, സംസ്കൃതകാളേജിൽ അപ്പോൾ അദ്ധ്യാപകനായിരുന്നു.) ശാസ്ത്രിയുടെ കാര്യാന്തരംകൊണ്ടു് അവസരത്തിനു് എഴുതിക്കൊണ്ടു കൊടുക്കുവാൻ കഴിയാ

ത്തെവന്നതിനാൽ തമ്പിഅവർകൾതന്നെ അതു വാങ്ങി ക്കൊണ്ടുപോയി പതിവുപോലെ രാത്രി പകുതിയാകും വരേയ്ക്കും മററു ജോലികളിൽ വ്യാപരിച്ചിരുന്നിട്ട്, ശേഷിച്ച സമയംകൊണ്ട് നേരം പുലച്ച്യായപ്പോൾ ആ പുസ്തകം മുഴുവനും പകൎത്തിത്തീൎന്നുകഴിഞ്ഞിരുന്നു.

മനുഷ്യരുടെ ഉറക്കഭ്രാന്തിനെ ഹസിച്ചുകൊണ്ടിരുന്ന തമ്പി അവർകൾ "ജീവനുള്ള മനുഷ്യൻ ചത്തതുപോലെ ഉറക്കം പ്രതീക്ഷിച്ച് എന്തിനു് കിടക്കുന്നു." എന്നു ചോദിക്കുന്നു. ഒരിക്കലും ഉറങ്ങാനായി അദ്ദേഹം കിടക്കാറില്ല; ഉറക്കം വരുന്നതുവരേയും വായിക്കയും ചിന്തിക്കയുമാണു് സ്നേഹിതർ പിരിഞ്ഞുകഴിഞ്ഞാൽ രാത്രികാലങ്ങളിൽ അദ്ദേഹത്തിൻെറ പതിവു്.

കടൽപ്പുറത്തെ ദിവസങ്ങളോരോന്നും തമ്പി അവർകളുടെ ജീവിതത്തിലെ സുദിനങ്ങളായിരുന്നു. കാളേജിൽ നിന്നു് വീട്ടിലെത്തിയാൽ ചതുരംഗംകളിയിലും, മിത്രങ്ങളുമായുള്ള സംഭാഷണങ്ങളിലും സഹായമഭ്യൎത്ഥിച്ചു വരുന്ന വിദ്യാൎത്ഥികളോടും പരിശോധനയ്ക്കും, അഭിപ്രായത്തിനും അവതാരികയ്ക്കും ആയിവരുന്ന ഗ്രന്ഥകൎത്താക്കളോടും അതിഥികളോടും ഗായകന്മാരോടും യഥോചിതം അദ്ദേഹം ഇടപെട്ടിരുന്നു. സമസൃഷ്ടിസ്നേഹിയായ നമ്മുടെ കഥാനായകൻ ലാളിച്ചുപോററി വളൎത്തിയ ഒരു മൂകഭൃത്യൻെറ കഥയും വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണു്. ഈ ഭൃത്യനെ "പൊട്ടൻ" എന്നാണു് വിളിക്കുക. ഇയാൾ ബുദ്ധിപൂൎവ്വമായി പെരുമാറുന്നതിനും യജമാനനുവേണ്ടി പ്രാണ

ത്യാഗംകൂടി ചെയ്യാനും സന്നദ്ധനുമാണ്. ആട്ടക്കഥയിലെ 'മുദ്രക്കൈകൾ' കാണിച്ച് തമ്പി അവർകളെ രസിപ്പിക്കുന്നതിന് പൊട്ടൻ സാമർത്ഥ്യവാനത്രെ. ഇയാൾക്ക് അദ്ദേഹം സർക്കാർജീവനംകൂടി ഉണ്ടാക്കിക്കൊടുത്തനുഗ്രഹിച്ചിട്ടുണ്ട്.

കാലത്തേ കുഞ്ഞുങ്ങളെ സംഗീതമഭ്യസിപ്പിക്കുന്നതിന് നിയുക്തനായിരുന്ന ഭാഗവതരും കുഞ്ഞുങ്ങളുമായി പാട്ടുന്നതു് കേട്ടുകൊണ്ടു് തമ്പി അവർകൾ കുറേനേരംകഴിക്കും. സംഗീതശാസ്ത്രത്തിൽ സുശിക്ഷണം ചെയ്തിട്ടുള്ള തമ്പി അവർകൾ ഭാഗവതർക്കു പലപ്പോഴും നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. തമ്പി അവർകൾ ശാരീരസുഭഗതയുള്ള ഒരു ഗായകനായിരുന്നില്ല. അതിനുവേണ്ടി തമ്പി അവർകളുടെ പത്നി, നല്ലവണ്ണം പാടുന്നതിന് സ്വരമാധുര്യം കൊണ്ടു് അനുഗ്രഹിച്ചിട്ടുണ്ടു്. അവർ (ഭഗവതിപ്പിള്ള കൊച്ചമ്മ) കുടുംബകാര്യങ്ങൾകൊണ്ടു് ഭർത്താവു് വ്യാകുലപ്പെടരുതെന്നു കരുതി ഒതുങ്ങിയ ഒരു ജീവിതത്താൽ അദ്ദേഹത്തെ പ്രീണിപ്പിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിനു ഇച്ഛയ്ക്കൊത്തപോലെ ധർമ്മംകൊടുക്കുവാൻ പത്നിയും സഹായിച്ചു. മരതകമാല, കമലത്തിൻെറ കന്നിക്കേസ്, മൃണാളിനി, തുടങ്ങിയ സാമുദായിക ഗദ്യനാടകങ്ങളും, സൗദാമിനി, എന്ന ആഖ്യായികയും, ദ്രൗപദീവിജയം, അജ്ഞാതവാസം, ധ്രുവചരിതം, പേടികാസന്ന്യാസി, എന്നീ സംസ്കൃത ലഘുദൃശ്യകാവ്യങ്ങളും എഴുതിയതു് ഇവിടെവച്ചാണു്. (മിസ്സിസ്. കൃഷ്ണൻതമ്പി അച്ചടിക്കാത്തതായ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ സഞ്ചയിച്ച് പ്രസിദ്ധപ്പെടുത്തുമെന്നു് വിശ്വസിക്കുന്നു.) ഓരോന്നും സൂക്ഷ്മമായി നിരൂ

•പണം ചെയ്തേ തമ്പി അവർകൾ സ്വീകരിക്കാറുണ്ടായിരുന്നുള്ളൂ. "ഐശ്വര്യാദനപേതമീശ്വരമയം" എന്ന വിശാഖദത്തന്റെ പദ്യത്തെ തമ്പി അദ്ദേഹത്തിന്റെ "ചാണക്യ"നിൽ ഭാഷാന്തരപ്പെടുത്തുമ്പോൾ അതിന്റെ സ്വരൂപം എത്ര ഭംഗിയായി നിരീക്ഷിച്ചിരിക്കുന്നു. "മങ്ങാതൈശ്വര്യമാളും പതിയെയുലകു സേവിക്കുമത്ഥാശമൂലം."

ശംഖുംമുഖത്തു തമ്പി അവർകൾ താമസമായതിൽ പിന്നീടാണ് അധികമായി യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കാൻ അദ്ദേഹത്തിന് പോകേണ്ടിവന്നിട്ടുള്ളതു്. വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങൾ ചെയ്തു സഭാവാസികളെ ആകർഷിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഇൗണവും ചേണിയന്ന ഒന്നായിരുന്നു. മലയാളം മുഴുക്കെ ഇതിലേയ്ക്കു് അദ്ദേഹത്തിന് പോകേണ്ടിവന്നിട്ടുണ്ടു്.

തമ്പി അവർകൾ തിരുവനന്തപുരത്തെ "കഥകളി ക്ലബ്ബ്" രൂപീകരിക്കുന്നതു് ഇവിടെ വച്ചാണ്. കഥകളിയുടെ മേന്മയെപ്പററി അദ്ദേഹം പറയുന്നു:--"കഥകളിയുടെ മെച്ചമെന്താണ്. എന്തു പുതിയ തത്വമാണ് കഥകളി കലാവിഷയകമായി ലോകത്തിനുപദേശിക്കുന്നതു്. എന്ന ചോദ്യത്തിന് ശരിയായ ഉത്തരമുണ്ടു്. കഥകളിയിലെ അഭിനയം ഭിന്നരീതിയിലാണെങ്കിലും, നാടകത്തിലുംകാണാം. ആന, സിംഹം. ഹംസം, മുതലായവയുടെ ചമൽക്കാരസഹിതമായ സർവ്വാങ്ഗസഹകൃതമായ ചിത്രീകരണവും ചേഷ്ടാനുകരണവും ഇൗയിടെ ഉണ്ടായിട്ടുള്ള ചില പാശ്ചാത്യ നൃത്തങ്ങളിലും കണ്ടുവരുന്നു. എന്നാൽ

ലോകത്തിൽ യാതൊരഭിനയകലയിലും കാണാത്ത ഒരു വിശേഷം കഥകളിയിലുണ്ടു്. അതായതു് അഭിനയകലയ്ക്കു് അപ്രതിഹതമായ സ്വാതന്ത്ര്യവും സമ്പൂർണ്ണതയും കഥകളിയിലെപ്പോലെ മറ്റെങ്ങും കാണുകയില്ല............ ഇങ്ങനെ അഭിനയത്തിനു് സ്വതന്ത്രഗതി നൽകിയിട്ടുള്ള ഒരൊററ കലാപ്രസ്ഥാനമാണു് കഥകളി. നൃത്തം, സംഗീതം, സാഹിത്യമെന്നീ കലകൾക്കു് ഇതിൽ വേണ്ടുവോളം അവകാശം സിദ്ധിച്ചിട്ടുണ്ടു്. ഇപ്രകാരമുള്ള ഈ കഥകളിയെ പോഷിപ്പിക്കേണ്ടതു് നമ്മുടെ അതിപ്രധാനമായ ധർമ്മമാണു്.........ഇങ്ങനെ വരുമ്പോൾ എത്രയോ നടന്മാർക്കും ഗായകന്മാർക്കും തൊഴിൽ കിട്ടുകയും അതിൻെറ പരിണതഫലമായി ഏതാനും ഉൽക്കൃഷ്ടരായ നടന്മാരും ഗായകന്മാരും എല്ലാക്കാലത്തും ഉണ്ടായിരിക്കയും ചെയ്യും" ഈ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് തിരുവനന്തപുരം കഥകളിക്ലബ്ബ് ആവിഷ്കരിപ്പിക്കുന്നതു്. ആണ്ടുതോറും രണ്ടു കാലങ്ങളിലായി പതുപ്പത്തു കളി വീതം ഈ ക്ലബ്ബ് നടത്തിവന്നു. ചില പാശ്ചാത്യർ കഥകളി കാണ്മാൻ ഇവിടെ വന്നിരുന്നു. മിസ്സിസ് "ഹാച്ച്" എന്ന പാശ്ചാത്യ വനിതക്കു് കഥകളിയെ സംബന്ധിച്ചു് ഒരു പുസ്തകമെഴുതാൻ തമ്പി അവർകൾ സഹായിച്ചിട്ടുള്ളതും പ്രസ്താവ്യമാണു്.

തമ്പി അവർകൾ മദ്രാസ് യൂനിവേഴ്സിററിയിലെ പരീക്ഷകസമിതി തുടങ്ങിയ പല വിഭാഗങ്ങളിലും തിരുവിതാംകൂറിലും യഥാക്രമം അംഗമായും അദ്ധ്യക്ഷനായും സ്തുത്യർഹമാംവണ്ണമുള്ള സേവനം തുടന്നു് പല തവണയും അനുഷ്ഠിച്ചിട്ടുണ്ടു്. മദ്രാസ് യാത്രകളിൽ സാ

ധാരണ മൂന്നാംക്ലാസ്സ് വണ്ടിയിലാണ് അദ്ദേഹം യാത്ര ചെയ്തിരുന്നതു്. മററു വണ്ടികളിൽ (ഒന്നാംക്ലാസ്സിലും രണ്ടാംക്ലാസിലും) സഞ്ചരിക്കാതിരുന്നതിനെപ്പററി ശ്രീമാൻ, എൻ. നീലകണ്ഠപ്പിള്ള പറഞ്ഞു:- "ഞാൻ മദ്രാസ് സർവ്വകലാശാലയിൽ സംബന്ധിച്ചിരുന്നപ്പോൾ തമ്പി അദ്ദേഹവുമായി ഒത്തു യാത്ര ചെയ്തിട്ടുണ്ടു്. അതു് മൂന്നാംക്ലാസ്സിലായിരിക്കും. മദ്രാസിലിറങ്ങുന്നതിന് രണ്ടു മൂന്നു സ്റ്റേഷനിറങ്ങുവച്ചു് ഞങ്ങൾ രണ്ടാംക്ലാസ്സിൽ കയറും. മദ്രാസിലിറങ്ങുമ്പോൾ ഞങ്ങളെ രണ്ടാംക്ലാസു യാത്രക്കാരായിട്ടു തന്നെ കാണുകയും ചെയ്യും. ഇതിന്ന് തമ്പി അവർകൾ നിർബന്ധിക്കുന്നതെന്തന്നാൽ മൂന്നാം ക്ലാസു യാത്രക്കാരുമായി ഒത്തിരുന്നു് യാത്ര ചെയ്യുന്നതു വളരെ ആനന്ദത്തെ ഉണ്ടാക്കുന്നുവെന്നതിനാലാണ്. വണ്ടിനിൽക്കുന്നിടങ്ങളിൽനിന്നും കാൽ അണവീതം കൊടുത്തു് ഓരോരോ സാധനങ്ങൾ വാങ്ങുക, പല വേഷത്തിലുള്ള യാത്രക്കാരുമായി ഒന്നിച്ചിരിക്കുക, സാധനങ്ങൾ അവക്കും കൊടുത്തു് തിന്നുക, ഫലിതംപറയുക, ചിരിക്കുക ഇതൊക്കെയാണ് അദ്ദേഹത്തെ മൂന്നാംക്ലാസ്സു യാത്രക്കാരനാക്കുന്നതു്: സാധാരണക്കാരായ ജനങ്ങളുമായുള്ള സംസർഗ്ഗത്തിനു തീവണ്ടിയിലും തമ്പി അവർകൾ കൊതിച്ചിരുന്നു."

സ്നേഹസ്വരൂപിയായിരുന്ന തമ്പി അവർകൾ ആരോടെല്ലാം ഏതെല്ലാം പ്രകാരത്തിൽ അടുത്തിരുന്നു! സുപ്രസിദ്ധഫലിത സാഹിത്യകാരനായ മി: ഇ. വി. കൃഷ്ണപിള്ള തന്റെ ഫലിതമാലാവലിയെ തമ്പി അവർകളുടെ മുൻ

പിൽ സമൎപ്പിക്കുവാൻ അട്ടപ്പിച്ചട്ടപ്പിച്ച് എത്തുന്നതും, പ്രഹർഷവദനനായി തമ്പി അവർകൾ സൽക്കരിക്കുന്നതും അറിയേണ്ടതാണ്. ഒരുരാത്രിയിൽ തമ്പി അവർകൾ അത്താഴം കഴിക്കുന്നതിനു കുറച്ചു മുൻപായി മി. ഈ. വി. അദ്ദേഹത്തെ സന്ദൎശിക്കുവാൻവന്നു. തമ്പി അവർകൾ ഈ. വി. യോടു ചോദിച്ചു--ഈ.വി. അത്താഴംകഴിച്ചോ?

ഇ. വി.--അങ്ങുന്നു തന്നെങ്കിലല്ലേ കഴിക്കൂ?

ഝടിതിയിൽ തമ്പി അവർകൾ ഈ. വി-ക്ക് കാഫിയും പലഹാരവുംകൊണ്ടു വരുവാനാജ്ഞാപിച്ചു: അരികിൽ നിന്നിരുന്ന മി. കെ. എൻ. പത്മനാഭപിള്ള (സംസ്കൃതപാഠശാലയിലെ മലയാളാദ്ധ്യാപകൻ) ഈ. വി-ക്കു വിളമ്പുവാനും നിന്നു. കൊണ്ടുവയ്ക്കുന്ന പലഹാരങ്ങളത്രയും ഈ. വി. ഒന്നുരണ്ടു നിമിഷത്തിനുള്ളിൽ തിന്നുതീൎക്കും. കൊണ്ടുവരുന്നതു ക്ഷണനേരത്തേക്കെങ്കിലും വച്ചേക്കുകയെന്നോ, മിച്ചം വയ്ക്കുകയെന്നോ, ഉള്ള രണ്ടു മഹാപരാധങ്ങളും ഈ. വി. ചെയ്തില്ല. തമ്പി അവർകൾ ഈ. വി-യുടെ മുൻപിൽ കാഫി വിളമ്പിക്കുന്നതിന് തിരക്കുകൂട്ടിക്കൊണ്ടിരുന്നു. എന്തിന്, ഈ. വി.ക്കു കാഫി കൊടുത്തതിനുശേഷം, രണ്ടാമതു് ഉണ്ടാക്കാതെ "ഇനിഇല്ലല്ലോ" എന്ന് പാചകർ മഹാനസത്തിൽ നിന്നുകൊണ്ട് മുറുമുറുത്തു.

ആൎക്ക് എന്തുതന്നെ കൊടുത്താലും തമ്പി അവർകൾക്കു മതിവരികയില്ല. കൊടുക്കുന്നതിൻെറ മാധുൎയ്യം നിമിത്തം ഗ്രഹീതാക്കൾ എത്ര അധികമായാലും അറിയാവുമില്ല.

ഈ. വി. യുടെ കൃതികളോടു ആദ്യകാലത്തു തമ്പിഅവർകൾക്കു പ്രതിപത്തി ഒന്നുമുണ്ടായിരുന്നില്ല. "എഴുത്തച്ഛൻ കഴിഞ്ഞാൽ മലയാളത്തിൽ ആരുണ്ട്." എന്നു കളിയായെങ്കിലും അദ്ദേഹം പറയുമായിരുന്നു. മഹാൻ-ൽശ്രീ: ശൂരനാട്ടു കുഞ്ഞൻപിള്ള തമ്പി അവർകളെ സമീപിച്ചതിൽ പിന്നീടാണ് ആധുനിക മലയാളകൃതികളിൽ അദ്ദേഹത്തിനു അഭിനിവേശം ഉളവാകുന്നത്.

ഒരു അസഹ്യമായ തലവേദനയാൽ പീഡിപ്പിക്കപ്പെട്ടു, തമ്പി അവർകൾ കിടക്കുമ്പോൾ മി. കുഞ്ഞൻപിള്ള തമ്പി അവർകളെ സന്ദർശിക്കുവാനായി കടൽപ്പുറത്തെ ബംഗ്ലാവിൽ വന്നു. തലവേദനയാണെന്നു അറിയുകയാൽ തമ്പി അവർകളുടെ അടുത്തുചെന്നു അവിടെ കിടന്നിരുന്ന ഒരു കസാലയിൽ ഇരുന്നു. അരികിൽ, അലമാരയിൽ ഇരുന്ന പുസ്തകങ്ങളുടെ ഇടയ്ക്കു ഈ. വീ. കൃതികളിൽ, ഒന്ന് ഇരിക്കുന്നതുകണ്ടു അതെടുത്തുകൊണ്ടു തമ്പി അവർകളോടു പറഞ്ഞു:—

"അങ്ങയുടെ തലവേദന ഇപ്പോൾവിടും. ഇതു അല്പംകേൾക്കാമോ?"

തമ്പിഅവർകൾ:--"എന്തോന്ന്"

മി. പിള്ള:--"ഈ. വി."

തമ്പിഅവർകൾ:--"തലവേദനയ്ക്കു ഈ. വി. ഔഷധമാകുമോ--"

മി. പിള്ള:--"ഒന്നു കേൾക്കണം."

തമ്പി അവർകൾ:--"ആട്ടെ."

'ഹേജ്ജർപ്രണയം' എന്നപ്രബന്ധമെടുത്തു മി. പിള്ള വായിക്കുവാൻ തുടങ്ങി. നാലഞ്ചുവരി വായിച്ചുതീർന്നപ്പോഴേയ്ക്കും തമ്പി അവർകൾ തല ഉയർത്തിനോക്കി. ആ നോട്ടം ആശ്ചര്യംകൊണ്ടു ഐന്ദ്രജാലികനെ നോക്കുന്നതു പോലെയുള്ളതായിരുന്നു. തലവേദനപോയി, തമ്പി അവർകൾ ഉച്ചത്തിൽ ചിരിച്ചുതുടങ്ങി; കുടൽനോവുന്നതുവരെ ചിരിച്ചു.

ആധുനിക മലയാളമെന്നു പറഞ്ഞു അശ്രദ്ധകാണിച്ചു തള്ളിക്കളയരുതെന്നും ഭാഷയെ പോഷിപ്പിക്കുവാൻ കഴിവുള്ളതു് ഇനിയും ചെയ്യണമെന്നും മി. പിള്ള ഒരു അഭ്യർത്ഥന തമ്പി അവർകളോടു ചെയ്തു. അദ്ദേഹം മി. പിള്ളയോടു പറഞ്ഞു--

"ഇൗ. വീ. ഇത്ര കേമനാണെന്നു ഞാനറിഞ്ഞിരുന്നില്ല."

ആധുനിക മലയാളത്തിലെ യുവകവികളിൽ ഒരാളായ മി. പന്തളം കേ. പി. രാമൻപിള്ള തമ്പി അവർകളുടെ ഔദാര്യം ലഭിക്കുന്നതിനു അധികം അവസരം കിട്ടിയിട്ടുള്ളവരിൽ ഒരാളാണു്.

അദ്ദേഹത്തോടൊത്തു കുറച്ചുകാലം താമസിച്ചിരുന്ന ഒരു യുവകവി ഒരിക്കൽ വെളിയിൽ പോയിട്ടു തിരിച്ചുവരുമ്പോൾ, നേരം, രാത്രി അസമയമായിപ്പോയിരുന്നു. ഭൃത്യന്മാരെല്ലാം ഉറക്കമായിപ്പോയതുകൊണ്ടു് കവിക്കു അത്താഴംകഴിക്കാൻ ഒത്തില്ല. പട്ടിണിയുമായി കിടക്കറയിലേയ്ക്കു കവി പോയി. പിറേറദിവസം തമ്പി അവർകൾ ഉറക്കം എണീററപ്പോഴാണു് കവിയിൽനിന്നും വർത്തമാനം അറിയു

ന്നതു്. അതൊരു മർമ്മഭേദകമായ വാർത്ത ആയിരുന്നു അദ്ദേഹത്തിന്. അദ്ദേഹം ഭൃത്യന്മാരോടു അന്നു ഏർപ്പാടു ചെയ്തു; കവി, വെളിയിൽപോയിട്ടു അഥവാ വന്നില്ലെങ്കിൽ തന്നെയും ചോറും കറികളും പകന്നു മുറിയിൽ ഹാജരാക്കിയേയ്ക്കുവാൻ. എപ്പോൾ വന്നാലും മുൻപിലത്തെപ്പോലെ പട്ടിണിക്കു വിഷയമാകരുതെന്നു അദ്ദേഹം കവിയോടു ഉപദേശിക്കുകയും ചെയ്തു.

സന്ദർശകർ കുറവായുള്ള സായംകാലങ്ങളിൽ കടൽക്കരയിൽ ചെന്നിരുന്നു വിശ്രമിക്കുവാനായി തമ്പി അവർകൾ പോകുമായിരുന്നു. ആ വിശ്രമവേളകളിൽ മിത്രങ്ങളോടു നേരംപോക്കു പറയുകയായിരുന്നു അധികവും. എന്തു കാര്യത്തെക്കുറിച്ചും അപ്പോഴും അദ്ദേഹത്തിനോടു ആർക്കും സംസാരിക്കാമായിരുന്നു.

ബി. ഏ. വിജയിയായ ഒരു യുവാവു് ആട്ടക്കഥയിൽ 'കലയുമില്ല സാഹിത്യവുമില്ല' എന്നുപറഞ്ഞുകൊണ്ടു് ഒരിക്കൽ കടൽക്കരയിൽവച്ചു് തമ്പി അവർകളെ അടുത്തു. യുവാവിൻെറ അജ്ഞതയാണു് അല്ലാതെ ആ കലയുടെ കുറവല്ലെന്നു അയാളെ മനസ്സിലാക്കുവാൻ അദ്ദേഹത്തിനു അധികം സമയം വേണ്ടിവന്നില്ല. അനന്തരം പ്രസ്തുത യുവാവിനു കഥകളിയെപ്പററി പ്രസംഗിപ്പാൻ തക്കവണ്ണം ഉള്ള അറിവു് തമ്പി അവർകളുടെ വിശദീകരണത്തിനു ശേഷം ലബ്ധമായിത്തീൎന്നു.

തമ്പിഅവർകൾ ഡാക്ടർ കെ. രാമൻതമ്പിയുമായി രണ്ടു മൂന്നു പ്രാവശ്യം ഗൌരവമേറിയ ചില കാര്യങ്ങളെ

ക്കറിച്ച് ഇതുപോലെയുള്ള വിശ്രമാവസരങ്ങളിൽ ചർച്ച ചെയ്യുകയുണ്ടായിട്ടുണ്ടു്.

എങ്ങും ഒരു സ്വരച്ചേർച്ച കാണുന്നില്ലെന്നു പറഞ്ഞുകൊണ്ടു് തമ്പി അവർകൾ ഈവിധം ഒരു അവലോകനം ചെയ്തു. "ഒരു ഭിന്നിപ്പ് എവിടേയും കാണുന്നു. വൃദ്ധന്മാരുടേയും യുവാക്കന്മാരുടേയും ഇടയിലുള്ള അഭിപ്രായവൈരുദ്ധ്യം, വ്യക്തികൾ തങ്ങളിലുള്ള വൈരുദ്ധ്യം, സമുദായവൈരുദ്ധ്യംഎന്നു മൂന്നെണ്ണം. ഇതു സൃഷ്ടിയുടെ പ്രഭാതം മുതൽക്കേ ഉള്ളതായിരിക്കാം. വൃദ്ധന്മാർ എപ്പോഴും ഭൂതകാലത്തെ ആധാരമാക്കി സംഭവങ്ങളെ മാതൃകയാക്കുന്നു. ജീവിതത്തോടു ആദർശങ്ങളെ ഘടിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതു തള്ളിക്കളയുവാൻ യുവാക്കന്മാർ വിളിച്ചുപറയുന്നു. അതിനു വൃദ്ധന്മാർ സമ്മതിക്കുകയില്ല. ഈ വടംപിടിത്തത്തിൽ ആരുനിൽക്കും? ആരുവീഴും?"

പിന്നെ ഒരു ദിവസത്തെ സംഭാഷണത്തിലും ഈ വിഷയംതന്നെ അദ്ദേഹം കുറേക്കൂടി ചിന്തിച്ചിട്ട് പറയുകയുണ്ടായി. "ഗൃഹങ്ങളിലുള്ള നമ്മുടെ വൃദ്ധന്മാരെ ഒന്നു പരിശോധിക്കുക. എഴുപതു കൊല്ലത്തിനു മുമ്പുള്ള ശരീരമാണ് തന്റേതെന്ന ഓർമ്മ അവക്കില്ല. വത്തമാനത്തിലും അവർ, പറയുന്നതു നടക്കണം, എന്നു കരൾപൊട്ടെക്കരയുന്നു. കാലത്തിനു വന്നുപോയിട്ടുള്ള മാററങ്ങൾ അവർ അറിയുന്നില്ല. പുത്തനായി ചെറുപ്പക്കാരൻ എന്തെങ്കിലും കൊണ്ടുവരാൻ ഭാവിക്കയാണെങ്കിൽ അതു ഗുണംവാ ദോഷംവാ അവർ ശകാരിക്കാൻ തുടങ്ങും. ചെറുപ്പക്കാരന്റെ

ആശയങ്ങൾ മുരടിക്കുന്നു. അവക്കാകട്ടെ, സമുദായത്തി നാകട്ടെ ഒരു ഗുണവും ഉണ്ടാകുന്നതുമില്ല."

ഇതിൽ പിന്നെയാണു് തമ്പി അവർകൾ "Old men's Emancipation Colony"-യെപ്പററി എഴുതിയിട്ടുള്ളതു്. കുളച്ചിലിനടുത്തു് ഡാക്ടർ രാമൻ തമ്പിയുടെ പത്നീഭവനത്തിൽ വച്ചു് തമ്പി അവർകൾ നടത്തിയ ചർച്ചയുടെ സംഗ്രഹമാണിതു്. (ചുവടെ)

ഡാ. തമ്പി:--ശരി, നമുക്കു ഇനി സമുദായത്തിൻെറ താണവശത്തേക്കുറിച്ചു വേണം സംസാരിക്കുവാൻ.

തമ്പിഅവർകൾ:--അതെ, ഡാക്ടർ. പൊതുവേയുള്ളതിൽ ചില അംശങ്ങളെക്കുറിച്ചേ നാം മുൻപു സംസാരിച്ചുള്ളു. താണവശം ഉയത്തുകഎന്നുള്ളതു് 'Beggar problem' അല്ലയോ ഉദ്ദേശം?

ഡാ. തമ്പി:--അതെ. നാൾക്കുനാൾ യാചകർ കൂടിക്കൂടി വരുന്നു. അവരെ എങ്ങനെ യാചകവൃത്തിയിൽ നിന്നും ഉദ്ധരിക്കുവാൻ കഴിയും? അവരെ ഉപയോഗമുള്ളതാക്കിത്തീക്കുന്നതിനു് നാം ഒന്നു ആലോചിക്കുകതന്നെ. എൻെറ വിശ്രമാവസരം ഇത്തരമുള്ള കാര്യങ്ങൾക്കായി വിനിയോഗിക്കണമെന്നുണ്ടു്.

തമ്പി അവർകൾ:--കരകൾ തോറും അഗതിമന്ദിരങ്ങൾ പണിയിക്കണം. അതു കരക്കാരുടെ വകയായി പോററിക്കൊണ്ടു പോകണം. അപ്പോൾ അവിടവിടെയുള്ള യാചകരുടെ കാര്യം ശരിയായമേൽനോട്ടത്തിന്മേൽ കരക്കാരെത്തന്നെ ഏൽപ്പിക്കാമല്ലൊ.

ഡാ. തമ്പി:--ഇല്ലാ. ഇവിടെ എന്നല്ല, ഭാരതത്തിൽ എവിടെ നോക്കിയാലും, അതു ഇന്നത്തെ സ്ഥിതിക്കു വിജയത്തിലാകുമെന്നു് തോന്നുന്നില്ല. അതാണു ഭാരതത്തിൻെറ തോൽവി. യൂറോപ്പിലാണെന്നുണ്ടെങ്കിൽ അഗതിമന്ദിരങ്ങളും അവക്കായുള്ള തൊഴിൽശാലകളും, എന്നല്ല ഉയന്നതരത്തിലുള്ള ആശുപത്രികൾ, സവ്കലാശാലകൾ എന്നിവ കരക്കാരും സംഘങ്ങളുമായി നടത്തിവരുന്നു.

(കുറച്ചു നേരം അവർ രണ്ടുപേരും പാശ്ചാത്യനാട്ടിൽ കണ്ടിട്ടുള്ള ചില സ്ഥാപനങ്ങളെപ്പററി സംസാരിച്ചു.)

തമ്പി അവർകൾ:-നാം കരക്കാരെ അതിനു പരിചയപ്പെടുത്തുന്ന പദ്ധതി നടപ്പിൽ വരുത്തുവാൻ ശ്രമിച്ചാലോ?

ഡാ: തമ്പി:-ഇല്ല. അതു പരാജയമായിത്തീരും. പിൻതുണ കിട്ടുമോ എന്നുകൂടി സംശയമാണു്.

തമ്പി അവർകൾ:-ഇതു് ഗവണ്മെൻറു് ഏജൻസിയിൽ കൊള്ളിക്കുന്നതു നന്നായിരിക്കുകയില്ല.

ഡാ: തമ്പി:-അവിടെ വരുമ്പോഴാണു ശാസംമുട്ടു വരുന്നതു്. ഗവണ്മെൻറല്ല ഇതിനു കോപ്പിടേണ്ടതു്. ഉത്സാഹവാന്മാരും സുശിക്ഷിതന്മാരുമായ ത്യാഗികൾ; അതുമാത്രം മതിയാകും. ഗവണ്മെൻറിൻെറ സഹായം പുറകേ വേണമെങ്കിൽ വന്നുകൊള്ളും.

തമ്പി അവർകൾ:-'മിഷൻ' മുഖാന്തിരമായാലോ.

ഡാ:തമ്പി:-ഹ!ഹ!ഹ! അതുതന്നെയാണ്. ഭൂമുഖത്തിൻെറ ഏതൊ കോണങ്ങളിൽ ജന്മം കയ്ക്കൊണ്ട മതാചാര്യന്മാർ എങ്ങനെയാണ് അവരുടെ മാർഗ്ഗം, അവരുടെ സിദ്ധാന്തം, ലോകം മുഴുക്കെ പരത്തിയതു്. തിരുവിതാംകൂറിൽ തന്നെ മിഷൻ ജോലിയുടെ സ്ഥായിയായ ഫലം നാം കാണുന്നില്ലേ?

തമ്പി അവർകൾ:-ശരി. ഇനി നമുക്കു മുന്നോട്ടു പോകുവാൻ ഇടം കിട്ടി.

ഡാ: തമ്പി:-മതവുമായി ഘടിപ്പിച്ചിട്ടുള്ള ഘടനകൾക്കു വരാവുന്ന വിജയം; പ്രത്യേകിച്ചു് ഭാരതഭൂമിയിൽ അതിനാണു സ്ഥാനം.

ഈ ചർച്ച ഒരു പരിസമാപ്തിയിലെത്തിക്കുന്നതിനു പിന്നെയും ദിവസങ്ങൾ വേണ്ടിവന്നതിനാൽ പിന്നീടൊരു ദിവസത്തേയ്ക്കു മാററിവച്ചിട്ടു അവർ സംഭാഷണം നിറുത്തി. ഡാക്ടർ തമ്പി ഈ പ്രശ്നം നല്ലപോലെ പഠിച്ചിട്ടുണ്ടെന്നും അദ്ദേഹത്തോടൊത്തു തനിക്കു പ്രവത്തിക്കണമെന്നും തമ്പി അവർകൾ സ്വകാര്യമായി പറഞ്ഞു

ഉദ്യോഗസ്ഥന്മാർ പൊതുജനങ്ങളുടെ മിത്രങ്ങളായിരിക്കണമെന്നും അവർ പൊതുജനദാസന്മാരായിരിക്കണമെന്നും എങ്കിൽ തന്നെയാണു ഭരണസാരഥ്യം വഹിക്കുന്നവക്കു വിജയം ഉള്ളൂ എന്നും മററും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തമ്പി അവർകൾ പറഞ്ഞു.

(ലണ്ടനിൽവച്ചു് നടന്ന ഒരു സംഭവം)

"അവിടെയുള്ള നാടകവേദികളിൽ നമ്മുടെ ഇടയിലുള്ളതുപോലെ തള്ളലും തലതകർപ്പും കണ്ടിട്ടില്ല. മുൻപേ

മുൻപേ വരുന്നവർ ക്രമമായി ടിക്കററു വാങ്ങിയിട്ട്, അതു പോലെ ക്രമമായി വേണം മടങ്ങുവാൻ. മുറപ്രകാരം ടിക്കററുവാങ്ങാൻ ഒരു നാടകശാലയുടെ മുൻപിൽ വന്നിരുന്ന യുവാവു് മദ്യപിച്ചു്, പ്രജ്ഞകുറഞ്ഞവനായി കണ്ടിരുന്നു. അയാൾ മററൊരു യുവാവുമായി അവിടെവെച്ചു് കലശൽ കൂട്ടി. അടുത്തു് ഇതുനോക്കിക്കൊണ്ടു് നിന്നിരുന്ന പോലീസുകാരൻ അവരെ രണ്ടുപേരേയും ഒരു കൈകൊണ്ടു് ബന്ധിച്ചുകൊണ്ടു നടന്നു. മദ്യപൻ പോലീസുകാരൻെറ കൈയിൽ കടിക്കുകയും തുപ്പുകയുംചെയ്തു. പോലീസുകാരൻ വേദനകൾ സഹിച്ചതല്ലാതെ അയാളോടു ഒരു വിരോധവും ഭാവിച്ചില്ല. ആ ക്ഷമാശീലം എന്നെ ആശ്ചര്യപ്പെടുത്തി. ചിരിച്ചുകൊണ്ടു പോലീസുകാരൻ യാചിച്ചു: "സർ, ക്ഷമിക്കണം. മിണ്ടാതെ വരണം" എന്നിട്ടും മദ്യപൻ കുറച്ചില്ല. അപ്പോൾ ഞാൻ പോലീസുകാരനോടു ചോദിച്ചു:-"നിങ്ങൾ എങ്ങനെ സഹിക്കുന്നു?" പോലീസുകാരൻ പറയുകയാണു്. "പൊതുജനങ്ങളുടെ ചോറുണ്ണുന്നതിനു് വേദനകൾ കുറെ സഹിക്കണം.'' ഇങ്ങനെ പാശ്ചാത്യരുടെ കൃത്യനിഷ്ഠയും ചുമതലാബോധവും നാം നോക്കിപ്പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്. വെള്ളക്കാർ പ്രായോഗിക വേദാന്തികളാണു്. പുതുതായി ഒന്നും ചെയ്യാൻ ശക്തരായില്ലെങ്കിലും സത്യവും അന്തസ്സും പരിപാലിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ നിഷ്ഠവയ്ക്കേണ്ടതല്ലേ?''

പൌരസ്ത്യഭാഷാസൂപ്രണ്ടു്.

൧൦൯൯-ാമാണ്ടു് നമ്മുടെ കഥാനായകൻ സംസ്കൃത കലാലയത്തിലെ ദീർഘമായ സേവനത്തിനുശേഷം, തിരു

36408

വനന്തപുരം ആർട്ട്സ് കാളേജിലെ പൌരസ്ത്യഭാഷകളുടെ സൂപ്രണ്ടായി നിയമിക്കപ്പെട്ടു. ഈ സ്ഥാനം പ്രഫസർ, ഏ. ആർ. രാജരാജവമ്മത്തമ്പുരാനു ശേഷം ഒഴിവായിക്കിടക്കുകയായിരുന്നു. തമ്പി അവർകളെ അവിടത്തേയ്ക്കു നിയുക്തനാക്കിയതിൽ പിന്നീടാണു് മലയാളത്തിനു് ആണേഴ്സ് ശാഖ ഏർപ്പെടുത്തുന്നതു്. ഈ ശാഖ സൃഷ്ടിക്കുവാനുള്ള ശ്രമത്തിന്റെ സിംഹഭാഗവും നമ്മുടെ കഥാപുരുഷനാണു് വഹിച്ചിരുന്നതു്. ഇതു് അദ്ദേഹത്തിൽനിന്നും നമുക്കു സിദ്ധിച്ചിട്ടുള്ള നിസ്തുല്യമായ പിതൃസ്വത്താണു്. സംസ്കൃതത്തിനും ആണേഴ്സ്കോഴ്സ് ഏർപ്പെടുത്തുവാൻ അദ്ദേഹം ഉത്സാഹിച്ചുകൊണ്ടിരുന്നു എങ്കിലും ഇപ്പോഴേ അതു നടപ്പിലായുള്ളു. ആദ്യ ദ്രാവിഡഭാഷകൾക്കു് തമ്പി അവർകളെപ്പോലെയുള്ള ഒരു പ്രഫസ്സരുടെ നായകത്വം അത്യാവശ്യപ്പെട്ടിരിക്കയായിരുന്നു. ഈ നായകത്വം തമ്പി അവർകളിൽ നിക്ഷേപിക്കപ്പെട്ടതു് ഏററവും ബുദ്ധിപൂർവകമായിരുന്നു.

അനന്തരം അദ്ദേഹത്തെക്കൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങളാൽ തമ്പി അവർകളിൽ നിക്ഷേപിക്കപ്പെട്ട സ്ഥാനം എങ്ങിനെ മഹത്തമമായിത്തീന്നിരുന്നുവെന്നു വായനക്കാക്കു വഴിയേ അറിയാറാകും. ക്ലാസ്സിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ തന്നെ ഒരു പുതുമകൊണ്ടു് അടയാളപ്പെടുത്തിയിരിക്കും. ബി. ഏ. യ്ക്കു തമ്പി അവർകളുടെ ക്ലാസിലിരുന്ന ഒരു വിദ്യാത്ഥി അദ്ദേഹത്തിന്റെ ക്ലാസിലുണ്ടായിരുന്ന പ്രത്യേകതയെ വിസ്തരിച്ചുപറയുന്നു:-

KOTTAYAM PUBLIC LIBRARY KOTTAYAM

"കൃഷ്ണൻ തമ്പിസാറിന്റെ ക്ലാസിൽ ഇരിക്കാറുള്ള പ്പോഴൊക്കെ നായർ തറവാടിന്റെ പുരാതനൈശ്വര്യകാലത്തു്, ഒരുസംസ്കൃതാശയനായ കാരണവർ തന്റെ വാത്സല്യഭാജനങ്ങളായ അനന്തിരവരോടു പെരുമാറിവന്ന രീതി സ്മൃതിപഥത്തിൽ വരുന്നതാണ്. ഗാർഹികസ്നേഹമസൃണമായ വികാരവിശേഷത്താൽ ഞങ്ങളെല്ലാം സംതൃപ്തരും സുശാന്തരുമായി വർത്തിച്ചുവന്നു. പിൽക്കാലത്തു്, എന്നും സ്മരിക്കത്തക്കവിധം പാഠങ്ങൾ അല്പാല്പം മുന്നോട്ടുപോകുന്നതും, പരീക്ഷായോഗ്യമാകുംവിധം പാഠങ്ങൾ മുന്നോട്ടു പോകുന്നില്ലല്ലോ എന്നുള്ളതും ഞങ്ങൾ ഓക്കാറേ ഉണ്ടായിരുന്നില്ല. സുസ്ഥിരമായി ജനസമുദായ മദ്ധ്യത്തിൽ നിലനിന്നു പോരുന്ന വിശ്വാസപ്രമാണങ്ങൾ യുക്തിയുക്തവും ശക്തിമത്തുമായി ഖണ്ഡിക്കുവാൻ ഗുരുനാഥനുള്ള വാസനയും വൈദഗ്ദ്ധ്യവും ഒന്നു വേറേതന്നെയാണ്. അവയിൽ രണ്ടെണ്ണംമാത്രം ഇവിടെ പ്രസ്താവിക്കാം.

(ഇപ്പറയുന്ന രണ്ടു സംഗതികളും രണ്ടാം അദ്ധ്യായത്തിൽ സംഗ്രഹിച്ചു് കൊടുത്തിട്ടുള്ളതാകുന്നു.)

ഇംഗ്ലീഷുകാരും ഫ്റഞ്ചുകാരും തമ്മിൽ ഒരിക്കൽ നടന്ന കടൽ യുദ്ധത്തിൽ പത്തുവയസ്സു പ്രായമുള്ള കാസാബിയാൻകാ എന്ന ബാലനെ കപ്പലിലൊരിടത്തു് നിർത്തിയിട്ടു യുദ്ധത്തിൽഏർപ്പെട്ട പിതാവ് കപ്പലോടൊത്തു നശിച്ചുപോയ കഥ മലയാളികൾക്കു സുപരിചിതമാണല്ലോ. പരാജിതരായ ഫ്റഞ്ചുകാർ വള്ളത്തിൽകേറി രക്ഷപ്പെടാൻ ഭാവിക്കവേ ഈ ബാലനെ വിളിച്ചതിൽ "എന്റെ അച്ഛൻ എന്നോടു പറഞ്ഞിട്ടുള്ളതു ഇവിടെ നിൽക്കാ

നാണ്; അച്ഛൻ വിളിച്ചാലെ വരുകയുള്ളു." എന്ന ബാലന്റെ ദുശ്ശാഠ്യം നിമിത്തം അവൻ തീയിൽ എരിഞ്ഞു ചാകേണ്ടിവന്നു. പിതൃഭക്തിക്കു മകുടോദാഹരണവും കൃത്യനിഷ്ഠയ്ക്കു ഉത്തമ മാനദണ്ഡവും ആയി പരിഗണിച്ച് അനവധി പാഠ്യപുസ്തകങ്ങളിൽ ഈ കഥ ഉദ്ധരിച്ചു കണ്ടിട്ടുണ്ട്. എന്നാൽ ഞങ്ങളുടെ ഗുരുനാഥൻ ഈ കഥയെക്കുറിച്ച് അഭിപ്രായപ്പെട്ടിട്ടുള്ളതു് ഇത്ര വഷളൻ ചെറുക്കനായിപ്പോയല്ലോ ഈ കാസാബിയാൻകാ 'നീ ഇവിടെത്തന്നെ നിൽക്കണം' എന്നു പറഞ്ഞിട്ടു പിതാവുപോയപ്പോഠം, അയാഠം അശേഷം ഓർത്തിരുന്നില്ല. 'ഇങ്ങിനിവരാതവണ്ണം' താൻ ചത്തുപോകുമെന്ന്. ഗത്യന്തരമില്ലാതെ അയാഠം യുദ്ധത്തിൽ മരിച്ചുപോയി; കപ്പലിനു തീപിടിക്കയും ചെയ്തു. ഇങ്ങനെയുള്ള സന്ദർഭത്തിലും മകൻ അവിടെത്തന്നെ ഒരേനിലയ്ക്കു നിന്നു് എരിഞ്ഞു ചാകണമെന്നു് പിതാവു ഒരിക്കലും ഉപദേശിക്കാനിടയില്ലല്ലൊ. അയാളുടെ ഉദ്ദേശ്യം മനസ്സിലാക്കി പ്രവർത്തിക്കുന്നതിനു് പകരം, ബാലൻ വാക്കുകളെമാത്രം പ്രമാണമായി സ്വീകരിച്ചുകളഞ്ഞു. ആ പിതാവു് ഇവന്റെ അടുത്തുവരാൻ ഒക്കാതെ എങ്ങനെയോ രക്ഷപ്പെട്ടു എന്നിരിക്കട്ടെ. തന്റെ വാക്കുകളെ മാത്രം കുറിപിടിച്ചു മകൻ മരിച്ചു എന്ന വസ്തുത ഒടുവിൽ പിതാവിനു ഗ്രഹിക്കാൻ ഇടവരുന്ന പക്ഷം അയാഠംക്കു എന്തായിരിക്കും തോന്നുക. തന്റെ മകൻ അവസരോചിതം പ്രവർത്തിപ്പാൻ അറിഞ്ഞുകൂടാത്ത മരത്തലയൻ! വാക്കുകളുടെ അർത്ഥം ശരിക്കു മനസ്സിലാക്കാൻ കഴിയാത്ത കഴുത! ഇങ്ങനെ പശ്ചാത്തപിക്കാൻ ഇടവ

രാതെ ആ പിതാവു് ചത്തുപോയതു നന്നായി. മകനും ജീവിക്കാൻ കൊള്ളുന്നവനല്ല."

മാതൃകാപരമായി പരിഗണിക്കപ്പെട്ടിരിക്കുന്ന കാസാബിയാൻകായുടെ വീരചരമത്തെക്കുറിച്ചു് അദ്ദേഹത്തിൻെറ അഭിപ്രായം ഇതായിരുന്നു.

പിന്നെയൊരിക്കൽ ക്ലാസിൽവച്ചു് അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി.

"ആജ്ഞാപനം, അനുസരണം എന്നിവ അവശ്യം വേണ്ടതുതന്നെ എങ്കിലും കേവലം മരപ്പാവകളെപ്പോലെ ലക്ഷക്കണക്കിനു മനുഷ്യരെ പരിഗണിച്ചുകളയുന്നതു കഷ്ടംതന്നെ! യുദ്ധം നിലനിൽക്കുന്നിടത്തോളംകാലം ഈ കൊള്ളരുതായ്മയും ലോകത്തു നിലനിൽക്കും. ഒരുവൻ സേനാനായകൻ എന്ന പേരിൽ ആജ്ഞാപിക്കുക; പതിനായിരക്കണക്കിനു ഭടന്മാർ അനുസരിച്ചുകൊള്ളുക എന്ന വ്യവസ്ഥ ബുദ്ധിയുടെ വളർച്ചയെത്തന്നെ തടുക്കുന്നതാണു്. ൧൦,൦൦൦ ഭടന്മാരുടെ തലച്ചോറിനെ ജയിക്കത്തക്കവിധം ബുദ്ധിസാമൎത്ഥ്യം ഒരു ഒററ ആളിനു ഉണ്ടെന്നു വിശ്വസിക്കുന്നതു സൎവ്വവ്യാപിയായിരിക്കുന്ന സൎവ്വശക്തൻെറ സൎവ്വവ്യാപകത്വത്തെപ്പററി ചോദ്യം ചെയ്യുന്ന ഒന്നാണു്.''

"Their's not to reason why,
Their's but to do and die.''

എന്ന 'ടെനിസൻ'െറ രണ്ടുവരി പശ്ചാത്യലോകത്തു് ഒരു വിപ്ലവംതന്നെ ഉണ്ടാക്കിയിട്ടുണ്ടു്. നിരവധി ഭടന്മാരിൽ ആൎക്കും ചോദ്യം ചെയ്വാൻ അവകാശമില്ലപോലും!

ഒന്നും മിണ്ടാതെ അവരങ്ങു ചത്തുകൊള്ളണം. ഏതാനും പേർ തലതട്ടിലിരുന്നു ആജ്ഞാപിച്ചുകൊള്ളുക. ഈ വ്യവസ്ഥയെ ഉന്മൂലനം ചെയ്യേണ്ടതാണു്. ജനങ്ങളുടെ സമരമനസ്ഥിതിയാണു് ഈ വ്യവസ്ഥ നിലനിൎത്താനുള്ള കാരണം. സകലരുടെ ബുദ്ധിവികാസവും സ്വതന്ത്രചിന്തയ്ക്കുള്ള സ്ഥാനവും നൽകാൻ സൌകൎയ്യങ്ങൾ സിദ്ധിക്കുന്ന കാലത്തുമാത്രമേ ലോകത്തു ശാന്തി നിലനിൽക്കയുള്ളു.

"നൈഷധം ചമ്പു പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഇത്തരത്തിലുള്ള ആശയങ്ങൾ ആ ഗുരുനാഥൻ ഞങ്ങൾക്കു നൽകിക്കൊണ്ടിരുന്നതു എന്നുള്ളതും വിസ്മരിക്കാവുന്നതല്ല. ആ മഹദ്ഗ്രന്ഥത്തിലെ ശ്ലോകങ്ങളും ഈരടികളും ഞങ്ങളുടെ സ്മൃതിപഥത്തിൽനിന്നു് പൊയ്പ്പോയാലും ഇത്തരം വിശിഷ്ടവും അചുംബിതവുമായ ആശയങ്ങൾ ഞങ്ങൾ എന്നെന്നും സ്മരിക്കുകതന്നെ ചെയ്യും."

"പഠിക്കുന്നതിനു ഞങ്ങളെ അറപ്പിച്ചിരുന്ന കാൾഡ്വല്ലിനെ തമ്പിസാർ ഒന്നു കുടഞ്ഞു ഒരു നോട്ടു് എഴുതിയപ്പോൾ പഠിക്കാൻ രസമുള്ള ഒരു പാഠമായി." എന്നിപ്രകാരം ഒരു വിദ്യാൎത്ഥി തന്റെ സ്മരണയെ വിശദമാക്കുന്നു.

തമ്പി അവർകൾ പൌരസ്ത്യഭാഷാ സൂപ്രണ്ടാകുമ്പോൾ തമിഴിൽ ഒരു സാമാന്യ ജ്ഞാനമേ ഉണ്ടായിരുന്നുള്ളു. ഒന്നരക്കൊല്ലംകൊണ്ടു് ആ ഭാഷ എത്രത്തോളം സ്വാധീനമായെന്നു അദ്ദേഹം എഴുതിയ (ഖണ്ഡശഃ പ്രസി

ധപ്പെട്ടുത്തിക്കൊണ്ടിരുന്ന) തമിഴ് വ്യാകരണം പ്രഖ്യാപനം ചെയ്യുന്നു. തമിഴ് വ്യാകരണം പഠിക്കാനൊരുങ്ങുന്ന മലയാളിക്കു ഇതു സഹായമായിരിക്കുമോ എന്നു നോക്കുക.

൧. തമിഴിൽ ൩൦ വർണ്ണങ്ങൾ ഉണ്ടു്.

൧൨ സ്വരങ്ങൾ-അ, ഇ, ഉ, എ, ഒ, എന്നു് അഞ്ചു് ഹ്റസ്വ സ്വരങ്ങൾ; ആ, ഈ, ഊ, ഏ, ഓ, ഐ, ഔ, എന്നു് ഏഴു ദീർഘസ്വരങ്ങൾ.

൧൮ വ്യഞ്ജനങ്ങൾ—

ക, ച, ട, ത, പ, റ, എന്നു് ആറു ഖരങ്ങൾ. ങ, ഞ, ണ, ന, മ, ന, എന്നു് ആറു അനുനാസികങ്ങൾ. യ, ര, ല, വ, ഴ, ള, എന്നു് ആറു അന്തഃസ്ഥങ്ങൾ.

നിനയ്ക്കുക എന്നിടത്തെ ന ഉച്ചാരണം വേർതിരിച്ചു കാട്ടുവാൻ ('ന') എന്നെഴുതുന്നു. സ്വരങ്ങളുടെ കൂട്ടത്തിൽ 'ഉ' എന്ന അക്ഷരത്തിനു മാത്രം രണ്ടു വിധമായ ഉച്ചാരണം ഉണ്ടു്. ഈ സ്വരം മുഴപ്പിച്ചു് ഉച്ചരിച്ചാൽ മുററിയൽ ഉകരം (മുററുകരം) അതിനെ അർദ്ധമാത്രമായി ഉച്ചരിച്ചാൽ കുററിയൽ ഉകരം(കുററുകരം); ഉച്ചാരണശുദ്ധി കേട്ടുതന്നെ ഗ്രഹിക്കേണ്ടതാണു്. ഉം: പാറു പങ്കു്.

൨. ഇതു കൂടാതെ ஃ എന്നൊരെഴുത്തുകൂടി തമിഴിൽ ഉണ്ടു്. സംസ്കൃതത്തിലെ ജിഹ്വാമൂലീയം പോലെയാണു് ഇതുച്ചരിക്കേണ്ടതു്. ഇതിനു 'ആയിതം' എന്നു പേർ.

൩. ഒരക്ഷരത്തോടു കരം എന്നു ചേർത്താൽ ആ അക്ഷരത്തിൻെറ ഹ്റസ്വത്തിൻെറ സംജ്ഞയായി,

അകരം=അ; ഇകരം=ഇ. കകരം=ക ദീൎഘസംജ്ഞയിൽ ഒരു വിശേഷവിധി ഉള്ളതു് കരം എന്നതിനു പകരം 'കാരം' എന്നു ചേൎക്കുന്നതാണു്. ഉം:-ആകാരം=ആ; ഈകാരം=ഈ; കാകാരം=കാ."

തമ്പി അവൎകൾ ഇക്കാലത്തുതന്നെ സംസ്കൃതത്തിലെ "സിദ്ധാന്തകൌമുദി"യ്ക്കു ഇംഗ്ലീഷിൽ വൃത്തിയോടുകൂടി ഒരു ഗ്രന്ഥം മുക്കാലും എഴുതിതീൎത്തിട്ടുണ്ടു്.

മലയാളഭാഷയുടെ ശുഭോദയം എന്നു പറയത്തക്കവണ്ണം തമ്പിയവൎകൾ ഉദ്യോഗം ഭരിച്ചുതുടങ്ങി. "മററു ഭാഷകളിലെ സാഹിത്യങ്ങളെപ്പററി സമ്പൂൎണ്ണവും ചൎച്ചാപുരസ്സരവുമായുള്ള അറിവു നൽകുന്ന ഗ്രന്ഥങ്ങൾ കൈരളിക്കു് അത്യന്താപേക്ഷിതമാണു്" എന്നു് അദ്ദേഹം ആവശ്യപ്പെടുന്നു. മലയാളഭാഷയിലെ സാഹിത്യം ഇതരഭാഷകളിലെ സാഹിത്യങ്ങളെപ്പോലെ വിശ്രുതമാകണമെന്നും അതിനു ഇതര സാഹിത്യങ്ങളുമായി നാം അടുത്തു പരിചയപ്പെടണമെന്നും അദ്ദേഹം പറയുന്നു. ഭാഷാവികാസത്തിനു 'ഗവേഷണം' പ്രധാനപ്പെട്ട ഒരു വിഭാഗമാണെന്നു നമ്മെ അനുസ്മരിപ്പിക്കുന്നു. മന്ദവും അലസവുമായിട്ടാണു് എ. ആർ. തമ്പുരാനുശേഷം പൌരസ്ത്യശാഖ കിടന്നിരുന്നതു്.

ഹജൂർ കച്ചേരിയിൽ 'അററാഷെ' ഉദ്യോഗത്തിൽ നിന്നും കയററം കൊടുക്കുവാൻ നിശ്ചയിച്ചപ്പോൾ തമ്പി അവൎകൾ ഒരേ തരത്തിലുള്ളതും ഇടം വലം തിരിയുവാൻ ഇടമില്ലാത്തതും, വെറും ഒപ്പിടൽകൊണ്ടു കാലംകഴിക്കു

ന്നതും പെൻഷൻ തീയതിയിൽ വിളിച്ചുണത്തി, തീയതി അറിയിക്കുന്നതുമായ ഉദ്യോഗക്കയററം തനിക്ക വേണ്ടാ യെന്നും ഒരു അദ്ധ്യാപകവൃത്തിയിലേയ്ക്കു തന്നെ നിയമിക്ക ണമെന്നും അപേക്ഷിച്ചിരുന്നതു ഇപ്പോൾ നാം ഓക്കേണ്ട താണു്.

൧൧൧൧-ൽ "സഹൃദയ" എന്ന പേരിൽ ഒരു സമാജം തമ്പി അവർകളാൽ രൂപീകരിക്കപ്പെട്ടു. "സഹൃദ യ" എന്ന ഒരുമാസികയും പ്രസ്തുത സമാജത്തിൻെറ വക യായി പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. ഫ്റാൻസിലെ വൻപിച്ച സാഹിത്യ സംഘടനയെപ്പോലെ (*French Academy*) സഹൃദയ സമാജവും ഉപയോഗപ്രദങ്ങളായ സാഹിത്യം, ശാസ്ത്രം, ഗവേഷണമെന്നീ വിഷയങ്ങളിൽ ആരാഞ്ഞറിഞ്ഞു് നവങ്ങളായ ലേഖനങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിനും ഏതദ്വിഷയകമായി സംസാരിക്കുന്നതിനും പണ്ഡിതന്മാക്കു് ഒരു സങ്കേത മാണു്. സഹൃദയ മാസിക മലയാളഭാഷയിൽ ഒന്നാംതരം ലേഖനങ്ങളും കൊണ്ടാണു് പുറത്തുവരാറുള്ളതു്. സഹൃദയ സമാജത്തിലെ അദ്ധ്യക്ഷനായ തമ്പി അവർകൾ സ്വശി ഷ്യന്മാക്കു് വേണ്ടപോലെ വികസിക്കുവാൻ ആ സമാജം ഉപകരിക്കണം എന്നു് കാലേക്കൂട്ടി കരുതിയിരുന്നു. ആണേഴ്സ് വിദ്യാത്ഥികൾക്കു് "തമ്പിസ്സാർ" അതുല്യ നായ ഗുരുദേവനായിരുന്നു. വിദ്യാത്ഥികളും അദ്ധ്യാപക ന്മാരുമായി നടത്തുന്ന ചച്ചകൾ, ഗവേഷണങ്ങൾ, പ്രബ ന്ധനിമ്മാണങ്ങൾ, വിമശ്സരണികൾ എന്നിങ്ങനെ ഓരോന്നിനും ആ ഗുരുവയ്യൻ വഴി തെളിച്ചുകൊടുത്തു. സ ഹൃദയസമാജത്തിൻെറ നിബന്ധനകൾ തന്നെ നോക്കുക,

എ. ഭാഷാപരങ്ങളും സാഹിത്യപരങ്ങളുമായ ഗവേഷണങ്ങൾ നടത്തുക.

ബി. ഗ്രന്ഥനിരൂപണം ചെയ്യുക.

സി. പാശ്ചാത്യശാസ്ത്രങ്ങൾ ഭാഷയിൽ പ്രചരിക്കുവാനുതകുന്ന ഗ്രന്ഥങ്ങൾ നിർമ്മിക്കുക.

ഡി. (സി)യിൽ വിവരിച്ച ഉദ്ദേശ്യം പുരസ്കരിച്ച് ഒരു സാങ്കേതിക നിഘണ്ടു ഉണ്ടാക്കുക.

ഇ. ഭാഷയിൽ നിരുക്തിസഹിതമായ ഒരു നിഘണ്ടു രചിക്കുക.

എഫ്. കേരള ചരിത്രപരങ്ങളായ ഗവേഷണങ്ങൾ നടത്തുക.

ജി. പ്രാചീനകൃതികളെ പ്രസാധനം ചെയ്യുക.

എച്ച്. ദേശ്യകലകളെ പോഷിപ്പിക്കുക.

മേല്പറഞ്ഞ കാര്യങ്ങളുടെ നിർവ്വഹണത്തിന് ഒരു ഗവേഷണശാല സ്ഥാപിക്കുന്നതും ഈ പദ്ധതിയിലുൾപ്പെടുന്നു. സമാജത്തിന്റെ രക്ഷാധികാരികളായി സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയും ശ്രീമാൻ, എ. ഗോപാലമേനോനും ഏർപ്പെട്ടു. മികച്ച പണ്ഡിതന്മാരായ ഒരു പ്രസാധകസംഘവും ആത്മാർത്ഥമായി സമാജത്തിൽ പ്രവർത്തിക്കുവാനും ഉൾപ്പെടുന്നു. സഹൃദയയുടെ കാര്യദർശിസ്ഥാനം കയ്യേററ മി. ബി. പത്മനാഭപിള്ള യുവസഹജമായ ചൊടിപ്പോടുകൂടിത്തന്നെ കയ്യേററെടുത്ത കൃത്യം ഭംഗിയാക്കിവന്നു. ഗുരുക്കന്മാരുടെ സകാശത്തിലിരുന്ന് എഴുതിയും ചിന്തിച്ചും പ്രകാശിക്കു

വാൻ വിദ്യാൎത്ഥികൾക്കും പണ്ഡിതന്മാരുടെ സമ്പൎക്കംകൊണ്ടു് താന്താങ്ങളുടെ ലേഖകവൃത്തി പുഷ്ടമാക്കുവാൻ ലേഖകന്മാൎക്കും കൃത്യബഹുലതയ്ക്കിടയ്ക്കു് ശ്രമസാദ്ധ്യംകൊണ്ടു് പണ്ഡിതന്മാരാൽ ചമയ്ക്കപ്പെടുന്ന അനഘലേഖനങ്ങൾവഴി വിജ്ഞാന സമ്പാദനത്തിനു് കുതുകികളായ വായനക്കാൎക്കും സഹൃദയ വഴികാട്ടി തന്നെയല്ലേ?

തമ്പി അവർകളുടെ ക്രൂലങ്കഷമായ നിഷ്കർഷയാൽ, ചരിത്രം, താമ്രശാസനാന്വേഷണം, കലാവിഭാഗങ്ങളുടെ പുരാതനം മുതൽക്കുള്ള ദശാപാകവ്യത്യാസനിരൂപണം, മഹാകവികാലനിൎണ്ണയസംവാദസംവരണം, സാഹിത്യസൎവ്വാംഗാരാധനാസൂത്രണം എന്നിവയാൽ സൎവ്വാംഗസംപുഷ്ടമാംവണ്ണം ആ മാസികാശിശുവിനെ അലങ്കരിച്ചു വളൎത്തിവന്നു.

ഇങ്ങനെ തമ്പി അവർകളുടെ പ്രാഗത്ഭ്യമേറിയ പാണ്ഡിത്യം വിദ്യാൎത്ഥികളെ വശീകരിക്കയാൽ അവർ അദ്ദേഹത്തിന്റെ നിൎദ്ദേശങ്ങളെ ആകാംക്ഷയോടുകൂടി സ്വീകരിച്ചനുസരിച്ചിരുന്നു. തമ്പി അവർകൾക്കു് അദ്ധ്യാപനവിഷയത്തിൽ സംസിദ്ധമായിട്ടുള്ള പാടവം അവൎക്കു്, പരീക്ഷാവിജയം നേടുവാൻ പ്രാപ്തരാക്കിയതിനെക്കാൾ അന്തഃകരണത്തിനും അവയവങ്ങൾക്കും ദാർഢ്യമുണ്ടാക്കുന്ന വിജ്ഞാനം വീതിച്ചുകൊടുക്കുന്നതിനും പ്രേരകമായി ഭവിച്ചു.

തമ്പി അവർകൾ 'മലയാളം ആണേഴ്സ് സമാജം' രൂപീകരിച്ചതും വിദ്യാൎത്ഥികളുടെ സ്ഥായിയായ വിജ്ഞാനവൎദ്ധനവിനെ ലാക്കാക്കിക്കൊണ്ടു് തന്നെയാണു്. ഈ

സമാജത്തിലെ വാദപ്രതിവാദവിഷയമായി ഉണ്ണുനീലി സന്ദേശത്തിൻെറ കാലനിർണ്ണയം, ചെപ്പേട്ടുകളുടെ കാല നിർണ്ണയം, തുടങ്ങിയ ഗൌരവമുള്ളതും അത്യധികം പ്രയോജനമുള്ളതും ആയ കാര്യങ്ങളെ അധികരിച്ച് കാളേജിലെ അദ്ധ്യാപകന്മാരെക്കൂടാതെ, നഗരിയിലെ പണ്ഡിതപ്രമുഖന്മാരും ചേൎന്ന സ്വകീയങ്ങളായ മതങ്ങളവതരിച്ചുകൊണ്ട് പ്രസംഗിക്കാറുണ്ടായിരുന്നു. തന്മൂലം ഉണ്ടായിട്ടുള്ള ഗുണം അവാച്യമാണ്. ഈ സമാജം സമ്മേളിക്കുമ്പോൾ തദംഗങ്ങൾക്കു ലഘുഭക്ഷണം കൊടുപ്പാൻകൂടി തമ്പി അവർകൾ നിഷ്കർഷിച്ചിരുന്നത്രെ.

തമ്പി അവർകൾ ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോൾ താൻ അറിയാതെ "സോഷ്യലിസ" പ്രവചനം നടത്തിപ്പോകാറുണ്ടായിരുന്നു. ലോകത്തിൻെറ ദുരിതശാന്തിയ്ക്കു് അതൊന്നു മാത്രമേ സഹായമായിരിക്കയുള്ളുവെന്ന് സഹാദ്ധ്യായികളോട് അദ്ദേഹം പറഞ്ഞിരുന്നു. സോഷ്യലിസത്തെപ്പററി വിദ്യാൎത്ഥികൾ പറയുമ്പോൾ തമ്പിഅവർകൾ ചിരിക്കൊണ്ട് അവരോടു ചോദിക്കും. "സോഷ്യലിസം" "അതെന്താണാവോ! നിങ്ങൾ വെറുതെ ഉച്ചരിച്ചു കളയുന്നതെന്തിന്? അല്ലാ, നിങ്ങൾ എന്ന് അതിൻെറ ജീവത്തായ ചൈതന്യത്തിൽ ആകൃഷ്ടരാകുന്നുവോ അന്നുമാത്രമേ സോഷ്യലിസം നിങ്ങൾക്ക് എന്താണെന്ന് അറിയാൻ കഴിയൂ."

"ഷാ" (Bernard Shaw) തമ്പി അവർകളുടെ ജീവിതത്തിൽ ഇപ്പോൾ ഒരു ഭാഗമായിത്തന്നെ

തീൎന്നിട്ടുണ്ടു്. അദ്ദേഹം അറിയാതെ സംഭാഷണങ്ങ ളിൽ "ഷാ" പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു.

(അപ്പോഠം അടുത്തുകൂടെയുണ്ടായിരുന്ന മി. പരമേശ്വരൻതമ്പിയിൽനിന്നും ഗ്രഹിക്കാൻ കഴിഞ്ഞതു്)തമ്പി! അവർകളുടെ പുത്രൻ ശങ്കരൻതമ്പി തന്റെ ഒരു കൂട്ടുകാരൻ വിലയിൽ കൂടിയതും വൎണ്ണാഞ്ചിതവുമായ ഒരു 'കോട്ടു്' ധരിച്ചുകൊണ്ടു വരുന്നുവെന്നും തനിക്കു് അമ്മോതിരി ഒരു കോട്ടു് തയ്പിച്ചുതരണമെന്നും പിതാവിനോടു പറഞ്ഞു.

മകന്റെ അഭിവാഞ്ഛയെക്കേട്ടിട്ടു് തമ്പിഅവർകഠം ഇങ്ങനെ ഉപദേശിച്ചു. "അനിയാ! (മകനെ അനിയാ എന്നാണു വിളിച്ചുവന്നതു്) നിനക്കു് ഈവിധമുള്ള ആശകളാണോ ഉണ്ടാകുന്നതു്? നിനക്കു് ആശ്ചര്യം തോന്നുന്നതു്, അതോ ഒരു പുറംചട്ടയിൽ! വെറും നിറമുള്ള ചട്ടയിൽ! ആലോചിച്ചുനോക്കൂ.നിറം ഉള്ളതോ നിറം പോകുന്നതോ എന്നു്, ഉടുപ്പു തയ്പിക്കുന്നതിലുള്ള പ്രയാസംകൊണ്ടല്ല ഞാനീ പറയുന്നതു്. ഒരു നിറമുള്ള ഉടുപ്പുകൊണ്ടു് എന്തു സാധിക്കും. ഞൊടിയിടയിൽ നീ വലുതാകുമോ. നീ എത്ര സൂൎയ്യാസ്തമയങ്ങഠം കണ്ടുകഴിഞ്ഞിരിക്കുന്നു. ഇന്നലെ നീ കണ്ട അസ്തമയത്തിന്റെ ചായം ഇന്നത്തെ സൂൎയ്യാസ്തമയംകൂടികാണുമ്പോഠം നീ ഓൎമ്മിക്കാൻ ഇടവരുമോ. അതുപോലെ വേറെ നാലഞ്ചു നിറമുള്ള ഉടുപ്പുകഠംകൂടി കാണുന്നുവെന്നു വിചാരിക്കുക. അപ്പോഠം നിനക്കു് ഒന്നിലും ആസ്ഥയില്ലാതാകും. ഏതെങ്കിലും ഒന്നുകൊണ്ടു നഗ്നത മറച്ചാൽ മതിയെന്നു തോന്നും. ഇന്നു നീ ഇതിനു

തുനിഞ്ഞു നാളെ ഉപേക്ഷിക്കുന്നതിനെക്കാളും, ഇന്നു കൂടാതെയിരിക്കയല്ലേ നല്ലതു്. വർണ്ണം, അതഴിഞ്ഞുപോകും. മോടി, അതിടിഞ്ഞുപോകും. കാലം, അതകന്നുപോകും. നാം മോടിക്കുവേണ്ടി ചെലവിടുന്നതു പാവങ്ങൾക്കായി കൊടുക്കുകയാണെന്നിരിക്കട്ടെ, അപ്പോൾ ആ ആത്മാക്കൾക്കു് പുതുമഴപോലെ എന്താശ്വാസമായിത്തോന്നും. അനിയാ! നീ കൂടെപ്പഠിക്കുന്നവക്കു കൊടുക്കുവാൻ വല്ലതും വേണമെന്നു പറഞ്ഞിരുന്നുവെങ്കിൽ നിന്നിൽ എനിക്കു് എത്രയധികം സന്തോഷം തോന്നുമായിരുന്നു. അനിയാ. നിൻെറ സമസൃഷ്ടങ്ങളിൽ നിന്നെപ്പോലെയുള്ള സ്നേഹം തോന്നുവാനും നീ അവക്കും, അവർ നിനക്കും, അന്യോന്യം ഉപകരിപ്പാനും വേണ്ടിയാണു നീ ശ്രമിക്കേണ്ടതു്! അതിൽനിന്നും കിട്ടുന്ന സമാധാനമാണു നിനക്കുണ്ടാകേണ്ട സമ്പത്തു്. അതാണു നിനക്കു തയ്പിക്കേണ്ട ഉടുപ്പു്."

പിതാവിൻെറ ഈ ഉപദേശം തനയനിൽ ന്തറു് അടി കൊടുക്കുന്നതിനെക്കാളും വേദനയുളവാക്കി. അച്ഛനോടു് ഇങ്ങനെയൊന്നർത്ഥിക്കാൻ ഉള്ള മനഃകരുത്തു തനയനിൽ പിന്നീടു സഞ്ജാതമായില്ല. എന്നുതന്നെയല്ല നെടുവീപ്പിട്ടുകൊണ്ടു ബാലൻ പശ്ചാത്തപിച്ചു കരഞ്ഞു; ഇമ്മാതിരി ഭ്രമങ്ങൾ കുട്ടി എന്നന്നേക്കുമായി ഉപേക്ഷിക്കയും ചെയ്തു.

വസ്ത്രധാരണവിഷയത്തിൽ തമ്പിഅവർകൾ വളരെ ഒതുക്കമുള്ളവനായിരുന്നു. കാളേജിൽ പോകുമ്പോൾ പോലും യൂറോപ്യൻ സമ്പ്രദായത്തിൽ ദേഹാച്ഛാദനത്തിനു്

അദ്ദേഹം മടിച്ചിരുന്നു. കസവില്ലാത്ത നേര്യ മുണ്ടോ, നാടൻ സാരി വാങ്ങി തലക്കെട്ടിനുപയോഗിപ്പാൻ തരത്തിനു മുറിച്ചെടുത്തിട്ടുള്ളതോ ആയ തുണികളാണു തമ്പി അവർകൾ തലക്കെട്ടിനായി ഉപയോഗിക്കുന്നതു്. തനിക്കു സ്വന്തമായി ഉണ്ടായിരുന്നതായ മോട്ടാർവണ്ടികളെ എല്ലാം അദ്ദേഹം വിലയ്ക്കു കൊടുത്തിട്ടു, കാളവണ്ടിയും കുതിരവണ്ടിയും അത്യാവശ്യങ്ങൾക്കുമാത്രം വാടകമോട്ടാറും ഉപയോഗിക്കപ്പെട്ടിരുന്നു. വാടകമോട്ടാർ ഉപയോഗിക്കാൻ തുടങ്ങിയതുകൊണ്ടു മൂന്നു മോട്ടാർ വണ്ടികൾ സ്വന്തമാക്കാൻ അദ്ദേഹത്തിൻെറ ഡ്രൈവർക്കു കഴിഞ്ഞിട്ടുണ്ടു്. വാടകവകയിൽ അയാൾക്കു ചെല്ലാനുള്ള സംഖ്യയെ മോട്ടാർവണ്ടി വരുത്തിയതിനുള്ള തവണക്കടങ്ങൾക്കായി കൊടുത്തുപോന്നു. ഇതിനാലാണു ഡ്രൈവർക്കു സ്വന്തം കാറുകൾ ഉണ്ടാക്കാൻ കഴിഞ്ഞതു്.

തമ്പി അവർകളുടെ കൃതികൾ ഖണ്ഡനപരമായ അഭിപ്രായത്തിനു വളരെക്കുറച്ചേ വിധേയമായിട്ടുള്ളൂ. എന്നാൽ, സംസ്കൃതകാളേജിലെ വിദ്യാർത്ഥികൾക്കഭിനയിക്കുവാൻ വേണ്ടി എഴുതിയിട്ടുള്ള 'രാമൻമേസ്തിരി' എന്ന പ്രഹസനം (ഈ പ്രഹസനം ശ്രീ ചിത്തിരതിരുനാൾ പൊന്നു തമ്പുരാൻ തിരുമനസ്സിലെ തിരുനാളാഘോഷത്തിനു ൧൧൦൬-ൽ ജൂബിലിടൗൺഹാളിൽ വിദ്യാർത്ഥികളാൽ അഭിനയിക്കപ്പെടുകയുണ്ടായി.) കുറേ മാററങ്ങളോടുകൂടി 'മൃണാളിനി' അഥവാ 'ഇന്നത്തെ വനിത' എന്നപേരിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ ഒരു വിമർശകൻ അതിപരുഷമായി അതിനെ വിമർശിച്ചുതള്ളി. മൃണാളിനി, ഭാഷയിൽ

പുതുമയുള്ള ഒരു ദൃശ്യകാവ്യമാണ്. അതിൽ എന്താണ് പുതുമയായിട്ടുള്ളതെന്നു നിരൂപകനു അറിയാൻ പാടില്ലാതിരുന്നു എന്നു തോന്നുന്നു. ആ നിരൂപണം രൂപമെടുക്കുന്നതിനു ഒരാഴ്ചമുൻപ് തമ്പി അവർകൾ പറഞ്ഞു.

"ഞാൻ മൃണാളിനിയിൽ കൈക്കൊണ്ടിട്ടുള്ള നവീനത്വം എന്താണെന്നറിയുന്നതിനു മുൻപ് വിമർശമുണ്ടാകും. ഒന്നു ശരിക്കാലോചിക്കാതെ ഒരാളുടെ പ്രവൃത്തിയുടെ ഗുണദോഷനിരൂപണം ചെയ്യുവാൻ നമ്മുടെ ആളുകൾ മിടുക്കരാണ്." പ്രസിദ്ധിയെക്കാതിക്കാത്ത അദ്ദേഹം മൃണാളിനിയുടെ വിമർശകനു സമാധാനമെഴുതുവാൻ തയാറാകാതിരുന്നതു ശരിയാണല്ലോ. മുൻപൊരിക്കലും സാഹിത്യലോകത്തു അദ്ദേഹത്തിനെതിർപ്പുണ്ടായിട്ടില്ല. "പലതരം സാഹിത്യത്തിലും കാലാനുസൃതമായി നവീനത്വം നൽകുന്നതിനുശ്രേയസ്കരമായിപ്രയത്നിച്ചിട്ടുള്ള കൂട്ടത്തിൽ മലയാളത്തിൽ ഫാഴ്സിലും ഒരു പുതിയ രീതിയാണ് (വടക്കേരി കൃഷ്ണൻതമ്പിഅവർകൾ) ഇപ്പോൾ സൃഷ്ടിച്ചിട്ടുള്ളതു്. കുറച്ചുകാലമായി പതിവായിട്ടുള്ള കാമുകന്മാരുടെ കൂടിയാട്ടങ്ങളും അവരുടെ 'ദല്ലാലുക'ളായ ഭൃത്യരുടെ കുഴഞ്ഞാട്ടങ്ങളുമില്ലാതെ സമുദായസ്ഥിതിക്കനുരൂപമായ ഒരു കഥാബന്ധം അദ്ദേഹം സാധിച്ചിട്ടുണ്ടു്. സന്ദർഭശുദ്ധിയും നടനസൗകര്യവും അനുഭവമാധുര്യവും ഓരോരംഗത്തിലും തികഞ്ഞിട്ടുമുണ്ടെന്നു തന്നെയല്ല, പലനിലയിലുമുള്ള ജനങ്ങളുടെ സ്ഥിതിഗതികൾ പ്രദർശിപ്പിക്കുവാനും ഇതുപോലെ നിഷ്കർഷിച്ചിട്ടുള്ള പ്രഹസനങ്ങൾ ചുരുക്കമാണ്. ഇതിൽ ശൃംഗാരത്തിനു പ്രവേശംതന്നെ പരു

ങ്ങളിലാണ്." എന്ന് ശ്രീ. എ. ഗോപാലമേനവൻ മൂണാളിനിയെ വിമർശിക്കുന്നു.

തമ്പി അവർകൾ 'വേദാന്തപരിഭാഷ' ഇംഗ്ലീഷിലാക്കി സ്വമതങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം തയാറാക്കിവന്നതിനെ പൂർത്തിയാക്കാൻ ശ്രമിക്കാതെ "മലയാളത്തിൽ എഴുതി അതിൻെറ വിലയറിയാത്ത ജനങ്ങൾക്കു എന്തിനു കൊടുക്കുന്നു"വെന്നു മഹാപണ്ഡിതനായ ഒരു സ്നേഹിതൻ അദ്ദേഹത്തോടു ചോദിച്ചു. എന്നിട്ട്, അതിനുത്തരമായി അദ്ദേഹം ഒന്നുംതന്നെ പറഞ്ഞില്ല.

"ഇന്നും ആഴം തീച്ചപ്പെടാത്ത പഴക്കമുള്ളതും പല പരിണാമവിശേഷങ്ങളും പിരിവുകളും സംസ്കാരവീചികളും വിശദമാക്കുന്നതും വിശാലവുമായ സംസ്കൃതസാഹിത്യത്തിലെ" അററം കണ്ടുപിടിക്കുവാനെന്നപോലെ തമ്പി അവർകൾ അപ്പോഴും വായിച്ചുവന്നു.

"സ്ഥിരമായി മനസ്സിൽ ഒന്നും വച്ചേക്കരുത്; എങ്കിൽ പുസ്തകത്തിലുള്ളതല്ലാതെ ഒന്നും പുത്തനായി തോന്നുകയില്ല; എല്ലാംതന്നെ മറക്കാൻ ശീലിക്കണം. എങ്കിലേ മനസ്സിൽ പുതിയ ആശയങ്ങൾ ഉണ്ടാകുകയുള്ളൂ. കറുത്തതായിരുന്നാലും, വെളുത്തതായിരുന്നാലും മേഘപടലങ്ങളൊഴിഞ്ഞു് സ്വയമേയുള്ള നീലിമകാണുമ്പോഴാണ് നക്ഷത്രങ്ങൾ സ്ഫുരിച്ചു നിൽക്കുന്നതു്" എന്ന് പുസ്തകപാരായണാനന്തരം അദ്ദേഹം ഉപദേശിക്കുന്നു.

ഇന്ന് അധികംപേക്കും അറിയാൻ പാടില്ലാതിരിക്കുന്ന വേദംസ്വരിപ്പിക്കുന്നതിലും വൈദിക വ്യാകരണ

ത്തിലും തമ്പി അവർകൾക്കു് അനല്പമായ ജ്ഞാനമുണ്ടായിരുന്നു. "വൈദിക വ്യാകരണം പഠിക്കുന്നതിനു് പാണിനീയം സഹായമായിരിക്കും" എന്നു പറഞ്ഞിട്ടുള്ളതിൽനിന്നും ആ ശാസ്ത്രത്തിൽ അദ്ദേഹത്തിനുള്ള കരട്ടുതീർന്ന ജ്ഞാനം ദൃഷ്ടാന്തമാണു്. അതിനെ ഒന്നുകൂടി വ്യക്തമാക്കുവാൻ ഇനി ഒരു വൈദിക വയ്യാകരണൻ ഉണ്ടായി സന്മനസ്സു കാണിച്ചെങ്കിൽ മാത്രമേ നാം അറിഞ്ഞുകൂട്ടു. വൈദിക വ്യാകരണപഠനത്തിനു് അദ്ദേഹം എഴുതിവന്നിരുന്ന കുറിപ്പുകൾ നശിച്ചുപോകാതെ സൂയ്യപ്രകാശം തട്ടുകയാണെങ്കിൽ നമ്മുടെ 'പൂവ്വപുണ്യവിഭവ'ങ്ങൾക്കു അനുഗ്രഹശക്തിയുണ്ടെന്നു തീരുമാനിക്കാം.

ഈ അദ്ധ്യായം അവസാനിക്കുന്നതിനു മുൻപു് ൧൧൧൧-ൽ തമ്പിഅവർകൾ 'സഹൃദയ'യുടെ അദ്ധ്യക്ഷസ്ഥാനം രാജിവച്ചൊഴിഞ്ഞ സംഭവം പറയേണ്ടിവരുന്നു.

സഹൃദയയുടെ പത്രാധിപരായിരുന്ന മി. പി. അനന്തൻപിള്ള, എം. എ. സഹൃദയയിൽ പ്രസിദ്ധീകരിക്കുന്ന ചില ലേഖനങ്ങളുടെ ചുവട്ടിൽ 'കുറിപ്പുകൾ' കൊടുത്തുവന്നു. ഗവേഷണപരമായി ക്ലേശക്രമങ്ങൾക്കു അടിമപ്പെട്ടിട്ടുള്ള ചില ലേഖകന്മാൎക്കു് ഇതു് അല്പം അസഹ്യതയെ ഉളവാക്കിയെങ്കിലും കാൎയ്യങ്ങൾ മുറപോലെ നടന്നുപോയി. മാസങ്ങൾ ചിലതു കഴിഞ്ഞു; സഹൃദയയിൽ പത്രാധിപരാൽ ഒരു യുവകവിപംക്തി തുറക്കപ്പെട്ടു. നവമായ ഈപംക്തി ദൃശ്യമായ ക്ഷണംതന്നെ "ഞാൻ ഈ ഹിംസയിലില്ല" എന്നു പറഞ്ഞുകൊണ്ടു് തമ്പിഅവർകൾ രാജിക്കത്തെഴുതിക്കഴിഞ്ഞു. അപ്പോൾ തമ്പി അവർകൾ പറ

ഞ്ഞതു് ഇപ്രകാരമാണു്. "പ്രസിദ്ധപ്പെടുത്താത്ത ഒരു ലേഖനത്തിൽനിന്നും പത്രാധിപക്കു് അഭിപ്രായം പറയാൻ സൗകര്യത്തിനു ഒന്നുരണ്ടുവരി തെരഞ്ഞു പിടിച്ചെടുത്തു് അതു പത്രപംക്തികളിൽ പ്രസിദ്ധപ്പെടുത്തി അവർ പിന്നെയൊരിക്കലും മുന്നോട്ടു വരാത്തവിധം അഭിപ്രായം പുറപ്പെടുവിക്കുന്നതായി ലോകത്തു് ഒരു പത്രാധിപരും ചെയ്തുകണ്ടിട്ടില്ല. മുട്ടയിലിരിക്കുന്ന കുഞ്ഞിനെ എണ്ണും പോലെയല്ലേ ഇതിൻെറ ന്യായം. ഒന്നുരണ്ടു യുവകവികൾ എൻെറ മുൻപിൽവന്നു സങ്കടം പറഞ്ഞതു് എത്ര ഹൃദയഭേദകമായിപ്പോയി. അവർ ഇനി ഒരിക്കൽക്കൂടി വന്നുകൂടാ. ഒരു ഹിംസയിൽ ഞാനുംകൂടെ ഉൾപ്പെട്ടുപോയല്ലോ"

തമ്പി അവർകൾ വിമർശകരെപ്പററിപ്പറയുന്നു: "വിമശ്കൻ നിഷ്പക്ഷപാതിയായിരിക്കണം; നിസ്വാത്ഥനായിരിക്കണം എന്നും മററുമുള്ള ഉപദേശങ്ങൾ ആവശ്യമാണോ എന്നു ഞാൻ സംശയിക്കുന്നു. അവൻ മനുഷ്യനാണെങ്കിൽ യഥാത്ഥമനുഷ്യനു വേണ്ട ഗുണങ്ങൾ തികഞ്ഞിട്ടുള്ളവനാണെങ്കിൽ--അവരോടു് ഈ ഉപദേശത്തിൻെറ ആവശ്യമില്ലാ എന്നാണു് എനിക്കു് പറവാനുള്ളതു്."

തമ്പി അവർകളുടെ രാജി സഹൃദയ പത്രാധിപരെ നല്ലപോലെ വ്യസനിപ്പിച്ചു. യുവകവിപംക്തി പലക്കും "അസംതൃപ്തിക്കു പാത്രമായിത്തീന്നിട്ടുണ്ടെന്നറിയുന്നതിൽ വ്യസനിക്കുന്നു" എന്നു് പത്രാധിപർ പശ്ചാത്താ

ഷം പ്രസിദ്ധപ്പെടുത്തി. അതിനുശേഷം തമ്പിഅവർകൾ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കയും ചെയ്തു.

മനസ്സിനുചേരാത്ത വൃത്തികളിൽ ഒരു നിമിഷംപോലും അദ്ദേഹം കഴിച്ചിട്ടില്ല. ആ മഹാത്മാവിനെ അടുക്കുന്നവരിൽ ദുഷ്ട് ഉണ്ടായിരുന്നാൽ തന്നെ ദുഷ്ടതപോയി ശിഷ്ടത കൈവരുന്ന ഒരു സന്നിധാനമാണ് അത്. ഇതുപോലെ അദ്ദേഹം സ്വീകരിക്കുന്ന സവ്വവിദിതമായ കഥാപാത്രങ്ങളിലും മാററം വരുന്നതു വായനക്കാൎക്ക് അറിയാറായിട്ടുണ്ടല്ലോ. വിശ്വമഹാകവികളാണ് ഇത്തരം മനോധമ്മം കാണിക്കുന്നതിൽ വിജയികളായി കണ്ടിട്ടുള്ളതു്.

മഹാഭാരതത്തിലെ ശകുന്തളയുടെ രാജധാനീപ്രവേശം ദുഷ്ഷന്തമഹാരാജാവിൽ അസുഖകരങ്ങളായ ചിന്തകളെ ഉത്പാദിപ്പിച്ചുവെങ്കിലും അനതിദൂരമായ ഭാവിയിൽ ആ രംഗത്തുവച്ചുതന്നെ കേൾക്കാനിടയായ അശരീരിയാൽ, ചകിതഹൃദയനായിരുന്ന രാജാവു് ആത്മജ്യോതിസ്സിനെ പരിരംഭണം ചെയ്തുതുടങ്ങുന്നു.

വ്യാസൻ, പ്രസ്തുത അശരീരിയെക്കൊണ്ടു് രാജാവിൻെറ സവ്വവിധമായ പ്രൌഢികളേയും ഇടിച്ചു തള്ളുന്നു. എന്നാൽ, പ്രസ്തുത കഥയെ സ്വീകരിക്കുന്ന കാളിദാസനാകട്ടെ, ധീരോദാത്തനായ ഒരു നായകനെ സൃഷ്ടിച്ച് തൻെറ പ്രബന്ധത്തിനു നിത്യമായ സൌന്ദയ്യത്തെളിമ ലഭിക്കുവാൻ വേണ്ടി മുനിശാപം ഉണ്ടാക്കിവയ്ക്കുന്നു. ഈ ഒററ മാററംകൊണ്ടു് (മൂലകഥയിൽനിന്നും) ശാകുന്തളത്തിനു ഉണ്ടായിക്കൊണ്ടിരിക്കുന്ന, ആനന്ദപാരവശ്യം മൂല

മുള്ള ആത്തുവിളികഠം ഒരു ഉത്തമപാത്ര സൃഷ്ടിയുടെ സാദ്ധ്യതകൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ. എങ്ങും ഒരു നിറത്തിൽ കണ്ടിരുന്ന ഒന്നിനെ വേറൊരു നിറത്തിൽ പ്രദശിപ്പിക്കുക എന്നുള്ളതു് എത്രയോ ദുഷ്കരമാണ്. എന്നല്ല അതിനു് സ്വീകാൎയ്യതവേണം. സമഗ്രമായി മഹാകവികഠംക്കല്ലാതെ ഇതു് അത്ര സാദ്ധ്യവുമല്ല.

'താടകഭയങ്കരിയല്ല' എന്നു തമ്പി അവർകഠം നമ്മെ പഠിപ്പിച്ചതുപോലെ, രസിപ്പിച്ചതുപോലെ, അദ്ദേഹത്തിന്റെ ധ്രുവചരിതത്തിലെ ലാവണ്യധാമമായ സുരുചി, ധ്രുവന്റെ ഭഗവൽ സാക്ഷാൽക്കാരത്തിനു ഗുരുസ്ഥാനം വഹിക്കുന്നു. സുരുചിഅമ്മ, തന്നെ പറഞ്ഞയച്ചതു ഭഗവാനെ കാണാനാണെന്ന തീവ്രവിചാരത്തോടുകൂടി ധ്രുവൻ തപസ്സുതുടങ്ങുന്നു. സുരുചിയ്ക്കു് തന്റെ ഉപദേശപ്രകാരം ആസൂരസോമപ്രഭാവനായ ഒരു തേജഃപുഞ്ജം ഉദയംചെയ്യുമെന്നു അറിയാൻ കഴിഞ്ഞിട്ടില്ല. അതൊരു പൂൎവ്വശാപം കൊണ്ടുമാത്രമാണു്. എന്നാൽ ധ്രുവന്റെ ആഗമനത്തോടുകൂടി സുരുചിക്കു് ജ്ഞാനോദയം ഉണ്ടാകുന്നു. നാം അങ്ങനെയല്ല സുരുചിയെ തമ്പി അവർകഠംക്കു മുൻപു് കണ്ടിരുന്നതു്.

---

9

# അദ്ധ്യായം ൻ൯.

"യോഗേനാന്തേതനുത്യജാം"

"എനിക്കിനി എളുപ്പം സർവീസിൽനിന്നും പിരിയേണ്ടിയിരിക്കുന്നു. ഞാൻ ഉദ്ദേശിച്ചപോലെ ഇനിയുള്ള സമയംകൊണ്ടെങ്കിലും വല്ലതും ചെയ്യണം. അതിനു നേരം വൈകിപ്പോയി. അപ്പോൾ 'അനിയനെന്നോ' ഗോപിയെന്നോ, എനിക്കു ആരോടും പ്രത്യേകതയുണ്ടായിരിക്കയില്ല.' (ഒടുവിലത്തെ പുത്രനാണു ഗോപി) എന്നിങ്ങനെ പല പ്രാവശ്യവും തമ്പിഅവർകൾ പറഞ്ഞുവന്നു. അദ്ദേഹത്തിൽനിന്നും ഭേദബുദ്ധി നിശ്ശേഷം നീങ്ങിമാറിക്കണ്ടു. അദ്ദേഹത്തിൻെറ ഒടുവിലത്തെ ദിവസങ്ങൾ ജിതേന്ദ്രിയനായ ഒരു യതീന്ദ്രൻേറതുതന്നെയായിരുന്നു. തത്വചിന്തയിൽ മുഴുകിമുഴുകിവന്നു. സമബുദ്ധിയല്ലാതെ അദ്ദേഹത്തിൽ മറെറാന്നും ശേഷിച്ചുണ്ടായിരുന്നില്ല. ബ്രഹ്മജ്ഞാനപരായണനായ തമ്പിഅവർകൾ 'സഹൃദയ'യിൽ' 'മുക്തിയും, ഭക്തിയും' എന്ന ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഇവിടെ ഉദ്ധരിക്കുന്നു. അതു് അദ്ദേഹത്തിൻെറ ഒടുവിലത്തെ ദിവസങ്ങളെ സാരമായി സ്പർശിക്കുന്നുണ്ടു്. "'പ്രയോജനമനുദ്ദിശ്യനമന്ദോഽപി പ്രവർത്തതേ' ഏതെങ്കിലും ഒരു പ്രയോജനം കരുതാത്ത ഒരു പ്രവൃത്തി എത്ര മന്ദബുദ്ധിയായിട്ടുള്ളവനും ചെയ്യുകാണുന്നില്ല. മൂളുക, കൈഞൊടിക്കുക മുതലായ നിസ്സാര പ്രവൃത്തികൾക്കുപോലും പ്രയോജനം വേണം. പ്രയോ

ജനം കാണാത്ത പ്രവൃത്തി ചെയ്യുന്നവനെ ഭ്രാന്തനെന്ന് നാം തീച്ച്പ്പെടുത്തും. എന്നാൽ എല്ലാ പ്രവൃത്തികൾക്കും അടിസ്ഥാനപ്പെട്ടിരിക്കുന്ന ഏററവും പ്രധാനപ്പെട്ട പ്രവൃത്തിയാണു ജീവിക്കുക എന്നതു്. അതിനാകട്ടെ ആരും തന്നെ പ്രയോജനം അന്വേഷിക്കാറില്ല. എന്നുതന്നെയല്ല, ഒരാളോട് 'ഹെ! നിങ്ങൾ ജീവിക്കുന്നതു് എന്തു പ്രയോജനം ഉദ്ദേശിച്ചാണു്?' എന്നു ചോദിച്ചാൽ ചോദിക്കുന്നവൻ ഭ്രാന്തനാകുകകൂടി ചെയ്യും. ലോകത്തിൻെറ സാവ്വസാധാരണമായ യുക്തിയില്ലായ്മയ്ക്കു് ഇതു വീണ്ടും ഒരു ഉദാഹരണം എന്നേ പറയാനുള്ളൂ. എന്നാൽ പ്രയോജനമറിയാതെ ചെയ്യുന്ന യാതൊരു പ്രവൃത്തിയും വിജയകരമായി പരിണമിക്കാറില്ലല്ലോ. ആകയാൽ ജീവിതത്തിൻെറ പ്രയോജനവും നാം പ്രയത്നിച്ചു കണ്ടുപിടിക്കേണ്ടതാണു്. ജീവിതപ്രയോജനം യുക്തികൊണ്ടു നമുക്ക് ഏതാണ്ട് അനുമാനിക്കാൻ കഴിയും. ഒരു കൃത്യത്തിൻെറ പ്രധാന സ്വഭാവങ്ങളെല്ലാം അതിൽ ഉൾപ്പെട്ട അവാന്തരകൃത്യങ്ങളിൽ ഓരോന്നിലും പ്രതിബിംബിച്ചിരിക്കും. സിംലായ്ക്കു പുറപ്പെടുന്ന ഒരാളിൻെറ ഗതി വടക്കോട്ടേയ്ക്കുതന്നെയായിരിക്കും. വല്ല പ്രതിബന്ധവും ഒഴിയാൻവേണ്ടി ഗതി ചിലപ്പോൾ മറെറാരു ദിക്കിലേയ്ക്കായാലും വീണ്ടും വടക്കോട്ടേയ്ക്കുതന്നെയാകും. അതായതു സിംലാ വടക്കാണെന്നുള്ള വസ്തുത അയാളുടെ ഗതിയിൽ സവ്വത്ര പ്രതിബിംബിച്ചിരിക്കും. അതുപോലെതന്നെ മേൽപ്പുരയിലുള്ള ഒരു സുഷിരത്തിൽക്കൂടിയോ, മരത്തണലുകളിലോ കാണാവുള്ള സൂയ്യപ്രതിബിംബങ്ങൾ നോക്കുക. അവ സൂയ്യനെ

അപേക്ഷിച്ച് സാഹസ്രകോടിയിൽ ഒരംശത്തോളവും വലിപ്പമോ തേജസ്സോ ഉള്ളവയല്ല. എങ്കിലും ഓരോ പ്രതിബിംബവും സൂൎയ്യന്റെ അതിപ്രധാനങ്ങളായ രണ്ടു സ്വഭാവങ്ങളെ വ്യക്തമായി കാണിക്കുന്നുണ്ടു്. അതായതു് അവ ഓരോന്നും വൃത്താകാരമായിരിക്കും, തേജോമയമായിരിക്കും. ഈ യുക്തികളനുസരിച്ചു നോക്കുമ്പോൾ ജീവിക്കുക എന്ന മഹാകൃത്യത്തിന്റെ പ്രധാന സ്വരൂപങ്ങൾ മുഴുവൻ അതിലുൾപ്പെടുന്ന അസംഖ്യം ക്ഷുദ്രകൃത്യങ്ങളിലും തെളിഞ്ഞുകാണണം എന്നു തീൎച്ചപ്പെടുത്താം. ഇനി നമ്മുടെ ജീവിതത്തിൽ നാം ചെയ്യുന്ന പ്രവൃത്തികളിലൊക്കെ പ്രധാനമായി സാൎവ്വത്രികമായി കാണുന്ന ഉദ്ദേശങ്ങൾ പരിഗണിക്കാം. ഒന്നാമതായി ഏതു പ്രവൃത്തികളും ആണിക്കല്ലായിക്കാണുന്നതു നമുക്കു നാശം സംഭവിക്കരുതു് എന്നുള്ള ഉദ്ദേശമാണു്. എത്ര ദരിദ്രനും, രോഗപീഡിതനും, ജീവിതത്തെ സൎവ്വാത്മനാ പുണൎന്നുതന്നെ കാണുന്നു. ഇതു സത്തയിലുള്ള ഇച്ഛ. രണ്ടാമതായി നമ്മുടെ പ്രവൃത്തികൾക്കു പ്രേരകമായിരിക്കുന്നതു ചുററുമുള്ള വസ്തുതകൾ അറിയുവാൻ, അനുഭവപ്പെടുവാൻ, ഉള്ള ഒരു അത്യാശയാണു്. വെറുതെ, യാതൊന്നുമറിയാതെ, മൺകട്ട പോലെ, മത്തുപിടിച്ചുള്ള ജീവിതം ആരും ഇച്ഛിക്കുന്നില്ല. നമ്മുടെ ബുദ്ധികൊണ്ടു സകലത്തേയും വ്യാപിക്കുവാനുള്ള സ്വതഃസിദ്ധമായ ഈ ആഗ്രഹത്തെ ചൈതന്യത്തിലുള്ള ഇച്ഛയെന്നു പറയാം. മൂന്നാമതായി നമ്മുടെ പ്രവൃത്തികൾക്കു ശക്തിമത്തായ പ്രേരകമായിരിക്കുന്നതു സുഖത്തിലുള്ള ഇച്ഛയാണു്. ഇങ്ങനെ നമ്മുടെ ഏതു നിസ്സാര

KOTTAYAM PUBLIC LIBRARY KOTTAYAM.

പ്രവൃത്തികൾക്കും ആധാരഭൂതമായിക്കാണുന്ന ഈ ഉദ്ദേശ്യങ്ങൾ, പ്രയോജനങ്ങൾ, അതായതു്-സത്ത, ചൈതന്യം, സുഖം എന്നിവതന്നെയായിരിക്കരുതോ ജീവിതോദ്ദേശ്യവും, അല്ലെങ്കിൽ ജീവിത പ്രയോജനവും. 'അതെ, എന്നാണു് ഉപനിഷത്കവികളും ശങ്കരൻ മുതലായ ക്രാന്തദർശികളും അനുഭവസിദ്ധിയുടെ പിൻതാങ്ങലോടുകൂടിപറയുന്നതു്. സത്താം, ചിത്താം, ആനന്ദതാം, എന്നീ ലക്ഷണങ്ങളൊത്ത ഒരു നിലയാണു നമുക്കു പ്രാപ്യമായി അവർ ഘോഷിക്കുന്നതു്. അതിനു ബ്രഹ്മമെന്നു് അവർ പേരും പറയുന്നു. സൂര്യനും സൂര്യന്റെ മേല്പറഞ്ഞ പ്രതിബിംബങ്ങൾക്കും തമ്മിലുള്ള വ്യത്യാസമുണ്ടു്, നാം കാംക്ഷിക്കുന്ന സത്ത, ചൈതന്യം, സുഖം, എന്നിവയ്ക്കും ഉപനിഷത്തുകളിലെ സച്ചിദാനന്ദ ലക്ഷണമായ ബ്രഹ്മത്തിനും തമ്മിൽ. നാംകാംക്ഷിക്കുന്ന സത്ത ജഡത്തിന്റെ സത്ത, നാം കാംക്ഷിക്കുന്ന അറിവു് ഈ ഇന്ദ്രിയങ്ങൾ കൊണ്ടു് കിട്ടാവുന്നവ, നാം കാംക്ഷിക്കുന്ന സുഖം ഭൗതികമായ സുഖം, ഇവ എത്രയോ ക്ഷുദ്രങ്ങൾ, വെറും നിഴലുകൾ. നാം എന്നു പറയുന്നതുതന്നെ മണ്ണാൽ ചമച്ചതും മണ്ണായു് ചമയുന്നതുമായ ജഡമായിട്ടത്രെ നാം കരുതുന്നതു്. യഥാർത്ഥമായ നാം ആത്മാവാണു്, ശരീരം അതിന്റെ നിഴലുമാത്രമാണു്. ഇങ്ങനെ നിഴലുകൾക്കു പിന്നാലെ നിഴലുകൾ ഓടുകയാണു് ലോകം. യഥാർത്ഥമായ നാം അതായതു് ആത്മാവു്, യഥാർത്ഥമായ അഖണ്ഡസത്ത അഖണ്ഡചൈതന്യം അഖണ്ഡാനന്ദം എന്ന ലക്ഷണങ്ങളോടുകൂടിയ ബ്രഹ്മം എന്ന നില പ്രാപിക്കേ

ണ്ടതാണു് ആവശ്യമായിട്ടുള്ളതു്. ഒരനുഭവസിദ്ധൻ പറയുന്നതു ഇങ്ങനെയാണു്.

വക്തവ്യംകിമുവിദ്യതേഽത്രബഹുധാ-
ബ്രഹ്മൈവജീവഃസ്വയം
ബ്രഹ്മൈതജ്ജഗദാപരാണുസകലം
ബ്രഹ്മാദ്വിതീയംശ്രുതേഃ
ബ്രഹ്മൈവാഹമിതിപ്രബുദ്ധമതയഃ
സന്ത്യക്തബാഹ്യാഃസ്ഫുടം
ബ്രഹ്മീഭൂയവസന്തി സന്തതചിദാ-
നന്ദാത്മനൈവധ്രുവം.

"'വളരെപ്പറയേണ്ടതില്ല. ഈ ജീവൻ ബ്രഹ്മമാണു്. പരമാണു പര്യന്തം സകല ചരാചരങ്ങളും ബ്രഹ്മമാണു്. രണ്ടാമതൊരു വസ്തു ഇല്ലതന്നെ. ഞാൻ ബ്രഹ്മം എന്നു ബുദ്ധിയുണ്ടാകുന്നവർക്കു താനെന്നും അന്യനെന്നും ഉള്ള ഭേദം ഉണ്ടാകയില്ല. യഥാൎത്ഥത്തിൽ അപ്പോഴാണു് താൻ താനാകുന്നതു്. എന്നിട്ടു് ശാശ്വതമായ ആനന്ദവും, ചൈതന്യവും, സത്തയും സിദ്ധിക്കുന്നു.' എന്നു സാരം.

"എന്നാൽ നമുക്കു ഈ ബ്രഹ്മത്വം എങ്ങിനെ സിദ്ധിക്കേണ്ടു. അതിനു മറുപടി പറയുന്നു. ബ്രഹ്മം എന്നു പറയുന്നതു ഈ സകല ചരാചരങ്ങളുമാണു്. നാം കരുതിപ്പോരുന്നതു് നാം ഒന്നു വേറെയെന്നാണു്. ഈ ദ്വന്ദ്വയുദ്ധത്തിൽ നിന്നാണു, ഞാൻ, നീ, സുഖം, ദുഃഖം, ലാഭം നഷ്ടം, ജയം, അപജയം ഇത്യാദി സകല ക്ലേശങ്ങളുടേയും ഉല്പത്തി. ഈ ദ്വന്ദ്വബുദ്ധി മാററണം. നാം എന്നുവച്ചാൽ

ഈ കാണുന്നതു സകലവും തന്നെയാണ് എന്ന ബോധമുണ്ടാകണം.' അപ്രകാരം ഒരു ബോധം എങ്ങനെയുണ്ടാകം. ഞാൻ വേറൊരാളെന്നോ, വേറൊരു വസ്തുവാണെന്നോ ധരിക്കുക അസാദ്ധ്യമല്ലേ' എന്നു നമുക്കു തോന്നിയേയ്ക്കാം. സത്യത്തിൽ അനുഭവംകൊണ്ടേ ആ ബോധം ഉണ്ടാകയുള്ളു. എന്നാലും ആ അനുഭവത്തിനു അത്യന്താഭാവമില്ലെന്നും യുക്തിക്കുകൂടി അംഗീകാര്യമാണെന്നും കാണിക്കാവുന്ന ഒരു കഥ പറയാം.

"ഒരാൾ പക്ഷപാതരോഗം പിടിപെട്ടു് കാൽ രണ്ടും തളന്നനിലയിൽ കിടക്കുന്നു. കാലിൽ എന്തു പ്രവൃത്തിച്ചാലും അയാൾ അറിയുന്നില്ല. അതയാളുടേതെന്ന ബോധംതന്നെയില്ല. എങ്ങോട്ടെങ്കിലും കൈകുത്തി നിരങ്ങിപ്പോകണമെങ്കിൽ പിന്നാലെ വലിച്ചുകൊണ്ടു പോകേണ്ട രണ്ടു ഭാരങ്ങളേ ആകുന്നുള്ളു. അപ്പോഴൊരു വൈദ്യൻവരുന്നു. സ്നേഹനവിധി ആരംഭിക്കുന്നു. അതായതു കുഴമ്പുകൾ കൊണ്ടു തടവുന്നു. കുറേനാൾ കഴിഞ്ഞപ്പോൾ വല്ല സൂചിയോ മറേറാ കാലിൽ കുത്തിയാൽ അയാൾക്കറിയാറായി. ചികിത്സ ഒരു മണ്ഡലം നടക്കുന്നു. എന്നിട്ടു് ഒരു ദിവസം വൈദ്യൻ വന്ന സമയം രോഗിയെ കാണ്മാനില്ല. താനല്ലെന്നും തനിക്കു രണ്ടു തടി വിലങ്ങുകളാണെന്നും കരുതിയിരുന്ന കാലുകൾ താൻ തന്നെയാണെന്നും തനിക്കു് സ്വതന്ത്രസഞ്ചാരസാമഗ്രികളാണെന്നും അനുഭവപ്പെട്ട രോഗി ശയ്യയിൽ നിന്നെണീററു് അയാളുടെ ജോലിക്കു പൊയ്ക്കഴിഞ്ഞു. ഇങ്ങനെ പക്ഷപാതിക്കു കാലുകളിൽ സ്വബുദ്ധി ലഭിച്ചതുപോലെ മാനസികമായ പക്ഷ

പാതരോഗം പിടിപെട്ട നമുക്കു് ഈ പ്രപഞ്ചം നാം തന്നെയാണെന്ന ബുദ്ധിയെന്തുകൊണ്ടു വന്നുകൂടാ? ഇവിടേയും വേറൊരത്ഥത്തിൽ സ്നേഹനുവിധി ആവശ്യമുണ്ടെന്നേയുള്ളൂ. നാം എല്ലാററിനേയും സ്നേഹിച്ചു തുടങ്ങണം. ആ സ്നേഹം നിസ്വാത്ഥമായി സവ്വവ്യാപിയായി ഭവിക്കുമ്പോൾ, നമുക്കു അതുതന്നെയാണു് ബ്രഹ്മപ്രാപ്തി. ആദ്യമായി ഇതിലേയ്ക്കു സാധിക്കേണ്ടതു സമബുദ്ധിയാണു്. ബ്രാഹ്മണനിലും പശുവിലും ആനയിലും ശ്വാവിലും ശ്വാവിനെ തിന്നു ജീവിക്കുന്നവനിലും പണ്ഡിതനു സമബുദ്ധി തന്നെ തോന്നണം. 'ആത്മവത്സവ്വഭൂതാനി' സമസ്തവസ്തുക്കളേയും നമ്മെപ്പോലെ തന്നെ വിചാരിക്കണം, എന്നൊക്കെയാണു് ഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണൻ അരുളിച്ചെയ്യുന്നതു്.

"പാശ്ചാത്യലോകത്തിൽ ഈയിടെ വളൎന്നുവന്നിട്ടുള്ള സോഷ്യലിസം (Socialism) എന്ന പ്രസ്ഥാനത്തിനും മുഖ്യതത്വം സമബുദ്ധിയാണു്. എന്നാൽ വേദാന്തത്തിനും സോഷ്യലിസം എന്നതിനും തമ്മിൽ ഈ വലുതായ വ്യത്യാസമുണ്ടു്. മനുഷ്യനെ മനുഷ്യൻ അടിമപ്പെടുത്തുന്ന Feudalism, Capitalism മുതലായവ പലതും പരീക്ഷിച്ചു് തോററ പാശ്ചാത്യചിന്തകന്മാക്കു ഗത്യന്തരമില്ലാതെയായപ്പോൾ ഈ സമബുദ്ധിവാദം ഒരു പുതിയ പരീക്ഷണം ആകുന്നതേയുള്ളൂ. മററുള്ള മാൎഗ്ഗങ്ങൾ ലോകനന്മയ്ക്കു പററിക്കണ്ടില്ലെന്നതുമാത്രമേ സമബുദ്ധി സ്വീകരിക്കുന്നതിൽ യുക്തി കാണ്മാനുള്ളു: വേദാന്തിക്കാകട്ടെ അതിനു വേണ്ടി യുക്തിയുണ്ടു്. നാമും മററു സകലവസ്തുക്കളും ഒന്നാ

ണെന്നുള്ള ബുദ്ധിയാണു് ഏതു ജീവിക്കും പ്രാപ്യമായിട്ടുള്ളതു്. ആ ബുദ്ധി ഏതുകാലത്തെങ്കിലും ഏതു ജന്മത്തിലെങ്കിലും വരികതന്നെ വേണം, വരികതന്നെ ചെയ്യും. ആകയാൽ നാളത്തെ ഐക്യബോധസിദ്ധിക്കു ഇന്നത്തെ സമബുദ്ധി ഒഴിച്ചുകൂടാൻ വയ്യാത്ത പ്രഥമസോപാനമാണല്ലോ.

"കൂടാതെ സർവ്വലോകങ്ങൾക്കും മൂലഭൂതമായുള്ള ഐക്യം അല്പം ആലോചിച്ചാൽ മനസ്സിലാകും. ഓരോ ജീവികളും ഓരോ സ്വതന്ത്രഗോളങ്ങളെപ്പോലെ വെവ്വേറെയുള്ള വസ്തുക്കളാണെങ്കിൽ ഇവർ തമ്മിൽ ഇണങ്ങുന്നതെങ്ങനെ. ഇണങ്ങിട്ടുതന്നെ എന്തുവേണം. ഒരാളുടെ കോപഹർഷസൗമുഖ്യാദികൾ മററാളുകളെ സ്പർശിക്കയുമില്ല, എന്നാൽ നേരെ മറിച്ചാണല്ലോ നമുക്കു് അനുഭവം. ഒരു മണൽത്തിട്ടയിൽ രണ്ടു മരങ്ങൾ നിൽക്കുന്നു. ചില ബാലന്മാർ ഒന്നിനെപ്പിടിച്ചു് കുലുക്കിയപ്പോൾ മറേറതും കുലുങ്ങിക്കണ്ടു ഇതെന്താണെന്നു് ശങ്കിച്ചു് അവർ മണ്ണുതോണ്ടിനോക്കി. മൂന്നു നാലടി മണ്ണുമാററിയപ്പോൾ രണ്ടും ഒരുമൂട്ടിൽ നിന്നു പിരിഞ്ഞതാണെന്നു്, അതായതു് മരം രണ്ടല്ല, ഒന്നാണെന്നു് മനസ്സിലാകുന്നു. അതുപോലെ അജ്ഞാനമാകുന്ന മണ്ണു നീക്കിക്കളയുമ്പോൾ നമുക്കു് സർവ്വലോകവുമായുള്ള ഐക്യം ബോദ്ധ്യമാകും. ദ്വന്ദ്വം നശിക്കും. അനന്തമായ ആനന്ദം അനുഭവപ്പെടും. ഈ ഐക്യബുദ്ധിയേയും തജ്ജന്യമായ ശാശ്വതാനന്ദത്തേയുമാണു് നാം തേടേണ്ടതും നേടേണ്ടതും. എങ്കിലും ഇങ്ങനെയൊക്കെ യുക്തികൊണ്ടു മനസ്സിലാക്കിയശേഷവും ഈ ജ്ഞാനം

അനുഭവത്തിൽ വരിക എന്നതു ദുർഘടമാണല്ലോ-'ഈ കാണുന്നതൊക്കെ ഞാനെന്ന് എങ്ങനെ ബോധംവരേണ്ടു. ഓരോ ജീവിയും വെവ്വേറേ ഞാൻ ഞാൻ എന്നഭിമാനിക്കുന്ന ആ ബോധം, ആ ചൈതന്യം ഒക്കെക്കൂടി ഞാനാണെന്നു എങ്ങനെ അനുഭവപ്പെടേണ്ടു. അതു ദുഷ്കരമാണ്. എന്നാൽ നിരാശയ്ക്കു വഴിയില്ല. ജ്ഞാനംമാത്രമല്ല ഇക്കാര്യത്തിൽ നമുക്കു സഹായമായിരിക്കുന്നതു്. ഭക്തിയും ഈ ബ്രഹ്മാനുഭൂതിക്കു ജ്ഞാനംപോലെ സാധകമാണ്. ലോകസംഗ്രഹത്തിനായി മനുഷ്യശരീരം അവലംബിച്ച് ഭൂജാതന്മാരായ, ദിവ്യന്മാരായ, പരമകാരുണികന്മാരായ അവതാരപുരുഷന്മാർ സദാ നമുക്കു ഹസ്താവലംബം നൽകുവാൻ സജ്ജന്മാരായിട്ടുണ്ട്. ഈ വിവരിച്ച ബ്രഹ്മംതന്നെ നമ്മുടെ ഉദ്ധാരണത്തിനുവേണ്ടി സഗുണമായി സരൂപമായി മനുഷ്യരൂപമായി അവതരിച്ചിട്ടുള്ളവരാണ് അവർ. അവരിൽ വിശ്വസിക്കാൻ കഴിയുന്നവക്ക് നിരാശയ്ക്ക് യാതൊരവകാശവും ഇല്ല. സർവാങ്ഗീണമായ ഭക്തി, യഥാർത്ഥമായഭക്തി, നിഷ്കാമമായി അനഹങ്കാരമായഭക്തി നമുക്ക് ജ്ഞാനമെന്ന ദുർഘടമാർഗ്ഗത്തേക്കാൾ എത്രയോ സുഗമമായിരിക്കും എത്രയോ ഹൃദ്യമായിരിക്കും. കവിതവായിച്ച് കാര്യഗ്രഹണം നേടുന്നപോലെ ഉപാസനതന്നെ സുന്ദരമായിരിക്കും. ഫലസിദ്ധിയും സുനിശ്ചിതമാണ്. ഇങ്ങനെ ഭക്തികൊണ്ടു് സിദ്ധന്മാരായവർ പലരുമുണ്ടു്.

'ഒന്നായനിന്നെയിഹ രണ്ടെന്നുകണ്ടളവി-
ലുണ്ടായൊരിണ്ടൽബത മിണ്ടാവതല്ലമമ

പണ്ടേക്കണക്കിനിവരാൻ നിൻകൃപാവലികൾ-
ളുണ്ടാകയെങ്കൽ ഹരിനാരായണായ നമഃ'

"എന്നാൽ ഈ മഹാന്മാർ ആദരിച്ചിട്ടുള്ള യഥാൎത്ഥ ഭക്തിയുടെ സ്വഭാവം മനസ്സിലാക്കേണ്ടതുണ്ട്. ഭക്തി നിഷ്കാമമായിരിക്കണം. ഇരുമ്പിന് അയസ്കാന്തത്തിലെ ക്കെന്നപോലെ വല്ലികൾക്ക് ഉപാശ്രവൃക്ഷത്തിലേക്കെന്ന പോലെ, നദികൾക്ക് സാഗരത്തിലേക്കെന്നപോലെ ഈശ്വരനിലേയ്ക്കു് മനുഷ്യ ഹൃദയത്തിന് കാരണാനപേക്ഷമായി സിദ്ധിക്കുന്ന ഒരു പ്രവണത, ആകർഷണം ആണ് ഭക്തി. ധനം, യശസ്സ്, ആരോഗ്യം മുതലായവ ഉപദേശിച്ചുള്ളഭക്തി, ഭക്തിയല്ല. മുക്തിക്കുള്ള വഴിയുമല്ല. അതു കേവലം ഭുക്തിയാണ്. ഭക്തി നിരഹങ്കാരമായിരിക്കണം. അതായതു് അഹം, ഞാൻ എന്നു വേർതിരിച്ചുള്ള ബുദ്ധിയില്ലാത്തതായിരിക്കണം. 'ഈശ്വരന്റെ ഒരംശമാണ് ഞാൻ. നദി സാഗരത്തെയെന്നപോലെ ഈശ്വരനെത്തന്നെ പ്രാപിക്കയാണ് ഞാൻ ചെയ്യേണ്ടതു്. അജ്ഞാനം നിമിത്തം എനിക്കുപററിക്കൂടിയ അപൂൎണ്ണതകളെ ഞാൻ പരിഹരിക്കണം. എന്റെ ഓരോ കൃത്യവും എന്നെ താഴ്ത്തുകയോ ഉയൎത്തുകയോ ചെയ്യുമെന്നുള്ള സ്ഥിതിക്കു തിന്മ പരിഹരിച്ചു് നന്മചെയ്തു് ഈശ്വരസായൂജ്യത്തിന് ഞാൻ കഴിയുംവേഗത്തിൽ സന്നദ്ധനാകണം. ഇതിലേയ്ക്കു് സകല പൂർണ്ണതകൾക്കും അധിഷ്ഠാനമായ ഈശ്വരസ്വരൂപം ഏതുസമയത്തും എനിക്കു മാൎഗ്ഗദർശകമായി, താങ്ങായി, തണലായി, എന്റെ മുൻപിൽ കളി

'യാടണം' ഇത്രയുമാണു ഒരു യഥാർത്ഥഭക്തന്റെ, നിഷ്കാമനും നിരഹങ്കാരനുമായ ഭക്തന്റെ കയ്യ്പരിപാടി.

"ഇത്തരം ബുദ്ധിയോടുകൂടിയ ഏകാന്തമായ ഈശ്വരധ്യാനത്തിന് അല്പസമയമെങ്കിലും കഴിയുമ്പോഴൊക്കെ ചെലവുചെയ്യുന്നതു നന്നായിരിക്കും. എന്നാൽ രാജപാതയിൽ വെള്ളം കയറി ശല്യപ്പെടുത്താതിരിക്കാൻവേണ്ടി രണ്ടു വശവും ഓടകൾ കെട്ടി വിടുന്നതുപോലെ ഈശ്വരനുവേണ്ടി ചില പ്രത്യേക സമയങ്ങൾ മാത്രം നീക്കിവയ്ക്കാൻ പാടില്ല. അങ്ങനെ ചെയ്യുന്നവർക്ക് ഈശ്വരനോടുള്ള കടമ ഇങ്ങനെ നിറവേററിക്കഴിഞ്ഞാൽ, മററു സമയങ്ങളിൽ ഈശ്വരചിന്ത അസഹ്യപ്പെടുത്തരുതെന്നും ഏതു കടുംകൈകളും പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും ഉദ്ദേശ്യമുണ്ടെന്നു തോന്നും. ഈശ്വരനെ ഒരു മൂർഖനായ ദുഷ്പ്രഭുവിനെപ്പോലെയാണവർ കാണുന്നത്. അദ്ദേഹത്തെ വല്ലവഴിക്കും പ്രസാദിപ്പിച്ചുകൊണ്ടാൽ മറെറല്ലാത്തിനും അദ്ദേഹം കണ്ണടച്ചുകൊള്ളുമെന്നവർ വിശ്വസിക്കുന്നു. ഈശ്വരനുമായിട്ട് ഇവർക്കുള്ള ബന്ധം ഭയമാണ്. അങ്ങോട്ടുള്ള മനഃസ്ഥിതി അടിമമനഃസ്ഥിതിയുമാണ്. ഇത്തരം സകാമവും സാഹങ്കാരവും ആഡംബരാഢ്യവും ദുഷ്ടവുമായ ഭക്തി പലപ്പോഴും ലോകത്തിനു് ഉപദ്രവകരമായിത്തീർന്നിട്ടുണ്ട്. ഭാരതത്തിൽ ഇന്നും കാണാവുന്ന അടിമമനഃസ്ഥിതിക്കും അസമത്വത്തിനും, അറിഞ്ഞും അറിയാതെയുമുള്ള നിർദ്ദയതയ്ക്കുമൊക്കെ ഇതു കാരണമായിട്ടുണ്ട്. ഈ ഭക്തി ഒരു മതാചാര്യന്മാരും അംഗീകരിച്ചിട്ടുള്ളതല്ലെന്നു മാത്രമല്ല, സകലരും നിന്ദിച്ചിട്ടുള്ളതുമാണ്".

ഭക്തിയെപ്പററി ഇനി വേറൊന്നുകൂടി നാം ധരിക്കേണ്ടതുണ്ടു്. ഭക്തി ഹൃദയത്തിൽ സംഭരിച്ചുവയ്ക്കേണ്ട വേറെ ഏതോ ഒരു വസ്തുവല്ല. മനസ്സിൻെറ ഒരു പരുവം, ഒരു പാകം ആണു ഭക്തി. ഉരുക്കു് ഇരുമ്പു തന്നെയാണു്. കൂടുതൽ ഉപയോഗക്ഷമമായ ഒരു പരുവം ഉണ്ടെന്നു വിശേഷം. വെണ്ണ പാൽതന്നെയാണു്. പാലിൻെറ ഒരു പാകം. എന്നാൽ പാൽ വെള്ളത്തിൽ ഉടൻ കലൎന്നുപോകും. വെണ്ണയാകട്ടെ അങ്ങനെ ചെയ്കയില്ല. അതിനെ ഉരുക്കിയാലും വേറിട്ടുതന്നെ നിൽക്കും, ഇതേപ്രകാരത്തിൽ ഭക്തികൊണ്ടു പാകംവന്ന മനസ്സ് ഉരുക്കിനേക്കാൾ ഇരുമ്പെന്നപോലെ തുലോം കർമ്മക്ഷമമായിരിക്കും. വെണ്ണപോലെ അസക്തമായിരിക്കും. ഭക്തിയുടെ മേന്മ ഇതാണു്. ലോകത്തിലെ പീഡകൾ യാതൊന്നും ഉറച്ച ഭക്തി ചേൎന്നിട്ടുള്ള മനസ്സിനെ ക്ഷോഭിപ്പിക്കയില്ല. ഈശ്വരഭക്തികൊണ്ടു സങ്കടങ്ങൾ അകലും എന്നു പറയുന്നതിൻെറ അൎത്ഥം ഈശ്വരൻ വന്നു് ലോകം മുഴുവൻ ഭക്തനുവേണ്ടി മാററിവച്ചുകൊടുക്കുമെന്നല്ല, ഭക്തികൊണ്ടു പാകംവന്ന ആ, മനസ്സിനെ സങ്കടങ്ങൾ നിരാശക്കുണ്ടിൽ ആഴ്ത്തിക്കളകയില്ല എന്നാണു്. ഒരു കഥ പറഞ്ഞുകേൾക്കാറുണ്ടു്. അതു് ഒരു നമ്പൂരിയെപ്പററിയാണു്. നമ്പൂതിരിക്കഥകൾ മിക്കവാറും പ്രഥമദൃഷ്ടിയിൽ നമ്പൂതിരിമാരെ കളിയാക്കുന്നതായി തോന്നുമെങ്കിലും ആലോചിച്ചുനോക്കുമ്പോൾ നമ്പൂതിരിമാൎക്കുള്ള അസാമാന്യമായ സംസ്കാരവിശേഷത്തെത്തന്നെ പ്രദൎശിപ്പിക്കും. ഒരു നമ്പൂതിരി തേവാരം കഴിഞ്ഞു് കോലാ

യിൽ വന്നെത്തിയപ്പോൾ ഒരാൾ ഓടിവന്നു് ഭാൎയ്യക്കു പ്രസവവേദനയാണെന്നും, വേറൊരാൾ ഓടിവന്നു് ഇല്ലത്തിനു തീപിടിക്കുന്നുവെന്നും അറിയിച്ചുവത്രേ. നമ്പൂതിരി ഒരു നിമിഷം ഒന്നും മിണ്ടിയില്ല. എന്നിട്ടു് അഃ എന്നാൽ ഒന്നു മുറുക്കുക എന്നു പറഞ്ഞു് ശാന്തനായി കോലായിൽ ഇരുന്നു് മുറുക്കാനാരംഭിച്ചു. ഈ നമ്പൂതിരി സാമാന്യക്കാരനാണെന്നു ധരിക്കരുതു്. എത്രയോ ജന്മങ്ങളിലെ ഭക്തിയാണു് അദ്ദേഹത്തിനു ആ സമാധാനം നൽകിയതു്. ഉത്തരക്ഷണത്തിൽതന്നെ ഭാൎയ്യ സുഖമായി പ്രസവിച്ചുവെന്നും ഉണ്ണി രക്ഷപ്പെട്ടുവെന്നും തീയണഞ്ഞു എന്നും നമുക്കു കഥയാകുകൊണ്ടു സങ്കല്പിക്കാം. എന്നാൽ ഭക്തിയോ ജ്ഞാനമോ സിദ്ധിക്കാത്ത ഒരുവൻ അതിനു മുൻപിൽത്തന്നെ മുടിയും വലിച്ചുപിന്നി മാറത്തടിച്ചു നിലവിളിച്ചു് ഭ്രാന്തനാശുപത്രിയിലേയ്ക്കു തയ്യാറാകുമായിരുന്നു. ഭക്തിമൂലം നമുക്കു കിട്ടുന്നതു ശാന്തിയും നിർവൃതിയുമാണു്. ഒരുവൻെറ ഹൃദയത്തിൽ ദയവു് സ്നേഹം മുതലായ വികാരങ്ങൾ ഉണ്ടാകുമ്പോൾ അവനു മൃഗീയത്വം മാറി മനുഷ്യത്വം സിദ്ധിക്കുന്നു. ശാന്തി ഉറയ്ക്കുമ്പോൾ ഈശ്വരത്വം സുലഭമായിത്തീരുന്നു. റോമാപ്പട്ടണത്തിനു തീപിടിച്ചപ്പോൾ ഫിഡിൽ വായിച്ചുകൊണ്ടിരുന്ന നീറോചക്രവൎത്തി മൃഗീയനായിരുന്നു. മിഥിലകത്തിയെരിഞ്ഞപ്പോൾ "മിഥിലായാം പ്രദഗ്ദ്ധായാം നമേദഹതികിഞ്ചന" എന്നു പറഞ്ഞ ജനകനു് ശാന്തി സിദ്ധിച്ചിരുന്നു. ഇങ്ങനെയുള്ള ശാന്തി ലഭിക്കുവാൻ നമുക്കു് മേൽ വിവരിച്ച യഥാൎത്ഥമായ ഭക്തി സഹായിക്കും. ഈ പരമഭക്തി

യുടെ ഫലമായിട്ടത്രേ അജ്ജുനന്ന് ഉചിതമായ അവസ്ഥരത്തിൽ ബ്രഹ്മജ്ഞാനം സിദ്ധിച്ചത്."

സംഭാഷണാവസരങ്ങളിൽ ചിലപ്പോൾ അദ്ദേഹം ലോകം വെറുക്കുന്നതുപോലെ തോന്നിയിരുന്നു. "നല്ലതിനു എന്നും സ്ഥാനമുണ്ടായിരിക്കയില്ലേ" എന്നു ചോദിച്ചപ്പോൾ തമ്പി അവർകൾ "ഇപ്പോഴോ, അതു് ഏതോ മടയന്മാരാണു് എഴുതിയതു്. അതു്മറിച്ചിട്ടു പഠിക്കേണ്ടതാണു് ഇക്കാലം" എന്നു പ്രതിവചിച്ചിട്ടു് അദ്ദേഹം സംഭാഷണംനിറുത്തി കുറേനേരം മൗനമവലംബിച്ചിരുന്നു.

തമ്പി അവർകളും മി: പരമേശ്വരൻ തമ്പിയുമായി മദ്രാസിലേയ്ക്കു് തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ പൂട്ടാത്ത ഒരു പെട്ടിയിൽ അലക്ഷ്യമായി പണം നിക്ഷേപിച്ചു് (യാത്രച്ചെലവിനുള്ളതു്) വണ്ടിയുടെ ഒരു മൂലയിൽ തള്ളിയിരുന്നതുകണ്ടിട്ടു് മി. തമ്പി ചോദിച്ചു. (തമ്പി അവർകളുടെജാമാതാവാണു് മി. പരമേശ്വരൻതമ്പി)"അമ്മാവാ! ആ പെട്ടി പൂട്ടിയില്ലല്ലോ. കള്ളന്മാർ വണ്ടികളിൽ സമൃദ്ധിയായി സഞ്ചരിക്കാറുണ്ടു്."

തമ്പി അവർകൾ ആക്രോശിച്ചു.-:"അതു് അവന്റെയും പണമല്ലയോ, വേണമെങ്കിൽ അവനു കൊണ്ടുപൊയ്ക്കൊള്ളാം"

"പണത്തിന്റെ കാര്യംകൊണ്ടു് ഒരുവന്റെസ്ഥാനം ആരും വകവച്ചുകൊടുക്കുകയില്ല. എന്നാൽ പണത്തിന്റെ സദ്വിനിയോഗത്തിൽ ലോകം ഒരുത്തന്റെ നടപടികളെ ശ്രദ്ധിക്കും. നല്ല കാര്യങ്ങൾക്കായി ധനം വിനിമയംചെ

യ്യുന്നവനാണു് ധനികനും ധന്യനും. സമൃദ്ധിയിൽനിന്നു് ഒരുത്തൻ ഉയൻ്നുവെന്നിരിക്കട്ടെ; വളക്കണ്ടിൽ വളന്ന കീരച്ചെടിപോലെയാണു് അയാൾ. കഷ്ടപ്പാടിൽനിന്നും ഒരുത്തൻ പൊങ്ങിവരികയാണെന്നിരിക്കട്ടെ; മുൾനിറഞ്ഞ റോസച്ചെടിയിൽ പൂത്തുനില്ക്കുന്ന പുഷ്പമാണെന്നു അയാളെ കീത്തിക്കാം" എന്നു് അദ്ദേഹം സമത്ഥിക്കാറുണ്ടു്.

സംഭാഷണത്തിൽ തമ്പിഅവർകൾ പരാമശിക്കുന്നു:- "ചുററുപാടും വിശന്നിരിക്കുന്നു. അതിനിടയിൽ ഭക്ഷണവും നടക്കുന്നു. വിശപ്പിൻെറക്രൂടുതൽകൊണ്ടു് ഒരുത്തൻ ഒന്നു എടുത്തുപോയി. അവനെ ആരു കള്ളൻ എന്നു വിളിക്കും? എടുത്തവനോ ചോദിക്കുന്നവനോ കള്ളൻ?" എന്നിങ്ങനെ തമ്പി അവർകൾ ഒരിക്കൽ മി. ബി. പത്മനാഭപിള്ളയോടു പറഞ്ഞു.

കടൽപ്പുറത്തുവച്ചു് തമ്പി അവർകൾ ആക്കെങ്കിലും എന്തെങ്കിലും കൊടുപ്പാൻ തൻെറ സമീപത്തു നിൽക്കുന്നവരോടു പറഞ്ഞാൽ അവർ കൊടുക്കുന്നതിൽ താമസം വരുത്തുകയോ, കുറയ്ക്കുകയോ ചെയ്യുന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടാൽ, എന്തു് കൊടുക്കുവാൻ പറഞ്ഞുവോ അതിൻെറ അനേകം മടങ്ങുക്രൂട്ടി അദ്ദേഹം കൊടുപ്പിച്ചിട്ടുള്ളതു വാങ്ങിയിട്ടുള്ളവരിൽനിന്നും കേട്ടു രസിക്കുന്നതിനു് ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. (ഇക്കഴിഞ്ഞ ൧൧൧൭-ലെ മകരവാവിനു് ഈ ഗ്രന്ഥകാരനും ഒരു സ്നേഹിതനുമായി ശംഖുംമുഖം കടൽപ്പുറത്തു് കർമ്മം ചെയ്യാനായി പോയിരുന്നപ്പോൾ, തമ്പി അവർകളുടെ ഭവനത്തിൻെറ പിൻവശത്തു് ഒരു ധർമ്മിഷ്ഠൻ കുഴിച്ചിരിക്കുന്ന കിണററിൽനിന്നു

വെള്ളം എടുത്തു ദന്തധാവനാദിക്രിയകൾ ചെയ്യാനായി അവിടെ ചെന്നു. വെയിലിൻെറ ആധിക്യത്താൽ അടുത്തുകണ്ട ഒരു ഓലപ്പുരയിൽ ചെന്നിരുന്നു് വിശ്രമിച്ചുകൊണ്ടിരിക്കവേ അവിടെനിന്നു് വിറകു വെട്ടിക്കൊണ്ടുനിന്ന ഒരു യുവാവിനോടു ഗ്രന്ഥകാരൻ ചോദിച്ചു:-"വെയില്യ് അസഹ്യമായിരിക്കുന്നു, അല്ലേ?"

വിറകുവെട്ടി,-'ഉം' എന്നു മൂളിക്കൊണ്ടു ആഞ്ഞു വെട്ടി. അയാളൊരു മൂർഖനെപ്പോലെ തോന്നി. മുഖത്തു് കറുത്ത നിറത്തിലുള്ള വസൂരിത്തഴമ്പും, ആഗളം ഒഴുകുന്ന വിയർപ്പും ഹുംകാരത്തോടുകൂടിയുള്ള അദ്ധ്വാനവും കണ്ടിട്ടു് വിറകുവെട്ടിയെ ഉപദ്രവിക്കണ്ടാ എന്നു വിചാരിച്ചു്, ഏതാനും നിമിഷം മിണ്ടാതിരുന്നിട്ടു വീണ്ടും ചോദിച്ചു:-- "ഈ തണലിൽ വന്നിരുന്നു് കുറച്ചു കയ്യാററിക്കൂടേ?" അതിനും അയാൾ ഒരു മൂളൽകൊണ്ടു് ഉത്തരംപറഞ്ഞു. ഒടുവിൽ, അടുത്തുള്ള രണ്ടുമൂന്നു കെട്ടിടങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "ഇതിൽആരു്" "ഇതിൽആരു്" എന്നു ചോദിച്ചു. അതിനൊക്കെ ഓരോവാക്കിൽ അയാൾ ഉത്തരംതന്നു. (തമ്പി അവർകളുടെ മന്ദിരത്തിനെ ചൂണ്ടി) നോക്കണം. അവിടെ ആരു് താമസിച്ചിരുന്നുവെന്നറിയാമോ? അയാൾ കോടാലിവച്ചിട്ടു് "എൻെറ തമ്പുരാനേ! പോയില്ലയോ" (അല്പം മിണ്ടാതെനിന്നു്)

"ഈ കടപ്പുറത്തെ വെയിലിനു് ചൂടുണ്ടോ? ധർമ്മക്കോടം ആ തമ്പുരാൻ ഇരിക്കുമ്പം!"

ഒരു നിശ്വാസപൂർവ്വം അയാൾ ഉപസംഹരിച്ചു. വിറകുവെട്ടാനും മററും പല വേലകൾക്കും ഈ വിറകുവെട്ടു

കാരൻ തമ്പി അവർകളുടെ ഭവനത്തിൽ പോയിട്ടുണ്ട്. "മനോവറിയുന്നമൃകം" എന്നാണ് അയാൾ ഞങ്ങൾ പിരിയാൻ നേരത്തു പറഞ്ഞതു്. ഗ്രന്ഥകാരന് അയാളിൽ നിന്നും ഇങ്ങനെയൊരു ചിത്രം കിട്ടുമെന്ന ഊഹംപോലുമില്ലായിരുന്നു. എങ്കിലും ആ വിറകുവെട്ടിക്കു തമ്പി അവർകളെ അറിയാമായിരുന്നോ, എങ്കിൽ തോന്നിയിട്ടുള്ളതെന്താണ്, എന്നറിയാനായിട്ടാണ് ഈ സംഭാഷണത്തിനു ഉത്സാഹപ്പെട്ടതു്.)

പൂച്ച, പട്ടി മുതലായ ഗൃഹ്യജന്തുക്കളോടും അദ്ദേഹത്തിനു ഔരസസന്താനങ്ങളെപ്പോലെ സ്നേഹവും വാത്സല്യവുമുണ്ടായിരുന്നു. തമ്പി അവർകളുടെ ഒരു ഭൃത്യൻ സമീപത്തെങ്ങാണ്ടോ വച്ച് ഒരു പൂച്ചയെ ഹിംസിച്ചെന്നു അറിഞ്ഞ ആ ദിവസം കടൽപ്പുറത്തു് തമ്പി അവർകളുടെ മന്ദിരത്തിൽ ഒരു കോലാഹലം തന്നെയായിരുന്നു. ഒരു കൊലപാതകം ആണ് നടന്നതെന്നു കേട്ടാൽ ഇങ്ങനെ ഒരു സംഭ്രാന്തി എവിടെയെങ്കിലും ഉണ്ടാകുമൊ എന്ന് സന്ദേഹിക്കാനേവകയുള്ളു. തമ്പി അവർകൾ ഭൃത്യനെ അന്നേദിവസം തന്നെ ജോലിയിൽനിന്നും വേർപെടുത്തി.

തമ്പി അവർകൾ കുറേനാൾ കഴിഞ്ഞ് ഒരു മഴയത്തു് ശംഖുംമുഖം ഭഗവതിക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുകൂടി വീട്ടിലേയ്ക്കു വരികയായിരുന്നു. ജോലിയിൽ നിന്നും പരിച്ചയയ്ക്കപ്പെട്ടിരുന്ന ഭൃത്യൻ ആ ക്ഷേത്രഭിത്തിയ്ക്കരികത്തു ഒതുങ്ങിനിൽക്കുന്നതുകണ്ടു. അരികിൽ വിളിച്ച് പിരിഞ്ഞതിൽ പിന്നീടുള്ള സ്ഥിതിഗതികൾ ചോദിച്ചറിഞ്ഞു. ഭൃത്യൻ കുറേ വയസ്സുചെന്നയാളാണ്. തമ്പി

അവർകഠം മേലാൽ ഒന്നിനേയും ഹിംസിക്കരുതെന്നുപ ദേശിച്ച് ഭൃത്യനെക്കൂടി മന്ദിരത്തേയ്ക്കു കൊണ്ടുപോയി ജോലിയിലേർപ്പെടുത്തി.

അദ്ദേഹം പൈതങ്ങളേയും പ്രായംചെന്നവരേയും ഒരുപോലെയാണ് ഗണിച്ചുവന്നത്. പ്രായമായമനുഷ്യനിൽ അദ്ദേഹത്തിനു വ്യത്യാസം കാണ്മാൻ അപ്പോഠം കഴിഞ്ഞിട്ടില്ല. ഒടുവിലത്തെ പുത്രനായ ഗോപി രണ്ടോ മൂന്നോ വയസ്സു പ്രായമുള്ളപ്പോഠം ഇഴഞ്ഞുപോയ ഒരു പുഴുവിനെ ഉപദ്രവിച്ചു. "ഇനിയും നീ ഉപദ്രവിക്കുമോ" എന്നു തമ്പി അവർകഠം ചോദിച്ചു. കുഞ്ഞു "ഓ" എന്നുപറഞ്ഞു. കുട്ടിയെ വീട്ടിനുപുറത്തു കൊണ്ടുപോകാൻ അദ്ദേഹം വാല്യക്കാരോടു പറഞ്ഞു. അവർ മൂന്നു നാലു മണിക്കൂർനേരം കടൽപ്പുറത്തെ മരങ്ങളുടെ ചുവട്ടിൽ കുഞ്ഞിനെ സൂക്ഷിച്ചുകൊണ്ട് നിൽക്കേണ്ടിവന്നു.

മാനവസംസ്കാരം എന്താണെന്നു അദ്ദേഹം ഇവിടെ വിശദമാക്കുന്നുണ്ട്. ഒരു ക്രൈസ്തവഗ്രന്ഥത്തിൻെറ മുഖവുരയിൽ തമ്പി അവർകഠം ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഇതു കണ്ടു്, അദ്ദേഹത്തെ ആരാധിക്കുവാൻതുടങ്ങിയ അനേകം ചെറുപ്പക്കാരുണ്ട്.

"മനുഷ്യൻെറ പുരോഗതിയുടെ മാനദണ്ഡം, വിമാനവും, * ഹൗവിററ്സരും, വയർലസ്സുംഅല്ല. മനോവികാസം സിദ്ധിക്കാത്ത ഒരു ജനക്കൂട്ടത്തിനു തങ്ങളുടെ സങ്കുചിതമായ മനഃസ്ഥിതിയിൽ ജനിച്ച ക്ഷുദ്രങ്ങളായ ആശയ

* ദ്രുതവിനാശത്തിനുള്ള ഒരുതരം പീരങ്കി

ങ്ങളെ, കൂടുതൽ വേഗത്തിൽ കൂടുതൽ ഭംഗിയിൽ നേടി ക്കൊടുക്കുക മാത്രമാണ് കേവലം ബുദ്ധിവൈഭവജന്യങ്ങളായ മേല്പറഞ്ഞ കണ്ടുപിടിത്തങ്ങൾ സാധിച്ചിട്ടുള്ളതു്. ഇങ്ങനെ ശാസ്ത്രം (Science) യഥാസ്ഥിതമായ, അസുന്ദരമായ മനഃസ്ഥിതിക്കു ദാസ്യം വഹിച്ചിട്ടുള്ളതേയുള്ളു. മനുഷ്യന്റെ യഥാർത്ഥമായ വളർച്ചയ്ക്കും, ഉയർച്ചയ്ക്കും സാധകമായ ഒരു പുതിയ തത്വമോ പ്രസ്ഥാനമോ കണ്ടുപിടിക്കാൻ ശാസ്ത്രം സഹായിച്ചിട്ടില്ല. വാളും കുന്തവുംകൊണ്ടു് ഒരു കൂട്ടം ആളുകൾ പത്തുനൂറു കാതം കാട്ടുവഴി, കാൽനടയായി നടന്നുചെന്നു മറെറാരുകൂട്ടം ആളുകളെ തോല്പിച്ചു് നശിപ്പിക്കുന്നതിലും, ലക്ഷക്കണക്കിനു തീക്കപ്പലുകളിലും വിമാനങ്ങളിലും കയറിച്ചെന്നു ഒരു വൻപിച്ച ദേശത്തെ പീരങ്കികൊണ്ടും വിഷവായുക്കൾകൊണ്ടും നിർജ്ജനമാക്കിത്തീർക്കുന്നതിലും തമ്മിൽ പരിഷ്കൃതിയെ സംബന്ധിച്ചിടത്തോളം എന്തു വ്യത്യാസമാണു് പറയാനുള്ളതു്. മനുഷ്യജീവിതത്തിനെന്തെങ്കിലും വില കല്പിക്കുന്നപക്ഷം രണ്ടാമത്തെ കഥ പരിഷ്കൃതിയുടെ ഭയങ്കരമായ ച്ശ്രുരികയെയാണു് ചൂണ്ടിക്കാണിക്കുന്നതു്.

“നീറോ, ചന്ദ്രഗുപ്തൻ മുതലായവരുടെ കാലങ്ങളെ അപേക്ഷിച്ചു് ഇന്നു നാം തുലോം പരിഷ്കൃതരാണെന്നുള്ളതിനു സംശയമില്ല. അതു ലേശവും മുൻപറഞ്ഞ കണ്ടുപിടിത്തങ്ങൾ കൊണ്ടല്ലതാനും. അടിമകളെ സിംഹക്കൂട്ടിലിടുക മുതലായ അന്നത്തെ വിനോദങ്ങൾ, അന്നത്തെ, ശൂലാരോപണം, ചിത്രവധം മുതലായവ നടപ്പില്ലായ്കയാലാണു്, മെഷീൻ തോക്കുകളുടെ പിന്നിലെങ്കിലും റെഡ്

ക്രാസ് വണ്ടിക്കു ഗതി കല്പിച്ചിട്ടുള്ളതുകൊണ്ടാണ് നാം കൂടുതൽ പരിഷ്കൃതരാണെന്നു അഭിമാനിക്കാവുന്നതു്. സജീവികളിൽ കാരുണ്യം വേണ്ടതാണെന്നുള്ള പൊതുവായ ഒരഭിപ്രായഗതി, ക്രൂരതയിലുള്ള വൈമുഖ്യം എന്നിവയാണ് യഥാൎത്ഥത്തിൽ മനുഷ്യനെ ഉയൎത്തിയിട്ടുള്ള ഒരു കണ്ടുപിടിത്തം.

"വ്യക്തിഗതമായ ക്രൂരതയല്ല ഇവിടെ വിവക്ഷിക്കുന്നതു്. അതിൻെറ ചികിത്സയ്ക്കും നിവാരണത്തിനും നാം ആശുപത്രികൾ സ്ഥാപിച്ചിട്ടില്ലെന്നേയുള്ളു. അതിനെപ്പററി ശാസ്ത്രീയഗവേഷണം ഇപ്പോൾ ചില ചിന്തകന്മാർ ആരംഭിച്ചിട്ടുള്ളതേയുള്ളു. ക്രൂരകൃത്യം ചെയ്യുന്ന ഒരുവനോടു ഇന്നു നമുക്കു ഭയവും വെറുപ്പുംമാത്രമാണ്. പണ്ടു് കുഷ്ഠരോഗികളോടും നമുക്കു ഭയവും വെറുപ്പും മാത്രമായിരുന്നു.

"പാശ്ചാത്യദേശങ്ങളിൽ വിശേഷിച്ചും, ഈ രോഗം ഈശ്വര ശിക്ഷയാണെന്നു കരുതി രോഗികളെ ആട്ടിയോടിച്ച് പട്ടിണിയിട്ടു കൊല്ലുന്നതിൽ യാതൊരു വൈമനസ്യവും ഇല്ലാതിരുന്നു. നമുക്ക് ഏതാണ്ടു മനോവികാസം സിദ്ധിച്ചപ്പോൾ ധനവാൻെറ സൗകൎയ്യസമാർജ്ജനത്തിനു മാത്രം വ്യാപിച്ചിരുന്ന ശാസ്ത്രത്തെ നാം അങ്ങോട്ടേയ്ക്കും വ്യാപരിപ്പിച്ചു. സാംക്രമിക രോഗങ്ങൾക്കുവേണ്ട ചികിത്സയും രോഗിശാലകളും, രോഗനിവാരണത്തിനു വേണ്ട മുൻകരുതലുകളും ഫലിച്ചു. ഇതേ മട്ടിൽതന്നെ ക്രൗൎയ്യം മുതലായ മാനസിക രോഗങ്ങളെപ്പററിയും ശാസ്ത്രീയഗ

വേണം ആവശ്യമുണ്ട്. ഒരുവൻ മോഷ്ടിച്ചാൽ അന്യന്നു വരാവുന്ന നഷ്ടവും പ്രഹരിച്ചാൽ അന്യന്നുവരാവുന്ന വേദനയും മാത്രമേ, ഇപ്പോൾ കണക്കാക്കുന്നുള്ളു. അവൻ പൌരവൃത്തിക്കു കൊള്ളാത്തവൻ എന്നു കരുതി അവനെ, വേലയ്ക്കു കൊള്ളാത്ത മററു പ്രാണികളേയുമെന്നപോലെ അകററിക്കളയുക മാത്രമേ നമുക്കു കൃത്യമായിക്കരുതുന്നുള്ളു. അവന്നുണ്ടായിട്ടുള്ള മാനസികരോഗത്തിൽ നമുക്കു സഹതാപമില്ല. അതിന്നെ മാററുവാൻ യാതൊരു പ്രയത്നവും ചെയ്യുന്നില്ല. ഇത്തരം രോഗങ്ങൾ ബീജദശയിൽ തന്നെ നശിക്കുമാറു് യാതൊരു നിവാരണമാർഗ്ഗവും അന്വേഷിക്കുന്നില്ല. എന്നാൽ ഈയിടയ്ക്കു ചിന്തകന്മാരുടെയിടയിൽ തുറന്നു തുടങ്ങിയിട്ടുള്ള ദൃഷ്ടി കോണു് പ്രായോഗികമാകുമെന്നു നമുക്കാശിക്കാം.

"സാമുദായികമായ മനോവികാസം നമുക്കെല്ലാം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതാണു് നാം പരിഷ്കൃതരായിരിക്കുന്നു എന്ന അഭിമാനത്തിനടിസ്ഥാനഭൂതമായിരിക്കുന്നതു്. പഴയ റോമിലെ സിംഹപ്പോരു, ദില്ലിയിലെ ആനപ്പോരു് സ്പെയിനിലെ കാളപ്പോരു്, പട്ടിപ്പോരു്, കോഴിപ്പോരു്, ആട്ടുകുരുതി മുതലായതു നിറുത്തൽ ചെയ്യണമെന്നും, തൂക്കിലിടൽ കാണുക ഒരു പൊതു വിനോദമായി കരുതരുതെന്നും മററും നിശ്ചയിച്ച മനഃസ്ഥിതി മുൻപിലത്തേതിൽനിന്നു അത്യുച്ചമായ ഔന്നത്യസിദ്ധിയെ സൂചിപ്പിക്കുന്നു. ജന്തുക്കളെ തിന്നുകയും ജോലിയെടുപ്പിക്കുകയും ചെയ്യുക നിറുത്തിയില്ലെങ്കിലും അവയെ അനാവശ്യമായി വേദനിപ്പിക്കാതിരിക്കാനുള്ള എസ്. പി. സി.

എ. മുതലായ സംഘങ്ങളുടെ ശ്രമങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നു. മനുഷ്യ സമുദായത്തെ തുരുതുറായിക്കീറിപ്പിളുന്നു പരസ്പരം ഭേദവും ദ്വേഷവും ജനിപ്പിക്കുന്ന ഉച്ചനീചഭാവങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമവും ഇതിനുദാഹരണങ്ങളാകുന്നു. ഇതെല്ലാം സജീവരിൽ'കാരുണ്യ'മെന്ന മഹാതത്വത്തിലടിസ്ഥാനപ്പെട്ടവയാണ്.

"മനുഷ്യനെ ഉയർത്തുവാൻസാധിച്ചിട്ടുള്ള രണ്ടാമത്തെ കണ്ടുപിടിത്തമാണ് 'ത്യാഗം' ത്യാഗമെന്നതു് നമുക്കു് വളരെ പുരാതനകാലങ്ങൾമുതൽ പരിചയമാണ്. നേതാവിനോടോ, ഭർത്താവിനോടോ ഒരുമിച്ചു് ഉടൻകട്ടകയറുക, യജമാനനുവേണ്ടി പ്രാണൻകളയുക മുതലായവ സകല സാഹിത്യങ്ങളിലും ധാരാളം പ്രസിദ്ധങ്ങളാണ്. അവ, വായിച്ചു നാം രോമാഞ്ചം കൊള്ളാറുമുണ്ടു്. എന്നാൽ ഇവയൊക്കെ ത്യാഗാഭാസങ്ങൾ മാത്രമാണ്. ബുദ്ധിക്കും, മനസ്സിനും, ആത്മാവിനും വേണ്ട വളച്ച് സിദ്ധിച്ച ഒരു മനുഷ്യൻെറ ത്യാഗമല്ല, അടിമത്യാഗമാണ്. ഭർത്താവിലും നേതാവിലും, യജമാനനിലുമുള്ള കേവലം സ്വാർത്ഥപരമായ മനുഷ്യനെന്നനില ബോധിക്കാതെ മിഥ്യാകൃതമായ ഈശ്വര ബുദ്ധി ആരോപിച്ചു കൊണ്ടുള്ളതാണ് ഈവക ത്യാഗം. അടിമകൾക്കു മാത്രമേ അതു സാദ്ധ്യമാകയുള്ളു. അടിമയിൽനിന്നുമുയന്ന മനുഷ്യൻെറ ത്യാഗമാണ് നമുക്കിവിടെ വിഷയം. നാം മേല്പറഞ്ഞ കഥകൾ വായിച്ചു രസിക്കുന്നതും തല്ക്കാലം കവി സങ്കേതങ്ങളിൽ ഉൾപ്പെട്ടു നിന്നിട്ടോ, നമ്മുടെ ദുർവ്വാസനകളാൽ യഥാർത്ഥം ഗ്രഹിയ്ക്കായ്ക കൊണ്ടോ മാത്രമാണ്. യഥാർത്ഥത്യാഗം നാം കണ്ടു

വരാറുള്ളതു് അധികവും എളിയവരെ ഉദ്ദേശിച്ചാണ്. ഒരു മാതാവ് അധികം ശുശ്രൂഷ ചെയ്യുന്നതു് ദുർഭഗനോ, ദുർബ്ബു ദ്ധിയോ ആയ പുത്രനെയാണ്. ഒരു ധാത്രി (Nurse) ഉറക്കമിളച്ചു ക്ലേശിക്കുന്നതു ദൃഢഗാത്രന്മാക്കു വേണ്ടിയല്ല. ചോദ്യപ്പെടാവുന്ന രീതിയിൽ ശരീരം മുഴുവൻ വ്രണിതനായവനു വേണ്ടിയാണ്. അദ്ധ്യാപകൻെറ സകല ക്ലേശങ്ങളും സമത്ഥന്മാരായ വിദ്യാത്ഥികൾക്കു വേണ്ടിയല്ല; അവർ അയാളെ കൂടാതെതന്നെ മുന്നോട്ടു വന്നുകൊള്ളും ക്ലാസ്സിലെ ബുദ്ധിഹീനന്മാക്കു വേണ്ടിയാണ്. പൊതുജനോപകാരികൾ (Philanthropists) അധികം ധനവ്യയം ചെയ്യുന്നതു സമാധാനമായി ജീവിക്കുന്ന പൌരനുവേണ്ടിയല്ല; കൊള്ളക്കാക്കും, കുടിയന്മാക്കും, കള്ളവടക്കാക്കും വേണ്ടിയാണ്. പൊതുജനപ്രവത്തകന്മാർ (Public men) വളരെ ക്ലേശിക്കുന്നതു അജ്ഞതയിലാണ്ടു് അധഃപതിച്ച സമുദായങ്ങൾക്കു വേണ്ടിയാണ്. ഇങ്ങനെ ത്യാഗമനുഷ്ഠിച്ചു കാണുന്നതു സവ്വത്ര അനർഹങ്ങളെന്നു നാം ഗണിക്കാവുന്ന പാത്രങ്ങളിലാണ്. ഇതുതന്നെയാണ് ത്യാഗത്തിൻെറ മാഹാത്മ്യവും, വലിയവനു വേണ്ടിയും വലിയകായ്യത്തിനു വേണ്ടിയും ചെയ്യുന്ന ത്യാഗം, ത്യാഗമല്ലാ, അതു ന്യായമായ വില കൊടുക്കലാണ്. മനസ്സിനോ, ബുദ്ധിക്കോ, ശരീരത്തിനോ രോഗം ബാധിച്ചു് പലക്കും വെറുപ്പിനു പാത്രീഭവിച്ചിട്ടുള്ളവക്കു വേണ്ടിയാണ് യഥാത്ഥത്യാഗം ആവശ്യപ്പെടുന്നതു്. ഇത്തരം ത്യാഗത്തെപ്പററി ബോധവും ബഹുമാനവും ക്രമേണ വദ്ധിച്ചുവരുന്നതു മനുഷ്യ സമുദായ

ത്തിന്റെ പരിഷ്കൃതിയുടെ പുരോഗതിയെത്തന്നെ ഉദ്ഘോഷണം ചെയ്യുന്നു.

"ശാസ്ത്രത്തിന്റെ പുരോഗതി നമ്മുടെ വാസനകൾക്കു സുഗ്രഹമാണ്. കാലംകൊണ്ടു് 'ഇലക്ട്രിസിററി' പോലുള്ള ക്ഷുദ്രസിദ്ധികൾ വശമാകും. എന്നാൽ മനുഷ്യനു യഥാൎത്ഥമായ ഉയൎച്ച നൽകുന്ന മുൻപറഞ്ഞതപോലുള്ള മഹാതത്വങ്ങളാകട്ടെ നമ്മുടെ വാസനകളെ ഖണ്ഡിച്ച് സിദ്ധങ്ങളായ സകല നിയമങ്ങളേയും വ്യാകോപിപ്പിച്ച് സകാലികമായ ജനസാമാന്യത്തെ ക്ഷോഭിപ്പിച്ചുമാത്രം സാധിക്കാവുന്നതാകുന്നു. ഈശ്വരനു 'സത്ത' നാം കല്പിക്കുന്നുവെങ്കിൽ ആ തത്വങ്ങളുടെ ഉപദേഷ്ടാവു് നമുക്ക് സിദ്ധമാകുന്നതു ഈശ്വരകാരുണ്യത്തിന്റെ പുലൎച്ചയിലാണ്. ഉപദേഷ്ടാവുതന്നെ ഈശ്വരാംശവുമാണ്. മേല്പറഞ്ഞ ഭൂതാനുകമ്പ, ത്യാഗം എന്നു രണ്ടു മഹാതത്വങ്ങൾ ഉപദേശിച്ച് അനുഷ്ഠിച്ചു മനുഷ്യഹൃദയത്തെ വശീകരിച്ച് ആശ്വസിപ്പിച്ചിട്ടുള്ള ഒരു ദിവ്യ പുരുഷനാണ് 'ജീസസ്ക്രൈസ്റ്റ്' അദ്ദേഹം ഉപദേശിച്ച തത്വങ്ങൾ പലപ്പോഴും അജ്ഞാനക്കാർ മേഘങ്ങളിൽ മാഞ്ഞുംമറഞ്ഞും, ഒളിഞ്ഞും പോയിട്ടുണ്ടെങ്കിലും എക്കാലവും ഏതാനംഹൃദയങ്ങളിലെങ്കിലും അവ ജീവിച്ചിട്ടുണ്ട്. ഇന്നു ജനസാമാന്യത്തിൽ അവ, ലബ്ധസ്ഥാനങ്ങളുമാണ്. അപ്രതിഹതമായ പ്രകാശത്തോടുകൂടിയല്ല അവയിപ്പോഴും ജ്വലിക്കുന്നതു്, എന്നുള്ളതു് നിരാശാഹേതുവല്ല. മുൻപറഞ്ഞപോലെ പീരങ്കിപ്പുകകൾക്കും,വിഷവായുക്കൾക്കും ഇടയിൽ

റെഡ്ക്രാസ്സ്ക്കൊടിയും മിന്നിക്കാണുന്നതു ഭാവിഭാവുക ത്തിനു സൂചകമാകുന്നു.''

തമിഴ്ഹരികഥകളെക്കൊണ്ടു് നിറഞ്ഞിട്ടുള്ള നമ്മു ടെനാട്ടിൽ, കഥാപ്രവചനത്തിനു് തമ്പി അവർകൾ പുരാണപ്രസിദ്ധങ്ങളായ ശ്രീകൃഷ്ണാവതാരം, ധ്രുവചരിതം, എന്നീ കഥകളെ വർണ്ണനാതീതമായ ഗീതങ്ങളോടുകൂടി നമുക്കു നൽകിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഒടുവിലത്തെ കൃതി, ധ്രുവചരിതം കഥാപ്രവചനമാലയാകുന്നു. തമ്പി അവർകളുടെ താത്വികബോധം ധ്രുവചരിതം കഥാപ്രവ ചനമാലയിൽ അത്യുച്ചാവസ്ഥയിൽ തന്നെയായിട്ടുണ്ടു്. മലയാളിക്കു് ഓരോന്നിലും സ്വന്തമായ പദ്ധതികളുണ്ടാ യിരിക്കണമെന്നുള്ള പക്ഷക്കാരനാണു് തമ്പി അവർകൾ.

൧൧൧൨-ൽ സംസ്കൃത സ്കൂളുകളുടെ പരിശോധ നയ്ക്കു് (തിരുവിതാംകൂറിലെ സംസ്കൃത പാഠശാലകളുടെ പാഠപദ്ധതി ഇൻസ്പെക്ടരായിരുന്നു തമ്പി അവർകൾ) പോകുംമുമ്പു്, പ്രൈമറിസ്കൂളുകളിൽ പോലും സംസ്കൃതം നിർബന്ധിതമാക്കണമെന്ന ഒരു പദ്ധതി അദ്ദേഹം സജ്ജ മാക്കിയിട്ടുണ്ടു്.

സമാരംഭിക്കപ്പെട്ടിരുന്ന തിരുവിതാംകൂർ സർവ്വകലാ ശാലയിൽ 'പൌരസ്ത്യ ഭാഷകൾക്കു കൊടുക്കേണ്ട സ്ഥാനം, ഗവേഷണശാലയും വിദ്യാർത്ഥികളും, ഇങ്ങനെ ജീവത്തായ പലപല വിഷയങ്ങളിലും അദ്ദേഹത്തിനു് അത്യധ്വാനം ചെയ്യേണ്ടതായിവന്നു. കർമ്മയോഗവും ജ്ഞാനയോഗവും ആയാസംകൂടാതെ പ്രവൃത്തിപഥത്തി

ലാക്കിയിട്ടുള്ള ഒരു ജീവിതംതന്നെയാണ് തമ്പി അവർകളുടെ അന്ത്യഘട്ടം.

൧൧൧൩-ാമാണ്ടു് തിരുവിതാംകൂർ ദിവാൻ, ഡാക്ടർ സചിവോത്തമ സർ, സി. പി. രാമസ്വാമിഅയ്യരുടെ അദ്ധ്യക്ഷതയിൽ കൂടിയ പണ്ഡിതപരിഷത്തിൽ തമ്പി അവർകൾ ചെയ്ത സംസ്കൃത പ്രഭാഷണം തിരുവനന്തപുരത്തെ പണ്ഡിതന്മാർക്കു് ആശ്ചര്യാവേശം ഉളവാക്കിയ പ്രധാനപ്പെട്ട ഒരു സംഭവമാണ്. തമ്പി അവർകൾ പ്രസംഗിക്കുമ്പോൾ കണ്ടുവന്നിരുന്ന ഊണം അന്നു് അശേഷം ഇല്ലായിരുന്നു. കാലേകൂട്ടി പ്രഭാഷണം തയ്യാർചെയ്തു്, പറഞ്ഞു ശീലിച്ചിട്ടു, പ്രസംഗവേദിയിലേയ്ക്കു വരികയല്ലായിരുന്നു തമ്പി അവർകൾ ചെയ്തതു്. ഇരുപതോ ഇരുപത്തിരണ്ടോ മിനിട്ടു നേരമായിരുന്നു അദ്ദേഹത്തിൻെറ പ്രഭാഷണത്തിനുള്ള സമയം. ആ സമയംകൊണ്ടു് തനിക്കു പറയാനുള്ളതെല്ലാം പറഞ്ഞവസാനിപ്പിക്കാൻ സാധിക്കുമോ എന്നു നോക്കുന്നതിനായി തമ്പി അവർകൾ തിരുവട്ടാററമ്മവീട്ടിൽ അദ്ദേഹം പണിയിച്ചിട്ടുള്ള കെട്ടിടത്തിൻെറ വടക്കുഭാഗത്തുള്ള ഓലപ്പന്തലിൽ നടന്നുകൊണ്ടു പറഞ്ഞുനോക്കി. അടുത്തുണ്ടായിരുന്ന ഒരു ബന്ധുവിനോടു മണി നോക്കിക്കൊൾവാനും പറഞ്ഞു. നിശ്ചിത സമയത്തിനും ഒരു മിനിട്ടിനും മുമ്പേ പ്രഭാഷണം അവസാനിച്ചു. അദ്ദേഹം ബന്ധുവിനോടു പറഞ്ഞു:–"ഇനി ഞാൻ ഹാളിൽ ചെല്ലുമ്പോൾ മിനിട്ടൊന്നും ശിഷ്ടം വരികയില്ല" അദ്ദേഹത്തിനു് അതിൽ അത്ര നിശ്ചയമായിരുന്നു.

സംസ്കൃതത്തിന്ന് സർവ്വകലാശാലാ ബിരുദം നേടിയിട്ടുള്ള ഒരാൾ തമ്പി അവർകളെ സന്ദർശിക്കാൻ വരുമ്പോൾ സംസ്കൃതത്തിൽ ഒന്നു സംസാരിച്ച് തൻെറ സാമർത്ഥ്യം കാണിക്കണമെന്നു തീർച്ചയാക്കി. അതിലേയ്ക്ക് ഏതാണ്ടൊക്കെയോ ഒക്കെ ചോദ്യോത്തരക്രമത്തിൽ ഒരു കുറിപ്പെഴുതി പഠിച്ചു. ബോദ്ധ്യമായി, തനിക്കു തെററ് വരികയില്ലായെന്ന്; തമ്പി അവർകളെ കാണാനായി കടൽപ്പുറത്തു വന്നു. പ്രേമശീതളമായ ഉപചാരം അദ്ദേഹത്തിൽനിന്ന് ആ സന്ദർശകനും ലഭിച്ചു തമ്പി അവർകൾ മലയാളത്തിൽ സംസാരിച്ചു. സന്ദർശകൻെറ അന്തരാളം ഇച്ഛാഭംഗംകൊണ്ടുമൂടി. പ്രകൃതത്തിന്ന് വിരോധംവരാതെ സന്ദർശകൻ സംസ്കൃതസംഭാഷണമാരംഭിച്ചു. അതിനു സമാധാനം തമ്പി അവർകൾ മലയാളത്തിൽ ഒന്നു രണ്ടിനു പറഞ്ഞു. ശാന്തമായ അഗ്നിപർവ്വതംപോലെ തമ്പി അവർകൾ സംസ്കൃതത്തിൽ തന്നെ സംസാരിക്കുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ മുഖം ശാന്തവും, തെററ് മനസ്സിലാക്കിയിട്ട് പുറത്തു പറയാതിരിക്കുന്നു എന്നു സൂക്ഷിക്കുന്നവർക്കു മനസ്സിലാകത്തക്കവണ്ണമുള്ള രസങ്ങളെക്കൊണ്ടു സങ്കലിതവുമായിരുന്നു. തമ്പിഅവർകൾ സംസാരിക്കുവാൻ തുടങ്ങിയപ്പോൾ സന്ദർശകൻെറ ചോദ്യോത്തരങ്ങളാകെ തെററി; സന്ദർശകൻ വിയർത്തുകുഴഞ്ഞു. അറിയാത്ത മട്ടിൽ തമ്പി അവർകൾ ആദ്യം തുടങ്ങിയിരുന്ന ഭാഷയിലേയ്ക്കു തന്നെ തിരിഞ്ഞു. അതി ശീഘ്രമായ ആ തിരിവ് സന്ദർശകനുപോലും എപ്പോഴായിരുന്നുവെന്നറിയാൻ കഴിഞ്ഞില്ല. വീണ്ടും അവർ സംസാരിച്ചു

കൊണ്ടിരുന്നു. തനിക്കു ഒരു അമളിപിണഞ്ഞുവെന്ന ഓർമ്മ സന്ദർശകനിൽ ഉണ്ടാകാതിരിക്കത്തക്കവിധം തമ്പി അവർകൾ തൃപ്തിയോടുകൂടി ആ മാന്യനെ യാത്രയാക്കി.

അദ്ദേഹം നിശ്ചയിക്കാൻ വയ്യാത്തവേഗത്തിൽ ഭാഷ മാററിക്കളഞ്ഞതു സന്ദർശകനു് വേദന തോന്നരുതു് എന്ന കരുതലോടുകൂടിയാണു്. എല്ലാക്കാര്യത്തിലും ഒരു ശീഘ്രത കാണാം. മിക്കവാറും ഒന്നും മുൻകൂട്ടി നിശ്ചയിക്കാറില്ല. ഇംഗ്ലണ്ടിൽനിന്നും കപ്പൽ കയറുമ്പോൾ ആത്മമിത്രമായ സൂര്യനാരായണശാസ്ത്രികൾക്കു പോലും അറിവുകൊടുക്കുന്നതിനു മുമ്പിൽ അതു തീർച്ചപ്പെടുത്തുകയാണു് ചെയ്തതു്. സ്വന്തം കാര്യങ്ങളെ അദ്ദേഹം വലുതായി കരുതിയിരുന്നില്ല. സ്വദുഃഖത്തിലും സ്നേഹിതനും സ്നേഹത്തിനും അദ്ദേഹം കുറവുവരുത്തിയിട്ടില്ല. അതിനെപ്പററി സൂര്യനാരായണശസ്ത്രികൾ പറഞ്ഞതിപ്രകാരമായിരുന്നു.

"And whatever private troubles his mind had to bear he would make little show of it, though he was always eager to help in soothing a friend's troubles. He was so reserved about his own affairs, that only by accident did I know he was due to leave England the very next day. His parting injunctions to me on Paddington platform was 'Remember.'"

൧൯൧൨-ലായിരുന്നു തമ്പി അവർകളുടെ ആണേഴ്സു് വിദ്യാർത്ഥികൾ പരീക്ഷയ്ക്കു ഇരിക്കുന്ന വർഷം. കാളേജിലും വെളിയിലുമായി അദ്ദേഹത്തിനു അധികം ജോലിചെയ്യേണ്ടിവന്നു. "ജോലിയിൽത്തന്നെ വിശ്രമവും" എന്നപോലെ അദ്ദേഹം കഴിഞ്ഞുകൂടി.

ആസന്നമാകുന്ന മരണത്തെക്കുറിച്ച് അദ്ദേഹം അറിഞ്ഞിരുന്നില്ലയോ എന്നു സംശയിക്കാനിടതരുന്ന ഒന്നുരണ്ടു സംഭാഷണങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ട്.

കാര്യാന്തരവ്യാപൃതനായിരുന്ന തമ്പി അവർകൾ ഒരു ദിവസം കാളേജിൽനിന്നും അമ്മവീട്ടിലെത്തിയപ്പോൾ (൧൧൧൭-ൽ തമ്പി അവർകൾ തിരുവട്ടാററമ്മവീട്ടിൽ പണിയിച്ചിട്ടുള്ള മന്ദിരത്തിൽ താമസമാക്കിയിരുന്നു.) ഒരു സംസ്കൃത പാഠശാല സന്ദർശിക്കുന്നതിനു അദ്ദേഹത്തെ ക്ഷണിക്കുവാൻ ചെന്നിരുന്ന ഉപാദ്ധ്യായൻ പി. രാഘവൻനായരോടു അദ്ദേഹം പറഞ്ഞു:-"എൻെറ ഉയിർ കാളേജിൽ കൊട്ടത്തിട്ടു തോടായിട്ടാണ് ഇങ്ങോട്ടു വരുന്നത്."

മറെറാരുദിവസം തമ്പി അവർകൾ ഒരു ദുഃഖം അന്വേഷിച്ചു പോയിരുന്നപ്പോൾ അവിടെ കൂടിയിരുന്നവരോടു പറഞ്ഞു:-"കിടന്നു മരിക്കാൻ ഇടവരരുത്. കുറേനാൾ കിടക്കുമ്പോൾ എത്ര ഉററവർക്കും മുഖം വല്ലാതെയാകും."

ആയിടയ്ക്കു വേദത്തിലെ "യമ" സംഹിത വായിച്ചുകൊണ്ടിരുന്നപ്പോൾ യമനെക്കണ്ടതുപോലെ ഒരു ഭയം അദ്ദേഹത്തിനു തോന്നിയതായിപറഞ്ഞു. "ആ പാതിരായ്ക്കു വേറെ വല്ലവരും ആയിരുന്നെങ്കിൽ ഭയന്നു വിറച്ചു പോകുമായിരുന്നു."

തമ്പി അവർകളുടെ ലളിതയിലെ അവസാനരംഗം ഭൂതമായ ഹൃദയം പൊട്ടിയുള്ള ഒരു മരണത്തെ കാണിക്കുന്ന ഒന്നാണ്. ലളിതയുടെ ഇംഗ്ലീഷുവിവർത്തനമാണ് അതിനെ ശക്തിയായി എടുത്തു കാണിക്കുന്നത്. ഒരു ഭാരതീയ

നാടകകാരൻ(തമ്പിയവർകൾ)ഇത്ര സ്പർശകമായ ഇംഗ്ലീഷു ഭാഷയിൽ ജീവിതത്തെ സ്പർശിക്കുന്ന ഒരു രംഗം ചിത്രണം ചെയ്തിട്ടുള്ളതിങ്ങനെയാണു്:-

*Lalita:—*

"O, my heart: why do you beat so violently? keep calm: you seem as if you would burst my sides and rush to the truth of things...........O, thou cruel wretch of a letter enough to crush my heart,—so fair to look at, so foul in your contents—thou, indeed hailest from him (Standing up and trembling with mad rage.)

O, wicked letter, do thou even as my poor heart, fly into a hundred fragments and proclaim his unblemished fame to the quarters. (Tears the letter into shreds) Break, break my heart. O life be merciful and fly from this accursed body entrapped as thou art by fate into this so frail abode (walks about.)

Alas! Her hand was taken with the holy fires witnessing: Mine was taken with no fires to witness. So it befits him to despise me! But was not there the fire of love to witness, the fire which in one moment burnt out in me that age-old instinct to revere my Self—to withhold my Self and guard it jealously against all the world—the fire, Which in one moment, welded two souls into one. But a Ganika must hold her tongue. Therefore O, life, get thee a happier, more lasting abode...perhaps in a different clime, in a different age.

Alas! I am a flower thoughtlessly plucked from a wayside tree, smelt once and flung on the ground to be trampled on by the way-farer. Alas! the stigma of birth is a savage beast only lying low to take the surer spring at its prey. Indeed a loving heart and a pure life can avail nothing to wipe off the stain of birth. So fly from this accursed body, O life: fly."

(Falls down)

൧൧൧൦ കുംഭം ഇരുപത്തിരണ്ടാം തീയതി തമ്പി അവർകൾ ഉറക്കമെണീററതു് അഭൂതപൂൎവ്വമായ ഒരു ഉണർവ്വോടുകൂടിയാണു്. അദ്ദേഹം ഉറക്കമെണീററുകഴിഞ്ഞാൽ കയ്യും കാലും ഒക്കെ ഒന്നു കുടഞ്ഞു പ്രകൃതിയെനോക്കി അല്പം നിൽക്കും. പിന്നീടാണു് ദിനചൎയ്യകൾക്കു പോകുന്നതു്. അന്നും അനുഷ്ഠിക്കേണ്ട ദിനചൎയ്യകളെല്ലാം തൃപ്തിയായിത്തന്നെ നടത്തി. കുറേനേരം വായിച്ചുകൊണ്ടിരുന്നു. പിന്നീടു ചതുരംഗംവച്ചു കളിക്കാനിരുന്നു. അന്നു് അദ്ദേഹം കളിയിൽ കാണിച്ച ഔത്സുക്യം അന്നുവരെ ആ കളിയുടെ ചരിത്രത്തിൽ അവിടെയുണ്ടായിട്ടില്ലെന്നുപറയാം. ആ ദിവസംതന്നെയാണു് പരീക്ഷയ്ക്കുപോകുന്ന അദ്ദേഹത്തിൻെറ ആണേഴ്സു് വിദ്യാൎത്ഥികളുടെ യോഗവും. അതിനു കാളേജിൽ പോകുവാൻ നേരമായെന്നറിയിച്ചുകൊണ്ടു ഭൃത്യൻ കാഫിപകൎന്നുകൊടുത്തു. ഇടത്തു കൈകൊണ്ടു് കാഫിവാങ്ങികുടിക്കുകയും വലത്തുകൈകൊണ്ടു കരുക്കൾ നിരത്തുകയും ചെയ്തുകൊണ്ടിരുന്നു. അനന്തരം ഒരുവിധം കളി അവസാനിപ്പിച്ചെഴുന്നേററു അന്നു് മി. ശങ്കരൻതമ്പിയുടെ (തമ്പി അവർകളുടെ പുത്രൻ) വിദ്യാലയത്തിലും ഒരു യോഗമുണ്ടായിരുന്നു. അവിടെ നടക്കാൻപോകുന്ന കച്ചേരിക്കു മൃദംഗവായന മി. ശങ്കരൻതമ്പി ഏററിരുന്നു. (മൃദംഗവായനയിൽ ശങ്കരൻതമ്പിക്കു നല്ല വാസനയുണ്ടു്.) അതിനു മകനോടൊത്തു പോയാൽ കൊള്ളാമെന്നു് തമ്പി അവർകൾ ആശിച്ചിരുന്നുവെങ്കിലും കാളേജിലും യോഗം നടക്കുന്നതുകൊണ്ടു്, അദ്ദേഹം യാത്ര ചോദിക്കാൻ വന്ന മകനെ, മൂൎദ്ധാവിൽ പുണൎന്നു അനു

ഗ്രഹിച്ച് അയച്ചതേയുള്ളു. അതും പതിവില്ലാത്തവിധമായിരുന്നു. തമ്പി അവർകൾ കാളേജിലേയ്ക്കു പുറപ്പെട്ടു. ശകുനമായിവന്ന ഒരു വികൃതവേഷം കണ്ടിട്ട് "ഹാ! ഇതാരു് യമദൂതനോ പിശാചോ"എന്നിങ്ങനെ അദ്ദേഹം പുലമ്പി.

കാളേജിലെത്തി. അന്നും ആ അവസാനമണിക്കൂറുകളിലും തൻെറ വിദ്യാൎത്ഥികളുമായി ഭാഷയിൽ ആവിർഭവിക്കേണ്ട പുതിയ പ്രസ്ഥാനങ്ങളെക്കുറിച്ചും ഭാഷാപോഷണത്തിനായുള്ള മാൎഗ്ഗങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. ഒരു ഒന്നാംതരം പരിഷ്കാരിയെപ്പോലെ അദ്ദേഹം അങ്ങോട്ടും ഇങ്ങോട്ടും നടന്നു. കാഫിസല്ക്കാരവേളയിൽ തീനിനിരിക്കുന്ന ഒരോ വിദ്യാൎത്ഥിയുടെ അടുക്കലും അദ്ദേഹം ചെന്നു. യൂറോപ്യന്മാരുടെ തീനിൻെറ വിധം എങ്ങനെയാണെന്നു് അദ്ദേഹം കാണിച്ചുകൊടുത്തു. എല്ലാററിലും സംതൃപ്തിയും തികവും അദ്ദേഹംകണ്ടു. രസിച്ചു-സുഖിച്ചു-രുചിച്ചു. അങ്ങനെയാണു് ആ നിമിഷങ്ങൾ. പിന്നെയും, അദ്ദേഹത്തിനു സന്തോഷത്തിനു വകയുണ്ടായിരുന്നു. അതു് ശ്രീ: ഏ. ഗോപാലമേനവനെ(ആൎട്ട്സ് കാളേജിലെ അപ്പോഴത്തെ പ്രിൻസിപ്പാൽ; തിരുവിതാംകൂറിലെ വിദ്യാഭ്യാസ ഡയറക്ടരായി നിയമിച്ച് ഉത്തരവു വന്നിട്ടുള്ളതായി അദ്ദേഹം അറിഞ്ഞിട്ടുള്ളതാണു്. അദ്ദേഹത്തിൻെറ പ്രിയസുഹൃത്തായ മേനോനവർകളുടെ ഉദ്യോഗക്കയററം മലയാളത്തിനു സൎവ്വഥാ ഗുണകരമായിരിക്കുമെന്നു തമ്പി അവർകൾ ആശിച്ചിരുന്നു.

മേനോനവർകളുടെ ആദ്ധ്യക്ഷത്തിൽ യോഗം നടന്നു കൊണ്ടിരിക്കയായിരുന്നു. അദ്ധ്യാപകന്മാരും വിദ്യാൎത്ഥി വൃന്ദവും സദസ്സിൽ നിറഞ്ഞുകൂടിയിരുന്നു. താമസിയാതെ ബിരുദധാരികളായി ലോകരംഗത്തിറങ്ങുവാൻ പോകുന്ന വിദ്യാൎത്ഥീവിദ്യാൎത്ഥിനികൾക്കു ഉപദേശങ്ങൾ കൊടുത്തു കൊണ്ടു് തമ്പി അവർകൾ അല്പം പറഞ്ഞു. ഹാ! ഒരു ചുമ! അദ്ദേഹത്തെ കുഴക്കി; വിറപ്പിച്ചു. അദ്ധ്യാസീനനായി. മേനവൻ "സാറും" വിദ്യാൎത്ഥികളും ആകെ ആ യോഗം—

"കണ്ണടച്ചീടിനാർ കണ്ണുനീർ തൂകിനാർ
തിണ്ണമങ്ങോടിനാർ ഖിന്നരായി"

ഇതായിരുന്നു അവിടത്തെ ഗതി. ബോധരഹിതനായ തമ്പി അവർകളെ ഒരു മിന്നൽവേഗത്തിൽ പ്രഥമ ശുശ്രൂഷകൾ ചെയ്തു് ജനറലാശുപത്രിയിലേക്കു കൊണ്ടു പോയി. "സന്യാസം" (Apoplexy) എന്ന രോഗംകൊണ്ടു രക്തം ശിരസ്സിൽ കയറി സിരകളെല്ലാം തകൎന്നുപോയെന്നു ഡാക്ടർ അവസാനപരിശോധനയിൽ പറഞ്ഞു. ആശുപത്രിയിലും വെളിയിലും തിക്കിക്കൂടിയ ജനതതിയുടെയിടയിൽ ഒരു ആരവംകേൾക്കാമായിരുന്നു. "അയ്യോ ഞങ്ങടെ തമ്പിസ്സാർ" "അവസാനമായി ഞങ്ങളുടെ യോഗത്തിൽ പ്രസംഗിച്ചുകൊണ്ടുനിന്നു" "ഇന്നു കാലത്തു എന്നെ കയ്യു പിടിച്ചുകൊണ്ടുപോയി കാഫിതന്നു" "ഇന്നുച്ചയ്ക്കു ഫീസ്സിനു പണം തന്നു" "ഇന്നു നാലു മണിക്കു ഞങ്ങൾ ഒന്നിച്ചിറങ്ങി" ആ തിരക്കിനിടയിൽ പിന്നെ മറെറാന്നും കേൾക്കാൻപാടില്ല. എവരും ഭീതികൊണ്ടു കേവലം ജഡാ

KOTTAYAM PUBLIC LIBRARY KOTTAYAM

വശിഷ്ടരായി കാണപ്പെട്ടു. നിമിഷങ്ങളോരോന്നും ദുസ്സ രങ്ങളായി. തമ്പി അവർകൾ "യോഗത്തിൽ വച്ചുതന്നെ", യോഗംകൊണ്ടുതന്നെ, ആ കർമ്മയോഗി, ആ ജ്ഞാന യോഗി, ആ പാവങ്ങളുടെ സഖാവ്, ആ പ്രേമസ്വരൂപൻ തന്നുവിനെ ഉപേക്ഷിച്ച് നിത്യമംഗലപദം പൂകിക്കഴിഞ്ഞിരുന്നു.

സ്ഥൂലിച്ച കൃഷ്ണരേഖാങ്കിതമായ മുഖപ്രസംഗങ്ങൾ പിന്നീടു മൂന്നു നാലു ദിവസത്തേയ്ക്കുള്ള വർത്തമാനപ്പത്രങ്ങളിൽ കാണാമായിരുന്നു. അതിലെല്ലാം "അപരിഹാര്യമായനഷ്ടം" എന്നു മാറെറാലിക്കുന്നുണ്ടായിരുന്നു "കാശ്മീരം തൊട്ടു കന്യാകുമാരിവരെയുള്ള നിരവധി സുഹൃത്തുക്കളേയും വെടിഞ്ഞു" ആ സ്വതന്ത്രചിന്തകൻ സർ, സി.പി. രാമസ്വാമിഅയ്യർ വിമർശിക്കുംപോലെ, "പാകംവന്ന, നിരാർഭാടനായ" കൃഷ്ണൻതമ്പി അവർകളുടെ ചരമം,നാല്പത്തെട്ടാമത്തെ വയസ്സിലാണെന്നുള്ളതാണ് സഹിക്കവെയ്യാത്തതു്. ചരമാനന്തരം, ദുഃഖം അന്വേഷിച്ചു് മിസ്സിസ് കൃഷ്ണൻതമ്പിയേയും കുഞ്ഞുങ്ങളേയും കാണാൻ വന്നിരുന്ന ആപ്ത ജനങ്ങളെക്കാളും, പിറേറദിവസം തിരുവട്ടാററമ്മവീട്ടിന്റെ വാതുക്കൽ രാജപാതയിൽ വന്നുനിരന്നു നിലവിളിച്ചിരുന്ന പാവങ്ങളെയോക്കുമ്പോഴാണ് "കൃഷ്ണൻതമ്പി" "മനുഷ്യനായി, മനുഷ്യക്കു മകുടമായി" ജീവിച്ചു എന്ന കാര്യം സമുദായചിത്തത്തിൽ നിശ്ശബ്ദരോദനത്തിനു കാരണമാകുന്നതു്. കാട്ടുതീപോലെയാണ് തമ്പി അവർകളുടെ ചരമവാർത്ത രാജ്യമൊട്ടുക്കും പരന്നതു്.

അദ്ദേഹത്തിനെ രണ്ടു ദിവസം മാത്രം കാണാനവസരം കിട്ടിയിട്ടുള്ള (മലയാളം, വിദ്വാൻപരീക്ഷയ്ക്കു പ്രൈവററായി ചേരുന്നതിനു സർവ്വകലാശാലയോടു ശുപാർശചെയ്യണമെന്നു അപേക്ഷിക്കുവാൻ വന്നിരുന്ന) മി. അഴഗിരിനായിഡു തനിക്കു തമ്പിയവർകളെപ്പററി തോന്നിയിട്ടുള്ളതു് എന്താണെന്നുപറയുന്നു:-"മഹോപാദ്ധ്യായൻ എൻ. രാമൻപിള്ള എന്ന പ്രസിദ്ധ പണ്ഡിതനുമായാണു് ഞാൻ അദ്ദേഹത്തെ കാണാൻ പോയതു്. എൻെറ മനസ്സിൽ പല വിചാരങ്ങളും ഉണ്ടായി. തമ്പിയദ്ദേഹത്തിൻെറ പടിവാതിൽ എങ്ങനെ കടക്കും. ശ്രീ മൂലംതിരുനാളിൻെറ പത്നീസഹോദരൻ; പ്രഭു; രാജസ്യാലൻ; യൂറോപ്പ് സഞ്ചാരം കഴിച്ച മഹാൻ; കലാശാലകളാൽ മാനിക്കപ്പെട്ടുന്ന മഹാപണ്ഡിതൻ. നടയിൽചെന്നു് രാമൻപിള്ളസാർ തമ്പിഅദ്ദേഹത്തിൻെറ ഒരു ഭൃത്യനെ വിളിച്ചു് അകത്തു പറഞ്ഞയച്ചിട്ടു്, അദ്ദേഹം ഗേററു തുറന്നു അകത്തുകടന്നു. അവിടെ തമ്പിഅദ്ദേഹം രാമൻപിള്ള സാറിനെ സ്വീകരിപ്പാനെത്തിയിട്ടുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേർ (എൻെറകൂടെ വേറൊരാളുകൂടെയുണ്ടായിരുന്നു.) ഗേററിൽ പടന്നുകിടന്നിരുന്ന ലതകളുടെ തണലിൽനിന്നു. ഇതുകണ്ടു് ആ മനുഷ്യസ്നേഹി (തമ്പിയവർകൾ) ഞങ്ങളുടെ അടുക്കൽചെന്നു് കയ്യു പിടിച്ചുകൊണ്ടു് അകത്തു കൊണ്ടുപോയി ഇരിപ്പു നൽകി. അദ്ദേഹത്തിൽ കണ്ട പ്രഭുത്വം മനുഷ്യസ്നേഹമല്ലാതെ മറെറാരു പ്രഭുത്വവും അല്ല. ആ സാമീപ്യം എനിക്കു വേറൊരിക്കൽകൂടി കിട്ടി. ഇത്രേയുള്ളു. പിന്നീടു് അദ്ദേഹം ഒരു ക്രൈസ്തവഗ്രന്ഥത്തിനെഴുതിയിരുന്ന മുഖ

വുര ഞാൻ വായിക്കാനിടയായി. അദ്ദേഹത്തിനെ ഒരു ചിന്തകനായി ഞാൻ അന്നാണറിയുക. അന്നുതൊട്ടു 'കൃഷ്ണൻതമ്പി'എന്നു കേൾക്കുമ്പോൾ അദ്ദേഹത്തെ ധ്യാനിക്കുകയാണു് എൻെറ കൃത്യം"

പ്രേമം, സത്യം, സമത്വം, സഹതാപം എന്നിത്രയും തിങ്ങി നിറഞ്ഞിരുന്ന ഒരു യഥാൎത്ഥ മനുഷ്യൻ.

ഒരു അനുശോചനക്കുത്ത്

തമ്പി അവർകളുടെ ദേഹവിയോഗത്തിനെക്കുറിച്ച് ശ്രീമാൻ, ഈ. വി കൃഷ്ണപിള്ള അവർകൾ "നമ്മുടെതമ്പി അങ്ങുന്നു'' എന്ന പേരിൽ "കൗമുദിപ്പത്രത്തിൽ (൧൧൦൩ മീനം ൩-ാംനു-) പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനമാണ് ചുവടെ ചേർക്കുന്നത്. ഇത്രയും ആത്മാർത്ഥതയോടുകൂടി ഈ. വി. വേറൊരു സംഭവത്തിനെക്കുറിച്ചും എഴുതിയിട്ടില്ലെന്നും, ഇത്ര മനോഹരമായ ഒരു ലേഖനം പരിചയപ്പെട്ടിട്ടുള്ള മറെറാരു സാഹിത്യത്തിലും ഇല്ലെന്നുമാണ് നിശിതവിമർശകനും ഗ്രന്ഥകാരനുമായ മി. എം. ആർ. വേലുപ്പിള്ള ശാസ്ത്രി പറഞ്ഞത്. തമ്പി അവർകളുടെ വേർപാടിനുശേഷം ഈ. വി. അധികനാൾ ജീവിച്ചിരുന്നില്ല.

"ദിവസങ്ങൾ ഇത്രയുമായി. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ടു കാലമിത്ര കഴിഞ്ഞു. എന്നിട്ടും, അതൊരു യഥാർത്ഥസംഭവമാണെന്ന് വിശ്വസിച്ച് സ്വന്തം കൈകൊണ്ടു് കടലാസിൽ രേഖപ്പെടുത്തുന്നതിനുള്ള ശക്തി ലഭിക്കുന്നില്ല. ആ നിതാന്തസ്മിതവും, വിശാലനയനങ്ങളിലെ സ്നേഹപ്രചുരിമയും, തലക്കെട്ടും, വെററിലച്ചെല്ലവും സൽക്കാരത്തിനായുള്ള ക്ഷണവും ഒക്കെയായി പെട്ടെന്നു പ്രത്യക്ഷപ്പെട്ടു നമ്മെ ആനന്ദിപ്പിക്കുന്നതിന് ആ കാരുണ്യമൂർത്തി എവിടെയോ മറഞ്ഞു നിൽക്കുകയാണെന്നാണ്. തോന്നുന്നതു്. അല്ലാതെ, നമ്മെ ഇനി ഒരിക്കലും കാണാതെ, നമ്മുടെ ഹൃദയങ്ങളിലണയാത്ത തീകോരിയിടുന്നതിന് നമ്മുടെ തമ്പിയങ്ങുന്ന് ഒരുമ്പെടുകയില്ല അവിടുന്ന് എത്ര കാരുണ്യവാരിധിയാണ്,

"ആക്ക് ഇങ്ങനെയൊരു മിത്രത്തെ ലഭിക്കുവാൻ പോകുന്നു. എന്നെപ്പററി പറയുകയാണെങ്കിൽ, മൂന്നുനാലു കാര്യങ്ങൾ കൊണ്ടു മാത്രമേ എൻെറ ജന്മത്തിനു് അല്പം ചില സാഫല്യങ്ങളുണ്ടായി എന്നു ഞാൻ വിശ്വസിക്കുന്നുള്ളു. ഒരിക്കൽ മഹാത്മഗാന്ധിജിയുടെ പാദങ്ങൾ തലോടുന്നതിനും, ആ പാവനഗാത്രം, കൈകളിൽ കോരിയെടുക്കുന്നതിനും എനിക്കു സാധിച്ചു. ഒരിക്കൽ രാഷ്ട്രപതി ജവഹർലാൽ എന്നെ അഭിനന്ദിച്ചു് ഒന്നു രണ്ടു വാചകങ്ങളെന്നോടു പറഞ്ഞു. സൽഗുണനിലയനമായ ശ്രീചിത്തിരതിരുനാൾ പൊന്നുതിരുമേനിയെ ഞാൻ മുഖംകാണിച്ചിട്ടുള്ളപ്പോഴെല്ലാം അവിടുന്നു എൻെറ വിനീതസാഹിത്യ യത്നങ്ങളെക്കുറിച്ചു് സംതൃപ്തിയോടെ കല്പിക്കുകപതിവായിരുന്നു. വടശ്ശേരി അമ്മവീട്ടിൽ കൃഷ്ണൻതമ്പി അദ്ദേഹവുമായി വളരെ അടുത്തു പെരുമാറുന്നതിനു് എനിക്കു സാധിച്ചിട്ടുണ്ടു്. ഇങ്ങനെ ചില കാര്യങ്ങൾ, അനുഭവങ്ങൾ, അനുഗ്രഹങ്ങൾ ആയുരന്തംവരെ ചാരിതാർത്ഥ്യദായകമായി നിലനിൽക്കുന്ന അത്യാനന്ദങ്ങളാണു്. ഈ സ്മരണകൾ കൊണ്ടുമാത്രം കഴിയുന്നതിനാണു് ജഗദീശ്വരൻ വിധിച്ചിട്ടുള്ളതെങ്കിൽ തന്നെ എൻെറ ജീവിതം സഫലമായിത്തീർന്നുവെന്നു് പരമാർത്ഥമായി തന്നെ എനിക്കു് ആഹ്ളാദിക്കാം.

"എൻേറതുപോലെ എത്രപേരുടെ ജന്മമാണു് തമ്പി അദ്ദേഹം സഫലമാക്കിയിട്ടുള്ളതു്! ഔദാര്യത്തിൻെറ പാരമ്യം, സൗഹാർദ്ദത്തിൻെറ മഹാശോഭ, വിനയത്തിൻെറ ഔന്നത്യം, സ്നേഹത്തിൻെറ അവർണ്ണ്യഗരിമ, ഈ മഹാപു

രുഷനിൽ കണ്ടു് മനുഷ്യത്വത്തിനു് ശ്രമിക്കുവാൻ കഴിവുള്ള മാഹാത്മ്യത്തെപ്പററി ആനന്ദമൂകംകൊണ്ടിട്ടുള്ള എത്രയെത്ര ആളുകളാണു് ആ സാന്നിദ്ധ്യത്തിൽനിന്നു വെളിയിലേയ്ക്കു് കടന്നിട്ടുള്ളതു്. വളരെ ഒതുങ്ങിയ ജീവിതമാണു് അങ്ങോട്ടുപോയി ഒരാളുമായി പരിചയപ്പെടുക അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടെന്നു് എനിക്കു് തോന്നുന്നില്ല. യൂറോപ്പിൽ വച്ചെങ്ങാനും അങ്ങനെസംഭവിച്ചിരിക്കാം. അല്ലാതെ, അവിടെക്കഴിയുന്നതിനു നിവൃത്തിയില്ലല്ലോ ഇന്നാളിൽ മകരം കുട്ടിയുടെ വിവാഹത്തിനു് ക്ഷണിക്കേണ്ടവരുടെ ലിസ്റ്റു് തയാറാക്കിക്കൊണ്ടിരിക്കുമ്പോഠം ഞാൻ ചോദിച്ചു. ദിവാൻജിയെ ക്ഷണിക്കുന്നില്ലേ. അന്നു് സർ, മഹമ്മദു് ഹബീബുള്ളയായിരുന്നു ദിവാൻജി. കൃഷ്ണൻതമ്പി അദ്ദേഹം ആർട്ട്സ് കാളേജിൽ പ്രഫെസരുമായിരുന്നല്ലോ. എന്നിട്ടു്, സങ്കോചത്തോടുകൂടി അദ്ദേഹം എന്നോടു പറഞ്ഞ മറുപടി. 'വേണ്ട ക്ഷണിക്കണ്ട. ഞങ്ങഠം തമ്മിൽ പരിചയമില്ല'

ഞാൻ:-നിങ്ങളെപ്പോലെയുള്ള ഉയന്ന ഉദ്യോഗസ്ഥന്മാർ നടത്തുന്ന ഈമാതിരിക്കാര്യങ്ങളിൽ ദിവാൻജിയെ ക്ഷണിക്കുക ഒരു മാമൂലാണല്ലോ. അതുതന്നെയുമല്ല. നിങ്ങഠം തമ്മിൽ പരിചയമില്ല എന്നു പറഞ്ഞതിന്റെ അത്ഥം എനിക്കു മനസ്സിലാകുന്നുമില്ല.

അദ്ദേഹം:-പരിചയമില്ലെന്നുള്ളതു് കള്ളമല്ല. വെളിയിൽ പറയുന്നതങ്ങനെ. ഞാൻ അദ്ദേഹത്തെക്കണ്ടിട്ടില്ല. എങ്ങനെയായിരിക്കുമെന്നു് ഒന്നറിവാനാഗ്രഹമുണ്ടു്. ഇന്നാളിൽ കടൽപ്പുറത്തു് അദ്ദേഹം വന്നിട്ടുണ്ടെന്ന

റിഞ്ഞു് ആളിനെ ഒന്നു കണ്ടുകളയാമെന്നു വിചാരിച്ച് ഞാനിരുന്ന സ്ഥലത്തുനിന്നെഴുന്നേററു് കുറേ നടന്നപ്പോഴേക്കു് അദ്ദേഹം തിരിയെപ്പോയതായി അറിഞ്ഞു. അതുകൊണ്ടു് വഴിയിൽ വല്ലപോലും കാണുകയുണ്ടായിട്ടില്ല. പക്ഷെ, ഈ രഹസ്യം ഞാൻ എങ്ങനെയാണു് വെളിയിൽ പറയുക. എന്നെ ഒരു കാര്യത്തിനായും ഭക്തിവിലാസത്തു ചെല്ലുവാനാവശ്യപ്പെട്ടിട്ടില്ല. മി: ആസ്റ്റിൻ ഇരുന്ന കാലത്തു എന്നെ ക്കാണണമെന്നാവശ്യപ്പെട്ടിരുന്നു. അങ്ങനെ ഞാനദ്ദേഹത്തെകണ്ടിട്ടുണ്ടു്. ഇപ്പോഴത്തെ ദിവാൻജിയെ ക്കാണുന്നതിനു അപ്രകാരമൊരവസരവും ഉണ്ടായിട്ടില്ല.

"തിരുവനന്തപുരത്തു താമസിക്കുന്ന ഒരു വലിയഉദ്യോഗസ്ഥൻ തിരുവിതാംകൂർ ദിവാൻജിയെപ്പററി പറകയാണെന്നോക്കണം.

"സർ, മഹമ്മദ് ദിവാൻജിയായിട്ടു് വർഷം രണ്ടിൽ കൂടുതൽ കഴിഞ്ഞകാലമാണുതാനും.

"ഇങ്ങനെ കഴിയുന്ന ഒരാളിൻെറ ഗൃഹത്തിൽ ഒരിക്കലും പത്തിരുപതു പേരിൽ കുറയാതെ സന്ദർശകന്മാർ ഉണ്ടായിരിക്കണമെന്നു വന്നാൽ എത്രമാത്രം ഹൃദയാകർഷകങ്ങളായ ഗുണങ്ങൾ അദ്ദേഹത്തിൽ നിറഞ്ഞിരിക്കണം! ഇതുതന്നെയുമല്ല, താമസമോ! നഗരവസതികളിൽനിന്നു് മൂന്നു നാലു നാഴികനീങ്ങി പടിഞ്ഞാറൻ കടൽപ്പുറത്തു മാണു്. അദ്ദേഹത്തെക്കാണുന്നതിനു മാത്രം അത്രദൂരം

പോകേണ്ടിയിരിക്കുന്നതാണു. ശ്രീമൂലം തിരുമനസ്സിലെ ഏക സ്യാലനായിരുന്നുവല്ലോ തമ്പി അദ്ദേഹം. ആരുടെ തലയും തിരിഞ്ഞുപോകുന്ന ഒരു സ്ഥിതിയിലല്ലേ കഴിഞ്ഞുകൂടിയതു്? തെളുതെളെത്തിളങ്ങുന്ന ആ നശകാസമൂഹങ്ങളിലൊന്നിൽ, പൊൻനീരാളത്തിൽമൂടി, സായാഹ്നപ്രകാശത്തിനു സ്വർണ്ണവർണ്ണം ചേർത്തു തിരുവനന്തപുരം രാജപാതകളെ പ്രകാശിപ്പിക്കുന്ന സവാരി മഹോത്സവങ്ങളിൽ തിരുമനസ്സിലെ പുറകെ ഉപനായകത്വം വഹിച്ചു് ഐശ്വര്യത്തിന്റെ മഹാലഹരിയിൽ മുഴുകുന്നതിനു് കടമതന്നെ ഉണ്ടായിരുന്ന ആളാണു്. തിരുമനസ്സിലെ മച്ചുനൻ, ശ്രീ വേലായുധൻതമ്പി അവർകളുടെ അമ്മാവൻ, യൂറോപ്പു് സഞ്ചാരം കഴിഞ്ഞു് തിരിച്ചെത്തിയ പരിഷ്കാരി, മദിരാശി സർവ്വകലാശാലയിലെ ഒരു ഉൽകൃഷ്ട സന്താനം, വളരെച്ചെറുപ്പം, ഇതിൽ കൂടുതൽ എന്തുവേണം തലതിരിച്ചിലിനു്. അക്കാലത്തും തമ്പി അദ്ദേഹത്തെക്കാണണമെങ്കിൽ പാൽക്കുളങ്ങരെയുള്ള പഴയ തറവാട്ടുവീട്ടിൽ, കുറേ കവിതക്കാരുടേയും, സംസ്കൃത പണ്ഡിതന്മാരുടേയും, അഭയാർത്ഥികളുടേയും നടുക്കു നോക്കണം. അവരുമായി വെടിപറഞ്ഞും, അവൎക്കു കാഫി ഒഴിച്ചുകൊടുത്തും, ചതുരംഗംവച്ചും, ശ്ലോകങ്ങൾ ചൊല്ലിയും, വെളിയിൽ വന്നു നിൽക്കുന്ന പിച്ചക്കാരനു് തന്റെ തോളിൽക്കിടക്കുന്ന പാവുമുണ്ടു നൽകിയും, വാല്യക്കാർ തുരുതുരേയുള്ള ആ ഗൃഹത്തിൽ വല്ലതും സാമാനങ്ങൾ എടുക്കുന്നതിനും തന്നെത്താൻ ഓടിയും, വന്നുകയറുന്നവരെ വണങ്ങി സല്ക്കരിച്ചും കഴിയുകയാണു്. അല്ലാതെ മുൻപറഞ്ഞ ദേവരാജരംഗ

ങ്ങളിലൊന്നും തമ്പി അദ്ദേഹത്തെ കാണുകയില്ല. കുട്ടനെ തിരുമനസ്സിലേയ്ക്കു് വലിയ കാൎയ്യമായിരുന്നു. കുട്ടന്റെ ബുദ്ധിശക്തിയെപ്പററിയും, ഔചിത്യത്തെപ്പററിയും വലിയ മതിപ്പായിരുന്നു. ശീമയിൽ പോകുന്നതിനു കല്പിച്ചു സമ്മതിച്ചു എന്നുതന്നെയല്ല കുടമ മറിക്കുന്നതിനു പോലും അഹിതമരുളിയില്ല. ആ കുടുംബചക്രത്തിൽപ്പെട്ട മററു വല്ലവൎക്കും ഈ സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുമായിരുന്നോ എന്നു് സംശയമാണു്. ഇത്രയൊക്കെ മഹാഭാഗ്യങ്ങൾ നിറഞ്ഞിരുന്നുവെങ്കിലും താനൊരു നിർഭാഗ്യത്തിനു വിധേയമായിപ്പോയല്ലോ എന്ന സന്താപം അദ്ദേഹത്തിലെപ്പോഴും നിഴലിട്ടു കാണാമായിരുന്നു. അതായതു് ഈ മഹാ കുബേര സ്ഥിതിയിൽ, ഒരു മഹാരാജാവിന്റെ ഏററവും അടുത്ത ബന്ധുവായി ആ കാൎയ്യങ്ങൾകൊണ്ടു് സാമാന്യലോകത്തിൽനിന്നു് അവശ്യമായിഅകന്നു് യഥാൎത്ഥജീവിതം നയിക്കേണ്ടിവരുന്നുവല്ലോ എന്ന വല്ലായ്മ അദ്ദേഹത്തിനുണ്ടായിരുന്നു. പരിതസ്ഥിതികളും ഹൃദയഗതിയും തമ്മിൽ നടന്നുവന്ന ഈ സമരത്തിന്റെ തീവ്രത കുറയ്ക്കുന്നതിനായുള്ള ഒരു ശ്രമമായിരുന്നു ആ ജീവിതം. ഏറെക്കുറെ അക്കാൎയ്യം സാധിച്ചിരുന്നു എങ്കിലും എങ്ങനെയാണു് മുഴുവൻ ശരിയാവുക. സംസ്കൃതകാളേജ് പ്രിൻസിപ്പാൾ ആയി അങ്ങിരുന്നു പോയിരുന്നുവെങ്കിൽ തമ്പി അദ്ദേഹത്തിന്റെ നിസ്തുലഗുണവിശേഷങ്ങൾ, തിരുവനന്തപുരം നഗരത്തിലെ അഭിജ്ഞസംഘങ്ങളെ ഇത്ര പ്രബലമായ ശക്തിയോടെ ആകൎഷിക്കുകയില്ലായിരുന്നു. മാറിപ്പോയ "സ്റ്റേത്താം" സായിപ്പു് തിരുവിതാംകൂറിനു് ചെയ്ത

വലിയ ഗുണം മി: കൃഷ്ണൻതമ്പിയെ സംസ്കൃതകാളേജിൽ നിന്ന് ആർട്ട്സ് കാളേജിലെ പൗരസ്ത്യ ഭാഷാദ്ധ്യക്ഷനായി മാററിയെന്നുള്ളതുതന്നെയാണ്. അവിടെ പ്രസന്നമതികളും നിശിത ബുദ്ധിമാന്മാരുമായ കുറേ ചെറുപ്രഫസറന്മാർ ഇതുപോലെയുള്ള ഒരു നേതാവിൻെറ സാന്നിദ്ധ്യം പ്രതീക്ഷിച്ചും ആവശ്യപ്പെട്ടും നിൽക്കുകയായിരുന്നു എന്നു തോന്നിപ്പോകും. അദ്ദേഹവും ഈ കൊച്ചനുജന്മാരുമായുണ്ടായ സമാഗമവും, ഇവരുടെ ആജ്ഞാകരരും ആരാധകരുമായ ഒരു സംഘം യുവവിദ്യാൎത്ഥികൾ ചേൎന്നും, എല്ലാവരുടേയും കാരണവരായ ഗോപാലമേനവൻസാർ ഈ നവീനകുടുംബത്തിൻെറ സൎവ്വ നേതൃത്വവും വഹിച്ചതും എല്ലാംകൂടികണ്ടിട്ടുള്ള ഞങ്ങളിലെല്ലാം, ജഗദീശാ! മലയാളക്കരയുടെ ഭാവിയെപ്പററി എത്ര വലിയ ആശ പ്രവഹിച്ചുകയറിയിരുന്നു. തമ്പി അദ്ദേഹത്തിൻെറ ജീവിതം പുഷ്പിച്ചു മൊട്ടിട്ട അവസരത്തിലാണ് നമുക്ക് ഈ അത്യാപത്തു സംഭവിച്ചതു്. ഇനി ഇതുപോലെ ഒരാളിനെക്കാണുവാനും ഒരവസരം ദർശിക്കുന്നതിനും മഹാപാപിയായ എൻെറ ആയുസ്സിൽ സാധിക്കയില്ല; നിശ്ചയംതന്നെ. തമ്പി അദ്ദേഹത്തിൻെറ ചരമത്തിൽ അനുശോചനം പ്രകടിപ്പിക്കുന്നതിന് സന്നദ്ധനാകുന്ന ഒരാൾ വടശ്ശേരിഅമ്മവീട്ട്, തിരുവട്ടാററമ്മവീട്ട് ഗോപാലമേനവൻെറ വീട്ട് എന്നിങ്ങനെ പല ഗൃഹങ്ങളിലും പോകേണ്ടതാണ്. ഏതോ ഹിമവൽശൃംഗത്തിൽ ഉദിച്ചിരിക്കാവുന്ന ഈ പുഷ്പം വീശുന്ന ദിവ്യ സുഗന്ധം ഭാവിലോകക്കു നിർവ്വതി ചേൎക്കും."

## അദ്ധ്യായം ൧.

### സ്വാതിതിരുനാളിനുശേഷം

"അശ്വതിതിരുനാൾ തിരുമനസ്സുകൊണ്ടു്, സ്വാതിതിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടു്, കോട്ടയത്തുതമ്പുരാൻ, ഉണ്ണായിവാര്യർ, ഇരയിമ്മൻതമ്പി എന്നിവർ ചേൎന്നുള്ള ഒരു കവിരത്നമാല, കൈരളീ സരസ്വതിയുടെ വക്ഷോജയുഗളത്തെ അലങ്കരിച്ചിരിക്കുന്നു. ഇവരിൽ ആരോടെങ്കിലും കിടപിടിക്കത്തക്കവണ്ണം സംഗീതത്തിലും സാഹിത്യത്തിലും പരസ്പൎദ്ധിയായ പാരമ്യം വഹിക്കുന്ന ഒരു കവി സാൎവ്വഭൗമൻ ശതവർഷത്തിലൊരിക്കൽ ഉണ്ടാകുന്നതുതന്നെ ഏതൊരു സമുദായത്തിനും അഭിമാനഹേതുവാണു്. എന്നാൽ ഏതാദൃശമായ ഒരു കവി നക്ഷത്രാവലിയാൽ പ്രശോഭിതമായിരുന്ന ഭാഷാസാഹിത്യനഭോവിഭാഗം ഏറിയകാലമായി പ്രായേണ ശൂന്യമായിക്കാണുന്നതു ഭാഷാപ്രണയികൾക്കു സന്തോഷാവഹമല്ല. മാൎഗ്ഗാന്തരേണ, അനശ്വരമായ കവിയശസ്സു സമ്പാദിച്ചിട്ടുള്ളവർ പലരുമുണ്ടു്. എന്നാൽ അവരിൽ കെ. സി. കേശവപിള്ള അവർകൾ മാത്രമേ പ്രസ്തുത പദ്ധതിയെ അനുഗ്രഹിച്ചിട്ടുള്ളു. അദ്ദേഹത്തിന്റെ വിശിഷ്ടശിഷ്യനായ വടശ്ശേരി കൃഷ്ണൻതമ്പി അവർകൾ ഈ പ്രസ്ഥാനത്തെ ഉചിതമായ രീതിയിൽ അനുസരിച്ചുകാണുന്നതു ആശ്വാസപ്രദംതന്നെ. തമിഴിൽ പ്രസിദ്ധമായ "രാമനാടക"ത്തിന്റെ രീതി ഏതാണ്ടനുസരിച്ചു് വൎണ്ണമട്ടുകളിൽ ഘടിപ്പിച്ചിട്ടുള്ള ഗാന

ങ്ങളും ഇടയ്ക്കിടെ ശ്ലോകങ്ങളും കലർത്തി ഭാഗവതം ദശമത്തിലെ കഥാവസ്തു മുഴുവനും സംഗ്രഹിക്കണമെന്നാണ് അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അതിൽ കൃഷ്ണാവതാരഘട്ടം മാത്രമേ ഇപ്പോഠം പൂർത്തിയായിട്ടുള്ളു" '

൧൦൨൧-ൽ പ്രസിദ്ധംചെയ്ത തമ്പി അവർകളുടെ "ശ്രീകൃഷ്ണാവതാരം" എന്ന ഗാനകാവ്യത്തിൻെറ അവതാരികയിൽ ഇപ്രകാരം പറഞ്ഞുകാണുന്നു.

കേരളക്കരയിലെ സംഗീതശാസ്ത്രത്തിൽ, സുമനോഹരമായ സുപ്രാതദീപ്തികഠം വീശിക്കൊണ്ടിരിക്കുന്ന ഒരു അദ്ധ്യായം തുറന്നിട്ടുള്ളതു് ശ്രീസ്വാതിതിരുനാഠം മഹാരാജാവു തിരുമനസ്സുകൊണ്ടാകുന്നു. അവിടുന്നു് ചിന്തകൻ, കവി, ഗായകൻ എന്നീ നിലകളിൽ പ്രഗത്ഭനായിരുന്നുവല്ലോ. അതിനുശേഷം അപ്രകാരമുള്ള സംഗീതനൈപുണി ഗീതങ്ങളിൽ സംക്രമിപ്പിച്ചു് ഗാനങ്ങഠം തീർത്തിട്ടുള്ള മലയാളകവികഠം എത്രയുണ്ടെന്നു നോക്കുന്നതായാൽ കൃഷ്ണൻതമ്പി അവർകളെപ്പോലെ മറെറാരാഠം കേരളഭാഷയിൽ കേഠംക്കാൻപോലുമില്ല. അദ്ദേഹം പുരാണകഥകളെടുത്തു ഗാനകാവ്യങ്ങഠം തീർക്കുന്നു. അവയിൽനിന്നും പാട്ടുകച്ചേരികഠംക്കും മററും എടുത്തുപാടാവുന്ന ഗാനങ്ങഠം അനേകമാണു്. അവയിൽ അർത്ഥം, രസം എന്ന രണ്ടു ഗുണങ്ങളും സംഗീതപ്പൊലിമയോടെന്നപോലെ ഉറച്ചുതഴച്ചു നില്ക്കുന്നുമുണ്ടു്. അവയിൽ ജ്ഞാനവിജ്ഞാന വർദ്ധനയ്ക്കു ഒത്തുപോരുന്ന ഭാഗങ്ങഠം പലതാണു്. സംസ്കൃതത്തിലും എന്നല്ല ഇംഗ്ലീഷിലുംകൂടി തമ്പി അവർകഠം ഗാനങ്ങഠം എഴുതുന്നതിനു് അധിതിയനാണല്ലോ. ശ്രീരാമകൃഷ്ണചരിതം

എന്ന ഗാനകാവ്യത്തിലും ധ്രുവചരിതം, അജ്ഞാതവാസം, ദ്രൗപദീവിജയം, ലളിത, പേടികാസന്ന്യാസി എന്നീ സംസ്കൃതനാടകങ്ങളിലും ജീവത്തായ സംഗീതത്തിൻെറ ബഹിഃസ്ഫുരണങ്ങൾ കാണ്മാനുണ്ട്. അദ്ദേഹം സംഗീതം കലൎത്തിയല്ലാതെ കാവ്യങ്ങൾ ഒന്നും എഴുതിയിട്ടില്ല. മലയാളത്തിൽ ധ്രുവചരിതം 'കഥാകാലക്ഷേപ'ത്തിനായി തമ്പി അവർകൾ സജ്ജമാക്കിയിട്ടുള്ളതും ശ്രീകൃഷ്ണാവതാരം ഗാനകാവ്യവും നമ്മുടെ ദേവസ്ഥാനങ്ങളിലെ ഉപയോഗത്തിനായി ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതുകൊണ്ടു വരാവുന്ന ഗുണങ്ങൾ പറയാവതല്ല. തമ്പി അവർകളുടെ ഏററവും മനോഹരമായ ചില പാട്ടുകൾ മാത്രം ഇവിടെ കൊടുക്കുന്നു.

മധുരമുരളി

(ഭൂരികല്യാണി-ചായ്പ്)

നിനദം-സുഖദമേ
മുരളീനിനദം-സുഖദമേ
മധുരമുരളീനിനദം-സുഖദമേ
മധുരിപുമധുരമുരളീനിനദം-സുഖദമേ
വിധുരമധുരിപുമധുരമുരളീനിനദം-സുഖദമേ
സുമശരവിധുരമധുരിപുമധുരമുരളീനിനദം-സുഖദമേ
ചതുരസുമശരവിധുരമധുരിപു മധുരമുരളീനിനദം-സുഖദമേ
ശൃണുതം ശ്രവണേ-സതതം-വിഗതകദനം നിനദം-
സുഖദമേ

ഒരു കീൎത്തനം

(ആഭേരി-ആദിതാളം)

ജലജാക്ഷ-ജലദാളി-നീലാഭ-വരദ
ജഗദേകനാഥഭോ-ശ്രീരമണവിഭോ

—സുരരാജ- പൂരുപൂജാ—കലിതാബ്ജപാദ
കരുണാ ഗുരുണാ വീക്ഷിതേനദ്ദരീ
കൃതശോകജനാനാം—ജലജാക്ഷ—
വനമാലീ—ഗോപീജന—ഘനപീനസ്തനലോല
സനകാദിമുനിജാത—വിനുതാദ്ഭുതലീല
അണിപാദ—പ്രണിപാത—ധുതപാപ—ഫണിശയന
കമലാവര മേ വരമേകീടാൻ പാദംകൈതൊഴുന്നുഞാൻ.

ധ്രുവന്റെ ഭഗവദ്ദർശനം
(ആനന്ദഭൈരവി ആദിതാളം)

കണ്ടുകൊണ്ടേനേഞാൻ—
ജന്മകോടിയെപ്പുണർന്നക്രൂരിരുൾ
നഖമരീചിയാലകററുമടിയിണ—കണ്ടു
നന്മയെന്തുതിന്മയെന്തിനിമമ
ദുഃഖമെന്തു സുഖവുമെന്തു കഴൽതവ—കണ്ടു
ബന്ധവാസനകൾ വെന്തടിഞ്ഞപൊടി
ചിന്തിടുംവിമല പാദസരോരുഹം—കണ്ടു
ശമിതഭവതാപം ഖലജനദുരാപം
നവജലദശോഭം പാദയുഗളം—കണ്ടു
ഞാനിതൊന്നു വേറെയെന്നുമഖിലവു-
മന്യമെന്ന ദുരഭിമാനമദഭര
മന്യുലോഭമത്സരങ്ങൾ പെരുകവേ
പ്രഭൂതവിത്തമിവ കൊതിച്ചുസതതവും
നിഴൽകളെത്തുടർന്നു പാഞ്ഞപാഴ്നിഴൽ
ജഡധമുഴന്നു ധൃതിയകന്നുപലകുറി
ജനനവുംതദനു മരണവുംവിഗതശരമി-
ന്നധികരുണമാഴ്കവേ

ബദ്ധനായതുമീഞാൻ-മുക്തനായതുമീഞാൻ
കടലുംവാനുമീഞാൻ-കാലദേശങ്ങളിഞാൻ
ചന്ദ്രസൂര്യരുമീഞാൻ-സകലഭുവനമീഞാൻ
സമസ്തവുമീഞാനേ—
ഭാഗധേയതതി-പൂർണ്ണഫലിതമിഹ
ബോധമതിവിമല-മേവമരുളുമൊരു
നിത്യ-ശുദ്ധ-ബുദ്ധ-മുക്ത
ചിത്ത-സത്വ-തത്വ-ദീപ്ത-
മപസാരിത-ഭവഖേദം വിനിവർത്തിതഭേദം
ഗളിതബ്രഹ്മസാദം കമലപാദം-കണ്ടു

(ധ്രുവചരിതം കഥാപ്രവചനമാലയിൽനിന്നു്)

മധുരാപുരവർണ്ണന

(ശങ്കരാഭരണം-ചായ്പ്)

വിലസീടുന്നുതേസുന്ദരം-മധുരാപുരം
വിജിതസുരേന്ദ്രമന്ദിരം
വിശ്വവിശ്രുതിചേരും-യാദവവീരരാൽ
വിഗതകല്മഷംപരി-പാലിതം പാവനം (വിലസീ)
സതതഹേഷിതതുരഗപാളീ-കരിവരാളിനിഷേവിതം
ശ്രുതിവിശാരദമുഖരിതം-സുരസുന്ദരീസദനായിതം
നയനമോഹനലളിതനർത്തന-മൃദ്ദളമദ്ദളനിനാദം
മലയമാരുതസതതകമ്പിത-മഞ്ജുഗുഞ്ജാവലിപരീതം
(വിലസീ)

ഹർഷമൂലമൊഴിഞ്ഞുകണ്ണീർ-വർഷമന്നറിവില്ലപോൽ
രാഗവിവശതയെന്നിയേയൊരു-രോഗബാധയുമില്ലപോൽ

വിരുതുപെരുകിനവീരരനവധി-വിരവിലങ്ങുവസിക്കിലും
വില്ലെടുത്തുതൊട്ടതതില്ലല-രമ്പനെന്നിയെയൊരുവ-
നതുദിശി (വിലസീ)

ദേവകിയുടെ താരുണ്യവർണ്ണന

(ഉശാനി)

അതുസമയം കംസനുടെ-ഭഗിനിയാകുംദേവകിതൻ
തരളരുചിതനുലതയിൽ-താരുണ്യശ്രീ തളിർപൊലിഞ്ഞു,
അലിവിനൊടുംവസുദേവൻ-അളിചതുരൻ അരികിലെത്തി
മൃദുഹസിതമലർവിടിന്നു;-മധുബിന്ദുമാരിയൂന്നു
തരമെന്നോർത്തുതാരമ്പൻ-തെരുതെരെപൂങ്കണചൊരിഞ്ഞു
മധുമാസംമദമണച്ചു;-വിധുചതിയൻ കനൽപൊഴിച്ചു
അനിലൻതാനും അനലനായി;-മാരനുടൻമാരകനായി;
ഇരുവരുമേപെരുകീടും-വിരഹവശാൽ എരിപൊരിഞ്ഞു.

കിശോരനായ കൃഷ്ണൻ

(ധന്യാസി-ആദിതാളം)

കണ്ണൻതിരുമെയ്കുളിക്കെക്കാണ്മാൻ
കണ്ണായിരംവേണ്ടു.
പെണ്മണിമാരണിരുഗ്മിണിതന്നകി
പ്പൊൽക്കചയുഗമണി-യായ്‌വിന്നുള്ളോരുണ്ണിക്കണ്ണൻ
ഘനനീലനിരദാളിശ്യാമളം-ദിവ്യ
കനകമണിമകുടകോമളം,
താവുംപീതാംബരശ്രീമഞ്ജുളം-വസു-
ദേവൻമിഴിക്കമൃതശീതളം,
ശംഖചക്രഗദാകമലങ്ങൾ-
തങ്കിടുംകരങ്ങൾനാലുമവിരള

KOTTAYAM PUBLIC LIBRARY
KOTTAYAM

കുങ്കുമാങ്കിതമുരസ്സുമരുണതര
പങ്കജംപണിയും ചരണവുമെഴും
അളികുലവിലോലമളകങ്ങളും-ഫാല
ഗഗനശോഭിതിലകത്തിങ്കളും,
ഉലകാകെയാളും പുരികങ്ങളും-കൃപാ
ലഹരീവിഹാരിനയനങ്ങളും,
കുന്ദദന്തരുചി, കൗസ്തുഭഗളരുചി,
മിന്നിടുംശ്രീവത്സസുഷമ, യഥ
ചന്ദ്രകോടിസിതചാരുപുഞ്ചിരി-
പ്പൂനിലാവൊളിയിൽ മുഴുകുമഴകുമെഴും

(ശ്രീകൃഷ്ണാവതാരം ഗാനകാവ്യം)

ലളിതലവങ്ഗലതാപരിശീലന
കോമളമലയസമീരെ
മധുകരനികരകരംബിത കോകില
കൂജിതകുഞ്ജകുടീരെ
മൃഗമദസൌരഭരഭസവശംവദ
നവദലമാലതമാലെ
യുവജനഹൃദയവിദാരണ മനസിജ-നഖരുചികിംശുക-
(ജാലെ
മാധവികാപരിമളലളിതെ നവ-
മാലികയാതിസുഗന്ധൌ
മുനിമനസാമപി മോഹനകാരിണി
തരുണാകാരണബന്ധൌ

(ഇതിനെ തമ്പി അവർകൾ ലളിതയിലെ ഒരു പ്രകൃതത്തിൽ കഥാനുബന്ധമായി ചേർത്തിരിക്കുന്നു. മഹാ

കവിപ്രോക്തങ്ങളെ അതേരൂപത്തിൽ സ്വീകരിക്കുന്നതാണു് രസവിച്ഛിത്തിവരുത്തി അതിനെ നാശപ്പെടുത്തുന്നതിനെക്കാളും നല്ലതെന്നു അദ്ദേഹം കാണിച്ചുതരുന്നു. ഈ ഗീതത്തിനെ ഇംഗ്ലീഷിൽ അദ്ദേഹം തർജ്ജിമചെയ്തിരിക്കുന്നതിങ്ങനെയാണു്.

*Lalita:-*

Where zephyrs blow fresh from the embraces
Of sweet scented Lavangas;
Where in and out of embow'ring creepers,
Bees cluster and hum and the Koils gush in song;
Where Kimsukas bloom so like the nails of Kama,
Tearing to shreds the hearts of lone hapless youth;
Where the stealing perfume of the Madhavi
Weds with the Jasmine's;
Where the ascetic wakes to a much denied heart;
Where youth befriends youth just because it is youth:
Oh ! in such a place, would I make myself a home.

ലളിതയുടെ താരാട്ടു്
"ഗോപകുമാരകാ" എന്നമട്ടു്

"ബാലക താവകലോചനേ മീലയ
സ്വാപവിവശീകൃതേ
ഭാഗ്യപ്രവാഹസ്തേ ത്വരിതമവാപ്യ ത്വാം
യാവത് പ്രബോധയതി
ലോകൈകവീരായ ലാവണ്യസാരായ
താതായാപൂർവ്വതരം
യാവദുപായനം ത്വാമതിശോഭനം
അങ്കേസമർപ്പയാമി ..........

വാത്സല്യാതിരേക പാരവശ്യാധിക
വിധുരംതാതാനനം
ത്വന്മുഖപങ്കജ ചുംബനലാലസം
പ്രേക്ഷസേ യാവദദ്യ

ഇംഗ്ലീഷു തർജ്ജിമ

*Lalita:-(Sings)*

Yield, yield my son, while yet you may,
    To sleep that weighs thine eyelids down,
Too soon Fortune, all smiles, will bid thee wake,
    And claim thy limbs for his embraces,
Too soon I will lay thee my priceless gift
    On the feet of Nature's *one* hero, thy handsome father;
Too soon will that face, melting with tenderness
    And languishing to kiss thee, demand thy wide-eyed
        wondering gaze.

ശ്രീകൃഷ്ണൻ പാഞ്ചാലിയോടു ചെയ്യുന്ന കുശലപ്രശ്നം

"ക്ഷീരസാഗരാ" എന്നമട്ട്

യാജ്ഞസേനി തേ കുശലമന്ത്രനം
ജഹിജഹിതാപം സംഹരകോപം
കലയസിവീര്യം പാണ്ഡുസുതാനാം
• കലയസി ത്വയി മേ ഘനമഭിമാനം

(അജ്ഞാതവാസം)

ഒരു ചിന്ത

ധനാശി–"രാധാകൃഷ്ണനെ" എന്നമട്ട്

ഭവതുസുഖീനകഥം? നരോത്ഭവി
ഭവതുസുഖീനകഥം?

കായേകലയൻ ഘനമഭിമാനം
ക്ലേശശതാകുലിതേ നരോഭുവി-ഭവതു
ഭൂസുരപഞ്ചമ-പണ്ഡിതപാമര-
ഭേദവിചാരപരോ-നരോഭുവി-ഭവതു
മാരംമാരകം സ്രൈണം ജനനീം
യോമന്യതേ ന സദാ-നരോഭുവി-ഭവതു
(പേടികം സന്യാസി)

ഭരതൻ ശ്രീരാമനെക്കാണുമ്പോൾ

കമാശിരാഗം ഗീതം

രാഘവ-രവികുലതിലക-ജയ
മഹിതഗുണനിലയ-
വിഗതശരണംതവ-വിരഹകദനപൂരു
വാരിരാശി പരിപതിതമവ സദയ-രാഘവ
നിഖിലഭുവനഹിത നിരതനിരുപമിതകരുണാമസൃണ
നീലനീരദനിഭ-നിഖിലാച്ഛിതചരണ
സതതലസിതഹസ-ദുരിതനികരഹര
സത്യഭൂഷമൃദുളോക്തിസരസതര-രാഘവ
(പാദുകാപട്ടാഭിഷേകം-അമുദ്രിതം)

ദുശ്ശാസനൻ ദ്രൗപദിയോടുകാണിക്കുന്ന കട്ടംകൈ

ഏഹ്യേഹി പാഞ്ചാലി ജിതാസി കൃഷ്ണേ
ദുര്യോധനം പശ്യ വിമുക്തലജ്ജാ
കുരൂൻഭജസ്വ-ശതപത്രനേത്രേ
ധർമ്മേണ ലബ്ധാസി സഭാംപരൈഃ

ഈ മഹാഭാരതശ്ലോകത്തിനെ തമ്പി അവർകൾ ഒന്നാം-
തരം പാട്ടായെടുത്തിരിക്കുന്നു. അച്ചടിച്ചു കണ്ടിട്ടുള്ള ദ്രൗപ

ദിഗ്വിജയത്തിൽ നല്ല നല്ല ചില ഗീതങ്ങൾ ചേൎത്തു കാണുന്നില്ല. വിദ്യാൎത്ഥികളുടെ സൌകൎയ്യത്തെ ഓൎത്തിട്ടാണു് അഭിനയത്തിനെഴുതിയപ്പോൾ ഉണ്ടായിരുന്ന പാട്ടുകൾ എടുത്തുകളഞ്ഞിട്ടുള്ളതു്.

ദ്രൌപദിയുടെ കരച്ചിൽ

പുന്നാഗവരാളി-രാഗം

കന്വധൎമ്മഃകൌരവാണാം-യദഹംസ്ത്രീ സതീ ശുഭാ
പാൎത്ഥിവാനാംസഭാമിയാം-കന്വധൎമ്മോമഹീക്ഷിതാം
കഥംഭാൎയ്യാ പാണ്ഡുനാം-പാൎഷതസ്യ സ്വസാ സതീ
പാൎത്ഥിവാനാം സഭാമിയാം -കന്വധൎമ്മോ
(ഇത്യാദി)

തമ്പി അവൎകളുടെ കൃതികളിൽ സംഗീതംപോലെതന്നെ 'അല്പൂനംകിസലയം' എന്നപോലെയുള്ള സൌകുമാൎയ്യവും ലാളിത്യവും ഇണങ്ങിച്ചേൎന്നിട്ടുണ്ടു്. അതു് ആ മഹാനുഭാവൻെറ സ്വഭാവവിശേഷമാണു്. ഏതെങ്കിലും ഒരവസരത്തിൽ ഒരു പദം പ്രയോഗിക്കേണ്ടിവരുമ്പോൾ അദ്ദേഹം ഓരോ പദങ്ങളായി ഭാവനം ചെയ്യേുടുക്കുന്നു. ചിലപ്പോൾ ഈ പദാവലികൾ ഉച്ചരിച്ചുനോക്കുന്നതും അന്തേവാസികൾക്കു അനുഭവമുണ്ടു്. ദൃഷ്ടാന്തമായി മനോഹരാൎത്ഥത്തിൽ സുന്ദരം, രുചിരം, സാധു, മനോഹരം, ചേതോഹരം ഇത്യാദി സകല ശബ്ദങ്ങളും മിന്നൽപിണർപോലെ അദ്ദേഹത്തിൽ ഉദിക്കും; ഉചിതമായശബ്ദം വരുമ്പോൾ, അദ്ദേഹത്തിൻെറമുഖത്തു അലംഭാവം സ്ഫുരിക്കുന്ന കാഴ്ച ഒന്നു പ്രത്യേകം തന്നെയാണു്. ഇങ്ങനെ അതി ലളിതവും സന്ദൎഭോചിതവുമായ പദപ്രയോഗ

ത്തിൽ, അഭ്യാസദാർഢ്യംകൊണ്ടു സിദ്ധിച്ചിരുന്ന, വാസന വളരെ വിശേഷമേറിയതായിരുന്നു. രണ്ടാമതായി പറവാനുള്ളതു്, കൃതികളിൽ എല്ലായിടത്തും ഒരുപോലെ കളിയാടുന്ന സാഹിത്യരസത്തെപ്പററിയാകുന്നു. അദ്ദേഹത്തിനു പല രസങ്ങളേയും കൂട്ടിയിണക്കുന്നതിനു പരിചയവും പ്രതിഭയും ഒന്നുപോലെ സഹായിച്ചു. സംസ്കൃത ദൃശ്യകാവ്യങ്ങൾ ശുഭമായിട്ടേ തീരാവൂ എന്ന മാമൂൽ ഭേദിച്ച് മററു വിധത്തിലായാലും രസഭംഗം വരാതെ അവസാനിപ്പിക്കാമെന്നു 'പ്രതിക്രിയ' 'ലളിത' തുടങ്ങിയ കൃതികളെക്കൊണ്ടു ലോകത്തിന്ന് അദ്ദേഹം കാണിച്ചുകൊടുത്തു. ഇതിൻെറ പശ്ചാത്തലം പാശ്ചാത്യസാഹിത്യത്തിലെ പ്രധാനമായ 'Tragic atmosphere' ആകുന്നു. ചുരുക്കിപ്പറയുന്നതായാൽ അദ്ദേഹം നമുക്കു തന്നിട്ടുള്ള കാവ്യസമ്പത്തു്, പരമ്പരാസിദ്ധമായ സാഹിത്യമേന്മയുടേയും, നവീനാദർശങ്ങളുടേയും ആകർഷണത്തിൻേറയും സമ്മേളനമാകുന്നു.

സംഗീതത്തെപ്പററിയാണെങ്കിൽ 'ഔചിത്യം' എന്ന പദംകൊണ്ടു മാത്രം അദ്ദേഹത്തിൻെറ അഭിപ്രായത്തെ ക്രോഡീകരിക്കാം. മി. വി. ശങ്കരയ്യർ എം. എ. ഒരവസരത്തിൽ പറഞ്ഞതിങ്ങനെയാണു്. "തമ്പി അവർകളുടെ കൃതികളിൽ സാഹിത്യത്തിനു ഹാനി വരത്തക്കവണ്ണം സംഗീതം കലർത്തിയിട്ടില്ല. സംഗീതവിഷയത്തിൽ നടത്തുന്ന ശാസ്ത്രീയ 'സർക്കസ്സുക'ളെക്കാളും ശ്രവണമാധുര്യം കൂട്ടുതലാണു് അദ്ദേഹത്തിൻെറ കൃതികളിൽ. വിശേഷിച്ചും ആട്ടക്കഥകളിലും, സംഗീതം സാഹിത്യത്തോടു ഇണങ്ങിച്ചേർന്നു അത്ഭുതപൂർവ്വമായ ആനന്ദത്തെ ഉണ്ടാക്കുന്നു. അല്പ

സമയംകൊണ്ടു് വിശ്രമത്തിനും ആനന്ദത്തിനും ആ വഴിക്കു ആത്മനിർവൃതിക്കും നാടകങ്ങൾ തൊട്ടു ചൊല്ലിയാട്ടംവരെ ഉള്ളവ കൃഷ്ണൻതമ്പിക്കൃതികളിലുണ്ടു്. അവയെല്ലാം അനുഭവൈകവേദ്യങ്ങളാണു്."

തമ്പി അവർകൾതന്നെ സമസ്തകേരള സാഹിത്യപരിഷത്തിൽ (ദശമസമ്മേളനം) ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ സാഹിത്യത്തിൻെറ ഓരോ ഭാഗത്തെപ്പററിയും വിമർശിച്ചപ്പോൾ 'സംഗീതം' എന്നവിഭാഗത്തെ ഇങ്ങനെ സ്പർശിച്ചു:—

"മലയാളിക്കു പാട്ടില്ലെന്നൊരു വെറും പഴിയുണ്ടു്. മലയാളിക്കു മൂക്കില്ലെന്നോ മര്യാദയില്ലെന്നോ പറയുന്നതു ഇതിൽ കൂടുതൽ സത്യവും സാഹിത്യവുമായിരിക്കും. എന്നാൽ പരക്കെ പ്രശസ്തിനേടിയ സംഗീത വിദ്വാന്മാരും വിദുഷികളും നമ്മുടെയിടയിൽ വളരെ വിരളമാണെന്നുള്ളതു സത്യവുമാണു്. അതിനു കാരണം നമുക്കു സ്വന്തമായിരുന്ന സംഗീതകലയെ നാം പാടെവെടിഞ്ഞു് അന്യസമ്പ്രദായംതന്നെ അംഗീകരിച്ചതാണു്. അനുകരണോപജീവനം നമ്മെ ഒരിക്കലും ഒന്നാംകിടയിലേയ്ക്കു കടത്തിവിടുകയില്ല. സകലവിധ ദാസ്യത്തിലുംവച്ചു് കലാവിഷയകമായ ദാസ്യമാണു് മനുഷ്യനെ എന്നന്നേക്കും താഴ്ത്തുന്നതു്. പാണ്ടിയിലുള്ളവർ പടിഞ്ഞാറുതിരിഞ്ഞു് മഴയ്ക്കുന്നപോലെ, നാം സംഗീതത്തിനുവേണ്ടി കിഴക്കോട്ടു തിരിഞ്ഞുനിന്നു് സഹ്യാദ്രി ശിഖരങ്ങളിൽ ഉൽക്കണ്ഠിതങ്ങളായ ദൃഷ്ടികൾ ഉറപ്പിക്കുന്നു. സ്വാതിതിരുനാളിൻെറ കൃതികൾ

[illegible]ിമ്മൻതമ്പിയുടെ കൃതികൾ, ചില കഥകളിപ്പദങ്ങ[illegible]വ എത്രയോ തന്നി മലയാളപ്പാട്ടുകച്ചേരിക്കു പോരു[illegible]യയാണ്. കറതിന്ന സംഗീതശാസ്ത്രജ്ഞാനത്തിനു [illegible]യ്യാപ്തങ്ങളുമാണ്. ഇവയെത്തന്നെ നാം പ്രാധാന്യേന [illegible]ഭ്യസിക്കണം. എന്നാൽ ഏററവും ഹൃദ്യങ്ങളായ തമിഴ് [illegible]തലുങ്ക്, ഹിന്ദുസ്ഥാനി മുതലായ സംഗീത രീതികളിൽ നമുക്കുള്ള അഭിനിവേശം ഒരിക്കലും വെടിയണമെന്നല്ല. മുൻപ് നമ്മുടെ സ്വന്ത സമ്പ്രദായത്തിൽ പരിചയം സിദ്ധിച്ചിട്ട് ഇവ പഠിക്കണമെന്നേയുള്ളൂ."

ഇങ്ങനെ ഇതു ഉപസംഹരിക്കാം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M08 Acc. No. 36408

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

M08 36408

ബാലകൃഷ്ണൻ നായർ, ഫൻ

വി. കൃഷ്ണൻ തമ്പി

KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 36408

Author ബാലകൃഷ്ണൻ നായർ [illegible]

Title വി. കൃഷ്ണൻ തമ്പി